കഷ്ടാനുഭവ ആഴ്ചയിലെ

# പ്രുമിയോൻ - സെദ്റാകൾ

Published by:

St. Ephrem Ecumenical Research Institute
Baker Hill, Kottayam.
(For Private Circulation)

1996

www.malankaralibrary.com

കഷ്ടാനുഭവ ആഴ്ചയിലെ

# പ്രുമിയോൻ - സെദ്റാകൾ

Published by:

St. Ephrem Ecumenical Research Institute

Baker Hill, Kottayam.

(For Private Circulation)

1996

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## കഷ്ടാനുഭവ ആഴ്ചയിലെ

# പ്രുമിയോൻ

## ഞായറാഴ്ച സന്ധ്യ

### പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ— പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

പ്രതിവാക്യം— ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടുലോകങ്ങളിലും എന്നും എന്നേക്കും ചൊരിയപ്പെടുമാറാകേണമേ.

ദൈവമായ കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവത്തിൽ ഞങ്ങൾ കഷ്ടപ്പെടുവാനും ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മയിൽ സദൃശപ്പെടുവാനും ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കുരിശാരോഹണത്തിൽ പ്രശംസിപ്പാനും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നിന്റെ മുറിവുകളാൽ സൗഖ്യം പ്രാപിപ്പാനും ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കുന്നതായ നിന്റെ മരണത്താൽ ജീവിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ ഞങ്ങളുടെ ദുഃഖത്തെ ആഹ്ലാദകരമാക്കുന്ന നിന്റെ പുനരുത്ഥാനത്തിൽ ഞങ്ങൾ നിന്നോടുകൂടെ സന്തോഷിച്ച് ആനന്ദിക്കുമാറാകേണമേ.

പ്രതിവാക്യം— ആമ്മീൻ.

www.malankaralibrary.com

## പ്രുമിയോൻ

പട്ടക്കാരൻ—നാം എല്ലാവരും പ്രാർത്ഥിച്ച കർത്താവിനോട് അനുഗ്രഹങ്ങളും കരുണയും യാചിക്കണം.

പ്രതിവാക്യം— അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച ഞങ്ങഠംക്ക സഹായിക്കേണമേ.

പട്ടക്കാരൻ— സ്തുതിയും, സ്തോത്രവും, പ്രഭയും, പുകഴ്ച്ചയും, മാഞ്ഞുപോകാത്ത നല്ല ഉന്നതിയും എല്ലായ്പ്പോഴും സദാനേരവും ഇടവിടാതെ കരേററുവാൻ ഞങ്ങഠം യോഗ്യന്മാരായിത്തീരേണമേ.

ഞങ്ങളെ, കഷ്ടതയില്ലാത്തവരും മരണമില്ലാത്തവരും ആക്കിത്തീർപ്പാനായിട്ട തന്റെ മനുഷ്യാവതാരത്താൽ മനസ്സോടെ കഷ്ടാനുഭവത്തിന് എഴുന്നെള്ളിവരികയും തന്റെ കഷ്ടാനുഭവ ത്താൽ ഞങ്ങളുടെ കുററപത്രങ്ങളെ കീറിക്കളകയും കഷ്ടതയുള്ള തായ ഞങ്ങളുടെ വർഗത്തിന കഷ്ടതയില്ലായ്മയെ ക്ഷണിച്ച വരുത്തുകയും തന്റെ വിശുദ്ധ കഷ്ടാനുഭവങ്ങളാൽ സ്വർഗ്ഗവാസി കളേയും ഭൂവാസികളേയും തമ്മിൽ യോജിപ്പിക്കയും ചെയ്തവനും തന്റെ പ്രകൃതത്തിൽ കഷ്ടതയില്ലാത്തവനും ആയവന്ന സ്തുതി. തനിക്കു സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുനാ ളുകളിലും നേരങ്ങളിലും നാഴികകളിലും കാലങ്ങളിലും ഞങ്ങളുടെ ആയുസ്സുള്ള ദിവസങ്ങഠം ഒക്കെയിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമാകുന്നു. ബ്കുൽഹ്ദൻ യൗമോസോദ്ഹായെൻ ല്ഒൽമീൻ. ആമ്മീൻ.

## സെദ്റൊ

കാരുണ്യവാനും കൃപയും സത്യവും ധാരാളമുള്ളവനും, ദയാ ലുവും, ദീർഘക്ഷമയുള്ളവനും, മനുഷ്യരെ സ്നേഹിക്കുന്നവനും, ഭരണ പ്രകാരം മനുഷ്യരോടുകൂടി സഞ്ചരിക്കയും പ്രകൃത്യാ കഷ്ടതയി ല്ലാത്തവനും കഷ്ടതകളിൽനിന്ന് അകന്നിരിക്കുന്നവനും ആയി രിക്കെ, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്വമനസ്സാൽ ജഡത്തിൽ കഷ്ടത അനുഭവിക്കയും പാപവികാരങ്ങഠംക്കു ഞങ്ങഠം കീഴ് പ്പെടാതെ അവയെ ഞങ്ങളുടെ ആത്മാക്കളിൽനിന്നു വെടിപ്പാക്കി നിർമ്മലമാക്കുവാനായിട്ട ഞങ്ങളെ പഠിപ്പിക്കയും ചെയ്ത മിശിഹാ തമ്പുരാനേ! നിന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങഠം രക്ഷിക്കപ്പെ

www.malankaralibrary.com

ടുകയും നിൻെറ അടികളാൽ ഞങ്ങറം സൗഖ്യപ്പെടുകയും നിൻെറ മുറിവുകളാൽ ഞങ്ങറം സ്വതന്ത്രരാകയും ചെയ്തിരിക്കുന്നതിനാൽ ഞങ്ങറം നിന്നെ വന്ദിച്ചു സ്തോത്രം ചെയ്യുന്നു. നിൻെറ കഷ്ടാനുഭവത്തെ എതിരേല്പാൻ വാഞ്ഛരിക്കയും ആഹ്ളാദത്തോടെ ഞങ്ങറം അട്ടഹസിച്ചു പറയുകയും ചെയ്യുന്നതെന്തെന്നാൽ:— പാപത്തിൻെറ അശുദ്ധ വികാരങ്ങളിൽനിന്നു ഞങ്ങളെ വീണ്ടെടുത്ത രക്ഷാകരവും വിശുദ്ധവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. നിന്നാൽ അക്ഷയമായ പുതിയ ജീവൻ ഞങ്ങറം കണ്ടെത്തിയ ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ആത്മീയമായ സകല ഭാഗ്യങ്ങളുടേയും ഭണ്ഡാരത്തെ ഞങ്ങളുടെ മുമ്പിൽ ഞങ്ങറക്കു തുറന്നു തന്ന ഞങ്ങളുടെ ദൈവത്തിൻെറ രക്ഷാകരമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. അശുദ്ധപ്രവൃത്തികളുടെ മലിനതയിൽനിന്നുള്ള ശുദ്ധിയെ ഞങ്ങറക്കു സമ്പാദിച്ചുതന്ന ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങളെ സ്വർഗരാജ്യത്തിലേക്കു കൊണ്ടുപോകുന്നതായ പെരുവഴിയും ഊടുവഴിയും ആയിത്തീർന്ന ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമെ! സമാധാനത്താലേ വരിക. സകല നന്മകളുടേയും സങ്കേതസ്ഥാനം ഞങ്ങറക്കു ചൂണ്ടിക്കാണിച്ചു തന്നതായ ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങറക്കു രക്ഷയുടെ ആയുധമായിത്തീർന്ന മിശിഹായുടെ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്താലേ വരിക. കല്പനലംഘനംമൂലം ഉണ്ടായ ഞങ്ങളുടെ കടം വീട്ടിയതായ വിശുദ്ധവും ജീവനുണ്ടാക്കുന്നതുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. സാത്താൻെറ വഞ്ചനയെ നശിപ്പിച്ചതായ ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ഇന്ന് സകല ഭൂഭാഗങ്ങളിലും സകല ജാതികളിലും ഒരു രാജാവിനെപ്പോലെ എതിരേററ് ആഘോഷിക്കപ്പെടുന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെ വരിക ഞങ്ങളുടെ മനുഷ്യത്വത്തിൻെറ വേദനകളും രോഗങ്ങളും സൗഖ്യമാക്കിയ ഞങ്ങളുടെ ദൈവത്തിൻെറ വിശുദ്ധവും ജീവനുണ്ടാക്കുന്നതുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. പാപത്തിൻെറ തിരമാലകളിൽനിന്നും കൊടുങ്കാററിൽനിന്നും ഞങ്ങറക്കു സമാധാ

www.malankaralibrary.com

നത്തിന്റെ തുറമുഖം ആയിത്തീർന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങളുടെ മലിനതകളും പിഴകളും കഴകി വെടിപ്പാക്കിയ വിശുദ്ധവും ജീവദായകവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. സകല സൃഷ്ടികഠംക്കും പ്രകാശവും ജീവനും ഉദിപ്പിച്ച വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങളുടെ പാപബന്ധനങ്ങളും മൂടുപടങ്ങളും അറുത്തുകളഞ്ഞ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. വിവിധതരങ്ങളായ സഹായങ്ങഠം ഞങ്ങഠംക്കു നൽകിയതായ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങഠംക്കുവേണ്ടി പിതാവിനെ നിരപ്പാക്കുന്ന ധൂപകലശമായിത്തീന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ആദാമിന്റെ സ്വരൂപം വീണ്ടും പുതിയ രൂപത്തെ സമ്പാദിച്ചതായ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. വിശുദ്ധിയും നീതീകരണവും ഞങ്ങഠംക്കു സമ്പാദിക്കുന്നതിനു സഹായിച്ചതായ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ഭൂമിയിൽനിന്നു സ്വർഗത്തിലേക്കുള്ള അഭ്യുന്നതി ഞങ്ങഠംക്കു നൽകിയതായ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ! സമാധാനത്തോടെ വരിക. ഞങ്ങഠംക്കു സ്വർഗീയരോടു രമ്യതയുണ്ടാക്കിയ വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെ വരിക. കല്പനലംഘനത്താൽ ആദാം അടച്ചുകളഞ്ഞ വാതിൽ ഞങ്ങഠംക്കു തുറന്നുതന്ന വിശുദ്ധവും രക്ഷാകരവുമായ കഷ്ടാനുഭവമേ സമാധാനത്തോടെ വരിക. ഞങ്ങഠംക്കുവേണ്ടി മനസ്സോടെ ശരീരത്തിൽ കഷ്ടത അനുഭവിച്ച ഞങ്ങളുടെ മശിഹാതമ്പുരാനേ! ഈ പരിശുദ്ധധൂപം വഴിയായി ഞങ്ങഠം നിന്നോടു ഇപ്പോഠം അപേക്ഷിക്കയും പ്രാർഥിക്കയും ചെയ്യുന്നതെന്തെന്നാൽ—നിന്റെ കഷ്ടാനുഭവത്തെ ധരിപ്പാനും നിന്റെ അപമാനത്തെ വഹിപ്പാനും നിന്റെ താഴാഴ്മയിൽ സാമ്യതപ്പെടുവാനും നിന്റെ കുരിശാരോഹണത്തിൽ വിജയം ഘോഷിപ്പാനും നിന്റെ കരുണയാൽ ഞങ്ങളുടെ ആത്മാക്കഠം പുണ്യപ്പെട്ടുവാനും ഞങ്ങഠം നിന്റെ മണവറയിൽ ക്ഷണിക്കപ്പെട്ടവരും നിന്റെ കല്യാണവിരുന്നിൽ തോഴന്മാരും ആകുവാനും ഞങ്ങളും ഞങ്ങളുടെ മരിച്ചവരും നിന്റെ വലത്തുഭാഗത്തുനിന്നു നിന്റെ കരുണയെ കാണുവാനുമായി ഞങ്ങളെ യോഗ്യരാക്കേണമെ. ഞങ്ങഠം നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമേ. ഹോശോ.........

www.malankaralibrary.com

## എത്രോ

കർത്താവേ നിന്റെ വിശുദ്ധ സഭയുടെ ധൂപം കരുണയോടു കൈക്കൊള്ളേണമേ. നിന്റെ കഷ്ടാനുഭവങ്ങളെ വന്ദിച്ചു സ്തുതിക്കയും നിന്റെ മുറിവുകളെ ഓമനിച്ചു ആലിംഗനംചെയ്കയും നിന്റെ സ്ലീബായിൽ സന്തോഷിച്ചു പ്രശംസിക്കയും ചെയ്യുന്ന വിശേഷബുദ്ധിയുള്ള നിന്റെ ആട്ടിൻകൂട്ടത്തിന്റെ പ്രാർത്ഥനകളിൽ പ്രസാദം തോന്നണമേ. നാനാഭാഗത്തും അതിന്റെ ശാഖകളെ ഉയർത്തണമേ, പിതാവിനോടും വിശുദ്ധ ആത്മാവിനോടും കൂടെ വന്ദിച്ചു സ്തുതിക്കപ്പെടുന്ന വന്ദ്യപുത്രനും സാക്ഷാൽ അവകാശിയുമായ നിനക്കു ആ കൊലപാതകി നീട്ടിത്തന്നതായ അജ്ഞാനമയമായ കാട്ടുമുന്തിരിപ്പഴങ്ങൾക്കുപകരം സ്തോത്രമാകുന്ന മധുരഫലങ്ങളെ ഇടവിടാതെ അതു നിനക്കു സമർപ്പിക്കുമാറാകേണമേ. ഹോശോ.... .. .......

## സൂത്താറാ

### പ്രുമിയോൻ

പ്രകൃത്യാ ഉന്നതനും കഷ്ടതകളിൽനിന്നു അകന്നിരിക്കുന്നവനും തിരുവിഷ്ടപ്രകാരം ജഡത്തിൽ കഷ്ടതകൾക്കായി അടുത്തുവന്നവനും തിരുമനസ്സായപ്രകാരം ജഡത്തിൽ മരിക്കയും ആത്മാവിൽ ജീവിക്കയും ചെയ്തവനായി മരണത്തിൽനിന്നു ഉയിർത്തിരിക്കുന്നവനും കുററക്കാരനെപ്പോലെ കുരിശിന്മേൽ തൂക്കപ്പെടുകയും തന്റെ കഷ്ടാനുഭവംകൊണ്ടു ഞങ്ങളുടെ കഷ്ടാനുഭവത്തെ മായിച്ചുകളകയും തന്റെ മരണത്താൽ മരണത്തിന്റെ കാഠിന്യത്തെ ഞങ്ങളിൽനിന്നു നശിപ്പിക്കയും തന്റെ സ്ലീബായാൽ ദുഷ്ടന്റെ അധികാരത്തെ നശിപ്പിച്ചു ഞങ്ങളുടെമേലുള്ള അവന്റെ ജയത്തെ മായിച്ചുകളകയും തന്റെ ദേഹത്യാഗത്താൽ അക്കാവോസേൻമാരേയും, ശാലീത്തോനേന്മാരേയും ലജ്ജിപ്പിക്കയും ചെയ്ത മനുഷ്യത്വത്തിന്റെ നാഥനും ആയ തനിക്കു അനശ്വരമായ സ്തുതിയും കുറഞ്ഞുപോകാത്ത പുകഴ്ചയും മാഞ്ഞുപോകാത്ത സ്തോത്രവും വണക്കമുള്ള വന്ദനവും ഇടവിടാതെയുള്ള കൃതജ്ഞതയും നാം അണയ്ക്കണം. തന്റെ കഷ്ടാനുഭവത്തിനും മരണത്തിനും സ്ളീബായ്ക്കും രക്ഷയ്ക്കുംവേണ്ടി ഈ നേരത്തിൽ തന്റെ മുമ്പാകെ സ്തോത്രശബ്ദങ്ങൾ നാം സമർപ്പിക്കയും വേണം. തനിക്കു ഈ നേരത്തിലും..........

www.malankaralibrary.com

## സെദ്റൊ

വ്യാപാരപ്രകാരം ഞങ്ങളെ നേർവഴി കാണിപ്പാൻവേണ്ടി ഞങ്ങളോടുകൂടെ പെരുമാറുകയും പ്രകൃത്യാ പൂർണ്ണമായി കഷ്ടത യില്ലാത്തവനായിരിക്കുമ്പോൾ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മന സ്സോടെ ജഡത്തിൽ കഷ്ടതയനുഭവിക്കയും സൽപ്രവൃത്തികളാൽ ഞങ്ങളുടെ ആത്മാക്കളിൽനിന്നു പാപവികാരങ്ങളെ മുഴവനും കഴുകി വെടിപ്പാക്കുവാൻ ഞങ്ങളെ പഠിപ്പിക്കയും ചെയ്ത കാരുണ്യ വാനും ഭയങ്കരനുമായ ദൈവമേ! ഞങ്ങൾ നിഷ്ക്കളങ്ക ഹൃദയ ത്തോടെ ആനന്ദപൂർവ്വം അട്ടഹസിച്ചുപറയുന്നതെന്തെന്നാൽ വിഗ്ര ഹാരാധനയിൽനിന്നും കൊത്തിയുണ്ടാക്കപ്പെട്ട ബിംബങ്ങളുടെ അശുദ്ധതയിൽനിന്നും ഞങ്ങളെ രക്ഷിച്ച രക്ഷാകരമായ കഷ്ടാനു ഭവമേ! സമാധാനത്തോടെ വരിക. ദുഷ്ടൻെറ തന്ത്രത്തിൽനിന്നും വഞ്ചനയിൽനിന്നും ഞങ്ങളെ വീണ്ടെടുത്ത രക്ഷാകരമായ കഷ്ടാ നുഭവം വാഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങൾക്കു ജീവൻെറയും രക്ഷയു ടെയും മാർഗ്ഗമായിത്തീർന്ന ബഹുമാനകരവും വിശുദ്ധവുമായ കഷ്ടാ നുഭവമേ സമാധാനത്തോടെ വരിക. ഞങ്ങളുടെ കുററങ്ങളും മാലി ന്യങ്ങളും അതിനാൽ പരിഹരിക്കപ്പെട്ട രക്ഷാകരവും വിശുദ്ധവു മായ കഷ്ടാനുഭവം അനുഗ്രഹീതമാകുന്നു. ഞങ്ങളുടെ ബലഹീനത അതിനാൽ ശക്തിപ്രാപിക്കയും ഞങ്ങളുടെ അസ്ഥിരത അതിനാൽ സ്ഥിരപ്പെടുകയും ഞങ്ങളുടെ അറിവില്ലായ്മ അതിനാൽ ജ്ഞാന പ്രദമായിത്തീരുകയും ചെയ്ത രക്ഷാകരവും വിശുദ്ധവുമായ കഷ്ടാനു ഭവമേ സമാധാനം! ഇതു ഹേതുവായിട്ടു ഞങ്ങൾക്കുവേണ്ടി ജഡ ത്തിൽ കഷ്ടമനുഭവിച്ച ഞങ്ങളുടെ മിശിഹാതമ്പുരാനേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.—ഞങ്ങൾ നിൻെറ കഷ്ടാനുഭവത്തിൽ കഷ്ടത സഹിപ്പാനും നിൻെറ അപമാനത്തെ വഹിപ്പാനും നിൻെറ താഴ്മയിൽ പുകഴുവാനും നിൻെറ കുരിശിൽതറപ്പിൽ പ്രശംസി പ്പാനും നിൻെറ സ്ലീബായാൽ ഞങ്ങളുടെ ആത്മാക്കൾ ശുദ്ധീകരി ക്കപ്പെടുവാനും, ഞങ്ങൾ നിൻെറ മണവറയിൽ ക്ഷണിക്കപ്പെട്ടവരും നിൻെറ സന്തോഷത്തിൽ തോഴന്മാരുമായി തീരുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. ഞങ്ങൾ നിൻെറ പിതാവിനോടും വിശു ദ്ധാത്മാവിനോടുംകൂടെ നിൻെറ ബഹുമതിക്ക് ഉചിതമായിരിക്കുന്ന സ്തുതിയും നിൻെറ കർത്തൃത്വത്തിനു കടപ്പെട്ടിരിക്കുന്ന സ്തോ ത്രവും കരേററുമാറാകേണമേ. ഹോശോവബ്കുൽസ്ബാൻല ഒൽമീൻ. ആമ്മീൻ.

www.malankaralibrary.com

# രാത്രിയുടെ ഒന്നാം കൗമാ

## (തോട്ടത്തിൻെറ ഉപമയെക്കുറിച്ച്)

### പ്രുമിയോൻ

ജഡമയന്മാരേയും മൺമയന്മാരേയും തനിക്കു സദൃശരാക്കുവാനും തള്ളപ്പെട്ടവരേയും അന്യന്മാരേയും തൻെറ വംശജന്മാരാക്കിത്തീർപ്പാനും ദൂരസ്ഥരേയും ബഹിഷ്കൃതരേയും തൻെറ സമീപത്തേക്ക് അടുപ്പിക്കുവാനും തൻെറ ശ്രേഷ്ഠതയാൽ നിർദ്ദിഷ്ട സ്ഥാനത്തേക്ക് അവരെ ശേഖരിപ്പാനും തൻെറ അവകാശമായ മുന്തിരിത്തോട്ടത്തിൽ അവരെ നട്ടുപിടിപ്പിപ്പാനും അതിലെ വേലക്കാരായി അവരെ ആക്കുവാനും തൻെറ രാജ്യത്തിലെ ഭാഗ്യങ്ങളും അവക്കു അവകാശമായി കൊടുപ്പാനും തൻെറ ശ്രേഷ്ഠതയുടെ പ്രഭയിൽ അവരെ സന്തോഷിപ്പിക്കുവാനുമായി സ്വന്തം ഇഷ്ടപ്രകാരം ജഡധാരണത്തിന് വന്നവനും സ്വതേ നിർമ്മലനും ആത്മീയനും ആയ വചനമായിരിക്കുന്നവനു് ഈ നേരത്തിലും ............ഇത്യാദി

### സെദ്റൊ

രഹസ്യവും പരസ്യവുമായ സകല സൃഷ്ടികളുടെയും ദൈവവും പിതാവും നാഥനും സ്രഷ്ടാവുമായുള്ളോവേ! അവർണ്ണനീയമായ നിൻെറ മനുഷ്യസ്നേഹംമൂലം ഭൂമിയിൽ ഇസ്രായേലാകുന്ന ആന്തരീയ മുന്തിരിത്തോട്ടത്തെ നീ നട്ടുണ്ടാക്കുകയും ന്യായപ്രമാണമാകുന്ന വേലി അതിനുചുററും കെട്ടുകയും ന്യായപ്രമാണബലികളെ പൂർണ്ണമാക്കുന്ന അഹറോന്യ ആചാര്യസ്ഥാനമാകുന്ന ചക്കിനെ അതിൽ സ്ഥാപിക്കുകയും ചെയ്തു. രഹസ്യകാര്യങ്ങളെ കാണുന്ന ദീർഘദർശനമാകുന്ന ഉയർന്ന ഗോപുരം അതിൽ നീ പണിയുകയും ഉപദേശങ്ങളാലും ശാസനകളാലും ശിക്ഷകളാലും അതിനെ കിളപ്പാനും വെട്ടിവെടിപ്പാക്കുവാനും വളമിടുവാനും സംരക്ഷിപ്പാനുമായി ആചാര്യന്മാരും സോപ്രേന്മാരും ആയ വേലക്കാരെ ഭരമേല്പിക്കുകയും ചെയ്തു. എന്നാൽ വിളവുകാലം അടുത്തപ്പോൾ ആത്മീയ ഫലങ്ങളെ ശേഖരിച്ചു സമർപ്പിപ്പാനായിട്ട് വിശുദ്ധ ദീർഘദർശിമാരായ ദാസന്മാരെ തോട്ടക്കാരുടെ അടുക്കലേക്ക് നീ അയച്ചു. എന്നാൽ തോട്ടക്കാർ

www.malankaralibrary.com

അവരെ പിടിച്ച് ചിലരെ അടിക്കയും ചിലരെ കൊല്ലുകയും ചെയ്തു. വീണ്ടും മുമ്പിലത്തേക്കാൾ അധികം ദാസന്മാരെ നീ അയച്ചു. ഇവരോടും അവർ അപ്രകാരം തന്നെ ചെയ്തു. എന്നാൽ നിന്റെ വാത്സല്യപുത്രനെക്കണ്ടു ലജ്ജിപ്പാനും അവൻ മുഖാന്തരം ഫലങ്ങളെ സമർപ്പിപ്പാനുമായിട്ട് ഒടുവിൽ അവരുടെ അടുക്കലേക്കു അവനെ നീ അയച്ചു. 'ഇവൻ അവകാശി' എന്നു അവർ ഗ്രഹിച്ച ശേഷം അവർ അവനെ പിടിച്ചു തോട്ടത്തിൽനിന്നു പുറത്തുകൊണ്ടു പോയി കുരിശിൽ തറയ്ക്കുകയും കൊല്ലുകയും സംസ്കരിക്കുന്നതിനായി ഏല്പിക്കുകയും ചെയ്തു. ഇതു ഹേതുവായിട്ട് ഇസ്രായേലാകുന്ന ശപിക്കപ്പെട്ട തോട്ടം, നല്ല മുന്തിരിപ്പഴങ്ങൾക്കു പകരം ചീത്തയും നിന്ദ്യവുമായ നടപടികളാകുന്ന കാട്ടുമുന്തിരിങ്ങാകളെ കായിച്ചതിനാൽ അതിനെ നീ നശിപ്പിക്കുകയും ചിതറിക്കുകയും അതിന്റെ വേലിയെ പൊളിക്കുകയും ദീർഘദർശിമാരാകുന്ന അതിന്റെ ഉന്നതഗോപുരത്തെ മറിച്ചിടുകയും അതിനെ ചവിട്ടുമാറാക്കയും ചെയ്തു. ദൈവിക അറിവാകുന്ന മഴ അതിന്റെമേൽ വർഷിക്കാതിരിപ്പാൻ മാലാഖമാരാകുന്ന മേഘങ്ങളോടു നീ ആജ്ഞാപിച്ചു. അതിനു പകരം പുറജാതികളിൽനിന്നുള്ള വിശുദ്ധ സഭയായി തിരഞ്ഞെടുക്കപ്പെട്ടതും മഹത്വമുള്ളതുമായ മുന്തിരിയെ നീ നട്ടുണ്ടാക്കി. സുവിശേഷ പ്രമാണമാകുന്ന വേലി അതിനു ചുറ്റുംകെട്ടി മാലാഖായിക്കു സദൃശമായ ആചാര്യസ്ഥാനത്താൽ അതിനെ അലങ്കരിച്ചു. ഉന്നതഗോപുരമാകുന്ന സ്ളീബായാൽ അതിനെ ഉറപ്പിക്കയും ശ്ലീഹന്മാരും ഇടയന്മാരും അറിയിപ്പുകാരും മല്പാൻമാരും പട്ടക്കാരുമായ ഉത്തമ തോട്ടക്കാർമൂലം നിന്റെ ദൈവത്വത്തിന് അനുരൂപങ്ങളായ ആത്മീയഫലങ്ങളെ സമർപ്പിപ്പാനായിട്ട് അത് അവരെ ഏല്പിക്കുകയും ചെയ്തു. യഹൂദ പ്രമാണികളാകുന്ന പണിക്കാർ നിരസിച്ച മ്ശീഹായാകുന്ന കല്ലിനെ, സ്വർഗവാസികളേയും ഭൂവാസികളേയും സ്വജാതികളേയും പുറജാതികളേയും കൂട്ടിയോജിപ്പിക്കയും അതിൽ ഇടറുന്ന എല്ലാവരേയും വിറപ്പിക്കയും പൊടിയാക്കയും വിതറുകയും ചെയ്യുന്ന മൂലക്കല്ലായി നിർത്തുകയും ചെയ്തു. ഇത് നിന്നിൽ നിന്ന് ആകയാൽ ലോകത്തിൽ അത്ഭുതമായിത്തീർന്നിരിക്കുന്നു ഇത് ഹേതുവായിട്ട് ഉത്തമനും മനുഷ്യരെ സ്നേഹിക്കുന്നവനുമായ കർത്താവെ ഈ പരിമള ധൂപത്തോടുകൂടി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ—നീതിയുടെ ഫലങ്ങളെ തരുന്നതിന് തിരഞ്ഞെടുക്കപ്പെട്ട തോട്ടമായി ഞങ്ങളെ ആക്കിത്തീർക്കേണമെ. പ്രഭാതം മുതൽ സന്ധ്യവരെ നിന്റെ തോട്ടത്തിൽ വേല ചെയ്തിട്ടുള്ള ഉത്സാഹമുള്ള വേലക്കാരോടുകൂടെ പൂർണ്ണവും ആത്മീയവുമായ കൂലിക്കു ഞങ്ങൾ യോഗ്യന്മാരായിത്തീരുകയും ശ്രേഷ്ഠതയോടും

www.malankaralibrary.com

നീതിയോടും വെടിപ്പോടും വിശുദ്ധിയോടും നിനക്കു ശിഷ്യപ്പെടുകയും നിൻെറ വാൽസല്യപുത്രനെ അനുഗമിക്കുകയും ചെയ്തിട്ടുള്ളവർക്കു നീ ഒരുക്കിയിരിക്കുന്നതായ നിൻെറ വിരുന്നിൽവച്ച് ആത്മീയമായ മുന്തിരിയുടെ ചാറു പുതുതായി ഞങ്ങരം കുടിക്കയും ചെയ്യേണമെ. ഞങ്ങരം അവൻെറ കഷ്ടാനുഭവത്തിൻെറയും മരണത്തിൻെറയും ഓഹരിക്കാരായി തീർന്നപ്രകാരം നശിച്ചുപോകാത്തതായ പുതിയ ജീവനിലും പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നതായ അവൻെറ ഉയിർപ്പിലും ഞങ്ങരം സംബന്ധികളായിത്തീരുമാറാകേണമെ. അവൻ മുഖാന്തരവും അവനോടുകൂടെയും ഞങ്ങരം നിനക്കു സ്തുതിയും സ്തോത്രവും കരേററും. ഹോശോ......

## എത്രോ

ഞങ്ങളുടെ നാഥനായ കർത്താവെ ഞങ്ങളുടെ അധരങ്ങളുടെ ഫലങ്ങളേയും നാവുകളുടെ സ്തോത്രങ്ങളേയും നിൻെറ പ്രസാദത്തിനായി സമർപ്പിക്കപ്പെടുന്ന അംഗീകാരബലികരംപോലെയും സുഗന്ധധൂപകലശങ്ങരംപോലെയും നീ കൈക്കൊള്ളേണമെ. ഇവയെ അണയ്ക്കുന്നവരെ നീ വാഴ്ത്തുകയും ദരിദ്രന്മാരുടെ കടങ്ങളെ പരിഹരിക്കുകയും ചെയ്യേണമെ. എന്തെന്നാൽ ദൈവത്തിനു സ്തോത്രബലി കഴിപ്പിൻ എന്നും അവൻെറ ബലികരം താഴ്മയുള്ള ആത്മാവാകുന്നു എന്നും നീ അരുളിച്ചെയ്തിരിക്കുന്നുവല്ലൊ. ഇപ്രകാരം നിനക്ക് എല്ലായ്പ്പോഴും ആചാര്യവേല ചെയ്‌വാനായിട്ടു ഞങ്ങളെ നീ യോഗ്യന്മാരാക്കേണമെ. എന്തെന്നാൽ ന്യായപ്രമാണബലികളിൽ നിനക്കു ഇഷ്ടമില്ല. നിഴലായ ഹോമബലികളിൽ നീ പ്രസാദിച്ചതുമില്ല. എങ്കിലോ തിരുവിഷ്ടത്താൽ ലോകത്തിൻെറ പാപത്തെ വഹിച്ചവനായ നിൻെറ വാത്സല്യപുത്രൻെറ പുണ്യപ്പെടുത്തുന്നതായ ബലിയിൽ നിനക്ക് ഇഷ്ടമായിരിക്കുന്നു. തനിക്കു നിന്നോടും വിശുദ്ധാത്മാവിനോടുംകൂടെ സ്തുതിയും ബഹുമാനവും പുകഴ്ചയും സ്തോത്രവും വന്ദനവും കടപ്പെട്ടിരിക്കുന്നു. ഹോശോ......

# രാത്രിയുടെ രണ്ടാം കൗമാ

## പ്രുമിയോൻ

തനിക്ക് ഇഷ്ടംതോന്നി ഇസ്രായേലാകുന്ന ജ്ഞാനമുന്തിരിത്തോട്ടത്തെ ഭൂമിയിൽ പുഷ്ടിയുള്ള സ്ഥലത്തു കൃപമൂലം നട്ടു

www.malankaralibrary.com

ണ്ടാക്കി, തന്റെ നീതിയാൽ ന്യായപ്രമാണമാകുന്ന വേലി അതിനുചുററും കെട്ടുകയും തന്റെ കരുണയാൽ കല്പനകളുടെ ആചാരമാകുന്ന ഗോപുരത്തെ അതിൽ പണിയുകയും തന്റെ കൃപയാൽ ബലികളുടെയും പാനീയകാഴ്ചകളുടെയും ബലിപീഠമാകുന്ന ചക്കിനെ അതിൽ സ്ഥാപിക്കുകയും തന്റെ കരുണമൂലം ജീവന്റെ ഉപദേശങ്ങളാകുന്ന മഴയെ അതിൽ വർഷിപ്പാനായിട്ട ദീർഘദർശിമാരെ നിയോഗിക്കുകയും തന്റെ ഇഷ്ടംപോലെ അതിൽ വേലചെയ്‌വാനായിട്ട സോപ്രേന്മാരും പട്ടക്കാരുമായ വേലക്കാക്ക് അതു ഏൽപിച്ചു കൊടുക്കുകയും മുന്തിരിക്കായ്കഠം ക്കായി കാത്തിരിക്കുമ്പോഠം കാട്ടുമുന്തിരികളെ കായിയ്ക്കുകയും നീതിയുടെ ഫലങ്ങളെ അതിൽ അന്വേഷിച്ചപ്പോഠം ദുഷ്ടന്മാരായ വേലക്കാർ അതിന്റെ അവകാശിക്കു വിരോധമായി ലഹള ഉണ്ടാക്കുകയും തോട്ടത്തിന്റെ പുറത്തുവച്ച് രക്തംചിന്തി അവനെ പരിഹസിക്കുകയും ഈ തോട്ടത്തെ നശിപ്പിച്ചു വിശ്വാസമാകുന്ന മാധുര്യഫലങ്ങളെ കായിക്കുന്ന തോട്ടത്തെ ഉണ്ടാക്കുകയും തന്റെ ജ്ഞാനംമൂലം ഏദൻതോട്ടത്തെ സ്ഥാപിക്കുകയും ചെയ്തവനായ തന്നെ ഈ നേരത്തിൽ നാം സ്തുതിച്ചു സ്തോത്രം ചെയ്യണം. ബ്കുൽഹ്ദൻ.....

## സെദ്റൊ

തന്റെ സൃഷ്ടികളുടെ രക്ഷയ്ക്കായി പിതാവിനാൽ അയയ്ക്കപ്പെട്ട വചനമായ ദൈവവും പുഷ്ടിയുള്ള സ്ഥലത്തു തന്റെ പിതാവ് ഉണ്ടാക്കിയിട്ടുള്ള തോട്ടത്തെ ദർശിപ്പാനായി കാലാവസാനത്തിൽ വന്ന വാത്സല്യപുത്രനും, ദുഷ്ടന്മാരായ വേലക്കാരുടെ കൈകളാൽ ശൂന്യമായ തോട്ടത്തിനുപകരം പുറജാതികളുടെ ഇടയിൽ നടുന്നതിനായിട്ട വന്ന മഹത്വമുള്ള മുന്തിരിയും തോട്ടക്കാരോടുള്ള തന്റെ ശിക്ഷാവിധിയെ അറിയിക്കയും അവരുടെ നാശത്തെയും അവക്കുപകരം നിയമിപ്പാനിരുന്ന വേലക്കാരെയും കുറിച്ച് അറിയിക്കയും ചെയ്ത നീതിയുടെ ന്യായാധിപതിയും, വിളവെടുപ്പുകാലത്തു വരികയും തന്റെ തോട്ടത്തിൽ കാട്ടുമുന്തിരികളല്ലാതെ, നല്ല മുന്തിരികളെ കണ്ടെത്താതിരിക്കുകയും തന്റെ അവകാശത്തിന്റെ പിന്നാലെ വന്നിട്ടുള്ള അവകാശി താനാകുന്നു എന്നു തന്നെക്കുറിച്ചു അറിയിക്കയും ചെയ്തവനും, അവകാശിയാകുന്നു എന്നു കായേന്റെ മക്കഠം തന്നെ അറികയും താൻ അവകാശിയായിത്തീരാതിരിപ്പാനായിട്ട തന്നെ കൊല്ലണമെന്നു അവർ

www.malankaralibrary.com

ആലോചിക്കുകയും ചെയ്ത ജീവന്റെ തുറമുഖവും കുററക്കാരായ വേലക്കാരെ അവരുടെ കുററത്തിനുതക്കവണ്ണം ശിക്ഷിക്കുകയും, താൻ മുഖാന്തരം അവർ നശിപ്പാനായിട്ടു അവർ ത്യജിച്ചിട്ടുള്ള മൂലക്കല്ലു താനാകുന്നു എന്ന് അവരോടു അറിയിക്കയും ചെയ്തവനായി തന്റെ ന്യായത്തിൽ കുററമില്ലാത്തവനും, കായേന്റെ മക്കളോടു തന്റെ സ്നേഹത്തെ കാണിക്കുകയും അവർ വൃഥാ തന്നെ ദ്വേഷിക്കുകയും ചെയ്ത വാത്സല്യമുള്ളവനും ദുഷ്ടന്മാരുടെമേൽ തന്റെ നന്മയെ ചൊരിയുകയും അവർ തന്നോടു പ്രതിപകരമായി പ്രവൎത്തിച്ച തിന്മകളെ സഹിക്കുകയും ചെയ്ത നല്ലവനും, തന്റെ തോട്ടത്തിൽനിന്നു മധുരഫലങ്ങളെ ശേഖരിപ്പാനായി വരികയും ശപിക്കപ്പെട്ട വേലക്കാർ തനിക്കു നൽകിയ കാടിയും കയ്പും സ്വീകരിക്കുകയും ചെയ്തവനായി പിതാവിന്റെ അവകാശിയും, കായേന്റെ കൊലയ്ക്ക് അന്യായക്കാരോടുകൂടെ അവർ തന്നെ ശിക്ഷയ്ക്കു വിധിച്ചവനായി അന്യായം ചെയ്യാത്തവനും തന്റെ വായിൽ വഞ്ചന കണ്ടെത്തപ്പെടാത്തവനുമായ നീതിമാനും, അസൂയക്കാരായ തന്റെ സഹോദരന്മാരിൽനിന്നു വേദനകളും അടികളും ദണ്ഡനങ്ങളും സഹിച്ചവനായി ദുഃഖിതരുടെ ആശ്വാസവും രോഗികളുടെ വൈദ്യനും ചതിവാൽ തന്റെ ശിഷ്യനാൽ വിൽക്കപ്പെടുകയും തന്റെ പിതാവിന്റെ മത്സരക്കാരായ ഭൃത്യരാൽ വിലയ്ക്കു വാങ്ങിക്കപ്പെടുകയും ചെയ്ത സകലത്തിന്റേയും നാഥനും, ഇസ്രായേലിലെ മരിച്ചവരെ ജീവിപ്പിക്കുകയും വഞ്ചകന്മാരായ പട്ടക്കാർ തന്നെ കൊല്ലുവാനും തന്റെ നാമത്തെ നശിപ്പിപ്പാനുമായി ആലോചന ചെയ്കയും ചെയ്ത ഉയിർപ്പിൻ ജീവനും, നീതിമാന്മാരായ പിതാക്കന്മാർ തന്നെ കാണ്മാനായിട്ടു കാത്തിരിക്കുകയും മത്സരക്കാരായ മക്കൾ തന്നെ കുരിശിപ്പാനായിട്ടു മരത്തെ ഒരുക്കുകയും ചെയ്ത ആശാബന്ധവും, തന്റെ പിതാവായ ദാവീദിന്റെ രാജ്യത്തെ നവീകരിപ്പാനായിട്ടുവരികയും തന്റെ സ്വജനങ്ങൾ തന്നെ ഉപേക്ഷിച്ചു തനിക്കുപകരം കള്ളനെ ചോദിക്കുകയും ചെയ്തവനായ ഈശായിയുടെ വേരും യഹൂദായിൽനിന്നുള്ള കുററിയും, തന്റെ ജനത്തിന്റെ രക്ഷയ്ക്കായി വരികയും കഠിനഹൃദയന്മാരായ ജനം തന്റെ രക്ഷയിൽ മനസ്സുവയ്ക്കാതിരിക്കുകയും ചെയ്ത രക്ഷിതാവും അന്ധകാരങ്ങളെ പ്രകാശിപ്പാനായിട്ടുവരികയും രാവിന്റെ മക്കൾ പന്തങ്ങളും ദീപങ്ങളും പിടിച്ചുകൊണ്ടു തന്നെ കെടുത്തിക്കളവാനായിട്ടു രാത്രിയിൽ വരികയും ചെയ്ത

www.malankaralibrary.com

പിതാവിൻെറ കതിരും, തൻെറ വിശുദ്ധിയാൽ അശുദ്ധരെ ശുദ്ധീകരിക്കയും കപടഭക്തിക്കാർ തന്നെ കൊന്നതിനാൽ അശുദ്ധപ്പെട്ടുകയും ചെയ്ത വിശുദ്ധനം തൻെറ രക്തത്താൽ തൻെറ പിതാവിനെ തൻെറ സൃഷ്ടികളോടു നിരപ്പാക്കാനായിട്ടു വരികയും (കുററമില്ലാത്ത രക്തത്തെ ചിന്തിയവർ അരിഷ്ടന്മാരുടെ സാദൃശ്യത്തിൽ എന്നേക്കും കായേനേപ്പോലെ ഉഴലുകയും അലയുകയും ചെയ്തു) മനുഷ്യരെ സ്നേഹിക്കുന്നവനും തൻെറ ജനത്തോടു സമാധാനം സംസാരിപ്പാനായിട്ടു വരികയും (മത്സരക്കാർ അവരുടെ പിതാക്കന്മാരെപ്പോലെ തന്നോടു തക്കിക്കയും) ചെയ്ത സ്വർഗ്ഗീയ സമാധാനവും, ആവശ്യക്കാരുടെമേൽ തൻെറ സഹായങ്ങളുടെ സമുദ്രത്തെ ഒഴുക്കുകയും, ദുഷ്ടന്മാരും കരുണയില്ലാത്തവരുമായ ഭൃത്യന്മാർ തന്നോടു കാണിച്ച ശത്രുതകളെ സഹിക്കയും ചെയ്ത അനുഗ്രഹങ്ങളുടെ ആഴവും, തൻെറ സ്വന്തത്തിലേക്കു വരികയും തൻെറ സ്വന്തക്കാർ തന്നെ കൈക്കൊള്ളാതിരിക്കുകയും ചെയ്തവനുമായ സർവശക്തിയുള്ള മിശിഹാതമ്പുരാനെ! നിനക്കു സ്തുതി. നിനക്കു സ്തോത്രം. കർത്താവേ! ഞങ്ങളുടെ ബോധങ്ങളിൽ നിന്നെ കൈക്കൊള്ളുകയും ഞങ്ങളുടെ പൂർണ്ണമനസ്സോടെ നിന്നെ സ്നേഹിക്കുകയും ഞങ്ങളുടെ ഹൃദയമാകുന്ന തൊട്ടികളിൽ നിന്നെ ആഘോഷിക്കുകയും ചെയ്തിട്ടുള്ളവരായ ഞങ്ങളെ നിനക്കു സന്തോഷങ്ങളുടെ ഭൂമിയിൽ കൃപമൂലം പുതിയ തോട്ടമായി സ്ഥാപിക്കുകയും അനുഗ്രഹവും കരുണയുമാകുന്ന വേലി ഞങ്ങൾക്കു ചുററും കെട്ടുകയും സ്തോത്രബലികൾ അർപ്പിക്കപ്പെടുന്ന ജ്ഞാനബലിപീഠത്തെ ഞങ്ങൾക്കുണ്ടാക്കിത്തരികയും ഉന്നതമായ ഗോപുരത്തെ സ്വർഗ്ഗത്തിൽ ഞങ്ങൾക്കു നീ പണിതു തരികയും മാഞ്ഞുപോകാത്ത നിൻെറ ഉറവയിൽനിന്നു ജീവനുള്ളതും ആത്മീയവുമായ വെള്ളം നീ ഞങ്ങൾക്ക് ഒഴുക്കിത്തരികയും ചെയ്തിരിക്കുന്ന കർത്താവേ! നിൻെറ കർത്തൃത്വത്തിനു യോഗ്യമായിരിക്കുന്നപ്രകാരം നിൻെറ കർത്തൃത്വത്തെ സന്തോഷിപ്പിക്കുന്ന മാധുര്യമുള്ള മുന്തിരിങ്ങാകളെ നിനക്കു സമർപ്പിപ്പാനും ശുദ്ധതയോടെ നിന്നെ സേവിപ്പാനും മുന്തിരിങ്ങാകളിൽനിന്നു സ്നേഹമാകുന്ന രസമുള്ള വീഞ്ഞിനെ നിനക്കു പിഴിഞ്ഞുതരുവാനും വെടിപ്പുള്ളവയും കുററമില്ലാത്തവയുമായ ഫലങ്ങളെ ആത്മീയമായി നിന്നെ കാണിപ്പാനും ഉത്തമഭൃത്യന്മാരും നിൻെറ ഇഷ്ടം ചെയ്യുന്നവരുമായിത്തീരുവാനും ഞങ്ങളെ നീ യോഗ്യന്മാരാക്കേ

www.malankaralibrary.com

ണമെ. കായേൻമക്കളുടെ വഞ്ചനയിൽനിന്ന ഞങ്ങളെ നീ വെടിപ്പാക്കുകയും കയ്യാപ്പാ സംഘത്തിൻെറ വഞ്ചനയിൽനിന്ന ഞങ്ങളെ വീണ്ടുകൊള്ളുകയും പ്രീശന്മാരായ കപടഭക്തിക്കാരുടെ ദുഷ്ടവിചാരങ്ങളിൽനിന്ന ഞങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യേണമെ. സോപ്രേന്മാരുടെയും അധർമ്മങ്ങളുടെ മല്പാന്മാരുടെയും അരിഷ്ടതകളിൽനിന്ന ഞങ്ങളെ രക്ഷിക്കുകയും രക്തം ചിന്തുന്നവരും വഞ്ചകരുമായ മനുഷ്യരിൽനിന്ന ഞങ്ങളെ കാത്തുകൊള്ളുകയും പരമാർത്ഥപ്പെട്ട കുഞ്ഞാടായ ഹാബേലിനോടുകൂടെ ഞങ്ങളെ ചേർത്തുകൊള്ളുകയും നിൻെറ വലത്തുഭാഗത്തെ കള്ളനോടുകൂടെ നിൻെറ രാജ്യത്തിൽ നിന്നോടുകൂടെ ഞങ്ങളെ സന്തോഷിപ്പിക്കയും ചെയ്യേണമെ. നിൻെറ ഇഷ്ടത്തെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടുംകൂടെ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറുമാറാകേണമെ.

## എത്രോ

പാപത്തിൻെറ കലങ്ങിയ ഓളങ്ങളാലും ചുഴലികളാലും പ്രയാസപ്പെട്ടും ക്ഷീണിച്ചും വലഞ്ഞും ഇരിക്കുന്നവർ തന്നാൽ ആശ്വാസപ്പെടുന്നവനായ ജീവൻെറ കുറിപ്പുസ്ഥലവും സകല നന്മകളുടെയും തുറമുഖവുമായ കർത്താവേ നിൻെറമുമ്പാകെ ഞങ്ങൾ അണെച്ചിട്ടുള്ള ഈ ധൂപത്തെ നീ കൈക്കൊള്ളേണമേ. അതിനാൽ ഞങ്ങൾ ശക്തിപ്രാപിക്കുകയും നിൻെറ മുമ്പാകെ ഞങ്ങൾ ചെയ്തുപോയിട്ടുള്ള സകലവിധ നിയമലംഘനങ്ങളിൽനിന്നും കുററങ്ങളിൽനിന്നും ഞങ്ങൾ നിർമ്മലീകരിക്കപ്പെടുകയും ചെയ്യുമാറാകേണമെ. നീതിയോടെ നിന്നെ സേവിക്കുകയും വെടിപ്പോടെ നിൻെറ മുമ്പാകെ നിൽക്കയും ചെയ്തിട്ടുള്ളവർക്കു നീ ഒരുക്കിയിട്ടുള്ള പ്രകാശത്തിൻെറ തുറമുഖത്തേക്കു നിൻെറ കൃപമൂലം സമാധാനത്താലെ വന്നുചേരുവാനായി ഞങ്ങളെ നീ യോഗ്യരാക്കേണമെ. എന്തെന്നാൽ സകല മനുഷ്യരുടേയും ആയുസ്സിൽ നീ ഇഷ്ടപ്പെടുന്നു. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറും. ഹോശോ............

www.malankaralibrary.com

# രാത്രി

## മൂന്നാം കൌമാ

## പ്രുമിയോൻ

തന്റെ കൃപയാൽ സകലത്തേയും ഉണ്ടാക്കിയ ജ്ഞാനമുള്ള സ്രഷ്ടാവും സകലത്തിനുംവേണ്ടി മനുഷ്യസ്നേഹംമൂലം തന്നെ രക്ഷയായി നിയമിച്ച രക്ഷിതാവും ശക്തിയുള്ള വീണ്ടെടുപ്പുകാരനും പാപത്താൽ പ്രയാസപ്പെട്ടും ഞെരങ്ങിയും ഇരിക്കുന്നവർ താൻ മുഖാന്തരം ആശ്വാസം കണ്ടെത്തിയ നിരപ്പിന്റെ തുറമുഖവും ന്യായപ്രമാണ സംബന്ധമായ ഭാരമുള്ള ചുമടുകളെ വഹിച്ചവർ താൻ നിമിത്തം സ്വാതന്ത്ര്യം നേടിയതായ സമാധാനത്തിന്റെ സങ്കേതസ്ഥലവും പാപികൾക്കുവേണ്ടി തന്നെത്തന്നെ പാപമാക്കിത്തീർത്ത നീതിമാനും രോഗികളുടെ വേദനകളെ ശമിപ്പിക്കുവാനായി അവർക്കുവേണ്ടി തന്നെ രോഗിയായി എണ്ണിയ ജ്ഞാനമുള്ള വൈദ്യനും ആയ തനിക്ക്...........

## സെദ്റൊ

സത്യമുള്ള പ്രകാശവും, നിർണ്ണയിക്കപ്പെടാവതല്ലാത്തവനും താല്പര്യത്തോടെ വിചാരിക്കുന്നവനും, സകലത്തിന്റേയും സഹായിയും ആയ ദൈവമെ! നിന്റെ ഉദയത്തിന്റെ ശക്തിയാൽ സകല ഭാഗങ്ങളേയും നീ പ്രകാശിപ്പിക്കുന്നു. ആദിയിൽ മനുഷ്യനെ നിന്റെ ഛായയിൽ നീ സൃഷ്ടിക്കുകയും നിന്റെ ആത്മാവിന്റെ മഹത്വംകൊണ്ടും നൽവരംകൊണ്ടും അവനെ പൂർണ്ണനാക്കുകയും ചെയ്തു. അവൻ നിന്റെ കല്പനയെ ലംഘിച്ചു ജീവന്റെ സ്ഥലത്തുനിന്നു ത്യജിക്കപ്പെട്ട് പറുദീസായിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടപ്പോൾ നാശത്താൽ പഴകി ജീർണ്ണീഭവിച്ചിരുന്നതിനാൽ നിന്റെ കരുണമൂലം അവന്റെമേൽ നീ കരുണ കാണിക്കയും നിന്റെ പുത്രനെ അവന്റെ രക്ഷയ്ക്കായി നീ അയയ്ക്കുകയും ചെയ്തു. അവൻ വിശുദ്ധ കന്യകയിൽനിന്നു

www.malankaralibrary.com

ജനിക്കുകയും രോഗം ബാധിച്ചും മാലിന്യത്താൽ അശുദ്ധപ്പെട്ടും ഇരുന്നവന്നു രക്ഷാകരവും ജീവദായകവുമായ തന്റെ വ്യാപാരത്താൽ സൗഖ്യവും സ്വസ്ഥതയും നൽകുകയും സഹായങ്ങളുടെ കൈ അവന്നു നീട്ടിക്കൊടുക്കുകയും ചെയ്തു. അവന്റെ മുറിവുകളിന്മേൽ വീഞ്ഞും എണ്ണയും ധാര ഒഴിയ്ക്കയും തന്റെ കഷ്ടാനുഭവത്താൽ അവന്റെ കഷ്ടാനുഭവങ്ങളുടെ വിലാപകരമായ ഇരുളിനെ നീക്കിക്കളയുകയും ആകാശത്തിൻകീഴിലുള്ള സകലത്തെയും തന്റെ അറിവിന്റെ പ്രകാശംകൊണ്ടു നിറയ്ക്കയും മഹത്വമുള്ള കതിർപോലെ കാണപ്പെടുകയും ജീവന്റെ മാർഗ്ഗത്തിൽകൂടി ഞങ്ങൾ പ്രയാണം ചെയ്വാനായിട്ടു വിശുദ്ധപ്രകാശമാകുന്ന ദീപയഷ്ടിയുടെ സാദൃശ്യത്തിൽ അതിനെക്കുറിച്ചു ഞങ്ങളോടു അറിയിക്കയും അവൻ ഞങ്ങൾക്കു സത്യത്തിങ്കലേക്കുള്ള വഴികാട്ടിയും സകല നന്മകളുടേയും സങ്കേതസ്ഥലവും ആയിത്തീരുകയും ചെയ്തു. അവൻ ഞങ്ങൾക്കു ലൗകികങ്ങളായ സകല കലങ്ങിയ ഓളങ്ങളിൽനിന്നു രക്ഷപെടുവാനുള്ള തുറമുഖമായി കാണപ്പെടുകയും സകല പ്രയാസങ്ങളിൽനിന്നും ഞെരുക്കങ്ങളിൽനിന്നും ന്യായപ്രമാണത്തിലെ ഭാരിച്ച ചുമടുകളിൽനിന്നുമുള്ള പൂർണ്ണ ആശ്വാസമായി കണ്ടെത്തപ്പെടുകയും താഴ്മയുടെ ലഘുവായ നുകമാകുന്ന പുതിയ കല്പന ഞങ്ങളെ പഠിപ്പിക്കയും താൻ മുഖാന്തരം ഞങ്ങളുടെ ആത്മാവിൽ പൂർണ്ണ ആശ്വാസം ഞങ്ങൾ കണ്ടെത്തുകയും ചെയ്തു. ഇപ്പോൾ താൻ മുഖാന്തരം ഞങ്ങൾക്കു നൽകപ്പെട്ടിട്ടുള്ള രക്ഷയെക്കുറിച്ചു സന്തോഷത്തോടും മനസ്സിന്റെ ആഹ്ളാദത്തോടും ആനന്ദത്തോടും ഞങ്ങൾ ആഹ്ളാദിച്ചു ഞങ്ങളുടെ അധരങ്ങൾകൊണ്ടു പരസ്യമായി ഞങ്ങൾ പുകഴ്ത്തുകയും ഞങ്ങളുടെ വിചാരങ്ങൾകൊണ്ടു രഹസ്യമായി ഞങ്ങൾ ഏറ്റുപറകയും ഞങ്ങളുടെ കൈകളിൽ ദീപയഷ്ടികളെ പിടിക്കയും ഞങ്ങളുടെ പഴയ മനുഷ്യത്വത്തെ ഞങ്ങൾ ഉരിഞ്ഞുകളകയും പ്രകാശത്തിനടുത്ത കതിരുകളാൽ ഞങ്ങൾ വിളങ്ങുകയും നിന്നിലുള്ള സദൃശമാകുന്ന പുതിയ മനുഷ്യനെ ധരിക്കുകയും ഇവിടെനിന്ന് പ്രകാശത്തിന്റെ തുറമുഖത്തേക്കു ഞങ്ങൾ വന്നെത്തുകയും ചെയ്യുമാറാകേണമെ. ഞങ്ങൾ ദാവീദുനിബിയോടുകൂടെപ്പറയുന്നതെന്തെന്നാൽ, പകലിൽ നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശിപ്പിക്കപ്പെടുകയും രാത്രിയിൽ പ്രകാശത്തിന്റെ തുണാകുന്ന നിന്നിൽ കൂടി ഞങ്ങൾ പ്രയാണം ചെയ്യുകയും സത്യപ്രകാശമാകുന്ന നിന്നാൽ ഞങ്ങളുടെ വിചാരങ്ങളും ചിന്തകളും പ്രകാശിപ്പിക്കപ്പെടുകയും ചെയ്യുമാറാകണമെ. സൽപ്രവൃത്തികളാൽ ഞങ്ങൾ ആരാധിക്കയും മാഞ്ഞുപോകാത്ത നിന്റെ രാജ്യത്തിലേക്ക് ഞങ്ങൾക്കു രക്ഷയുടെ തുറമുഖമായിത്തീർന്ന നിന്റെ ഏകജാതന്റെ രക്ഷാകരവും ജീവകരവുമായ കഷ്ടാനുഭവത്തെ കൈക്കൊള്ളുവാനായിട്ടു ഞങ്ങൾ ഒരുക്കമുള്ള

www.malankaralibrary.com

വരായിത്തീരുകയും, ഞങ്ങളുടെ വിളക്കുകറം മങ്ങിക്കത്തുകയും സൽപ്രവൃത്തികളാകുന്ന എണ്ണയ്ക്ക് ആവശ്യപ്പെടുകയും ചെയ്യാതെ, വിശുദ്ധ സഭയിൽ ഇപ്പോറം ഇവിടെ ഞങ്ങളുടെ കൈകളിൽ പിടിച്ചിരിക്കുന്ന ദീപയഷ്ടികറംക്കു പകരം ബുദ്ധിയുള്ള കന്യകമാരോടുകൂടെ പ്രകാശത്തിന്റെ ദീപയഷ്ടികളാൽ നിന്നെ ഞങ്ങറം എതിരേൽക്കുകയും അവിടെ നിന്റെ മഹത്വമുള്ള മണവറയിൽ ഞങ്ങളുടെ ആത്മാക്കളാകുന്ന ദീപയഷ്ടികറം കരുണയാകുന്ന എണ്ണയാൽ ശോഭിക്കയും ഹൃദയവെടിപ്പോടും നിർമ്മലമായ വിചാരത്തോടും തിന്മകളിൽ നിന്നുള്ള പൂർണ്ണസ്വാതന്ത്ര്യത്തോടും ഞെരുക്കങ്ങളിൽ നിന്നുള്ള പൂർണ്ണമോചനത്തോടുംകൂടെ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുമാറാകയും ചെയ്യേണമെ.

## എത്രോ

നിന്റെ അനുഗ്രഹത്തെ ശരണമാക്കിയിരിക്കുന്ന ദുഃഖിതർക്കു, വർണ്ണിക്കാൻ പാടില്ലാത്ത കൃപയാകുന്ന മഴകൊണ്ട് ആശ്വാസം നൽകുന്നവനും, അനുഗ്രഹങ്ങളുടെയും ദയയുടേയും സമുദ്രവും ആയ കർത്താവെ! തിരുസന്നിധിയിൽ ഞങ്ങറം അണച്ച ഈ സുഗന്ധധൂപത്താൽ നീ ഞങ്ങളെ തുണയ്ക്കുകയും രക്ഷിക്കുകയും ചെയ്യേണമെ. പാപത്തിന്റെ ദുഷ്ടവിചാരങ്ങളിൽനിന്ന് ഞങ്ങളെ മോചിപ്പിക്കേണമെ. ഞങ്ങളുടെ കടങ്ങറംക്കും പാപങ്ങറംക്കും പരിഹാരം വരുത്തേണമെ. നീതിയുടെയും സത്യത്തിന്റെയും മണവാളനായുള്ളോവേ ബുദ്ധിമതികളായ കന്യകമാരോടൊപ്പം ഹൃദയപൂർവമായ സന്തോഷത്തോടും ആഹ്ളാദത്തോടുംകൂടി നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങറം കരേററുമാറാകേണമെ.

## തിങ്കളാഴ്ച–നാലാം കൌമാ

(പത്തു കന്യകമാരെക്കുറിച്ച്)

ഞങ്ങളുടെ മ്ശീഹാ തമ്പുരാനെ ഞങ്ങളുടെ ജീവന്റെ രക്ഷയ്ക്കായിട്ടു നിന്റെ സ്നേഹവും മനുഷ്യസ്നേഹവുംമൂലം ഭരണപ്രകാരം ഞങ്ങളോടുകൂടെ നീ സഞ്ചരിക്കയും തന്റെ സൃഷ്ടിയുടെമേൽ കരുണചെയ്യുന്ന നാഥനെപ്പോലെ രക്ഷാജന്യമായ ഉപമകളെ വേർതിരിച്ചുണ്ടാക്കുകയും 'മണവാളൻ എപ്പോറം വരുന്നു എന്ന് നിങ്ങളറിയാത്തതിനാൽ നിങ്ങറം ഉണർന്നിരിപ്പീൻ' എന്നും

www.malankaralibrary.com

'ബുദ്ധിയില്ലാത്ത കന്യകമാർക്കു നിങ്ങൾ സദൃശന്മാരാകരുത്'' എന്നും രക്ഷാകരമായ നിന്റെ സുവിശേഷത്തിൽ ഞങ്ങളോട് അരുളിച്ചെയ്കയും ചെയ്കതിനാൽ നിനക്കു സ്തുതി. കർത്താവെ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ നീതിയാകുന്ന എണ്ണയാൽ ഞങ്ങളുടെ ദീപയഷ്ടികൾ പ്രകാശിച്ചുകൊണ്ടു നിന്റെ ഭയങ്കരവരവിന്റെ എതിരേല്പിനു പുറപ്പെടുവാനും നിന്റെ വിശുദ്ധന്മാരുടെ ഗണങ്ങളുമായി പ്രകാശം നിറഞ്ഞിരിക്കുന്ന മണവറയിലേക്കു നിന്നോടുകൂടെ പ്രവേശിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമെ. ബ്കുൽ....

## സെദ്റൊ

ഞങ്ങളുടെ മ്ശീഹാതമ്പുരാനെ! ജഡപ്രകാരമുള്ള നിന്റെ പ്രത്യക്ഷതയാൽ മഹിമയുള്ള അലങ്കാരത്തെക്കുറിച്ചും വരുവാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും നീ ഞങ്ങൾക്കു വെളിപ്പെടുത്തിതരികയും വചനമായിരിക്കുന്ന ഏകജാതനായുള്ളോവെ കന്യകയിൽനിന്നു നീ ജഡമെടുക്കുകയും ഞങ്ങൾക്കുവേണ്ടി മനുഷ്യനായിത്തീരുകയും ചെയ്തു. ഇതു ഹേതുവായിട്ടു കന്യകാവ്രതത്തെ നീ ഉന്നതപ്പെടുത്തി ശ്രേഷ്ഠമാക്കുകയും അതിനെ ദൈവത്തിനു സദൃശമായിരിക്കുന്നതും മാലാഖമാർക്കു സംബന്ധമുള്ളതും ആക്കിത്തീർക്കുകയും പാപത്തിൽനിന്നു് ഒഴിഞ്ഞിരിക്കുന്ന വിശുദ്ധന്മാർക്കു് ഒരുക്കപ്പെട്ട വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന പ്രകാരം സ്വർഗരാജ്യത്തെ കന്യകമാരോടു നീ ഉപമിക്കയും ദീപയഷ്ടികളെ വഹിച്ചിരുന്ന പത്തു കന്യകമാരോടു നിന്റെ യഥാർത്ഥ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സകല മനുഷ്യരുടേയും അറുതിയെ നീ സാമ്യപ്പെടുത്തുകയും ചെയ്തു. ഇന്ദ്രിയതീക്ഷ്ണതയാൽ എണ്ണയോടു് ഉപമിക്കപ്പെട്ടിരിക്കുന്ന നീതി ചെയ്തവരെ ബുദ്ധിയുള്ള കന്യകമാരോടു താരതമ്യപ്പെടുത്തുകയും സുകൃതമാകുന്ന എണ്ണയില്ലാതിരുന്നവരെ ബുദ്ധിയില്ലാത്ത കന്യകമാരായി നീ ഗണിക്കുകയും ഞങ്ങളുടെ വർഗത്തോടുള്ള നിന്റെ യോജിപ്പും മനുഷ്യസ്നേഹവുംമൂലം നിന്റെ കൃപയാൽ നിന്നെ നീ മണവാളനെന്നു നാമകരണം ചെയ്കയും നിന്റെ സ്വർഗാരോഹണംമുതൽ നിന്റെ രണ്ടാമത്തെ വരവുവരെയുള്ള കാലത്തെ താമസമെന്നു നാമകരണം ചെയ്കയും എല്ലാവനേയും കൂട്ടികൊണ്ടുപോകുന്നതായ മരണത്തെ മയക്കമെന്നും ഉറക്കമെന്നും സൂചിപ്പിക്കുകയും അവസാനത്തെ കാഹളം പ്രധാന ദൂതന്റെ ശബ്ദം എല്ലാവരുടെയും കബറിൽനിന്നുള്ള ഉയിർപ്പ് എന്നിവയെ അട്ടഹാസമായിട്ടും മണവാളന്റേയും മണവാട്ടിയുടെയും എതിരേല്പിനുള്ള ഘോഷമായിട്ടും നീ അറിയിക്കയും

www.malankaralibrary.com

ചെയ്തു. ബുദ്ധിഹീനകളുടെ ദീപയഷ്ടികളുടെ അയോഗ്യത, എണ്ണയുള്ള ചോദ്യം, എണ്ണയുടെ അഭാവം, എന്നിവയാൽ ഇവിടെ എല്ലാവരും ചെയ്തിട്ടുള്ള പ്രവൃത്തികളോടു നിന്റെ സന്നിധിയിൽ ന്യായമായി നിൽക്കുമെന്നു നീ കാണിച്ചു. പ്രകാശത്തിന്റെ ക്രിയകളാൽ ശോഭയോടെ ജീവിച്ചിട്ടുള്ളവർ പ്രശോഭിതവും പ്രകാശസമൃദ്ധവുമായ പ്രകാശത്തിൽ ആനന്ദിക്കുമെന്നും, നിന്റെ മോക്ഷത്തിലെ ആത്മീയവും അഴിഞ്ഞുപോകാത്തതുമായ മണവറയിലേക്കു നിന്നോടുകൂടെ പ്രവേശിക്കുന്നതിനു യോഗ്യന്മാരായിത്തീരുമെന്നും, എന്നാൽ അന്ധകാരമയമായ ദുഷ്പ്രവൃത്തികളാൽ അന്ധന്മാരായിത്തീരുകയും തങ്ങളുടെ ആത്മാക്കളാകുന്ന ദീപയഷ്ടികൾക്കു സുകൃതമാകുന്ന എണ്ണ ഇല്ലാതാകുകയും ചെയ്തിട്ടുള്ളവർ വിശുദ്ധ മണവറയുടെ വാതിൽക്കൽനിന്നുള്ള ആട്ടും തള്ളും ഏററു പുറത്തെ കൂരിരുട്ടിൽ കഠിനവേദന അനുഭവിക്കുകയും ചെയ്യുമെന്നും നീ അറിയിച്ചു. ഇതുനിമിത്തം സ്വജാതികളേയും പുറജാതികളേയും തന്റെ മഹത്വമുള്ള മണവറയിലേക്കു വിളിക്കുകയും തന്റെ തേജോമയമായ മണവറയിലേക്കു ജാതികളേയും ഗോത്രങ്ങളേയും ക്ഷണിക്കുകയും ചെയ്യുന്ന കാരുണ്യവാനും സത്യസ്വരൂപനുമായ ദൈവമെ! നിന്റെ സന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്ന ഈ പരിമളധൂപംമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ സംഭ്രമകരമായ നിന്റെ എഴുന്നെള്ളത്തിന്റെ ഘോഷങ്ങൾ ഉണ്ടാകുന്ന രാത്രിയിലും ഭയങ്കരമായ നിന്റെ പ്രത്യക്ഷതയുടെ നാഴികയിലും ഒരുങ്ങിനിന്ന കന്യകമാർക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ദുഃഖം ആസന്നമാകയും നിന്റെ എഴുന്നെള്ളത്തിന്റെ സമയം പെട്ടെന്നുവരികയും നിന്റെ പ്രത്യക്ഷതയുടെ സമയം ധൃതിയോടെ ഉദിക്കയും നിന്റെ ശ്രേഷ്ഠതയുടെ എഴുന്നെള്ളത്തിനു മുൻപു സംഭ്രമകരമായ ആർപ്പുവിളിയും നിന്റെ ബഹുമാനത്തിന്റെ മഹത്വത്തിനു ചുററും ഭയങ്കരമായ ഭ്രമവും ഉണ്ടാകയും ബുദ്ധിയുള്ള കന്യകമാർ മുഖപ്രസന്നതയോടെ പുറപ്പെടുകയും ബുദ്ധിഹീനർ മുഖവാട്ടത്തോടെ നിൽക്കയും ബുദ്ധിയുള്ളവർ പ്രസന്നമുഖത്തോടെ നിന്നെ എതിരേൽക്കുകയും ബുദ്ധിഹീനർ ലജ്ജയോടെ മുഖം കുനിച്ചു നിന്നോടു അപേക്ഷിക്കയും ബുദ്ധിയുള്ളവരുടെ ജ്ഞാനം പ്രകാശംപോലെ ഉദിക്കയും ബുദ്ധിഹീനകളുടെ ഭോഷത്വം അന്ധകാരമായിത്തീരുകയും ബുദ്ധിയുള്ളവരുടെ ദീപയഷ്ടികൾ മിന്നിത്തിളങ്ങുകയും ബുദ്ധിയില്ലാത്തവരുടെ വിളക്കുകൾ കെട്ടുപോകയും ബുദ്ധിയുള്ളവരിൽനിന്നു ബുദ്ധിയില്ലാത്തവരെ നീ വേർതിരിച്ചു അന്ധകാരമുള്ളവരെ പ്രകാശമുള്ളവരിൽനിന്നു നീ തള്ളിക്കളകയും പ്രകാശമുള്ളവരായ ജ്ഞാനമുള്ളവരെ നീ തിരഞ്ഞെടുക്കുകയും അന്ധകാരമുള്ള ബുദ്ധിയില്ലാത്തവരെ നീ നിരസിക്കുകയും ബുദ്ധിയുള്ളവർ അവരുടെ

www.malankaralibrary.com

പ്രകാശത്തിനടുക്കൽ ആനന്ദിക്കുകയും ബുദ്ധിയില്ലാത്തവർ അവരുടെ വിളക്കുകളുടെ അരികിൽ ദുഃഖിക്കുകയും ഒരുങ്ങിയിരുന്നവർ മുൻകൂട്ടി പ്രവേശിക്കയും ഉദാസീനമായിരുന്നവർ ലജ്ജയോടെ നിൽക്കയും ബുദ്ധിയുള്ളവർ സന്തോഷപൂർവം മണവറയിലേക്കു പ്രവേശിക്കുകയും ബുദ്ധിയില്ലാത്തവരുടെ മുൻപാകെ ദുഃഖത്തോടെ വാതിൽ അടയ്ക്കപ്പെടുകയും ബുദ്ധിയില്ലാത്തവർ മണവറയുടെ വാതിലുകാം അടയ്ക്കപ്പെട്ടിരിക്കുന്നതിനെ കണ്ടെത്തുകയും തങ്ങളുടെ കെട്ടുപോയ ദീപയഷ്ടികളെ സൂക്ഷിക്കയും, വിവേകമുള്ളവർ മണവറയിൽ ആനന്ദിക്കുകയും, വിവേകമില്ലാത്തവർ നരകത്തിൽ ഞെരുക്കം അനുഭവിക്കയും ബുദ്ധിയുള്ളവർ മഹത്വത്തോടെ നിന്നെ കാണുകയും ബുദ്ധിഹീനകാം സങ്കടത്തോടെ നിന്നെ വിളിക്കുകയും ബുദ്ധിയുള്ളവർ പ്രകാശത്തിന്റെ മണവറയിൽ ഇരുന്നു പാടുകയും ബുദ്ധിയില്ലാത്തവർ വാതിലിനു പുറത്തുനിന്നു കരയുകയും ചെയ്യുമ്പോാം ഭയങ്കരവും സംഭ്രമകരവുമായ നാഴികയിൽ വാതിലിനു പുറത്തു ലജ്ജയോടെ നീ ഞങ്ങളെ ആട്ടിക്കളയരുതെ. കല്യാണത്തിൽ ഞങ്ങളുടെ ആത്മാക്കളാകുന്ന വിളക്കുകളെ നീ കെടുത്തിക്കളയരുതെ. നിന്റെ മണവറയിൽ ഞങ്ങളുടെ ആത്മാക്കളാകുന്ന ദീപയഷ്ടികളെ നീ അന്ധകാരപ്പെടുത്തരുതെ. നിന്റെ മണവറയുടെ വാതിൽ ഞങ്ങളുടെ മുൻപാകെ നീ അടച്ചുകളയരുതെ. നിന്റെ നീതിയുള്ള ന്യായവിധികളാൽ ഞങ്ങളെ നീ തള്ളിക്കളയരുതെ. എന്നാലോ തയ്യാറാക്കപ്പെട്ടിരിക്കുന്ന വഴിയാത്രയ്ക്കുള്ള ഭക്ഷണങ്ങളോടും മലിനപ്പെടാത്ത വസ്ത്രങ്ങളോടും പ്രകാശിക്കുന്ന വിളക്കുകളോടും കെട്ടുപോകാത്ത ദീപയഷ്ടികളോടുംകൂടെ നിന്റെ പ്രത്യാഗമനത്തിൽ എതിരേല്പാനും ലജ്ജിപ്പാനിടവരാത്ത നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ നിന്നെ സ്വീകരിപ്പാനും മരണമില്ലാത്തതായ തോഴ്മക്കാരോടും ക്ഷണിക്കപ്പെട്ടവരോടും ഒരുമിച്ചു നിനക്കു സ്തുതിപാടുവാനുമായിട്ടു നിന്റെ കൃപയാൽ ഞങ്ങളെ അർഹരാക്കേണമെ. നിന്റെ കല്യാണത്തിനു നീ ക്ഷണിച്ചിട്ടുള്ള ക്ഷണിക്കപ്പെട്ടവരിൽനിന്നും നിന്റെ മണവറയിലേക്കു പ്രവേശിക്കുന്നതിനു ഒരുങ്ങിനിൽക്കുന്നവരിൽനിന്നും നിന്റെ വിരുന്നിൽ സന്തോഷിക്കുന്ന വിരുന്നുകാരിൽനിന്നും നിനക്കും നിന്റെ പിതാവിനും വിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കരേറുമാറാകേണമേ. ഹോശോ.....

## എത്രോ

തങ്ങളുടെ ദീപയഷ്ടികളെ തയാറാക്കിയിരുന്ന ബുദ്ധിയുള്ള കന്യകമാരെപ്പോലെ നിന്റെ രണ്ടാമത്തെ വരവിൽ നിന്റെ എതിരേല്പിനു പുറപ്പെടുവാൻ ഞങ്ങാം സന്നദ്ധരായി

www.malankaralibrary.com

രിക്കണമെന്നും അല്ലാത്തപക്ഷം സന്തോഷം നിറഞ്ഞിരിക്കുന്ന മണവറയിലേക്കു പ്രവേശിപ്പാൻ അർഹരല്ലാത്തതിനാൽ ഞങ്ങളുടെ മുൻപാകെ വാതിൽ അടയ്ക്കപ്പെടുമെന്നും ഞങ്ങളോടു ഉപദേശിച്ച സത്യമണവാളനായ ഞങ്ങളുടെ മിശിഹാതമ്പുരാനേ! നിന്നെ വന്ദിക്കുന്നവരുടെ ഈ ധൂപം നിന്റെ കരുണയാൽ നീ കൈയ്ക്കൊള്ളേണമെ. നിന്റെ പ്രത്യക്ഷനാളിൽ ഞങ്ങളുടെ ദീപയഷ്ടികൾ പ്രകാശിച്ചും ഞങ്ങളുടെ മുഖം തെളിഞ്ഞും ദുഃഖത്തിൽനിന്നും ലജ്ജയിൽനിന്നും സ്വതന്ത്രരായി നിന്നെ എതിരേല്പാനും നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ നിനക്കും നിന്റെ പിതാവിനും സ്തുതിയും സ്തോത്രവും പാടുവാനും നിന്റെ കൃപയാൽ ഞങ്ങളെ നീ യോഗ്യന്മാരാക്കേണമെ.

## പ്രഭാതം

### പ്രാരംഭ പ്രാർത്ഥന

എന്റെ കർത്താവെ നല്ല മുന്തിരിപ്പഴങ്ങൾക്കുപകരം കാട്ടുമുന്തിരിങ്ങാകളെ കായിച്ച ഇസ്രായേലാകുന്ന മുന്തിരിത്തോട്ടം പോലെ ഞങ്ങളുടെ ഹൃദയമാകുന്ന ഭൂമി തരിശായിത്തീരരുതെ. പിന്നയോ നീ നട്ടുപിടിപ്പിച്ച മുന്തിരിവള്ളികളും നീ നട്ടുവളർത്തിയ മുന്തിരിച്ചെടികളും സന്തോഷകരമായ പഴങ്ങളേയും രസമുള്ള കനികളേയും കായിക്കുമാറാകണമെ. നിന്റെ പിതാവു ഞങ്ങളിൽ സന്തോഷിക്കയും നിന്നോടും നിന്റെ പരിശുദ്ധ റൂഹായോടുംകൂടി ഏക സാരാംശമായി ഞങ്ങളാൽ സ്തുതിക്കപ്പെടുകയും ചെയ്യേണമെ.

## പ്രുമിയോൻ

ഇസ്രായേൽക്കാരായ പുറജാതികളുടെ ഇടയിൽ തനിക്കു ഒരു മുന്തിരിവള്ളി നടുകയും അതിനെ ശക്തികളാലും അദ്ഭുതങ്ങളാലും പുറപ്പെടുവിക്കയും ചെയ്ത യഥാർത്ഥ കൃഷിക്കാരനും സത്യമായ തോട്ടത്തിന്റെ ഉടമസ്ഥനും ആയുള്ളോവെ, നിനക്കു സ്തുതി. നിനക്കു സ്തോത്രം. അതു ഭൂമിയെങ്ങും നിറയുകയും നിനക്കു ന്യായമായിരിക്കുന്ന ഫലങ്ങളെ തരാതിരിക്കുകയും ചെയ്തു. അതിലെ വേലക്കാർ തോട്ടത്തിനകത്തുവച്ചു നിന്റെ ദീർഘദർശിമാരെ കൊല്ലുകയും അതിലെ പട്ടക്കാർ നിന്റെ വാൽസല്യപുത്രനെ ക്രൂശിൽ തറയ്ക്കുകയും ചെയ്തു. അതിനാൽ താൻ ആ തോട്ടത്തെ നശിപ്പിച്ചു തള്ളിക്കളകയും പുറജാതികൾ ചവിട്ടുമാറാക്കയും ചെയ്തു. അതിനുപകരം താൻ ഒരു സഭയെ സ്ഥാപിച്ചു. അത് ഇതാ അവനു മഹത്തരങ്ങളായ മധുരഫലങ്ങളെ കൊടുക്കുന്നു. നിനക്ക് ഈ നേരത്തിലും....

www.malankaralibrary.com

## സെദ്റൊ

അദൃശ്യനും, സകലത്തിൻേറയും നാഥനുമായ പിതാവും, സർവത്തിൻേറയും സ്രഷ്ടാവും ആയ ദൈവമേ! ഈ കാണപ്പെടുന്ന സ്ഥൂലലോകത്തെ നീ സൃഷ്ടിക്കുകയും ഭൗമികനും സ്വർഗീയനുമായ ആദ്യമനുഷ്യനെ നിൻെറ മഹത്വത്തിൻെറ സ്വരൂപത്തിലും നിൻെറ ശ്രേഷ്ഠതയുടെ സദൃശത്തിലും നിർമ്മിച്ച് അതിൽ രാജാവും നാഥനുമായി നീ കല്പിച്ചാക്കുകയും ചെയ്തു. ദുഷ്ടൻെറ അസൂയമൂലം നീ അവനു നിയമിച്ച കല്പനയെ അവൻ മറന്നു ലംഘിച്ചതിനാൽ അവൻെറ വാസസ്ഥലമാകുന്ന ഏദനിൽനിന്നു ഭ്രഷ്ടനാകയും കൈപ്പുരസത്താൽ പരാജിതനാകയും ജീവവൃക്ഷത്തിൻെറ 'അടുക്കൽനിന്നു ദുഃഖകരമായ വിദേശത്തേക്കു' ഭ്രഷ്ടനാക്കപ്പെടുകയും അവനുവേണ്ടി അനേകം കഷ്ടതകളെ നീ അനുഭവിക്കയും സഹിക്കയും ചെയ്കതിനാൽ പിന്നീടു നിൻെറ കൃപാസഹായത്തിൽനിന്ന് അവൻ വേർപെടാതിരിക്കയും ചെയ്തു. പൂർവികന്മാരായ നീതിമാന്മാരോടും അബ്രഹാം, ഇസഹാക്കു, യാക്കോബു എന്നീ പ്രധാന പിതാക്കന്മാരോടും ഉള്ള ഉടമ്പടി അനുസരിച്ചു പുറജാതികളിൽനിന്നു നിനക്കായിട്ട് അതിനെ നീ തിരഞ്ഞെടുക്കുകയും നിൻെറ നാമം അതിനു വിളിക്കപ്പെടുകയും ചെയ്ത ഇസ്രായേലാകുന്ന നിൻെറ വാത്സല്യജനത്തിനുവേണ്ടി ഉടമ്പടി നിറവേററുകയും കൃപ നൽകുകയും ചെയ്തു. മിസ്രയിമ്മിൽനിന്നുള്ള ആ മുന്തിരിവള്ളിയെ വിസ്മയനീയമായ ശക്തികളാലും അനേകം അടയാളങ്ങളാലും നീ പുറത്തുകൊണ്ടുവരികയും പുറജാതികളെ നശിപ്പിച്ച് അതിനെ നട്ടുപിടിപ്പിക്കയും ചെയ്തു. അതു ഭൂമിയെ നിറയ്ക്കയും അതിൻെറ നിഴലുകളാൽ പർവതങ്ങളും അതിൻെറ ചില്ലികളാൽ കുന്നുകളും മൂടപ്പെടുകയും ചെയ്തു. ആദ്യജാതനും വത്സലൻ എന്നു വിളിക്കപ്പെട്ട, വിശിഷ്ടനും ആന്തരീയവുമായ ആ തോട്ടത്തിനു ചുററും ന്യായപ്രമാണമാകുന്ന വേലി കെട്ടി ഉറപ്പിക്കയും ന്യായപ്രമാണസംബന്ധവും നിഴലുമായ പുരോഹിതകർമ്മങ്ങളാകുന്ന ചക്ക് അതിൽ നീ സ്ഥാപിക്കുകയും അതിൽ നിൻെറ വിശുദ്ധ ഉടമ്പടിയാകുന്ന ഉന്നതഗോപുരം പണിയുകയും ദീർഘദർശിമാരാകുന്ന മഴകൊണ്ട് അതിനെ നനച്ചു വളർത്തുകയും ഉപദേശങ്ങളും സൽപ്രവൃത്തികളും കൃഷി ചെയ്യപ്പെട്ട് സൽഫലങ്ങൾ നൽകുന്നതിനായി അതിനെ ജനത്തിലെ സപ്രേന്മാരാകുന്ന സാമർത്ഥ്യമുള്ള വേലക്കാരെ ഏല്പിക്കയും ചെയ്തു. വിളവെടുപ്പുകാലത്തു സൽഫലങ്ങളാകുന്ന ആദ്യഫലത്തെ വാങ്ങിക്കൊണ്ടുവരുവാനായിട്ട് വിശുദ്ധ ദീർഘദർശിമാരായ നിൻെറ ദാസന്മാരെ മടിയന്മാരായ ആ വേലക്കാരുടെ അടുക്കലേക്കു നീ അയച്ചു. അവർ അവരുടെ അഹങ്കാരംമൂലം, ഫലങ്ങൾ സമർപ്പിച്ചില്ലെന്നു മാത്രമല്ല നിൻെറ വാത്സല്യ ദാസന്മാരെ പീഡിപ്പിക്കയും ചെയ്തു.

www.malankaralibrary.com

ചിലരെ അവൻ ന്യായം വിധിക്കയും ചിലരെ അടിക്കയും മററു ചിലരെ പീഡിപ്പിക്കുകയും ചിലരെ അവമാനിക്കുകയും ചിലരെ മുറിവേല്പിക്കുകയും ചിലരെ കൊല്ലുകയും ചെയ്തു. ആ വേലക്കാർക്കു ലജ്ജയും നാണവും തോന്നുവാൻ തക്കവണ്ണം നിൻെറ പ്രിയപുത്രനെ അവരുടെ അടുക്കലേക്കു നീ അയച്ചു. അവരുടെ ഇടയിൽ വിനയമുള്ളവനും സൗമ്യനും ആയിക്കണ്ടിട്ട് അവർ, തന്നെ അധിക്ഷേപിക്കുകയും ഭ്രാന്തനെന്നും ശമറിയാക്കാരനെന്നും വിളിക്കയും ചെയ്തു. സകല കഷ്ടതകളും തന്നെ അനുഭവിപ്പിക്കയും സകല അവമാനങ്ങളും തനിക്കു പ്രതിഫലമായി നൽകുകയും ന്യായസ്ഥലത്തുകൊണ്ടുപോയി നിർത്തുകയും പരിഹാസ വസ്ത്രങ്ങഠം ധരിപ്പിക്കയും ചെയ്തു. താൻ അവകാശിയെന്നു് അവർ അറിഞ്ഞപ്പോഠം അവർ തന്നെ തോട്ടത്തിൽനിന്നു പുറത്തുകൊണ്ടുപോയി മരത്തിന്മേൽ ക്രൂശിക്കയും മധുരഫലങ്ങഠംക്കുപകരം കാടിയും കൈയ്പും കുടിപ്പിക്കയും ചെയ്തു. എന്നാൽ തോട്ടത്തിൻെറ നാഥനും സ്ഥാപകനുമായ നീ ന്യായാനുസരണം അവരോടു പ്രതിപകരം ചെയ്തു. മുന്തിരിപ്പഴങ്ങഠംക്കു പകരം കാട്ടുമുന്തിരിങ്ങാകളെ നൽകിയ ശപിക്കപ്പെട്ട തോട്ടത്തെ നീ വേരോടു പറിച്ചു പുറജാതികളുടെ ഇടയിൽ ചിതറുകയും ഭ്രമിപ്പിക്കയും ചവിട്ടു് ഏൽക്കുമാറാക്കുകയും ചെയ്തു. കാട്ടുജന്തുക്കഠം അതിൽനിന്നു മേയുകയും അതിൻെറ കൊമ്പുകളിൽ നീ അഗ്നി ഇടുകയും ന്യായപ്രമാണമാകുന്ന അതിൻെറ വേലിയെ നീ പൊളിച്ചു കളകയും അതിൻെറ ഉറപ്പുള്ള ഗോപുരത്തെ മറിച്ചിടുകയും പുരോഹിതകർമ്മങ്ങളാകുന്ന ചക്കിനെ മായിച്ചുകളകയും അതിനുപകരം പുറജാതികളിൽനിന്നുള്ള പുതിയ ജനങ്ങളാകുന്ന ഒരു നല്ല തോട്ടം നിനക്കായിട്ടു നീ നട്ടുണ്ടാക്കുകയും ചെയ്തു. ജാതികളിൽനിന്നും കുടുംബങ്ങളിൽനിന്നും ഒരു സഭ കൂട്ടിച്ചേർക്കപ്പെട്ടു. അവർ നിൻെറ ഏകജാതൻെറ രക്തത്താൽ രക്ഷിക്കപ്പെടുകയും വിഗ്രഹാരാധനയാകുന്ന വഞ്ചനയിൽനിന്നു തിരിച്ചുവരികയും ചെയ്തു. അവളുടെ സന്തതികഠം നിൻെറ സത്യത്തെ പാലിക്കയും അവളുടെ മക്കഠം 'ഞങ്ങളുടെ പിതാവെ' എന്നു നിന്നെ വിളിക്കയും ചെയ്യുന്നു, അവരഠം നിൻെറ ഏകജാതൻെറ മരണത്തിൽ അഭിനന്ദിക്കുകയും തൻെറ വിശുദ്ധ കഷ്ടാനുഭവങ്ങളിൽ പ്രശംസിക്കയും ചെയ്യുന്നു. ഭർത്താവുള്ളവളുടെ മക്കളേക്കാഠം ഭർത്താവില്ലാത്തവളുടെ മക്കഠം അധികം വർദ്ധിച്ചു എന്നു ദീർഘദർശി ഇവളെക്കുറിച്ചു മുൻകൂട്ടി പ്രസംഗിച്ചിട്ടുണ്ടു്. കർത്താവെ! ഞങ്ങഠം നിന്നോടു് അപേക്ഷിക്കുന്നതു് എന്തെന്നാൽ നിൻെറ വലത്തുകൈ അവളുടെമേൽ നിഴലിപ്പിക്കേണമെ. നിൻെറ ബലമുള്ള ഭുജത്താൽ അവളുടെ ശത്രുക്കളെ നീ അടിച്ചു തകർക്കേണമേ. നിൻെറ ബലത്താൽ അവളെ ദ്വേഷിക്കുന്നവരെ നീ മായിച്ചു കളയണമെ. അവളുടെ ദൂരസ്ഥന്മാരെ നീ കൂട്ടിച്ചേർക്കണമെ. അവളുടെ സമീപസ്ഥന്മാരെ നീ

www.malankaralibrary.com

സംരക്ഷിക്കയും അവളുടെ ഇടയന്മാരെ സന്തോഷിപ്പിക്കയും അവളുടെ പട്ടക്കാരെ ആനന്ദിപ്പിക്കുകയും അവളുടെ ശെമ്മാശന്മാരെ ശുദ്ധീകരിക്കയും അവളുടെ എല്ലാ കൂട്ടങ്ങളേയും പരിപാകതയുള്ളവരാക്കുകയും അവളിൽനിന്നു വാങ്ങിപ്പോയിരിക്കുന്ന മരിച്ചവരെ നിന്റെ ഭാഗ്യമുള്ള ഭവനങ്ങളിൽ വിശ്രമിപ്പിക്കുകയും ചെയ്യേണമെ. നിനക്കു സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറുവാനായിട്ടു തന്നെ. ഹോശോ...............

# മൂന്നാം മണി

## പ്രുമിയോൻ

പുണ്യവാനും പരിശുദ്ധനും അവർണ്ണനീയനും കഷ്ടതയില്ലാത്തവനും മരണമില്ലാത്തവനും അക്ഷയനും തന്റെ മനസ്സോടെ മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി കഷ്ടപ്പെടുകയും തന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കഷ്ടതകളെ മായിച്ചുകളകയും ഞങ്ങൾക്കു വേണ്ടിയുള്ള തന്റെ മരണത്താൽ കഠിനമായ മരണത്തെ മരിപ്പിക്കുകയും ഞങ്ങൾക്കു ജീവനാശമില്ലായ്മയും മരണമില്ലായ്മയും കഷ്ടതയില്ലായ്കയും നൽകുകയും ചെയ്തവനും ആയിരിക്കുന്നവനു സ്തുതി. ഈ പരിമളധൂപത്തോടുകൂടെ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ നിന്റെ പീഡയിൽ പീഡയനുഭവിപ്പാൻ ഞങ്ങളെ എല്ലാവരേയും നീ യോഗ്യന്മാരാക്കേണമെ. ഞങ്ങൾ നിന്നോടുകൂടെ മഹത്വപ്പെടുകയും ലോകത്തിനും അതിന്റെ സകല വികാരങ്ങൾക്കും കുരിശിക്കപ്പെടുകയും ചെയ്യുമാറാകേണമെ. ഞങ്ങൾ നിനക്കും...............

### സെദ്റൊ

ഉന്നതനും, അദൃശ്യമായ തന്റെ ഉൺമയിൽ മഹോന്നതനും, വന്ദ്യനും, അത്യുന്നതനുമായ തന്റെ ദൈവത്വത്തിൽ മഹത്വമുള്ളവനും തന്റെ പിതാവിനോടും വിശുദ്ധ റൂഹായോടുംകൂടെ സാരാംശത്താൽ സമനായിരിക്കുന്നവനുമായ നമ്മുടെ മിശിഹാ തമ്പുരാൻ മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കുവേണ്ടി ഭൂമിയിൽ കാണപ്പെടുകയും മരണത്തിന്റെയും പാപത്തിന്റെയും നാശത്താൽ പഴകിപ്പോയ തന്റെ സൃഷ്ടിയെ പുതുക്കുവാനായി ഭരണപ്രകാരം മനുഷ്യരോടുകൂടെ പെരുമാറുകയും ന്യായപ്രമാണഭാഷയിൽ 'കൊഞ്ഞയുള്ളതായി പറയപ്പെട്ടവയെ' സ്ഥിരപ്പെടുത്തുകയും പഴയപുസ്തകത്തിലെ മഹത്വത്തെ വ്യാഖ്യാനിക്കുന്നതിനു കർണ്ണ

www.malankaralibrary.com

രസമുള്ളതാക്കിത്തീർക്കുകയും ചെയ്തു. യഹൂദദേശത്തു അനേകം സൽപ്രവൃത്തികൾ മുൻപേതന്നെ താൻ ചെയ്തിട്ടും അനുസരണമില്ലാത്ത ജനങ്ങളാൽ തന്റെ എല്ലാ നന്മകളിലും താൻ നിരസിക്കപ്പെട്ടു. വിസ്മയനീയമായ സൌഖ്യങ്ങളേയും നല്ല അത്ഭുതങ്ങളേയും അവരുടെ ഇടയിൽ ചെയ്തതിനാൽ അവർ തന്നെ വെറുതെ ദ്വേഷിക്കുകയും അസൂയയാൽ തന്നെ ത്യജിക്കുകയും ചെയ്തു. അന്യായമായി തന്നെ കുരിശിൽ തറപ്പാനായിട്ട് ആ അഹങ്കാരികൾ ഒരുമ്പെടുകയുംവചനത്താൽ കൌശലത്തിൽ തന്നെ കുടുക്കിലാക്കുവാനായിട്ട് ആ അന്യായക്കാർ വിചാരിക്കുകയും ചെയ്തു. തന്റെ രക്തം ചിന്തുവാനായി ആ പുണ്യവാന്റെ ജീവനെ നശിപ്പിക്കുന്നതിനൊരുങ്ങി നിയമത്തിനു എതിരായി അവർ അപരാധം പറഞ്ഞുണ്ടാക്കി. ഇതു ഹേതുവായിട്ടു തന്നെ എളുപ്പത്തിൽ കുടുക്കുന്നതിനായി കൈസറിനു തലവരിപ്പണം കൊടുക്കുന്നതു ന്യായമൊ അല്ലയോ എന്നുള്ള ചോദ്യങ്ങൾ ഉപായത്തിൽ ചോദിച്ചു. താൽക്കാലികമായ രാജ്യത്വത്തിനു എതിരായിട്ടു താൻ നിൽക്കുന്നു എന്നുവന്നാൽ എളുപ്പത്തിൽ കുററം ചുമത്താമല്ലൊ എന്നു കരുതി തന്നോടു ചോദിക്കയും ആകാശത്തിലും ഭൂമിയിലും ഉള്ള സകല അധികാരങ്ങളും തന്നിൽനിന്നു് ആയിരിക്കുന്നവനും രാജാക്കന്മാർക്കു രാജാവും കർത്താക്കന്മാർക്കു കർത്താവും അധികാരികൾക്കു കിരീടങ്ങളെ നിർമ്മിക്കുന്നവനും ആയ തന്നോടു താൻ എവിടെനിന്നുള്ളവനെന്ന് അവരോട്ട് അറിയിക്കണമെന്നു തന്റെ അധികാരത്തെക്കുറിച്ചു് അവർ തന്നോടു ചോദിക്കയും ചെയ്തു. എന്നാൽ കർത്താവായ താൻ അറിവുള്ളവനാകയാലും കപടതന്ത്രങ്ങൾ തന്റെ മുമ്പാകെ ഫലിക്കാത്തതിനാലും അവരുടെ ക്രോധത്തിന് എതിരായി ശാന്തമായി ഉത്തരം പറകയും അവരുടെ കൌശലത്തിനു് എതിരായി ജ്ഞാനത്തോടെ ദൃഷ്ടാന്തങ്ങളെ ഉപയോഗിക്കുകയും ചെയ്തു. അവരുടെ അന്യായത്തെ അവരുടെമേൽ ചുമത്തുകയും അവരുടെ തിന്മനിമിത്തം അവരെ മിണ്ടാതാക്കുകയും ചെയ്തു. എന്നാൽ ആ പരമദുഷ്ടന്മാർ അവരുടെ കാഠിന്യത്തിൽനിന്നു പിന്മാറാതെ എപ്പോഴും ലഹള കൂട്ടുകയും അവരുടെ ഇടയിൽ എപ്പോഴും ചെയ്തുകൊണ്ടിരുന്ന ഉപകാരങ്ങളെക്കുറിച്ചും നന്മകളെക്കുറിച്ചും അവർ വാദിക്കുകയും അവയെ ദോഷങ്ങളും ദ്രോഹങ്ങളുമായി കണക്കാക്കുകയും ചെയ്തു. ഇതുനിമിത്തം തന്റെ നന്മയെ അവരുടെ അസൂയയാൽ കുററപ്പെടുത്തുകയും എപ്പോഴും വഞ്ചനയുള്ള സംഘങ്ങളെ വിളിച്ചുകൂട്ടുകയും വലിയ കട്ടംകൊലചെയ്യു തക്കസമയം നോക്കി ഇരിക്കയും ചെയ്തു. എന്നാൽ താനോ തന്റെ ദീർഘക്ഷമയും കൃപയും നിമിത്തം പട്ടക്കാരുടെ അസൂയയും സപ്രേന്മാരുടെ വെറുപ്പും പ്രീശേന്മാരുടെ ദ്വേഷവും ദുഷ്ടന്മാരുടെ ഉപദ്രവവും സഹിക്കയും സകലത്തേയും പൂർണമായി

www.malankaralibrary.com

Fr. ABRAHAM
KARIMPANAMANNIL
MARYGIRI, TIRUVALLA-689101
KERALA

രക്ഷിപ്പാൻവേണ്ടി ക്രൂശിലെ മരണത്തിനു് ഒരുങ്ങുകയും ചെയ്തു. രക്ഷാകരമായ തൻെറ കഷ്ടാനുഭവത്തിൻെറ ഓർമ്മയെ ഘോഷിപ്പാനായിട്ടു ദരിദ്രരും അരിഷ്ടരുമായ ഞങ്ങൾ തൻെറ കൃപ മൂലം വന്നു യോഗ്യരായിത്തീരുകയും തൻെറ വലിയ ഓർമ്മയെ കൊണ്ടാടുന്നതിനു് ഒരുങ്ങിവരികയും ചെയ്തിരിക്കുന്നു. തൻെറ വലിയ കഷ്ടാനുഭവത്താൽ പാപത്തിൻെറ എല്ലാ നികൃഷ്ട വികാരങ്ങളിൽനിന്നും ഞങ്ങളുടെ ആത്മാക്കൾക്കു സ്വാതന്ത്ര്യം നൽകുവാനും തൻെറ കൃപകളെ സ്ഥിരമായി ഏറ്റുപറയുന്നവരായിത്തീരുവാനും ദുഃഖിക്കുന്നവരും അന്യായക്കാരുമായി കണ്ടെത്തപ്പെടാതെ ഇരിപ്പാനായി ഞങ്ങൾക്കു കൃപ നൽകുവാനും തൻെറ വലിയ പെസഹായുടെയും ആനന്ദപൂർണമായ തൻെറ ഉയിർപ്പിൻേറയും വിശുദ്ധവും ജീവിപ്പിക്കുന്നതുമായ സംബന്ധത്തിനു വെടിപ്പോടെ അടുത്തുവരുവാനും സന്തോഷത്തോടും ആനന്ദത്തോടും കൂടെ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറുവാനും ആയി ഞങ്ങളെ യോഗ്യരാക്കുവാനുമായിട്ടു തൻെറ മനുഷ്യസ്നേഹത്തോടു ഞങ്ങൾ യാചിച്ചു് ഈ പരിമള ധൂപത്തോടുകൂടെ തൻെറ കരുണയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഹോശോ....

## മദ്ധ്യാഹ്നം

## പ്രുമിയോൻ

മരണത്തിനു തന്നത്താൻ ഏല്പിക്കപ്പെടുകയും ബുഭുക്ഷയുള്ള* ചെന്നായ്ക്കളിൽനിന്നു തൻെറ ആട്ടിൻകൂട്ടത്തെ രക്ഷിക്കയും ചെയ്ത ഉത്തമഇടയനും, അശുദ്ധന്മാരിൽനിന്നു കഷ്ടതകളെ സഹിക്കയും വന്ദിക്കുന്നവരെ സ്തോത്രങ്ങൾ പഠിപ്പിക്കയും ചെയ്ത ദയാലുവും, മാനുഷികമായ ത്യാഗത്തിനു തന്നെ കീഴ്പ്പെടുത്തുകയും അധർമികളിൽനിന്നു പരിഹാസവും മരണവും കൈക്കൊണ്ടു ലോകത്തെ രക്ഷിക്കയും ചെയ്ത സ്വതന്ത്രനും ആയ തനിക്കു സ്തുതി.

### സെദ്റൊ

വിനീതനായപ്പോഴും തൻെറ ഉന്നതിയിൽ സ്ഥിതിചെയ്കയും ശൂന്യമാക്കപ്പെട്ടപ്പോഴും തൻെറ പൂർണതയിൽ വസി

* *ബുഭുക്ഷ—ഭക്ഷിപ്പാനുള്ള ആസക്തി*

www.malankaralibrary.com

MAHARBA .RF
KARIMANAPMIRAK
...ORIGYRAM
AJAHJA


ക്കയും ജഡമെടുക്കയും തന്റെ ആത്മികാവസ്ഥയിൽനിന്ന് അകലാതെ ഇരിക്കയും മനുഷ്യനായിത്തീരുകയും തന്റെ ദൈവത്വത്തെ നശിപ്പിക്കാതിരിക്കയും ചെയ്ത വചനമാകുന്ന ദൈവമെ! നിനക്കു സ്തുതി. പിടിക്കപ്പെടുകയും ശണ്ഠ കൂടാതെ ഇരിക്കയും അടികൊണ്ടിട്ടു നിലവിളിക്കാതിരിക്കുകയും ദണ്ഡിപ്പിക്കപ്പെട്ടിട്ടു ദുഃഖിക്കാതിരിക്കുകയും പരിഹസിക്കപ്പെട്ടിട്ടു പിറുപിറുക്കാതിരിക്കയും ചോദ്യം ചെയ്തപ്പോൾ ഉത്തരം പറയാതെ ഇരിക്കയും കൊലപ്പെടുത്തുവാൻ കുഞ്ഞാടു പോലെ കൂട്ടിക്കൊണ്ടുപോയപ്പോൾ മൗനമായിരിക്കുകയും തന്റെ വസ്ത്രങ്ങൾ അഴിച്ചപ്പോൾ ഭ്രമിക്കാതിരിക്കുകയും നിന്ദ്യകുപ്പായം ധരിപ്പിച്ചപ്പോൾ വിരോധിക്കാതിരിക്കയും കുരിശിൽ തറച്ചപ്പോൾ കോപിക്കാതിരിക്കുകയും കഷ്ടതകൾ അനുഭവിച്ചപ്പോൾ തന്റെ യഥാർത്ഥാവസ്ഥയിൽനിന്നു വ്യത്യാസപ്പെടാതിരിക്കയും മുൾക്കിരീടം ധരിപ്പിച്ചപ്പോൾ തടയാതെ ഇരിക്കയും കാടിവെള്ളം നീട്ടിയപ്പോൾ തർക്കിക്കാതിരിക്കയും ചെയ്തതിനാൽ നിനക്കു സ്തോത്രം. ഇവയെല്ലാം നിന്നോടു ചെയ്തവർക്കുവേണ്ടി നീ പ്രാർത്ഥിക്കയും നിന്റെ പിതാവിന്റെ അടുക്കൽനിന്നു മാപ്പു കൊടുപ്പിക്കയും ചെയ്ത നിന്റെ ദീർഘക്ഷമയ്ക്കു സ്തുതി. കിഴക്കെ ദിക്കു നിന്നെക്കണ്ടു ദുഃഖിക്കുകയും പടിഞ്ഞാറെ ദിക്കു നിന്നെ സൂക്ഷിച്ചുനോക്കി ഭ്രമിക്കയും മററു ഭാഗങ്ങൾ സംഭ്രമിക്കയും ചെയ്തു. സൂര്യൻ ഉയരത്തിൽ നിന്നെക്കണ്ടു മറഞ്ഞുകളഞ്ഞു. ചന്ദ്രൻ ആകാശത്തിൽ ഭ്രമിക്കയും നക്ഷത്രങ്ങൾ ആകാശവിതാനത്തിൽനിന്നു പൊഴിഞ്ഞുവീഴുകയും മരിച്ചവരുടെ ശരീരങ്ങൾ ജീവിച്ചെഴുന്നേൽക്കയും ചെയ്തു.

ദൈവാലയത്തിലെ തിരശ്ശീലകൾ കീറിപ്പോകയും പർവതങ്ങളും കുന്നുകളും ദഹിച്ചുപോകയും അന്ധകാരം ഭൂലോകത്തിന്റെ മുഖത്തെ മൂടുകയും നട്ടുച്ച രാത്രിയായി മാറുകയും ചെയ്തു. മരണം പെട്ടെന്നു തോൽക്കയും പിശാചുക്കളുടെ അധികാരം അഴിഞ്ഞുപോകയും പാപം മാഞ്ഞുപോകയും മനുഷ്യവർഗം രക്ഷിക്കപ്പെടുകയും ചെയ്തു. നിന്റെ സ്നേഹംമൂലം രക്ഷയ്ക്കുവേണ്ടി ഇപ്രകാരമുള്ള എല്ലാ താഴ്മകൾക്കും ഇറങ്ങിവന്നവനായ ദൈവമെ! ഈ പരിമളധൂപത്താൽ ഞങ്ങൾ നിന്നോടു അപേക്ഷിച്ചു നിന്റെ കരുണയോടു യാചിക്കുന്നതെന്തെന്നാൽ, നിന്റെ വിശുദ്ധ തിരുനാമം ഞങ്ങളിൽ നീ ശ്രേഷ്ഠതപ്പെടുത്തേണമെ. നിന്റെ കഷ്ടാനുഭവത്തിന്റേയും നിന്റെ രാജ്യത്തിലെ മഹത്വത്തിന്റേയും സംബന്ധികളായി ഞങ്ങളെ നീ ആക്കിത്തീർക്കേണമെ. ലോകത്തിനും അതിന്റെ സകല മോഹങ്ങൾക്കും കുരിശിക്കപ്പെടുവാനായിട്ടു ഞങ്ങളെ നീ ശക്തരാക്കേണമെ. നിന്റെ മഹത്വമുള്ള കുരിശിൽ പ്രശംസിപ്പാൻ നീ

www.malankaralibrary.com

ഞങ്ങൾക്കു സംഗതിയാക്കേണമെ. നിത്യവും അതിനെ ധീരതയോടെ ഞങ്ങളുടെ ആത്മാക്കളിൽ വഹിപ്പാൻ ഞങ്ങളെ നീ യോഗ്യരാക്കേണമെ. നിന്നെ ആരാധിക്കുന്നവൎക്കു ഭയങ്കര അടയാളമായി നൽകപ്പെട്ടിരിക്കുന്നപ്രകാരം അതിൻെറ ജീവനുള്ള മുദ്രയാൽ ഞങ്ങളെ നീ പാലിച്ചുകൊള്ളേണമെ. അതിൻെറ മഹിമയുള്ളവയും ദിവ്യങ്ങളുമായ കതിരുകളെ ഞങ്ങളിൽ പ്രശോഭിപ്പിക്കേണമെ. നിൻെറ വിശുദ്ധ സ്നേഹമാകുന്ന വീഞ്ഞിനാൽ ഞങ്ങളെ ലഹരിപിടിപ്പിക്കേണമെ. നിൻെറ ജീവകരമായ പെസഹായുടെ സംബന്ധത്തിനു ഞങ്ങളെ നീ ചേർത്തുകൊള്ളേണമെ. നിൻെറ മഹത്വമുള്ള ഉയിർപ്പിനെ നിഷ്കളങ്കമായി കൊണ്ടാടുന്നതിനു ഞങ്ങളെ ഒരുക്കേണമെ. ഞങ്ങളുടെയും, വിശ്വാസികളായ ഞങ്ങളുടെ മരിച്ചവരുടെയും പാപമോചനത്തിൽ സന്തോഷിപ്പാൻ ഞങ്ങൾക്കു നീ സംഗതിയാക്കേണമെ. ഞങ്ങളും ഇവരും നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറുമാറാകേണമെ. ഹോശോ........

# ഒമ്പതാം മണി

## പ്രുമിയോൻ

മരണത്തിനായി തന്നെ നൽകുകയും ഭക്ഷിക്കുവാൻ ആസക്തിയുള്ള ചെന്നായ്ക്കളിൽനിന്നു തൻെറ ആട്ടിൻകൂട്ടത്തെ രക്ഷിക്കയും ചെയ്ത നല്ല ഇടയനും സകല കഷ്ടതകളിൽനിന്നും അകന്നിരിക്കുന്നവനും ജീവിക്കുന്നവയായ തൻെറ കഷ്ടാനുഭവങ്ങളാൽ പാപവികാരങ്ങളെ പീഡിപ്പിച്ചു നശിപ്പിക്കുവാനായിട്ടു ഞങ്ങൾക്കുവേണ്ടി ജഡപ്രകാരം കഷ്ടതകൾക്കു വശംവദനായിത്തീർന്നവനുമായ തനിക്കു സ്തുതി. തനിക്കു........

### സെദ്റൊ

പാപത്തിൻെറ ദാസരെ സ്വതന്ത്രരാക്കുവാൻ പാപികളുടെ കൈകളിൽ ഏൽപിക്കപ്പെട്ട കർത്താവും അന്ധകാരമയമായ ആത്മാക്കളെ പ്രകാശിപ്പിപ്പാനായിട്ടു നിഴലുകൾ തന്നെ കണ്ടുപിടിച്ച നീതിയുടെ സൂര്യനും ന്യായവിധികളുടെ അതിവേദനകളിൽനിന്നു ഞങ്ങളെ രക്ഷിപ്പാൻ ശിക്ഷാവിധിയേററ ന്യായാധിപന്മാരുടെ ന്യായാധിപതിയും ബലവാൻെറ ബന്ധനങ്ങളിൽനിന്നു ഞങ്ങളെ വീണ്ടുകൊള്ളുവാൻ ബന്ധിക്കപ്പെട്ട ലോകൈകയോദ്ധാവും ലജ്ജയിൽനിന്നും നാണത്തിൽനിന്നും ഞങ്ങളെ

www.malankaralibrary.com

വേർപെടുത്തുവാനായിട്ട പരിഹാസം ഏററ വിശുദ്ധനും, ശുദ്ധീ കരിക്കുന്നവനും, മനുഷ്യർക്ക സന്തോഷം നൽകുവാൻ ദണ്ഡനം ഏററ രാജാധിരാജാവും, മലിനതകളിൽനിന്നും വ്രണങ്ങളിൽനി ന്നും ഞങ്ങളെ ഉരിഞ്ഞുകളവാനായിട്ട തന്റെ വസ്ത്രങ്ങളെ ഉരിഞ്ഞു കളഞ്ഞ മഹത്വമുള്ളവനും, ഞങ്ങളെ മഹത്വവും പ്രഭയും ധരി പ്പിപ്പാൻ പരിഹാസം ധരിച്ച അഗ്നിജ്വാല ധരിച്ചിരിക്കുന്ന വനും ഞങ്ങൾക്ക ബഹുമാനം നൽകുവാൻ അവമാനമേററ മഹിമ യുള്ളവനും, ഞങ്ങൾക്ക ധൈര്യം നൽകുവാൻ ഭയപ്പെട്ട ശക്തി മാനും ഞങ്ങളുടെ പ്രാൎത്ഥന കൈക്കൊള്ളുവാൻ പ്രാൎത്ഥിച്ച ദൈവ വും, ഞങ്ങൾക്ക മധുരം നൽകുവാൻ കാടിവെള്ളവും കൈയ്പ്പും കുടിച്ച ദയാലുവും, പാപത്തെ കുരിശിൽ തറപ്പാനായി കുരിശിക്ക പ്പെട്ട അത്യുന്നതനും വിശുദ്ധന്മാരോടുകൂടെ ഞങ്ങളെ ക്രമീകരി പ്പാൻ അന്യായക്കാരോടുകൂടെ എണ്ണപ്പെട്ട നീതിമാനും കഷ്ടത കളെ മായിച്ചുകളവാനായി ജഡപ്രകാരം കഷ്ടതയനുഭവിച്ച കഷ്ടതയില്ലാത്തവനും മരണത്തെ കൊല്ലുവാൻ ജഡപ്രകാരം മരിച്ച മരണമില്ലാത്തവനും, മരിച്ചവരെ ഉയിർപ്പിപ്പാൻ കബറട ക്കപ്പെട്ട പുനരുത്ഥാനവും ആയ ഞങ്ങളുടെ മ്ശിഹാതമ്പുരാനെ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഇവയെല്ലാം അനുഭവിക്കയും സഹിക്കയും ചെയ്ത നിന്നോട് ഈ പരിശുദ്ധ ധൂപംമൂലം ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ, നിന്നോടുകൂടെ കുരിശി ക്കപ്പെടുവാനായി സകല ലൗകിക ഭാരങ്ങളേയും മോഹങ്ങളേയും ഞങ്ങളിൽനിന്നു നീക്കിക്കളയുവാനായി ഞങ്ങളെ നീ ശക്തരാക്കേ ണമെ. നിന്നോടുകൂടി മരിപ്പാൻവേണ്ടി സകല വികാരങ്ങളേയും മോഹങ്ങളേയും നീ മുഖാന്തരം മരിപ്പിക്കുന്നതിനു ഞങ്ങളെ സഹാ യിക്കേണമെ, നിന്നോടുകൂടെ സംസ്ക്കരിക്കപ്പെടുവാനായിട്ട നിന്റെ സ്നേഹത്തിൽനിന്നു ഞങ്ങളെ വേർപെടുത്തുന്ന സകല ത്തേയും സംസ്കരിക്കുന്നതിനും മായിച്ചു കളയുന്നതിനും ഞങ്ങളെ നീ പ്രേരിപ്പിക്കേണമെ. നിന്നിൽനിന്നുള്ള ശക്തിയാൽ ഇവയെ ഞങ്ങൾ പ്രവർത്തിച്ചു നിന്റെ സഹായങ്ങളാൽ പൂൎത്തീകരിച്ച നിന്നോടുകൂടെ ജീവിച്ച് എഴുന്നേററു നില്പാനും, മഹത്വ പ്പെടുവാനും, നിന്നിൽനിന്നു സന്തോഷവും ആനന്ദവും കൈക്കൊ ള്ളുവാനും, ഇവിടെയുള്ള അപമാനത്തിനും പീഡകൾക്കും പ്രയാസ ങ്ങൾക്കും പകരം നീ മുഖാന്തരം സ്വർഗരാജ്യത്തിൽ വാഴ്ത്തപ്പെട്ട നിന്റെ പിതാവിനോടുകൂടെ സന്തോഷിച്ചു പ്രബലപ്പെടുവാ നും, നിന്റെ വിശുദ്ധാത്മാവുമൂലം പ്രകാശങ്ങളുടെ കൂടാര ങ്ങളിൽ നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടി ആനന്ദിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമെ. അനശ്വരമായ സന്തോഷത്തിൽ ലയിപ്പാനും അവിടെ അംഗീകരിക്കപ്പെട്ട ബലികൾ നിനക്ക സമർപ്പിപ്പാനും നിനക്കും നിന്റെ പിതാവിനും നിന്റെ

www.malankaralibrary.com

വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുവാനും ഞങ്ങളെ യോഗ്യന്മാരാക്കേണമെ.

## ഏത്രോ

ദൈവമായ കർത്താവെ നിൻെറ സ്നേഹം ധരിച്ചും നിൻെറ സത്യം അണിഞ്ഞും നിൻെറ പ്രേമംകൊണ്ടു കിരീടം ധരിച്ചും നിർമലമായ ആത്മാവോടും സദാചാരമാകുന്ന ധൂപത്തോടും കൂടി നിൻെറ സന്നിധിയിൽ പ്രാർഥനകളും അപേക്ഷകളും സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. ഇപ്പോൾ നിൻെറ സഭ കഷ്ടാനുഭവത്താൽ ശ്രേഷ്ഠതപ്പെട്ടു നിൻെറ കുരിശാരോഹണത്തിൽ പുകഴ്ച നേടുന്നു. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമായുള്ളോവെ! അവൾ സൽപ്രവൃത്തികളിൽ അനുഗ്രഹിക്കപ്പെട്ടു നിൻെറ മണവറയിലേക്കു പ്രവേശിക്കയും നിൻെറ തിരുമേനി ഏക യോജിപ്പാൽ വന്ദിക്കപ്പെടുകയും ചെയ്യുമാറാകേണമെ.

www.malankaralibrary.com

# ചൊവ്വ

സന്ധ്യാപ്രാത്ഥന

## പ്രാരംഭപ്രാർഥന

ദുഷ്ടന്മാർ കൊല്ലുവാനായിട്ടു തന്നെ കൊണ്ടുപോകയും തൻെറ താഴ്മയാൽ മൗനംപൂണ്ട തൻെറ ബലിയാൽ ലോകത്തിൻെറ പാപത്തെ വഹിക്കുകയും ചെയ്ത കുററമില്ലാത്ത വെടിപ്പുള്ള കുഞ്ഞാടായുള്ളോവെ! നിൻെറ ജീവനുണ്ടാക്കുന്ന കഷ്ടാനുഭവത്തിൻേറയും മരണത്തിൻേറയും സാദൃശ്യം ധരിപ്പാനും ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമെ! നിൻെറ പുനരുത്ഥാന ദിവസത്തിൽ സ്തോത്രശബ്ദങ്ങളാൽ നിനക്കു ബലികഴിച്ചു സന്തോഷിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമെ.

## പ്രുമിയോൻ

ദൈവികപ്രകാരം സകല കഷ്ടതകളിൽനിന്നും അകന്നിരിക്കുന്നവനും ഭരണപ്രകാരം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തൻെറ കൃപമൂലം ജഡത്തിൽ കഷ്ടതയനുഭവിച്ചവനും മനുഷ്യസ്നേഹത്താൽ ഞങ്ങൾക്കുവേണ്ടി ശിക്ഷ ഏററവനായി കുടുംബങ്ങളേയും ഗോത്രങ്ങളേയും നീതിയാൽ ന്യായം വിധിക്കുന്നവനും, ഞങ്ങൾക്കുവേണ്ടി ഗോൽഗോത്തായുടെ മുകളിൽവച്ചു തന്നെ ബലികഴിച്ചവനായി തൻെറ പിതാവിനോടും വിശുദ്ധാത്മാവിനോടും കൂടെ വിശുദ്ധിയോടെ സകല ബലികളും തനിക്കു അർപ്പിക്കപ്പെടുന്നവനുമായ തനിക്കു സ്തുതി. ഞങ്ങൾ നിന്നോടപേക്ഷിച്ചു നിൻെറ താഴ്മയോടു പ്രാത്ഥിക്കയും നിൻെറ കരുണയോടു യാചിക്കയും ചെയ്യുന്നു. ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ഞങ്ങളുടെ മരിച്ചവരുടെ നല്ല ഓർമ്മയ്ക്കുംവേണ്ടി നിൻെറ ദാസരായിരിക്കുന്ന പാപികളായ ഞങ്ങളുടെ കൈകളിൽനിന്നു് ഈ സുഗന്ധധൂപത്തെ നീ കൈക്കൊള്ളണമെ. നിനക്ക്....

www.malankaralibrary.com

## സെദ്റൊ

രക്ഷാകരമായ കുരിശിലെ കഷ്ടാനുഭവത്തോളം തന്റെ കരുണ തന്നെ ഇറക്കിക്കൊണ്ടുവന്നവനായി അനുഗ്രഹങ്ങളുടെ സമുദ്രവും അളവററ ആഴവും, കഷ്ടതയാലും താഴ്മയാലും ഞങ്ങൾക്കു പൂർണരക്ഷ നൽകുകയും അനശ്വരമായ ജീവൻ ഞങ്ങൾക്കു ഒരുക്കിത്തരികയും ചെയ്തവനും, ആയ ഞങ്ങളുടെ മ്ശീഹാ തമ്പുരാന്റെ ജീവപ്രദമായ കഷ്ടാനുഭവത്തെ ഞങ്ങൾ ഓർക്കുകയും രക്ഷാകരമായ തന്റെ താഴ്മയെ ഞങ്ങൾ പ്രശംസിയ്ക്കയും സർവ വിശുദ്ധ രഹസ്യങ്ങളും നിറഞ്ഞിരിക്കുന്ന തന്റെ കുരിശിനെ ഞങ്ങൾ വന്ദിക്കുകയും വി. റൂഹായുടെ ഗീതങ്ങളാൽ ആനന്ദത്തോടെ അട്ടഹസിച്ചു പറകയും ചെയ്യുന്നു. തന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കഷ്ടതകളെ മായിച്ച രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. അതിനാൽ പറുദീസായിലേക്കു ഞങ്ങൾ തിരിച്ചുവന്നതായ രക്ഷകരമായ കഷ്ടാനുഭവം ഇതാകുന്നു. സ്കറിയോത്തായുടെ വഞ്ചനയെ വെളിപ്പെടുത്തിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. കുററക്കാരനെപ്പോലെ ന്യായാധിപതിമാരുടെ ന്യായാധിപതി ശിക്ഷ ഏൽക്കേണ്ടിവന്ന രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. മഹത്വമുള്ള ഉയിർപ്പിലേക്കു ഞങ്ങളെ വഴി നടത്തിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. പരിശുദ്ധ പെസഹായിലെ ഭക്ഷണത്തിനു വിശുദ്ധ ശ്ളീഹന്മാരെ ക്ഷണിച്ച രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ദാസനിൽനിന്നു ചെകിട്ടത്തു് അടി ഏററ നീതിമാനും നാഥനുമായവന്റെ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ആകാശവീഥിയിൽ പ്രകാശങ്ങൾ തന്റെ നിമിത്തം ഇരുണ്ടുപോയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. മനുഷ്യവർഗത്തിനു ദൈവകൃപ അതിനാൽ ലഭിച്ചതായ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. കുരിശിൽ തറച്ചവർ,രക്ഷകനു കൈപ്പുനീരും ജീവിച്ചിരിക്കുന്നവനു കാടിയും കൊടുത്ത രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ലോകത്തിലെ സകല ഭൂതങ്ങളും ഭ്രമിച്ച രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. വിശ്വാസികൾക്കു സത്യജീവന്റെ തുറമുഖം അതിനാൽ ലഭിച്ച രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. മനുഷ്യവർഗത്തിന്റെ രക്ഷായ്ക്കുവേണ്ടി ഒരുങ്ങിവന്ന രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. സ്രഷ്ടാവിനെ കുരിശിൽ കണ്ടതിനാൽ നിശബ്ദമായ പ്രകൃതികൾ ഇളകിപ്പോയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ഉത്തമനായ ഇടയന്റെ നേരെ ചെന്നായ്ക്കൾ പാഞ്ഞെത്തിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. സൃഷ്ടികളുടെ നാഥൻ കുരിശുമരത്തിന്മേൽ തൂങ്ങിയ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. നാഥനോട്ടും

www.malankaralibrary.com

ദൈവത്തോടും ദാസന്മാർ നന്മയ്ക്കുപകരം തിന്മ ചെയ്ത രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. പ്രാർത്ഥനകളെ കേൾക്കുന്നവൻ തന്റെ പിതാവിനു പ്രാർത്ഥന സമർപ്പിച്ച രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. അദൃശങ്ങളും ഗുപ്തങ്ങളുമായ രഹസ്യങ്ങൾ അതിൽ വെളിപ്പെട്ട രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. അതിനാൽ പാറകൾ പൊളിയുകയും കബറുകൾ തുറക്കപ്പെടുകയും ചെയ്ത രക്ഷകരമായ കഷ്ടാനുഭവം ഇതാകുന്നു. അദൃശ്യനും ഉന്നതനുമായ പിതാവിന്റെ മഹത്വം കുരിശിൽ വിളങ്ങിയതായ രക്ഷാകരമായ കഷ്ടാനുഭവം ഇതാകുന്നു. ബലഹീനരും പാപികളുമായ ഞങ്ങൾ ഇന്നേ ദിവസം തന്റെ വലിയ കഷ്ടാനുഭവത്തിന്റെ ഓർമ്മയെക്കുറിച്ച ഈ സുഗന്ധധൂപം മൂലം തന്റെ കരുണയോടു അപേക്ഷിച്ച പ്രാർത്ഥിക്കുകയും കഷ്ടാനുഭവത്തിനും മരണത്തിനും തന്നെ പ്രേരിപ്പിച്ച തന്റെ ദിവ്യകാരുണ്യത്തോടു യാചിയ്ക്കുകയും ചെയ്യുന്നത് എന്തെന്നാൽ ഞങ്ങളുടെ പാപങ്ങളും അധർമ്മങ്ങളും ക്ഷമിച്ച പുണ്യപ്പെടുത്തുകയും ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും കൈക്കൊള്ളുകയും തന്റെ ജീവിപ്പിക്കുന്ന കബറടക്കം വഴിയായി ഞങ്ങളുടെ കാഴ്ചകളെ ഉന്നതങ്ങളിലേക്കു കരേറുകയും തനിക്ക് ഇടവിടാതെയുള്ള സ്തുതിയും അടങ്ങാത്ത സ്തോത്രവും കരേറുവാനായിട്ടു ഞങ്ങളേയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചവരേയും യോഗ്യരാക്കുകയും ചെയ്യേണമെ. ഹോശോ..................

## എത്രോ

എന്റെ കർത്താവെ നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിന്റെ സഭയുടെ ധൂപത്തെ നീ കൈക്കൊള്ളേണമെ. നിന്റെ രക്തം കൊടുത്തുവാങ്ങിയ നിന്റെ ഇടവകയുടെ ധൂപത്തിൽ നീ നിരപ്പാകേണമെ. നിന്റെ മരണത്തിൽ പ്രശംസിക്കുന്ന ആടുകളുടെ അപേക്ഷകളെ നീ ശ്രദ്ധിക്കേണമെ. നിന്റെ മുറിവുകളെ ചുംബിക്കുന്ന നിന്റെ മണവാട്ടിയുടെ പ്രാത്ഥന കേൾക്കേണമെ. നിന്നിൽനിന്നു് അകററുന്ന എല്ലാ വികാരങ്ങളിൽനിന്നും നിന്റെ അവകാശത്തെ സൂക്ഷിച്ചുകൊള്ളേണമേ. അവർ നിന്റെ കഷ്ടതയിൽ കഷ്ടതയനുഭവിക്കയും നിന്റെ മഹത്വത്തിൽ മഹിമപ്പെടുകയും നിന്റെ ഉയിർപ്പിൽ സന്തോഷിക്കുകയും നിനക്കും നിന്റെ പിതാവിനും സ്തുതി കരേറുകയും ചെയ്യുമാറാകേണമെ.

www.malankaralibrary.com

# സൂത്താറാ

# പ്രുമിയോൻ

ഫലം കായിക്കാത്ത അത്തിവൃക്ഷത്തെ തന്റെ നീതിയാൽ ശപിക്കയും തന്നെ സ്തുതിക്കാത്ത സംഘത്തെ ന്യായമായി വേരോടെ പറിച്ചുകളകയും തനിക്കു വിവാഹം പറഞ്ഞു നിശ്ചയിക്കപ്പെട്ട മണവാട്ടിയായ സഭയെ തന്റെ കൃപമൂലം സ്ഥാപിക്കയും തന്റെ സൽഗുണസമൃദ്ധിയാൽ മഹത്വത്തോടെ തന്റെ വലത്തുഭാഗത്തു അവരം നിൽക്കയും തന്റെ വിശുദ്ധ കഷ്ടാനുഭവങ്ങളിൽ സന്തോഷത്തോടും ലജ്ജകൂടാതെയും ഏററുപറകയും തന്റെ പിതാവിന്റെ ഭവനത്തിലെ സകല കഷ്ടതകളിൽനിന്നും തന്റെ മുറിവുകരംമൂലം അവരം സൗഖ്യപ്പെടുകയും ചെയ്ത സത്യവാനായ തനിക്കു സ്തുതി. തനിക്ക് ഈ നേരത്തിലും............

## സെദ്റൊ

ശ്രേഷ്ഠതയിൽ മഹത്വമുള്ളവനും ആലോചനകളിൽ അറുതിയില്ലാത്തവനും ശ്രേഷ്ഠതയുടെ ബലത്തിൽ പ്രബലനും കൃപാബഹുത്വത്തിൽ ഉന്നതനും ജ്ഞാനധനത്തിൽ മഹോന്നതനും ഉൺമയുടെ സൗന്ദര്യത്തിൽ വിസ്മയനീയനും തന്റെ തേജസ്സിന്റെ പ്രഭയാൽ സൃഷ്ടികളെ അലങ്കരിപ്പിക്കുകയും ഭൂലോകത്തെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്ത നിർമ്മാതാവും തന്റെ നിത്യജ്ഞാനത്താൽ സകലത്തേയും സൃഷ്ടിയ്ക്കുകയും തന്റെ ആദ്യന്തമില്ലാത്ത ജ്ഞാനത്താൽ ആകാശത്തെ വിരിക്കയും ചെയ്ത സ്രഷ്ടാവ് നീ ആകുന്നു. അബ്രഹാമിന്റെ പുത്രിയും വ്യഭിചാരിണിയും ആയി വിവാഹംപറഞ്ഞു നിശ്ചയിക്കപ്പെട്ട മണവാട്ടിയെ—അതായതു നിരസിക്കപ്പെട്ട സഭയെ—അലങ്കരിപ്പാനായിട്ട നിന്റെ പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടി മോശയ്ക്കു ന്യായപ്രമാണം കൊടുത്തിട്ടുള്ളവൻ നീ ആകുന്നു. നീ അവരംക്കു മോതിരം കൊടുക്കയും മേൽത്തരം ദൃഷ്ടാന്തങ്ങളാലും ഉപമകളാലും കൂടാരത്തിലെ വസ്ത്രങ്ങളാലും അതിനെ അലങ്കരിക്കുകയും ചെയ്തു. വാത്സല്യമുള്ള മകളെപ്പോലെ ന്യായപ്രമാണപള്ളിയറയിൽ അടങ്ങിയൊതുങ്ങി ഇരിക്കുന്നതിനായിട്ടു പാതിവ്രത്യമാകുന്ന മൂടുപടംകൊണ്ടു് അവളെ നീ മൂടി. ലോകത്തിൽ മഹത്വമുള്ള മുന്തിരിവള്ളിയെന്നു് അവരംക്കു പേരിടുകയും ദീർഘദർശന വചനങ്ങളാകുന്ന ജീവവചനങ്ങരംകൊണ്ടു് അതിനെ കൃഷിചെയ്കയും അതിനുചുററും വിശുദ്ധ കല്പനകളാകുന്ന

www.malankaralibrary.com

വേലി ഉത്സാഹപൂർവം കെട്ടുകയും ചെയ്തു. ശുദ്ധീകരണത്തിനായി ബലികളാകുന്ന ചക്ക് അതിൽ സ്ഥാപിക്കുകയും സൽഗുണസമൃദ്ധിയാൽ ദീർഘദർശിമാരാകുന്ന ശീതമുള്ള മേഘങ്ങളാൽ അതിനെ നനയ്ക്കുകയും ചെയ്തു. സന്തോഷവർഷങ്ങളാൽ അതിനെ ഐശ്വര്യപ്പെടുത്തുകയും അതിൽ നിന്റെ ഭരണം നിലനില്പാനും നിന്റെ കരുണമൂലം മനുഷ്യത്വം ബന്ധിക്കപ്പെടുവാനുമായി അതിന്റെ കൊമ്പുകളിൽനിന്നു ചില്ലിയുടെ സാദൃശ്യത്തിൽ രാജ്യത്തിന്റെ ചെങ്കോലിനെ നിനക്കായിട്ടു നീ വേർതിരിച്ചു. നിന്റെ ബഹുമാനത്തിന്റെ പ്രഭാവത്തിനു് ആയിത്തീരുവാനായിട്ടു തിരഞ്ഞെടുക്കപ്പെട്ട നടുതലയിൽനിന്നു ഒരു കൊമ്പിനെ നീ എടുത്തു. ആ അഹങ്കാരിണി നിന്റെ സാക്ഷികളുടേയും ന്യായപ്രമാണങ്ങളുടേയും വ്യവസ്ഥയെ നിരസിക്കുകയും നിന്റെ ദീർഘദർശിമാരെയും സ്ഥാനാപതികളേയും കൊല്ലുകയും വ്യർത്ഥ ആരാധനകളെ സ്നേഹിക്കയും ചെയ്തു. എന്നാൽ പരിശുദ്ധ മണവാളനായുള്ളോവേ അവളുടെ അമിതമായ അനുസരണക്കേടിനെക്കണ്ടിട്ടു നിന്റെ കരുണമൂലം അവളുടെ അടുക്കലേക്കു ഇറങ്ങിവരികയും പൂർവ്വികന്മാർ ഉപമകളാൽ നിന്നെ വരച്ചുകാണിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളേയും രഹസ്യങ്ങളേയും നീ പൂർണ്ണവും പരിപൂർണ്ണവും ആക്കിത്തീർക്കയും ചെയ്തു. രക്ഷാകരമായ കുരിശുമൂലമുള്ള മനസ്സോടെയുള്ള കഷ്ടാനുഭവത്തിനുമുമ്പു ഊർശ്ലേം പട്ടണത്തിലേക്കു നീ പ്രവേശിച്ചപ്പോൾ വഴിയരികെയുള്ള അത്തിവൃക്ഷത്തിന്റെ അടുക്കലേക്കു് അതായതു് അന്യായമായ മുന്തിരിയുള്ള കൂട്ടത്തിലേക്കു നീ എഴുന്നെള്ളിച്ചെന്നു പോഷണത്തിനായി അതിൽനിന്നു് എടുക്കപ്പെടുന്ന ഫലങ്ങളേപ്പോലെ വെടിപ്പോടെ ഇതിൽനിന്നു സമർപ്പിക്കപ്പെട്ട ആ ഫലങ്ങൾക്കു നീ ആഗ്രഹമുള്ളവനെന്നു് നീ കാണിച്ചു. രണ്ടും ഒരുപോലെ ഫലശൂന്യങ്ങളായി കണ്ടപ്പോൾ ഒന്നിനെ ഉണക്കിക്കളകയും മററതിനെ നിന്റെ പിതാവിന്റെ ഭവനത്തിൽനിന്നും തള്ളി പുറത്താക്കുകയും ചെയ്തു. ഇതു ഹേതുവായിട്ടു് അത്ഭുതകരമായ മനുഷ്യസ്നേഹത്തോടെ ഞങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നതു് എന്തെന്നാൽ ഉന്നതമായ നിന്റെ ദൈവത്വത്തെ നിരപ്പാക്കുന്നതായ അനുഗ്രഹഫലങ്ങളെ നിനക്കു സമർപ്പിക്കുന്നതിനു നിന്റെ മണവാട്ടിയാകുന്ന വിശുദ്ധ സഭയെ പരിപാകതയുള്ളതും വാഴ്ത്തപ്പെട്ടതും ആക്കിത്തീർക്കേണമെ. അതിന്റെ കൊമ്പിനെ ലോകത്തിന്റെ നാനാഭാഗങ്ങളിലും നീ ഉയർത്തേണമെ. അതിന്റെ സന്താനങ്ങളുടെ സംഘത്തെ എല്ലാ ശ്രേഷ്ഠദാനങ്ങളാലും നീ പ്രാബല്യപ്പെടുത്തേണമെ. അതു നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറുവാനായിട്ടു തന്നെ. ഹോശോ................

www.malankaralibrary.com

# രാത്രി

## ഒന്നാം കൌമ

## പ്രുമിയോൻ

തന്റെ സ്ക്കീപ്പായെ തന്റെ ഇടവകക്കു ശക്തിയുള്ള ആയുധമാക്കിത്തീർക്കയും തന്റെ അവകാശത്തിനു രക്ഷയുടെ പരിചയായി അതിനെ നൽകുകയും അതിനാൽ സഭയുടെ കൊമ്പിനെ ഉയർത്തുകയും അതിനാൽ തന്റെ ഇടവകയിലെ ആട്ടിൻകൂട്ടത്തെ സംരക്ഷിക്കയും തന്നെ ഉപേക്ഷിച്ച ജനത്തെ ലജ്ജിപ്പിക്കയും തന്നെ വിശ്വസിച്ച പുറജാതികളെ ആനന്ദിപ്പിക്കയും ചെയ്ത തനിക്കു അവർണ്ണനീയമായ സ്തുതികളും അന്തരമില്ലാത്ത പ്രഭകളും കരേററുവാൻ ഞങ്ങൾ യോഗ്യരാകേണമെ. തനിക്ക് ഈ നേരത്തിലും....

## സെദ്റൊ

പിതാവിന്റെ വചനമായ ഏകപുത്രനും തന്റെ പിതാവിന്റെ ഭേദമില്ലാത്ത രൂപവും മുദ്രയുമായ ഞങ്ങളുടെ മ്ശീഹാ തമ്പുരാനെ നിന്റെ കൃപയുടെ ബഹുത്വത്താൽ നശിച്ചുപോയ നിന്റെ സൃഷ്ടിയുടെമേൽ നിനക്കു ദയതോന്നി ഞങ്ങളുടെ രക്ഷക്കായി ഇറങ്ങിവരികയും നിന്റെ തിരുവിഷ്ടത്താൽ കന്യാവ്രതത്തിനടുത്ത ഗർഭപാത്രത്തിൽനിന്നു കഷ്ടതയുള്ള ഞങ്ങളുടെ ശരീരത്തോടു യോജിക്കുകയും നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളുടെ കഷ്ടതകളെ നീക്കിക്കളവാനായിട്ടു ഞങ്ങളുടെ കഷ്ടതകൾ നിമിത്തം നീ കഷ്ടമനുഭവിക്കയും എല്ലാവരേയുംപോലെ മരിക്കയും ജീവനുള്ളവർക്കും മരണമുള്ളവർക്കും രക്ഷയുണ്ടാക്കുവാനായിട്ട് നിന്റെ മരണത്താൽ എല്ലാവരേയും ജീവിപ്പിക്കയും മരണത്തെ ജീവനായിട്ടും കഷ്ടതകളെ കഷ്ടതയില്ലായ്മ ആയിട്ടും മാററുകയും ചെയ്ത നീ സ്വഭാവത്തിൽ ദൈവമാകകൊണ്ടു ബലഹീനതയുടെ മാംസത്തോടു യോജിച്ചു എങ്കിലും നീ കഷ്ടാനുഭവത്തിന് അടുത്തുവന്നു യഹൂദന്മാരിൽനിന്നുള്ള അപമാനത്തെ സ്വീകരിച്ചപ്പോൾ പ്രകൃതികൾ അവയുടെ സ്രഷ്ടാവേററ നിന്ദയെ കണ്ടു സഹിക്കവഹിയാതെ ഞെട്ടിവിറക്കയും പഞ്ചഭൂതങ്ങൾ പരിഭ്രമിക്കയും ചെയ്തു. ഇതു ഹേതുവായിട്ടു നീ സ്കീപ്പായിൽ തൂങ്ങിക്കിടക്കുന്നതു കണ്ടിട്ടു തങ്ങളുടെ നാഥനും രക്ഷിതാവുമായവനെ തിരിച്ചറിയുന്നതിനു മനസ്സില്ലാതെ നിന്നെ കുരിശിൽ തറച്ചവരുടെ പശ്ചാത്താപം ഇല്ലാത്ത കഠിനഹൃദയം ലജ്ജിച്ചു പോവാനായിട്ടു സൂര്യൻ തന്റെ കിരണങ്ങളെ മറച്ചുകളഞ്ഞു. പാറകൾ പൊളിയുകയും വാതിൽമറകൾ കീറുകയും ഭൂമി വിറയ്ക്കുകയും ചെയ്തു. യഹൂദാ കെട്ടി ഞാന്നു. മരിച്ചവർ പുനരുത്ഥാനത്തിന്റെ

www.malankaralibrary.com

സത്യത്തെ മുൻകൂട്ടി കാണിച്ചുകൊണ്ടു ജീവിച്ചെഴുന്നേൽക്കയും കരിശിക്കപ്പെട്ടവൻ സാക്ഷാൽ ദൈവമാകുന്നു എന്നു അട്ടഹസി ക്കയും ചെയ്തു. സത്യമായിട്ടു് ഇവൻ ദൈവപുത്രൻ ആകുന്നു എന്നു ശതാധിപൻ നിലവിളിക്കയും കള്ളൻ സ്തോത്രം ചൊല്ലു കയും ചെയ്തു. നിന്റെ ശരീരത്തിൽനിന്നു നിന്റെ ആത്മാവു വേർപെട്ടതിനാൽ ഞങ്ങൾക്കു വേണ്ടി മനസ്സോടെ മരിച്ചതായി നീ കാണിച്ചു. ദൈവത്വം ശരീരത്തിൽനിന്നും ആത്മാവിൽ നിന്നും അകന്നുപോകാതെ അവ രണ്ടിനേയും യോജിപ്പിച്ചു ഞങ്ങ ളുടെ മരണം ഞങ്ങൾക്കുവേണ്ടി നീ കയ്യേററു. നിന്റേതായിട്ടല്ല നിനക്കുവേണ്ടിയുമല്ല 'എന്റെ പിതാവെ എന്റെ ആത്മാവിനെ നിന്റെ കയ്യിൽ ഭരമേല്പിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു ഞങ്ങൾ എല്ലാവരുടേയും ആത്മാക്കളെ നിന്റെ പിതാവിനെ നീ ഭരമേ ല്പിച്ചു. പാതാളത്തിലേക്കു നീ ഇറങ്ങി, ബന്ധനസ്ഥന്മാരെ! പുറത്തുവരുവീൻ എന്നും അന്ധകാരത്തിൽ അടിമകളായി കിട ക്കുന്നവരെ! വെളിച്ചത്തേക്കു പോരുവീൻ എന്നും പറഞ്ഞു കൊണ്ട് അവിടെയുള്ള അടിമകളോടും ബന്ധനസ്ഥന്മാരോടും നീ സദ്വർത്തമാനം പ്രസംഗിച്ചു. ഞങ്ങളുടെ അടുക്കൽ പ്രവർ ത്തിക്കയും ഞങ്ങൾക്കുവേണ്ടി വഹിക്കുകയും ചെയ്തിട്ടുള്ള അത്ഭുതങ്ങളെ പരിശോധിച്ചുകൊണ്ടു സ്തുതിച്ചു പറയുന്നതെ ന്തെന്നാൽ—ഞങ്ങളെ പുതിയ സൃഷ്ടിയായി സൃഷ്ടിച്ചു നാശമില്ലായ്മയിലേക്കു് എഴുന്നേല്പിപ്പാനും പുനരുത്ഥാനത്തി ന്റേയും ഉയിർപ്പിന്റേയും ആശ ഞങ്ങളിൽ വിതപ്പാനുമായിട്ട് നീ സൃഷ്ടിയെ വിളിച്ചു നിറുത്തി കരിശിൽ തൂങ്ങുകയും ഞങ്ങളുടെ കഷ്ടതകളിൽ സംബന്ധിക്കയും മരണത്തിന്നധീന നാകുകയും ചെയ്തതുപോലെ ഇത്ര മഹത്തരവും വിസ്മയനീയ വുമായ ഒരു കാര്യമില്ല. ഇതു ഹേതുവായിട്ട് ഈ സുഗന്ധധൂപം മൂലം നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ ജഡത്തി ന്റെ എല്ലാ വികാരങ്ങളേയും മോഹങ്ങളേയും മരിപ്പിച്ചു നിന്റെ സ്കീപ്പായെ വഹിപ്പാനും നിന്റെ കഷ്ടാനുഭവങ്ങളിൽ സദൃശ പ്പെടുവാനും ഞങ്ങളെ എല്ലാവരേയും നീ യോഗ്യന്മാരാക്കേണമെ. ഞങ്ങളുടെ ക്രോധത്തേയും നാശകരമായ മോഹത്തേയും കല്ലറയിൽ ഇട്ടുമൂടി നിന്നോടുകൂടി ഞങ്ങൾ സംസ്കരിക്കപ്പെടുമാറാകേണമെ. ഞങ്ങൾ നിന്നിൽനിന്നു് അക്ഷയമായ ജീവനെ നേടുകയും കർത്താ വിനടുത്തതും ശാശ്വതവുമായ ഉയിർപ്പിന്റെ സന്തോഷത്തോടെ പ്രകാശത്തിന്റെ കൂടാരങ്ങളിൽ നിന്റേയും വാഴ്ത്തപ്പെട്ടവ നായ നിന്റെ പിതാവിന്റേയും ഉത്തമനും വന്ദ്യനും സാരാംശ ത്തിൽ നിനക്കു സമനായിരിക്കുന്നവനുമായ പരിശുദ്ധാത്മാവി ന്റെയും മഹത്വോന്നതത്തിൽ വസിക്കയും ചെയ്യുമാറാകേ ണമെ. ആമ്മീൻ.

www.malankaralibrary.com

# രാത്രി (ലിലിയോ)

## (രണ്ടാം കൗമാ)

## പ്രുമിയോൻ

തന്റെ ശ്രേഷ്ഠതയുടെ ബലത്തിൽ മഹത്വമുള്ളവനും തന്റെ താഴ്മയുടെ സമൃദ്ധിയിൽ വന്ദ്യനും തന്റെ മഹത്വത്തിൽ സകലത്തേക്കാളും ഉന്നതനും തന്റെ സ്നേഹത്താൽ എല്ലാവരേക്കാളും വിനയപ്പെട്ടവനും തന്റെ രക്ഷയിൽ പൂർണനും തന്റെ ഉന്നതിയിൽ ഏകനും തന്റെ വചനശക്തിയാൽ സകലത്തേയും വഹിച്ചിരിക്കുന്നവനും തന്റെ കരുണനിമിത്തം തിരുമനസ്സായതിനാൽ പിടിക്കപ്പെട്ടവനും, തന്റെ ഉദയത്താൽ സകലത്തേയും ആനന്ദിപ്പിക്കുകയും തന്റെ കഷ്ടാനുഭവത്താൽ സകലത്തേയും ശക്തിപ്പെടുത്തുകയും ചെയ്ത മഹത്വമുള്ളവനും, ആയ തനിക്കു സ്തുതി. തനിക്ക് ഈ നേരത്തിലും................

## സെദ്റൊ

തന്റെ തിരുമേനികൊണ്ടു സകല രഹസ്യങ്ങളേയും നിവർത്തിക്കയും ന്യായപ്രമാണഭാഷയിൽ പറയപ്പെട്ടവയെ സ്ഥിരപ്പെടുത്തുകയും പഴയതിരുവെഴുത്തിനെ മാററിവച്ചുകയും ചെയ്തവനും മദ്ധ്യത്തിലുള്ള വേലിയെ പൊളിക്കുകയും തന്റെ കല്പനയാൽ കല്പനകളുടെ ശത്രുതയെ മായിച്ചുകളകയും ചേലയിൽ നിന്നുള്ളവരേയും ന്യായപ്രമാണത്തിൽ ഉൾപ്പെടാത്തവരേയും പുതിയ മനുഷ്യനാക്കി പൂർണതയിലേക്കു വരുത്തുകയും ചെയ്ത വലിയ സമാധാനവും സപ്രേന്മാരാകുന്ന സമുദ്രം തനിക്ക് എതിരായി അടിച്ചുകയറുകയും പുരോഹിതന്മാരാകുന്ന പ്രളയം തനിക്കു വിരോധമായി ക്ഷോഭിക്കുകയും ചെയ്തപ്പോൾ ശാന്തമായി ഇരുന്ന ദീർഘക്ഷമയുള്ളവനും തന്റെ സ്കീപ്പായുടെ ചുവടുകൊണ്ടു ഹർമോനാ സർപ്പത്തെ ചതപ്പാൻ ഒരുങ്ങിയിരിക്കുമ്പോൾ അസൂയമൂലം പിടിപെടുവാനായിട്ട് ആന്തരികസർപ്പത്തിന്റെ വിഷം തന്റെമേൽ ഒഴുക്കിയ ഉറവയും തന്നെത്താൻ കൊടുക്കയും പിടിക്കപ്പെടുകയും തന്റെ ഉൺമയെ താഴ്ത്തി ഇറങ്ങിവന്നതിനാൽ പിടിക്ക

www.malankaralibrary.com

പ്പെടുകയും തനിക്കു തിരുമനസ്സായി ജഡം ധരിച്ചതിനാൽ ബന്ധി ക്കപ്പെടുകയും ഇറങ്ങിവന്നു ജഡമെടുത്തതിനാൽ അടിയേൽക്കുകയും ചെയ്ത ശക്തിമാനും ഉദരം തന്നെ പ്രസവിച്ചതിനാൽ ഗോഗുൽ ത്താ തന്നെ കൈക്കൊള്ളുകയും ഗർഭപാത്രം തനിക്കു മതിയായതു കൊണ്ടു കബർ തനിക്ക് ഒരുക്കപ്പെടുകയും ചെയ്ത വലിയവനും ഞങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളെ വെറുപ്പുകൂടാതെ കൈ ക്കൊള്ളുകയും കുരിശിൽമരണത്തെ ആവലാതികൂടാതെ സഹി ക്കയും ചെയ്ത കരുണയുള്ളവനും, തിരുമനസ്സായി ജഡമെടുത്ത തിനാൽ മരിക്കാൻ പ്രാപ്തനാകയും ഞങ്ങളെപ്പോലെ ആയിത്തീ ന്നതിനാൽ കബറടക്കപ്പെടുകയും ചെയ്ത ജീവനുള്ളവനും, തന്റെ തിരുമേനിയുടെ ജീവൻ തന്നിൽ സൂക്ഷിക്കപ്പെട്ടിരിക്കുമ്പോൾ തന്റെ കരുണമൂലം മരിച്ചവനേപ്പോലെ ആയിത്തീർന്നവനായി മരിച്ചവരെ ഉയിർപ്പിക്കുന്നവനും ദാരിദ്ര്യത്താൽ തന്റെ സമ്പ ത്തിനെ മൂടുകയും തന്റെ ദൈവത്വത്തെ തന്റെ മനുഷ്യത്വത്തിൽ മറച്ചുവയ്ക്കുകയും ചെയ്ത ഉപ്പും, അധികാരികൾ തന്നെക്കണ്ടിട്ടു തന്നെ അറിയാതിരിക്കയും തന്റെ താഴ്മകൊണ്ടു പിശാചുക്കളെ ലജ്ജിപ്പിക്കയും തന്റെ ബലഹീനതയാൽ പ്രഭുക്കന്മാരെ നാണി പ്പിക്കയും തന്റെ മൂഢതയാൽ ജ്ഞാനികളെ മായിച്ചുകളകയും തന്നെക്കുറിച്ചു താർക്കികന്മാരുടെ ഇടയിൽ തർക്കമുണ്ടാകയും ജ്ഞാനികൾ പിടിക്കപ്പെടുകയും ചെയ്ത അതിശയവും, തന്നെ ക്കുറിച്ചു വിദ്വാന്മാർ വ്യാഖ്യാനിപ്പാനായിട്ടു നോക്കി എങ്കിലും വ്യാഖ്യാനിക്കപ്പെടുവാൻ കഴിയാതിരിക്കയും തന്നെ പരിശോധി ച്ചറിവാൻ നോക്കുകയും അവർക്കു പരിശോധിച്ചറിവാൻ കഴിയാ തിരിക്കയും ചെയ്തവനും ആയ ഞങ്ങളുടെ മ്ശീഹാ തമ്പുരാനെ! നിർണയിക്കപ്പെടുവാൻ വഹിയാത്ത ദൈവമേ! ഞങ്ങൾ ഈ പരി മളധൂപം നിനക്ക്, അർപ്പിച്ചപേക്ഷിക്കുന്നതെന്തെന്നാൽ നിന്റെ ജീവിപ്പിക്കുന്ന രക്തത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിന്റെ വിശുദ്ധസഭയെ നിന്റെ സ്നേഹംമൂലം നീ ദർശിക്കേണമെ. വഴി തെററിപ്പോയ പുറജാതികളുടെ അഹങ്കാരത്തെ മായിച്ചു കളയേ ണമെ. വേദവിരോധികളുടെ ഉയർച്ചയെ വേഗത്തിൽ ഇടിച്ചു നിര ത്തേണമെ. നിന്റെ വിശുദ്ധരക്തത്താൽ നീ രക്ഷിച്ചിട്ടുള്ള നിന്റെ അവകാശത്തിനുവേണ്ടി നീ പ്രതികാരം ചെയ്യുന്നവനായിരിക്കേ ണമെ. എല്ലാ പള്ളികളിലും ദയറാകളിലും സത്യവിശ്വാസം നിലനിർത്തണമെ. ഞങ്ങളെ എല്ലാവരേയും നിന്റെ രാജ്യത്തി നു യോഗ്യന്മാരാക്കേണമെ. ഞങ്ങളെ നിന്റെ പ്രകാശത്തിന്റെ മക്കളാക്കിത്തീർക്കേണമെ. എന്തെന്നാൽ നീ കരുണയുള്ളവനും കൃപാസമൃദ്ധിയുള്ളവനും ആകുന്നുവല്ലോ. ഞങ്ങൾ നിനക്കും നീ മുഖാന്തരം നിന്നോടുകൂടെ നിന്റെ പിതാവിനും നിന്റെ വിശുദ്ധാ ത്മാവിനും സ്തുതിയും സ്തോത്രവും കരേററും.ഹോശോ..............

www.malankaralibrary.com

## എത്രോ

ദൈവമായിരിക്കുന്ന അവസ്ഥയിൽനിന്ന് അശേഷം ഭേദപ്പെടാതെ തന്നെത്താൻ ശൂന്യമാക്കി ദാസന്റെ സദൃശം എടുത്തു സാക്ഷാൽ മനുഷ്യനായിത്തീർന്ന ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടും ഞങ്ങളുടെ സ്തോത്രത്തിന്റെ പ്രധാന പുരോഹിതനും ആയ മ്ശീഹാ തമ്പുരാനെ, നിന്റെ തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചതായ ഈ സുഗന്ധധൂപത്താൽ ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടമനുഭവിപ്പാനും നിന്റെ താഴ്മയിൽ സദൃശപ്പെടുവാനും നിന്റെ എല്ലാ വിശുദ്ധന്മാരോടുംകൂടെ നിന്റെ സ്വർഗ്ഗരാജ്യത്തിൽ സന്തോഷിപ്പാനും, നിന്റെ അപരിമിതമായ കരുണയാൽ ഞങ്ങൾക്കു സംഗതിയാകേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമെ.

# രാത്രി

## മൂന്നാം കൗമാ

# പ്രുമിയോൻ

തന്റെ തിരുമേനിയാൽ ദീർഘദർശിമാരുടെ രഹസ്യങ്ങൾ നിവൃത്തിപ്പാനും തന്റെ സൃഷ്ടിയുടെ രക്ഷയ്ക്കുവേണ്ടി തന്റെ ശരീരത്തിന്റെ യാഗത്താൽ അവരുടെ വചനങ്ങളെ നിറവേറ്റാനുമായി പിതാവു കല്പിച്ചയച്ച മഹോന്നതമായ വചനവും അബ്രഹാം തന്റെ സദൃശങ്ങളെ രൂപവൽക്കരിക്കയും ഇസഹാക്ക് മരത്തിന്മേലുള്ള നിന്റെ ബലിയെ മുൻകൂട്ടി രേഖപ്പെടുത്തുകയും തന്റെ ദിവസത്തെ അവനു കാണിച്ചുകൊടുക്കുകയും തന്റെ രക്ഷയിൽ അവർ സന്തോഷിക്കയും ചെയ്ത ദൈവത്തിന്റെ ഏകജാതനും ആയ തനിക്ക് ഈ നേരത്തിലും............

## സെദ്റൊ

അദൃശ്യനായ പിതാവിന്റെ പുത്രനും സൃഷ്ടിയല്ലാത്തവനും സങ്കല്പിപ്പാൻ വഹിയാത്തവനും ആയ വചനമായ ദൈവമേ! കല്പന ലംഘനമാകുന്ന ചങ്ങലയാൽ ബന്ധിക്കപ്പെട്ടിരുന്ന ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ആകൃതിയാലും സ്വഭാവത്താലും ഞങ്ങളുടെ മാംസത്തോടു നിന്നെ നീ കൂട്ടിച്ചേർത്തു. നീ ദൈവമായിരിക്കുമ്പോൾ ദാവീദിന്റെ പുത്രിയാകുന്ന കന്യകയിൽനിന്നു ജഡപ്രകാരം ജനിക്കയും വ്യത്യാസംകൂടാതെ മനുഷ്യ

www.malankaralibrary.com

നായിത്തീരുകയും ചെയ്തു. മനുഷ്യപ്രകാരം ദാവീദിന്റെ പുത്രനെന്നും അബ്രഹാമിന്റെ പുത്രനെന്നും നീ വിളിക്കപ്പെട്ടു. നീ അബ്രഹാമിന്റെ ദൈവവും ദാവീദിന്റെ നാഥനും ആണെന്ന് യഹൂദന്മാരെ ധരിപ്പിപ്പാൻ നീ തിരുമനസ്സായപ്പോൾ നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാൺമാൻ ആഗ്രഹിക്കയും കണ്ടു സന്തോഷിക്കയും ചെയ്തു എന്നും അബ്രഹാം ഉണ്ടാകുന്നതിനു മുമ്പുതന്നെ ഞാൻ ഉണ്ടെന്നും എന്റെ വലത്തുഭാഗത്തു നീ ഇരിക്ക എന്നും കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു എന്നു ദാവീദ് പറഞ്ഞിരിക്കുന്നു എന്നും ഞാൻ അവന്റെ പുത്രനാണെങ്കിൽ അവൻ ആത്മാവിൽ കർത്താവ് എന്ന് എന്നെ വിളിക്കുന്നത് എങ്ങനെയെന്നും നീ അവരോടു അരുളിച്ചെയ്തു. നിന്റെ പിതാവിന്റെ ഇഷ്ടം നിറവേററുവാൻ ഇറങ്ങിവന്ന നിന്റെ രഹസ്യത്താൽ ഇസഹാക്കു ബലിയ്ക്കായിട്ടു അവന്റെ പിതാവിനാൽ കുഞ്ഞാടുപോലെ കൂട്ടിക്കൊണ്ടുപോകപ്പെട്ടു. ബലികഴിക്കപ്പെടുവാനായിട്ട് ഊർശ്ലേമിലേക്കു നീ പ്രവേശിച്ചപ്പോൾ കഴുതമേൽ കരേറിയപ്രകാരം ഇസഹാക്കു നിന്റെ സൂചനയാൽ കഴുതപ്പുറത്തു കരേറിപ്പോയി. നീ അതിന്മേൽ കുരിശിക്കപ്പെട്ട മരത്തെ നീ വഹിച്ചു, ഗോഗുൽത്തായിലേക്കു കരേറിപ്പോയതുപോലെ ഇസഹാക്കു നിന്റെ സൂചനയാൽ വിറകുകളെ വഹിച്ചു പർവതത്തിലേക്കു കരേറിപ്പോയി. കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീങ്ങിപ്പോകണമെന്നു നീ നിന്റെ പിതാവിനോടു അപേക്ഷിച്ചപ്രകാരം നിന്റെ സൂചനയാൽ ബലിക്കുള്ള ആട്ടിൻകുട്ടി എവിടെ? എന്ന് ഇസഹാക്ക് അവന്റെ പിതാവിനോടു ചോദിച്ചു. നിന്റെ പിതാവിനോടുകൂടെ ഭൂമിയുടെ അടിസ്ഥാനങ്ങളെ ഉറപ്പിച്ചപ്രകാരം നിന്റെ സൂചനയാൽ അവന്റെ പിതാവിനോടുകൂടി ബലിപീഠം പണിതുണ്ടാക്കി. മൗനമായി നീ മരത്തിന്മേൽ തറയ്ക്കപ്പെട്ടതുപോലെ ഇസഹാക്കു നിന്റെ രഹസ്യത്താൽ മൗനമായി ബന്ധിക്കപ്പെടുകയും വിറകിന്മേൽ വയ്ക്കപ്പെടുകയും ചെയ്തു. ലോകരക്ഷയ്ക്കായി നീ എഴുന്നെള്ളിവരികയും സർവലോകത്തിനുംവേണ്ടി അർപ്പിക്കപ്പെടുകയും ചെയ്തതിനാൽ എന്റെ കർത്താവെ! ദീർഘദർശിനിയിൽനിന്ന്, അതായതു കന്യകയിൽനിന്നു, ജനിച്ച കുഞ്ഞാടെന്നു വിളിക്കപ്പെട്ടപ്രകാരം തൽക്ഷണം വൃക്ഷത്തിൽനിന്നുള്ള കുഞ്ഞാട്, നിന്റെ സൂചനയാൽ കാണപ്പെടുകയും അവനു പകരം ബലികഴിക്കപ്പെട്ട് അവനെ രക്ഷിക്കയും ചെയ്തു. വഞ്ചനയുടെയും പാപത്തിന്റേയും ബന്ധനത്തിൽനിന്നു നിന്റെ കഷ്ടാനുഭവത്താലും മരണത്താലും ലോകംസ്വതന്ത്രപ്പെട്ടു. കർത്താവെ അബ്രഹാം നിന്റെ സൂചനയിലും ഇസഹാക്കിന്റെ രക്ഷയിലും സാറാ അവളുടെ പുത്രനെ കണ്ടതിനാലും ഏതുപ്രകാരം സന്തോഷിച്ചുവോ അപ്രകാരംതന്നെ നിന്റെ പിതാവു ലോകത്തെ രക്ഷിച്ചതിനാലും

www.malankaralibrary.com

നിന്റെ മാതാവു നിന്റെ ഉയിർപ്പിലും സന്തോഷിച്ചു. എന്റെ കർത്താവെ പാപബന്ധനങ്ങളിൽനിന്നു നീ ഞങ്ങളെ അഴിച്ചു സ്വാതന്ത്ര്യപ്പെടുത്തുകയും നിന്റെ ദിവ്യദർശനത്താൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും ഞങ്ങളെ അബ്രഹാമിന്റേയും ഇസഹാക്കിന്റേയും യാക്കോബിന്റേയും മടിയിലേക്കു ഉയർത്തിക്കരേററുകയും ചെയ്യേണമെ. ഞങ്ങളേയും ഞങ്ങളുടെ മരിച്ചവരേയും അവരോടു കൂടെ സന്തോഷിപ്പിക്കേണമെ! ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററും. ഹോശോ................

## എത്രോ

തന്റെ സൂചനയാൽ അബ്രഹാമിനെ സന്തോഷിപ്പിക്കയും ഇസഹാക്കിനെ കൊലയിൽനിന്നു രക്ഷിക്കയും ഗോഗുൽത്താമേലുള്ള തന്റെ ബലിയാൽ പാപമരണത്തിൽനിന്നും നാശത്തിൽനിന്നും വീണ്ടെടുക്കുകയും തന്റെ പിതാവിനെ പ്രസാദിപ്പിപ്പാൻ ഞങ്ങൾക്കുവേണ്ടി സുഗന്ധവാസനയായിത്തീരുകയും ചെയ്ത വചനമായ ദൈവമെ! നിന്റെ കൃപമൂലം ഇവിടെ ഈ ലോകത്തിൽ ദുഷ്ടനിൽനിന്നു രക്ഷിച്ചു സന്തോഷിപ്പിക്കയും വരുവാനിരിക്കുന്ന ലോകത്തിൽ പുനരുത്ഥാനനാളിൽ സന്തോഷമുഖത്തോടെ ഞങ്ങളെ കൈയ്ക്കൊള്ളുകയും ചെയ്യേണമെ. ഞങ്ങൾക്കുവേണ്ടി ജഡത്തിൽ കഷ്ടമനുഭവിച്ച മിശിഹാതമ്പുരാനെ! നിന്റെ വലത്തുഭാഗത്തുള്ള കുഞ്ഞാടുകളോടുകൂടി നിന്റെ മോക്ഷത്തിൽ ഞങ്ങളെ ആഹ്ളാദിപ്പിക്കേണമെ. ഞങ്ങൾ നിനക്കും............

## രാത്രി

### നാലാം കൗമാ

## പ്രുമിയോൻ

മുകളിൽ മേലുള്ള സൈന്യങ്ങളാൽ ആഘോഷിക്കപ്പെടുന്നവനും താഴെ കൃപാനിഷേധികളായ യഹൂദന്മാരാൽ നിന്ദിക്കപ്പെട്ടു് അപമാനിക്കപ്പെടുന്നവനും ആയി തന്റെ പൂർണതയിൽ ഉന്നതനും ഉൽകൃഷ്ടനും ദൃഢമുള്ള വണ്ടികൾകൊണ്ടു ക്രൂബേന്മാരാൽ വാഴ്ത്തപ്പെടുകയും ജനങ്ങളുടെ പുരോഹിതന്മാരാൽ അന്യായമായി കുററം ചുമത്തപ്പെടുകയും ചെയ്ത വാഴ്ത്തപ്പെട്ടവനും അനുഗൃഹീതനും ദുഷ്ടന്മാരായ സപ്രേന്മാരാലും പ്രീശേന്മാരാലും അഹങ്കാരത്തോടെ ദുഷിക്കപ്പെടുന്നവനും വിശുദ്ധ സ്രാപ്പികളാൽ ത്രിതമായി പരിശുദ്ധൻ എന്നു സ്തുതിക്കപ്പെടുന്നവനും ആയി

www.malankaralibrary.com

സകലത്തേയും ശുദ്ധീകരിക്കുന്ന പരിശുദ്ധനുമായ തനിക്കു സ്തുതി. തനിക്കു് ഈ നേരത്തിലും............

## സെദ്റൊ

എഴുന്നെള്ളിവന്നു ദീർഘദർശിമാർ തന്നെ രൂപീകരിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളെ തന്റെ തിരുമേനികൊണ്ടു് നിറവേററുകയും ബലിയായിത്തീർന്നു ജീവകരമായ തന്റെ രക്തപ്രവാഹത്താൽ ലോകത്തിനു പാപപരിഹാരം ഉണ്ടാക്കുകയും ചെയ്ത ഉത്തമനാഥനും ഞങ്ങൾക്കുവേണ്ടി തന്നെത്തന്നെ തന്റെ പിതാവിനു ബലി അർപ്പിക്കയും തന്റെ കരുണമൂലം ഞങ്ങൾക്കു രക്ഷ കണ്ടെത്തുകയും ചെയ്ത രക്ഷകനും ഇസഹാക്കിനുപകരം ബലി കഴിക്കപ്പെട്ടതായ വൃക്ഷത്തിൽനിന്നുള്ള കുഞ്ഞാടിനെക്കൊണ്ടു തന്റെ ജനനത്തേയും മരണത്തേയും മുൻകുറി കാണിക്കയും അവിടെ ചെയ്യപ്പെട്ടവയാൽ അബ്രഹാമിനു തന്റെ കഷ്ടാനുഭവദിവസത്തേയും തന്റെ ഉയിർപ്പിന്റെ മാഹാത്മ്യത്തേയും കാണിച്ചുകൊടുക്കയും ചെയ്ത ഉന്നതനും ദേഹം നിർമ്മിച്ചതിനാൽ പിടിക്കപ്പെടുകയും ശരീരിയായിത്തീർന്നതിനാൽ ദുഷ്ടൻമൂലം അപമാനിക്കപ്പെടുകയും ചെയ്ത നിർമ്മലനും താഴ്മപൂണ്ടതിനാൽ നിഴലുകൾ തന്നോടു യുദ്ധം ചെയ്കയും ഇറങ്ങിവന്നതിനാൽ ബന്ധനത്തിലാകയുംചെയ്ത പ്രകാശങ്ങളുടെ പ്രകാശവും ദുഷ്ടന്മാർ തന്റെ വസ്ത്രം അഴിച്ചിട്ടും നഗ്നനാകാതിരിക്കയും തന്റെ ജഡമുരിച്ചിലാൽ അന്യായത്തിന്റെ പ്രമാണിയെ ലജ്ജിപ്പിക്കയും താനോ, നിഗളിക്കാതിരിക്കയും ചെയ്ത നല്ലവനും, ദൈവമാകകൊണ്ടു തന്റെ ആംഗ്യത്താൽ സൃഷ്ടികളെ വഹിച്ചിരിക്കുമ്പോൾ തന്റെ കുരിശിനെ വഹിക്കയും താൻ വ്യവസ്ഥിതനാകയാൽ തന്റെ കഷ്ടതകൊണ്ടു് കഷ്ടതകളെ പീഡിപ്പിക്കയും ചെയ്ത ശക്തിമാനും ഞങ്ങളിൽ നിന്നുണ്ടായ മരണത്തിന്റെ കാസായെ കുടിക്കുകയും തന്റെ പിതാവിനോടു സമനാകയാൽ തന്റെ മരണംമൂലം മരണത്തെ കൊല്ലുകയും ചെയ്ത ജീവനുള്ളവനും മരിച്ചവനേപ്പോലെ പാതാളത്തിലേക്കു് ഇറങ്ങുകയും ജീവനുള്ളവനേപ്പോലെ അതിന്റെ കോട്ടകളെ ഇടിച്ചുനിരത്തുകയും ചെയ്ത ഉന്നതനും ആയിരിക്കുന്ന ദൈവമെ! നിർണയിക്കപ്പെടാവതല്ലാത്ത നിന്റെ സ്നേഹംമൂലം ഈ താഴാഴ്മയ്ക്കു നീ ഇറങ്ങിവന്നതിനാൽ ഈ പരിമളധൂപത്തെ ഞങ്ങൾ നിനക്കു സമർപ്പിക്കുന്നു. നിന്റെ സ്നേഹംമൂലം നീ പ്രസാദിച്ചു ഞങ്ങളുടെ അരിഷ്ടങ്ങളായ കൈകളിൽനിന്നു് ഇതിനെ നീ അംഗീകരിക്കേണമെ. ശ്രവണമാത്രത്തിൽ പാതാളം ഭ്രമിക്കയും അഗാധസ്ഥലങ്ങൾ പിളരുകയും ശത്രു ചവിട്ടേൽക്കയും ദുഷ്ടാത്മാക്കൾ തള്ളപ്പെടുകയും ചെയ്യുന്നതായ നിന്റെ വിശുദ്ധ വാതിൽമറയ്ക്കുള്ളിൽ എഴുതപ്പെട്ടിരിക്കുന്ന തിരുനാമ

www.malankaralibrary.com

ത്താൽ നിൻെറ കല്പനകളെ ആചരിപ്പാനും സത്യത്തിനെതിരായി നിൽക്കുന്ന സകല അഹങ്കാരവിചാരത്തേയും തള്ളിക്കളവാനും ഞങ്ങളെ നീ ശക്തന്മാരാക്കേണമെ. വിശ്വാസത്താൽ അനുസരണക്കേടിനെ പുറത്താക്കുവാനും കോപത്തെ മായിച്ചുകളവാനും അഹങ്കാരത്തെ അമർത്തുവാനും ദോഷജനകങ്ങളായ എല്ലാസ്വഭാവങ്ങളേയും നിർമ്മൂലമാക്കുവാനും നിശ്ചലമായ നിർമലബുദ്ധിയെ സമ്പാദിപ്പാനും പുണ്യപ്രവൃത്തികളോടുകൂടെ നിനക്കു പ്രസാദകരമായ ഭാഗ്യമുള്ള അവസാനത്തിന് അടുത്തു വരുവാനും ആയിട്ടു ഞങ്ങളെ നീ യോഗ്യന്മാരാക്കേണമെ. ഞങ്ങൾ നിനക്കും...:.

## പ്രഭാതം

### പ്രാരംഭ പ്രാർത്ഥന

ഞങ്ങളുടെ മിശിഹാതമ്പുരാനെ നിൻെറ കഷ്ടാനുഭവങ്ങളുടെ സഹായത്താൽ നിന്നെ വന്ദിക്കുന്നവരുടെ ഹൃദയങ്ങളിൽനിന്നും ബോധങ്ങളിൽനിന്നും പാപമയമായ അശുദ്ധവിചാരങ്ങളാകുന്ന അന്ധകാരമൂടിയെ നീക്കിക്കളയേണമെ. നിൻെറ കഷ്ടാനുഭവത്തിൽ ഞങ്ങൾ കഷ്ടം അനുഭവിച്ചുകൊണ്ടു നിൻെറ പുനരുത്ഥാന ദിവസത്തിൽ നിന്നോടുകൂടെ സന്തോഷിപ്പാനും നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറുവാനും ഞങ്ങളെ യോഗ്യന്മാരാക്കേണമെ. ഹോശോ....

## പ്രുമിയോൻ

ഞങ്ങൾക്കുവേണ്ടി ഇറങ്ങിവരികയും തൻെറ ശ്രേഷ്ഠതയിൽ വസിക്കയും ചെയ്തവനും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നിസ്സാരൻ ആക്കപ്പെടുകയും തൻെറ പരിപൂർണതയിൽനിന്നു വിട്ടുമാറാതെ ഇരിക്കയും ചെയ്ത പൂർണനും ദേഹം നിർമിക്കയും ശരീരിയായി കാണപ്പെട്ടപ്പോഴും തൻെറ ആത്മീയാവസ്ഥയിൽ സ്ഥിതിചെയ്കയും ചെയ്ത നിർമലനും മനുഷ്യനായിത്തീരുകയും മനുഷ്യനായി കാണപ്പെട്ടപ്പോൾ തൻെറ ദൈവത്വത്തിൽ തന്നെ താമസിക്കുകയും ചെയ്ത ദൈവവും ജഡപ്രകാരം കുരിശിക്കപ്പെടുകയും തൻെറ ഉണ്മയിൽനിന്നു മാറാതെ ഇരിക്കയും ചെയ്ത ജീവനുള്ളവനും ജഡപ്രകാരം മരിക്കയും തൻെറ മഹിമയിൽനിന്നു അകലാതെ ഇരിക്കയും ചെയ്ത മരണമില്ലാത്തവനും ആയ തനിക്കു ഈ നേരത്തിലും....

### സെദ്റൊ

ശ്രേഷ്ഠമായ തൻെറ ഉണ്മയിൽ കഷ്ടതകളിൽനിന്നു് അകന്നിരിക്കുന്നവനും രഹസ്യകാര്യങ്ങളെ അറിയുന്നവനും പരസ്യ

www.malankaralibrary.com

കാര്യങ്ങളുടെ ന്യായാധിപതിയും ഇതാ നാം ഊർശ്ലേമിലേക്ക കരേറിപ്പോകുന്നു എന്നും മനുഷ്യപുത്രൻ അധർമ്മികളുടെ കൈയിൽ ഏല്പിക്കപ്പെട്ടുമെന്നും അവർ അവനെ അടിച്ചു കുരിശിൽ തറയ്ക്കുമെന്നും മൂന്നാംദിവസം അവൻ ഉയിർത്തെഴുന്നേല്ക്കുമെന്നും പറഞ്ഞുകൊണ്ടു രക്ഷാകരവും ജീവനുണ്ടാക്കുന്നതുമായ തന്റെ കഷ്ടാനുഭവത്തിനു മുൻപു ജീവപ്രദമായ തന്റെ കഷ്ടാനുഭവത്തിന്റെ രഹസ്യത്തെക്കുറിച്ചു തന്റെ വിശുദ്ധ ശിഷ്യന്മാരോട് അറിയിച്ചവനും ആയ മ്ശിഹാതമ്പുരാനെ പാപത്തിന്റെ സകല കഷ്ടതകളിൽനിന്നും ഞങ്ങളെ രക്ഷിപ്പാനായിട്ടു ജഡത്തിൽ ഞങ്ങൾക്കുവേണ്ടി കഷ്ടതയനുഭവിച്ചവനായ നിന്നെ ഞങ്ങൾ ദൈവമെന്നും സ്വഭാവത്തിൽ കഷ്ടതയില്ലാത്തവൻ എന്നും അറിയുന്നു. ആത്മീയ ശബ്ദങ്ങളാൽ ഞങ്ങൾ നിന്നെ വന്ദിച്ചു സ്തോത്രം ചെയ്തു പറയുന്നതു് എന്തെന്നാൽ ആട്ടിൻകുട്ടിയെപ്പോലെ വെട്ടുവാൻ കൊണ്ടുപോകയും രോമം വെട്ടുന്നവന്റെ മുൻപാകെ തന്റെ ക്രൂശാരോഹണസമയത്തു പെണ്ണാടുപോലെ അനങ്ങാതെ നില്ക്കയും ചെയ്ത ദൈവത്തിന്റെ കുഞ്ഞാടു് ഇതാകുന്നു. കയ്യാപ്പായുടെ ആളുകൾ തന്നെ പരിഹസിക്കുകയും അടിക്കുകയും ചെയ്തു. ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു യഹൂദാ സ്കറിയോത്തായുടെ വഞ്ചനയെ വെളിപ്പെടുത്തിയ ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു. അധർമ്മികൾ വെറുതെ തന്നെ കുററം ചുമത്തി ശിക്ഷയ്ക്കു വിധിച്ച ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു. വലത്തുഭാഗത്തെ കള്ളൻ വിശ്വസിച്ച ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു. തന്റെ സത്യ ജീവന്റെ സങ്കേതസ്ഥലം നൽകിയ ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു. തന്റെ കഷ്ടാനുഭവ സമയത്തു ഭൂമികുലുങ്ങുകയും വിറയ്ക്കുകയും ചെയ്ത ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു. താൻ നഗ്നനായിക്കിടക്കുന്നതിനെ കണ്ടിട്ടു സൂര്യൻ ഇരുണ്ടുപോയ ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു, തന്റെ ക്രൂശാരോഹണ സമയത്തു പർവതങ്ങളും കുന്നുകളും പാറകളും പിളർന്നുപോയ ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു. അന്യായക്കാർ തന്റെ ഭക്ഷണത്തിൽ കൈയ്പുകൊടുക്കുകയും തന്റെ ദാഹത്തിനു കാടി കുടിപ്പിക്കയും ചെയ്ത ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു. അഹങ്കാരികൾ പരിഹസിച്ചിട്ടു തന്റെ തലയിൽ മുൾക്കിരീടംവച്ച ദൈവത്തിന്റെ കുഞ്ഞാടു് ഇവനാകുന്നു. സ്വപ്നംമൂലം താൻ ദൈവമാകുന്നു എന്നു പീലാത്തോസിന്റെ ഭാര്യയെ സ്ഥിരപ്പെടുത്തിയ ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. തന്റെ മരണസമയത്തു ഭൂമി കുലുങ്ങുകയും വിറയ്ക്കയും ചെയ്ത ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. കുററക്കാരനായ ആദാമിനുപകരം ആക്ഷേപവും നിന്ദയും സഹിച്ച ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. ഞങ്ങൾക്കു

www.malankaralibrary.com

വേണ്ടി അന്യായമുള്ള ജനത്തിൽനിന്നു് അപമാനവും പരിഹാസവും സഹിച്ച ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. പ്രധാനാചാര്യന്റെ ഭൃത്യൻ അഹങ്കാരമായി തന്റെ ചെകിട്ടത്തു് അടിച്ച ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. ലജ്ജയിൽനിന്നും തുപ്പലിൽനിന്നും തന്റെ മുഖം പിൻതിരിക്കാതെ ഇരുന്ന ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. വഞ്ചനയുള്ള ആചാര്യന്മാർ തന്റെ കാലുകളിലും കൈകളിലും ആണികൾ തറച്ച ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. മരത്തിന്മേൽവച്ചു് എന്റെ ദൈവമെ എന്റെ ദൈവമെ എന്നു നിലവിളിച്ച ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. തന്റെ ആത്മാവിനെ തന്റെ മഹത്വമുള്ള പിതാവിന്റെ കൈകളിൽ ഏല്പിച്ച ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. തന്റെ ശബ്ദത്താൽ ഉറങ്ങിയിരുന്നവർ ഉണർന്നു തന്നെ വന്ദിച്ച ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. പാതാളത്തിലേക്കു ഇറങ്ങി നീതിമാന്മാരെ അവരുടെ ഭവനങ്ങളിൽവച്ചു സന്ദർശിച്ചു് ആനന്ദിച്ചപ്പോൾ പിത്തളവാതിലുകളെ തകർത്ത ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടു് ഇവനാകുന്നു. ഇതു ഹേതുവായിട്ടു കാരുണ്യവാനായ! കർത്താവെ നിന്റെ നന്മയോടു ഞങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നത് എന്തെന്നാൽ ഞങ്ങൾക്കുവേണ്ടി സഹിച്ച രക്ഷാകരമായ നിന്റെ കഷ്ടാനുഭവത്താൽ നിന്നെ വിളിക്കുന്ന ഞങ്ങളുടെമേൽ നീ കരുണ ചെയ്യേണമെ. നീ ഞങ്ങൾക്കു സഹായിയും സങ്കേതസ്ഥലവും ആയിരിക്കേണമെ. നിന്റെ കഷ്ടാനുഭവങ്ങളെ വിശ്വസിച്ചു നിന്റെ സ്ളീബായെ ഏററുപറഞ്ഞിട്ടുള്ള ഞങ്ങളും ഞങ്ങളുടെ മരിച്ചവരും നിന്റെ വലത്തുഭാഗത്തുനിന്നു നിന്റെ കരുണയെ കാണ്മാനും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുവാനും ഞങ്ങളെ യോഗ്യരാക്കേണമെ. ഹോശോ....

## എത്രോ

കുരിശിന്മേലുള്ള ജീവനുണ്ടാക്കുന്ന തന്റെ ബലിയാൽ ലൗകികമായ ദുർഗന്ധം നീക്കി ഭൂലോകത്തിൽ കൃപയാകുന്ന പരിമളം വീശിയ വിലയേറിയ മൂറോൻതൈലവും മേൽത്തരമായ നറുദീനും ജ്ഞാനിയായ തോട്ടക്കാരനും ആയുള്ളോവെ നിന്റെ വാസസ്ഥലത്തേക്കു ഞങ്ങളുടെ അരിഷ്ടങ്ങളായ കൈകളാൽ സമർപ്പിക്കപ്പെടുന്ന ഈ ധൂപത്തിൽ നിനക്കു പ്രീതിയുണ്ടായി സന്തോഷപൂർവം അതിനെ കൈക്കൊള്ളേണമെ. അതിനാൽ ഭൂമിയെങ്ങുമുള്ള നിന്റെ പള്ളികളെ നീ പുണ്യപ്പെടുത്തേണമെ. തിരുനാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും അതിനാൽ പാപപരിഹാരം നൽകേണമെ. ഞങ്ങൾ നിനക്കും....

www.malankaralibrary.com

# മൂന്നാം മണി

## പ്രുമിയോൻ

തൻെറ നീതിയാൽ തന്നെ ക്രൂശിൽ തൂക്കിയവരെ ചിതറിക്കയും തൻെറ കൃപയാൽ തന്നെ വന്ദിക്കുന്നവരെ കൂട്ടിച്ചേർക്കുകയും ചെയ്ത, നീതിമാനും സത്യവാനും ബലഹീനതയാൽ ബലത്തേയും താഴ്മയാൽ നിഗളത്തേയും ദൂഷിക്കയും ഉപായത്താൽ ഭരണകർത്താക്കളുടെ നിഗളത്തെ അമർത്തുകയും ബലഹീനതയാൽ പ്രഭുക്കന്മാരുടെ സിംഹാസനങ്ങളെ മറിച്ചിടുകയും മൂഢതയാൽ വിദ്വാന്മാരുടെ തത്വജ്ഞാനത്തെ അജ്ഞാനമാക്കുകയും വന്ദ്യനീയമായ തൻെറ ക്രൂശിൻെറ വിനയത്തിൽനിന്നു വീശിയതായ വൻകാററിനാൽ തർസീസിലെ കപ്പലുകളെ ഉടക്കുകയും പരിശുദ്ധവും രക്ഷാകരവുമായ തൻെറ കഷ്ടാനുഭവത്തിൻെറ പുണ്യത്താൽ അക്രമികളുടെ കപ്പൽപാകളെ കീറിക്കളകയും ചെയ്ത നീതിമാനും ജ്ഞാനിയുമായ തനിക്കു............

## സെദ്റൊ

ശക്തിമാനും സർവ്വാധിപതിയും ജീവനുള്ളവനും ഭാഗ്യവാനുമായ പിതാവിൻെറ ജീവനുള്ള വചനവും സഹായങ്ങളുടെ ഉറവയും മനുഷ്യസ്വഭാവത്തിനു രക്ഷയെ നൽകുന്നവനും ഉന്നതമായ തൻെറ ദൈവത്വത്തിൻെറ അദൃശ്യാവസ്ഥയിൽ സൃഷ്ടികളുടെ സകല അറിവിൽനിന്നും വിവേകത്തിൽനിന്നും നിർണ്ണയത്തിൽനിന്നും ഉയർന്നിരിക്കുന്നവനും ആയ ദൈവമായ കർത്താവേ നിൻെറ സ്വരൂപം പാപവികാരങ്ങളാൽ കേടുപററി സ്വേച്ഛയാൽ പാപത്തിൻേറയും സാത്താൻേറയും കെണിയിൽ കുടുങ്ങിയിരിക്കുന്നതിനെ നീ കണ്ടപ്പോൾ അനാദ്യന്തവും നിത്യവുമായ നിൻെറ കരുണയാൽ നീ! നിർബന്ധിതനായി മാംസത്തോടും വിശേഷജ്ഞാനമുള്ള ആത്മാവോടും ബന്ധിക്കപ്പെടുകയും പരിശോധിക്കപ്പെടുവാൻ വഹിയാത്ത നിൻെറ അദൃശ്യാവസ്ഥയിൽ ദൈവമായി സ്ഥിതിചെയ്തുകൊണ്ടു് വ്യത്യാസമോ ഭേദമോ കൂടാതെ പൂർണ്ണ മനുഷ്യനായിത്തീരുകയും മനുഷ്യനു ദൈവത്വം നൽകുവാനും അവനെ പീഡിപ്പിച്ചിരുന്ന നികൃഷ്ട പീഡകളിൽനിന്നു അവനെ സ്വാതന്ത്ര്യപ്പെടുത്തുവാനുമായി മാനു

www.malankaralibrary.com

ഷികവും കുററമില്ലാത്തവയുമായ സകലത്തേയും മനസ്സോടെ നീ സഹിക്കയും ചെയ്തു. ഞങ്ങളെ പീഡിപ്പിച്ചിരുന്നവനെ പീഡിപ്പിപ്പാനും രക്ഷാകരമായ നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളുടെ ദുർവികാരങ്ങളെ സ്വാതന്ത്ര്യപ്പെടുത്തി ഞങ്ങളെ പീഡാരഹിതരാക്കുവാനുമായി കുരിശിലെ കഷ്ടാനുഭവത്തിനായി നിന്നെ നീ ഒരുക്കി സന്നദ്ധനാക്കി. ഇതു ഹേതുവായിട്ടു കർത്താവെ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ രക്ഷാകരമായ നിന്റെ കഷ്ടാനുഭവത്താൽതന്നെ ഞങ്ങളെ സ്വസ്ഥരാക്കി സുഖപ്പെടുത്തേണമെ. ഞങ്ങളെ പാപത്തിനു പരാജിതന്മാരാക്കിത്തീർക്കരുതെ. മത്സരക്കാരനായ ആകൽക്കുറുസായുടെ നിന്ദാകരവും നാശകരവുമായ എല്ലാ വികാരങ്ങളിൽനിന്നും ഞങ്ങളെ നീ സ്വാതന്ത്ര്യപ്പെടുത്തേണമെ. വന്ദനീയമായ നിന്റെ സ്ലീബായുടെ ശക്തിയാൽ അവന്റെ ക്രൂരമായ മേൽക്കോയ്മയെ ഞങ്ങളുടെ പാദങ്ങൾക്കു കീഴ് തകർക്കേണമെ. രക്ഷാകരമായ നിന്റെ കഷ്ടാനുഭവങ്ങളെ പ്രശംസിക്കുന്നതിനാൽ ഇഹജീവിതത്തിൽ ഞങ്ങളെ ശ്രേഷ്ഠപ്പെടുത്തുകയും അവിടെ നിന്റെ ദൈവികഭാഗ്യത്താൽ ഞങ്ങളെ മഹത്വപ്പെടുത്തുകയും ചെയ്യേണമെ. ഞങ്ങളുടെ രക്ഷയ്ക്കു എതിരായ എല്ലാ പ്രതികൂലത്തിൽനിന്നും നിലയിൽനിന്നും ഞങ്ങളെ നീ വീണ്ടുകൊള്ളേണമെ. വന്ദനീയമായ നിന്റെ കഷ്ടാനുഭവങ്ങൾ നിമിത്തം ഞങ്ങളുടെ ബോധനീയമായ ഊടുവഴികളെ തെററുകൂടാതെ ശരിപ്പെടുത്തേണമെ. ഞങ്ങളുടെ രക്ഷയ്ക്കായി ജഡികമായ കഷ്ടതകളിൽ ഉൾപ്പെട്ടു എങ്കിലും സാരാംശത്തിൽ കഷ്ടതയില്ലാത്ത ദൈവമാകുന്ന നിന്നാൽ ഞങ്ങൾ പ്രകാശിക്കുമാറാകേണമെ. നിന്റെ രക്ഷയെ നിത്യവും ഞങ്ങളിൽ പുതുക്കേണമെ. നിന്റെ പെസഹായുടേയും നിന്റെ ആരാധകന്മാർക്കു നിന്റെ മോക്ഷത്തിൽ പൂർണ്ണമായി നൽകുന്നതായ മഹത്വമുള്ള ഉയിർപ്പിന്റേയും സംബന്ധത്തിനു ഞങ്ങളെ ഒരുക്കേണമെ. നിന്റെ കരുണയാൽ നിന്റെ സഭയെ സംരക്ഷിക്കയും സകല വഴിതെററിൽനിന്നും അതിലെ ഭരണക്കാരെ നീ വീണ്ടുകൊള്ളുകയും ചെയ്യേണമെ. ഇവിടെ ഞങ്ങളുടെ രക്ഷയുടെ പെരുനാളിൽ നിനക്ക് സ്തുതികരേററുവാനും, അവിടെ സ്വർഗ്ഗീയ സംഘങ്ങളോടും വിശുദ്ധന്മാരുടെ ഗണങ്ങളോടും കൂടി നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളെ രക്ഷിച്ച കഷ്ടതയില്ലാത്ത ജീവനുള്ള പുത്രാ നിനക്കും ഞങ്ങളുടെ രക്ഷയിൽ തിരുമനസ്സായിരിക്കുന്ന നിന്റെ മഹത്വമുള്ള പിതാവിനും ഞങ്ങളുടെ ആത്മാക്കളെ പൂർണ്ണമാക്കുന്നവനും ശുദ്ധീകരിക്കുന്നവനുമായ നിന്റെ വിശുദ്ധാത്മാവിനും ഞങ്ങൾ കീർത്തനം പാടുവാനും, ഞങ്ങളെ യോഗ്യരാക്കേണമെ. ഹോശോ............

www.malankaralibrary.com

## എത്രോ

എന്റെ കർത്താവെ നിന്റെ കൃപയുടെ സുവിശേഷപ്രകാശത്താൽ ഞങ്ങളുടെ ബുദ്ധിയെ നീ പ്രകാശിപ്പിക്കേണമെ. നിന്റെ സ്ളീബായെക്കുറിച്ചുള്ള സ്നേഹത്താൽ ഞങ്ങളുടെ ആത്മാക്കളെ നീ സ്ഥിരപ്പെടുത്തേണമെ. നിന്റെ സ്നേഹമാകുന്ന ഭാഗ്യത്താൽ ഞങ്ങളുടെ വിചാരങ്ങളെ നീ കാത്തുകൊള്ളേണമെ. നിന്റെ സ്തുതികളെ വർണ്ണിപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ നീ ഉയർത്തേണമെ. നിന്നെ നിരപ്പാക്കുന്ന പുണ്യപ്രവൃത്തികളുടെ പരിമള വാസനയെ ഞങ്ങളിൽ വീശേണമെ. ഞങ്ങളുടെ ധൂപത്തെ നിന്റെയും നിന്റെ പിതാവിന്റേയും പരിശുദ്ധാത്മാവിന്റെയും നിരപ്പിനായി നീ കൈക്കൊള്ളേണമെ.

## മദ്ധ്യാഹ്നം

## പ്രുമിയോൻ

ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനു വേണ്ടി തന്റെ ദേഹത്തെ പരിശുദ്ധ ബലിയായി അർപ്പിക്കയും വിസ്മയനീയമായ തന്റെ താഴ്മയുടെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളെ രക്ഷിക്കയും കുരിശുമരംമൂലം, മരത്തെ സംബന്ധിച്ച ആജ്ഞ ലംഘിച്ചതിനാലുള്ള ആദ്യത്തെ ശിക്ഷയെ നീക്കിക്കളകയും മരണകരമായ കൈപ്പുരസത്തിന് പകരം ജീവകരമായ മധുരരസം ഞങ്ങൾക്ക് സമ്മാനമായി നൽകുകയും ചെയ്തവനായ ഉൽകൃഷ്ട പുരോഹിതനു സ്തുതി. തനിക്കു.........

## സെദ്റൊ

മരണമില്ലായ്മയെ നേടിയിരിക്കുന്നവനായി സർവ്വത്തിന്റേയും സ്രഷ്ടാവും നിർമ്മിതാവും ആയ ദൈവമെ നിന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കഷ്ടതകളെ മായിപ്പാനും നിന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മരിപ്പിപ്പാനുമായി ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ബഹുലമായ നിന്റെ സ്നേഹത്താലും നല്ല മനസ്സാലും കഷ്ടതയ്ക്കും മരണത്തിനും നീ എഴുന്നെള്ളി വരികയും യഹൂദജനത്തിൽനിന്ന് അപമാനവും അധിക്ഷേപവും പരിഹാസവും സഹിക്കയും ചെയ്തു. എല്ലാവർക്കും വിധികർത്താവായിരിക്കുമ്പോൾ ഒരു കുററക്കാരനെപ്പോലെ നാടുവാഴിയായ പീലാ

www.malankaralibrary.com

ത്തോസിന്റെ മുൻപാകെ നിൽക്കയും വിസ്തരിക്കപ്പെടുകയും ഒരു ദ്രോഹിയെപ്പോലെ കൊലയ്ക്കായി ഏല്പിക്കപ്പെടുകയും ചെയ്തു. ഉന്നതങ്ങളിൽ ക്രുബേന്മാരുടെ മുതുകിൽ ഇരുന്ന് വാഴ്ത്തപ്പെട്ട ഭോഠം രക്ഷാകരമായ സ്ളീബാമേൽ മനസ്സോടെ നീ തൂങ്ങി. മാലാഖമാർ അഗ്നിജ്വാല നിമിത്തം തങ്ങളുടെ മുഖം മറച്ചു നില്ക്കു ഭോഠം നഗ്നനായി നീ കുരിശിൽ തറയ്ക്കപ്പെടുകയും മദ്ധ്യാഹ്നത്തിൽ സൂര്യനെ അന്ധകാരപ്പെടുത്തുകയും നിന്റെ കൈകളുടെ നീട്ടലാൽ വായുമണ്ഡലത്തെ ശുദ്ധീകരിക്കയും നിന്നെയും നിന്റെ പിതാവിനേയും പരിശുദ്ധ റൂഹായേയും വന്ദിപ്പാനായി സർവത്തേയും നീ ആകർഷിക്കയും ചെയ്തു. അശുദ്ധ ബലികരംകൊണ്ടു നാറിയിരുന്ന വായുമണ്ഡലത്തെ നിന്റെ പരിമളവാസനയാൽ രമണീയമാക്കുകയും മരത്തിന്മേൽവച്ചുള്ള നിന്റെ വിളിയാൽ ദൈവാലയത്തിലെ തിരശ്ശീല കീറുകയും ഭൂമി വിറയ്ക്കുയും പാറകരം കീറുകയും കബറുകരം തുറക്കുകയും ചെയ്തു. സാത്താനെ നീ കൊല്ലുകയും ശവക്കല്ലറകളിൽ കിടന്നവരോടു ജീവനും നാശമില്ലായ്മയും പ്രസംഗിക്കുകയും അവർ അവരുടെ ശവക്കല്ലറകളിൽനിന്നു എഴുന്നേററു നിന്റെ ഉയിപ്പിന്റെ സ്ഥിരതയെ അറിയുകയുംചെയ്തു. ഇതു ഹേതുവായിട്ടു നിന്റെ കഷ്ടാനുഭവത്തെ ഓക്കുന്നനാളിൽ ബലഹീനവും പാപവുമുള്ള ഞങ്ങളുടെ വർഗ്ഗത്തിന്മേൽ നീ പൊഴിച്ചിട്ടുള്ള കൃപയോടും ആദിയും അന്തവുമില്ലാത്ത നിന്റെ അനുഗ്രഹങ്ങളോടും ഞങ്ങരം അപേക്ഷിക്കുന്നതെന്തെന്നാൽ—കഷ്ടതയില്ലാത്തവരും ഉപദ്രവം അനുഭവിക്കാത്തവരും ആയി ഞങ്ങളെ നീ ആക്കിത്തീർക്കേണമെ. അവമാനകരങ്ങളും നിന്ദാകരങ്ങളുമായ സകല വികാരങ്ങളിൽനിന്നും ഞങ്ങളെ നീ സ്വാതന്ത്ര്യപ്പെടുത്തേണമെ. ദുഷ്ടന്റെ ജ്വലിക്കുന്ന സകല അസ്ത്രങ്ങളോടും പാപക്കെണികളോടും എതിർത്തു നിൽക്കുന്നതിനു ഞങ്ങരംക്കു പ്രാപ്തിയുണ്ടാകുവാനും നീ മുഖാന്തരം വൈരിയുടെ എല്ലാ പ്രവൃത്തികളേയും ജയിപ്പാനും ആയിട്ടു നിന്റെ ദൈവികശക്തിയാകുന്ന ആയുധം ഞങ്ങളെ ധരിപ്പിക്കേണമെ. നിന്റെ സ്ളീബായുടെ ജീവനുള്ള അടയാളത്താൽ ഞങ്ങളെ കാത്തുരക്ഷിച്ചു അതിന്റെ ചിറകുകളുടെ കീഴിൽ ഞങ്ങളെ മറച്ചുകൊള്ളേണമെ. നിന്നെ ഉപേക്ഷിക്കയും നിന്റെ ഭരണത്തെ അധിക്ഷേപിക്കയും ചെയ്തിട്ടുള്ളവരോടുകൂടെ നിന്റെ അവസാന എഴുന്നെള്ളത്തുദിവസത്തിൽ ഞങ്ങരം ലജ്ജിക്കുമാറാകരുതെ. നിന്റെ കുററമില്ലാത്ത കഷ്ടാനുഭവങ്ങളെ പരിഹസിച്ചിട്ടുള്ളവരോടുകൂടെ ഞങ്ങരം അതിവേദനപ്പെട

www.malankaralibrary.com

രുതെ. അഹങ്കാരത്തോടെ നിന്നെ മരത്തിന്മേൽ ക്രൂശിൽ തറച്ചവരോടുകൂടെ അഗ്നിയാൽ ഞങ്ങരം മായിക്കപ്പെടുമാറാകരുതെ. നിൻെറ മുഖത്തു തുപ്പുകയും വടികൊണ്ടു നിന്നെ അടിക്കയും ചെയ്തിട്ടുള്ളവരോടുകൂടെ കൂരിരുട്ടിൽ ഞങ്ങരം തപ്പിനടക്കുമാറാകരുതെ. നീ ദൈവത്തിൻെറ പുത്രനാകുന്നു എങ്കിൽ കുരിശിൽനിന്നു ഇറങ്ങിവരിക, എന്നാൽ ഞങ്ങരം നിന്നെ വിശ്വസിക്കാം എന്നു ദുഷിച്ചുപറഞ്ഞിട്ടുള്ളവരോടുകൂടെ ഞങ്ങളുടെ ദേഹികരംക്കു ഞങ്ങരം അരിഷ്ടത കൊടുക്കുമാറാകരുതെ. തങ്ങളുടെ ചുണ്ടുകരം മലത്തിയും തല കുലുക്കിയുംകൊണ്ടു് ഹെ! അവനെ ഞങ്ങളുടെ കൺകരം കണ്ടു എന്നു പറഞ്ഞിട്ടുള്ളവരോടുകൂടെ കരച്ചിലിനും പല്ലുകടിക്കും ഞങ്ങരം ഏല്പിച്ചു കൊടുക്കപ്പെടരുതെ. എന്നാലോ കരുണയുള്ളവനെ! ഭയം നിറഞ്ഞിരിക്കുന്നതായ ആ നാഴികയിൽ ദയചെയ്തു ഞങ്ങളെ അനുഗ്രഹിക്കേണമെ. ഇപ്പോരം നിൻെറ സന്നിധിയിൽ സാഷ്ടാംഗം നമസ്ക്കരിക്കയും ജീവനുണ്ടാക്കുന്ന നിൻെറ കഷ്ടാനുഭവങ്ങളെ ബഹുമാനിക്കയും നിൻെറ സ്ളീബായിൽ പ്രശംസിക്കയും നിൻെറ മുറിവുകളെ ആലിംഗനം ചെയ്തു ചുംബിക്കയും നിൻെറ രക്ഷയിൽ അഭിമാനിക്കയും ചെയ്യുന്ന നിൻെറ ദാസരായ ഞങ്ങളെ എല്ലാവരേയും നീ വീണ്ടുകൊള്ളേണമെ. ഞങ്ങളുടെ സകല അധൎമ്മങ്ങളേയും നീ മായിച്ചുകളയേണമെ. നിൻെറ സ്ലീബായുടെ ജയമുള്ള തണലിൽ ഞങ്ങളെ നീ മറച്ചുകൊള്ളേണമെ. സ്വൎഗ്ഗീയ മണവാളനായ നിന്നോടുകൂടെ നിൻെറ നിത്യരാജ്യത്തിലേക്കു ഞങ്ങളെ നീ പ്രവേശിപ്പിക്കേണമെ. ഞങ്ങരം നിനക്കും നിൻെറ പിതാവിനും വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററും. ഹോശോ......

## ഒൻപതാം മണി

## പ്രുമിയോൻ

ഞങ്ങളെ കഷ്ടതയില്ലാത്തവരും മരണമില്ലാത്തവരും ആയി ആക്കിത്തീർപ്പാനായിട്ടു തൻെറ മനുഷ്യാവതാരംമൂലം മനസ്സോടെ കഷ്ടാനുഭവത്തിനു എഴുന്നള്ളിവരികയും തിരുമേനിയുടെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കററപത്രത്തെ കീറിക്കളയുകയും ഞങ്ങളുടെ മരണമുള്ള വർഗ്ഗത്തിനു കഷ്ടതയില്ലായ്മ നൽകുകയും വിശുദ്ധ കഷ്ടാനുഭവങ്ങളാൽ മേലുള്ളവരേയും താഴെയുള്ളവരെയും നിരപ്പാക്കുകയും ചെയ്തവനായ തൻെറ ഉണ്മയിൽ കഷ്ടതയില്ലാത്ത തനിക്കു സ്തുതി........

www.malankaralibrary.com

## സെദ്റൊ

വചനമായ ദൈവമേ, ഞങ്ങളുടെ പക്കലുള്ള തൻെറ കൃപ കാംക്ഷവേണ്ടി ന്യായമായിരിക്കുന്ന പ്രകാരം നിന്നെ സ്തോത്രം ചെയ്‌വാൻ കഴിയുന്നവൻ ആരാകുന്നു. ഞങ്ങളെ കഷ്ടതയില്ലാത്തവരാക്കുവാനായിട്ടു നീ കഷ്ടാനുഭവത്തിനും മരണത്തിനും മനസ്സോടെ വരികയും ഞങ്ങളെ ദൈവത്തിൻെറ മക്കളാക്കി തീർപ്പാനായിട്ടു നീ സത്യമായി മനുഷ്യനായിത്തീരുകയും ചെയ്തു. മത്സരക്കാരനായ ആകൽക്കറുസാ ഞങ്ങളുടെ വർഗ്ഗത്തെ കഠിനമായി ഉപദ്രവിച്ചതിനെക്കണ്ടിട്ടു കഷ്ടാനുഭവത്തിനും മരണത്തിനും നീ എഴുന്നെള്ളിവരികയും അതിനെ രക്ഷിക്കയും ചെയ്തു. എന്നാൽ നിൻെറ ഈ ഇറങ്ങിവരവിനെ ദീർഘദർശിമാരും പുണ്യവാന്മാരും അവരുടെ മനോനയനങ്ങൾകൊണ്ട് മുൻകൂട്ടിക്കണ്ട് അറിയിച്ചു. കുററക്കാരനായ ആദാമിൻെറ നിമിത്തമുള്ള നിൻെറ മരണത്തേയും ബലിയേയും അവർ സൂചിപ്പിച്ചിരുന്നു. ഒരാൾ ചിന്തപ്പെട്ടതായ അവൻെറ രക്തംമൂലം ലോകരക്ഷയ്ക്കുവേണ്ടി ചൊരിയപ്പെടുന്നതായ നിൻെറ രക്തത്തെ രേഖപ്പെടുത്തിയിരുന്നു. ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാടാകുന്ന നിൻെറ ബലിയെ ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ടു വേറൊരാൾ തൻെറ പുത്രനെ ബലിപീഠത്തിൽവെച്ചു ബന്ധിച്ചു. മറെറാരുത്തൻ മിസ്രയിമിലേക്കുള്ള അവൻെറ ഇറക്കംമൂലം നിൻെറ മാർഗത്തെ രൂപപ്പെടുത്തി. മറെറാരുത്തൻ കൊല്ലപ്പെട്ടിരുന്ന കുഞ്ഞാടിനാൽ നിന്നെ കൊലപ്പെടുത്തുന്നതിനെ രൂപീകരിച്ചു. വേറൊരുത്തൻ ലോകത്തിലുള്ള ബലികളാലും പാനീയ കാഴ്ചകളാലും നിൻെറ ബലിയെ കാണിച്ചു. വേറോരുവൻ മ്ശീഹാ എഴുന്നെള്ളിവന്നു ഊർശ്ലേമിൽവച്ചു വധിക്കപ്പെടുമെന്നും അതിനെ നശിപ്പിച്ചുകളയുമെന്നും ദീർഘദർശനം പറഞ്ഞു. ഒരുത്തൻ സന്ധ്യാസമയത്ത് അറക്കപ്പെട്ടിരുന്ന കുഞ്ഞാടിനാൽ കാലാവസാനത്തിലുള്ള നിൻെറ തിരുമേനിയുടെ അറപ്പിനെ മുൻകുറി കാണിച്ചിരുന്നു. വേറൊരുവൻ കുന്തം ഉയർത്തി നേടിയ വിജയത്താൽ നിൻെറ ബഹുമാനമുള്ള സ്ളീബായുടെ വിജയത്തെ അറിയിച്ചു. ഒരുവൻ ഞാൻ കഷ്ടത അനുഭവിപ്പാൻ ഒരുങ്ങിയിരിക്കുന്നു എന്നിങ്ങനെ ഞങ്ങൾക്കുവേണ്ടി ഉണ്ടായ നിൻെറ കഷ്ടാനുഭവത്തെക്കുറിച്ചു ദീർഘദർശനം പറഞ്ഞു. വേറൊരുവൻ സത്യമായിട്ടു അവൻ നമ്മുടെ കഷ്ടതകളെ സഹിക്കയും ഞങ്ങളുടെ നൊമ്പരങ്ങളെ കയ്യേൽക്കുകയും ചെയ്തുയെന്നു പറഞ്ഞു. ഒരുവൻ തൻെറ വസ്ത്രങ്ങൾ ചുവന്നിരിക്കുന്നതും നിൻെറ തിരുമേനിയുടെ രക്തം പുരണ്ടിരിക്കുന്നതും എന്ത് എന്ന് ചോദിച്ചു. മറെറാരുത്തൻ കള്ളന്മാരുടെ മദ്ധ്യത്തിൽ വച്ചുള്ളതായ ജീവൻ നൽകുന്ന നിൻെറ മരണത്തെക്കുറിച്ചു തൻെറ ദേഹിയെ മരണത്തിനു വിട്ടു

www.malankaralibrary.com

കൊടുക്കയും അധർമ്മികളോടുകൂടെ എണ്ണപ്പെടുകയും ചെയ്തു എന്നോർപ്പിച്ചു. ഒരുത്തൻ അധർമ്മികളിൽനിന്നു നിന്റെ മുഖം കൈക്കൊണ്ടു തുപ്പലിനെക്കുറിച്ചും ചമ്മട്ടികൾകൊണ്ടു നീ സഹിച്ച അടികളെക്കുറിച്ചും എന്റെ ദേഹത്തെ അടികൾക്കായിട്ടും എന്റെ മുഖത്തെ ചതയ്ക്കുന്നതിനും ഞാൻ കൊടുത്തുയെന്നും ലജ്ജയിൽ നിന്നും തുപ്പലിൽനിന്നും എന്റെ മുഖം ഞാൻ പിന്തിരിച്ചില്ലെന്നും പ്രസംഗിച്ചു. മററൊരുത്തൻ നിന്റെ നിയമത്തിന്റെ രക്തംമൂലം ബന്ധനത്തിൽപ്പെട്ടവരെ നീ അഴിച്ചുവിടുമെന്നും അറിയിച്ചു. എന്നാൽ ദീർഘദർശിമാരിൽ മഹത്വമുള്ളവനായ ഏശായ പുറ ജാതികളിൽനിന്നു നീ തിരഞ്ഞെടുത്തിട്ടുള്ള നിന്റെ ജനങ്ങളുടെ അടുക്കലേക്കു പ്രവഹിക്കുന്നതായ നിന്റെ കൃപയെക്കുറിച്ചു അവന്റെ ഉദാഹരണംമൂലം മുൻകൂട്ടി അറിയിച്ചു. നിന്നെ വിട്ടോടിപ്പോയ യൌനാനും ഇതിനെത്തന്നെ അറിയിച്ചു. ഏശായ നിന്റെ താഴ്മ യേയും മൌനത്തേയും മുൻകൂട്ടി കണ്ടുകൊണ്ട് അവൻ ആട്ടിൻകുട്ടി പോലെ വെട്ടുവാൻ കൊണ്ടുപോകപ്പെടുകയും രോമം വെട്ടുന്നവന്റെ മുൻപിൽ പെണ്ണാടുപോലെ അനങ്ങാതെ നിൽക്കുകയും ചെയ്തു വെന്നു പറഞ്ഞു. എന്റെ കൈകളും കാലുകളും അവർ കുത്തിത്തു ളച്ചു എന്ന് ദാവീദു പരസ്യമായി അട്ടഹസിച്ചു. ഇടയനെ അടി ക്കുമെന്നും അവന്റെ ആടുകൾ ചിതറിപ്പോകുമെന്നും സഖറിയ പറഞ്ഞു. എന്നാൽ കർത്താവെ ദീർഘദർശിമാരുടെ വചനങ്ങളെ നീ നിറവേററി ഏശായ മുൻകൂട്ടി ഉദാഹരണമായി പറഞ്ഞിട്ടുള്ള തോട്ടത്തിലേക്കു ഫലം അന്വേഷിപ്പാനായിട്ടു ഇന്നേദിവസം നീ എഴുന്നെള്ളിവന്നു. എന്നാൽ ദീർഘദർശിമാരെ കൊല്ലുകയും അപ മാനിക്കയും ചെയ്തിട്ടുള്ള വേലക്കാർ എഴുന്നേററു ദീർഘദർശിമാരുടെ നാഥനും എല്ലാപേർക്കും ദൈവവുമായ നിന്നെ മരണത്തിനും കുരി ശിനും ഏല്പിച്ചുകൊടുത്തു. ഇതു ഹേതുവായിട്ടു ദീർഘദർശിയുടെ വചനപ്രകാരം തോട്ടത്തെ നീ നശിപ്പിക്കയും അതിലുള്ള ഗോപുരം നിർമ്മൂലമാക്കയും വേലി പൊളിച്ചുകളകയും സീയോനുപകരം നല്ല ഫലങ്ങളെ കായിക്കുന്ന തോട്ടമായി വിശുദ്ധസഭയെ നീ സ്ഥാപിക്കയും ചെയ്തു. ആകയാൽ വിശുദ്ധസഭയുടെ മക്കളാകുന്ന ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ, ദുഷ്ടനിൽ നിന്നും അവന്റെ സകല കണികളിൽനിന്നും ആഗ്രഹങ്ങളിൽ നിന്നും കാത്തുകൊള്ളപ്പെടുമാറാകേണമെ. അതിന്റെ സന്താനങ്ങ ളാകുന്ന ഞങ്ങൾ നിന്റെ കഷ്ടതയിൽ കഷ്ടമനുഭവിപ്പാനും നിന്റെ മണവറയിൽ ഇമ്പപ്പെടുവാനും നിന്റെ ക്രൂശിൽ വിജയം ഘോഷി പ്പാനും നിന്റെ രാജ്യത്തിൽ സന്തോഷിപ്പാനും യഹൂദജനത്തിന്റെ ആക്ഷേപത്തിനുപകരമായി നിനക്കു പ്രസാദകരമായിരിക്കുന്ന സ്തുതിയെ സമർപ്പിപ്പാനും ഞങ്ങൾക്കു സംഗതിയാക്കേണമെ. നിന്റെ ആന്തരീയതോട്ടത്തിൽ വെടിപ്പോടും വിശുദ്ധിയോടും

www.malankaralibrary.com

വേല ചെയ്‌വാനായിട്ട ഞങ്ങൾക്ക നീ കൃപ നൽകേണമെ. നിന്റെ വിശുദ്ധതിരുനാമം ഞങ്ങളിൽ ശ്രേഷ്ഠതപ്പെടുവാനായിട്ട സ്ഥിരമായ നിരപ്പും സമൃദ്ധിയായ സമാധാനവും ഞങ്ങൾക്ക വർദ്ധിപ്പിച്ചുതരേണമെ. നിന്റെ ഉയിർപ്പിന്റെ ആനന്ദകരമായ പെരുനാളിന്ന വെടിപ്പോടെ വന്ന ചേരുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററും. ഹോശോ... .... .

## ഏത്രോ

ഞങ്ങൾക്കുവേണ്ടി ജഡപ്രകാരം പീഡ ഏൽക്കുകയും നിർദ്ദോഷമായ തന്റെ കഷ്ടതകളുടെ പരിമളത്താൽ പാപവികാരങ്ങളുടെ ദുർഗന്ധത്തെ മായിച്ചുകളകയും ചെയ്‌ത പീഡാരഹിതനായുള്ളോവെ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ രക്ഷാകരമായ കഷ്ടാനുഭവത്തെ ഓർക്കുന്ന ഈ സമയത്ത് ഞങ്ങൾ നിന്റെ സന്നിധിയിൽ സമർപ്പിച്ചിട്ടുള്ള ഈ സുഗന്ധധൂപത്താൽ ഞങ്ങളുടെ അവയവങ്ങളിൽനിന്ന നാശകരമായ എല്ലാ വികാരങ്ങളേയും ഉന്മൂലനം ചെയ്യേണമെ. നിന്നെ പ്രസാദിപ്പിക്കുന്ന ശ്രേഷ്ഠനടപ്പുകളുടെ പരിമളം നീ ഞങ്ങളുടെ ആത്മാക്കൾക്ക സമ്പാദിച്ചു തരേണമെ. ഞങ്ങളുടെ കർത്താവും ദൈവവും ആയുള്ളോവെ നീ പുണ്യത്തിന്റെ ധൂപകലശവും രക്ഷയുടെ ധൂപകലശവും ആരാധകന്മാരുടെ ആത്മാക്കളിൽ വീശുന്ന പരിമളവും ആകുന്നുവല്ലോ........

MALANKARA
LIBRARY
www.malankaralibrary.com

# ബുധൻ

## പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവെ ഈ ദിവസത്തിൽ പഞ്ചഭൂതങ്ങളും പ്രകൃതിയും ഞെട്ടിവിറച്ചതുപോലെ ഞങ്ങൾ നിന്റെ ന്യായവിധിയെ ഭയപ്പെട്ടു വിറയ്ക്കുമാറാകേണമെ. അന്ത്യദിവസത്തെക്കുറിച്ചുള്ള ഭയം ഞങ്ങളിൽ നീ വസിപ്പിക്കേണമെ. നിന്നെ ക്രൂശിൽ തറച്ചവരോടുകൂടെ ഞങ്ങളെ ഗണിക്കരുതെ. എന്നാലോ നിന്നിലും രക്ഷാകരമായ നിന്റെ കഷ്ടാനുഭവങ്ങളിലും ഏറ്റുപറഞ്ഞിട്ടുള്ള ഞങ്ങളിൽ നീ ഏറ്റുപറയേണമെ. ദുഷ്പ്രവൃത്തിക്കാർക്കായി സൂക്ഷിച്ചിരിക്കുന്ന കഠിനമായ വേദനകളിൽനിന്നു ഞങ്ങളെ നീ വീണ്ടെടുക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറും. ഹോശോ.......

## പ്രുമിയോൻ

ഭംഗിയും തേജസ്സും കൂടാതെ സൃഷ്ടിയിൽ പ്രത്യക്ഷപ്പെടുകയും ഭൂമിയിൽ നിന്ദ്യനും ഹീനനുമായി കാണപ്പെടുകയും ചെയ്തവനായി സ്തുതികളിൽ പ്രബലനും പുകഴ്ചകളിൽ മഹോന്നതനും ഞങ്ങളുടെ കഷ്ടതകളെ വഹിപ്പാനും ഞങ്ങളുടെ നൊമ്പരങ്ങളെ സഹിപ്പാനുമായിട്ടു തന്റെ സ്ഥലത്തുനിന്നു ഇറങ്ങിവന്നവനായി കഷ്ടതകളിൽനിന്ന് ഉയർന്നിരിക്കുന്നവനും വേദനകളിൽനിന്നു അകന്നിരിക്കുന്നവനും തന്നെ ക്രൂശിൽ തറച്ചവരെ തന്റെ നീതിയാൽ ചിതറിക്കയും തന്റെ കൃപയാൽ തന്റെ ആരാധകരെ കൂട്ടിച്ചേർക്കയും ചെയ്ത നീതിമാനും സത്യവാനുമായ തനിക്കു..........

## സെദ്റൊ

സർവ്വശക്തനും സർവ്വാധിപതിയും ജീവനുള്ളവനും ഭാഗ്യവാനുമായ പിതാവിന്റെ ജീവനുള്ള വചനവും സഹായങ്ങളുടെ ഉറവയും നാശമില്ലായ്മയെ പ്രദാനം ചെയ്യുന്നവനും സകല അറിവിനും വിജ്ഞാനത്തിനും മേലായിരിക്കുന്നവനും ഉന്നതമായ തന്റെ ദൈവത്വത്തിന്റെ അദൃശ്യാവസ്ഥയിൽ സൃഷ്ടികളുടെ അതിർത്തിയുമായിരിക്കുന്ന ദൈവമായ കർത്താവെ, പാപവികാര

www.malankaralibrary.com

ങ്ങളാൽ ഞെരുങ്ങി സ്വമനസ്സാൽ സാത്താന്റെ കെണികളിൽ കുടുങ്ങിയിരിക്കുന്ന നിന്റെ സ്വരൂപത്തെ നീ കണ്ടപ്പോൾ അനുകമ്പ തോന്നി ദേഹത്തോടും അന്തരികമായ ദേഹിയോടും കൂടെ നീ ചേരുകയും വ്യത്യാസംകൂടാതെ പൂർണ്ണമനുഷ്യനായിത്തീരുകയും നിന്റെ ദൈവത്വത്തിൽ സ്ഥിതിചെയ്കയും ചെയ്തു. ലോകത്തിൽ നീ സഞ്ചരിക്കയും, കാലയളവിൽ ഉൾപ്പെടാത്തവനും കാലങ്ങൾക്കു മേലായിരിക്കുന്നവനും അവർണ്ണനീയമായ അത്ഭുതവും അനിർവചനീയമായ അതിശയവും ആയിരിക്കുന്ന നീ കാലങ്ങൾക്കു കീഴ് നിന്നെ ക്രമീകരിക്കയും ചെയ്തു. അത്ഭുതങ്ങളും കഷ്ടതകളും താഴ്മയും ഉയർച്ചയും ബലഹീനതയും പരാക്രമവും ആയി ദൈവികവും മാനുഷികവുമായി നിന്നിൽ കണ്ടെത്തപ്പെട്ടിരുന്ന സംഗതികളാൽ അനേകരും വിസ്മയിപ്പാനും രാജാക്കന്മാർ തങ്ങളുടെ വായ്കളെ അടച്ചുകളവാനും തക്കവണ്ണം നീ ലോകത്തിൽ താമസിച്ചു. എന്തെന്നാൽ നിന്റെ നടപടികളിൽ നിന്നു അത്ഭുതകാര്യങ്ങൾ ഉദിച്ചു. നിന്റെ താഴ്മയിൽനിന്നു നിന്റെ പുകഴ്ചകൾ മുളച്ചു. ഇങ്ങനെ അധികാരികളിൽ നീ വിസ്മയത്തെ ഉളവാക്കി. അവർ നിന്നെ തിരിച്ചറിഞ്ഞില്ലാ. അവർ നിന്റെ കേൾവിയെ വിശ്വസിച്ചില്ല. ലോകത്തിലെ തത്വജ്ഞാനം തിങ്ങിഞെരുങ്ങി അഗ്നിയും വെള്ളവും പ്രകൃതിക്കു മീതെ കഷ്ടപ്പെടുന്നു. ചാഞ്ഞുപോയതായ സൃഷ്ടിയെ താങ്ങുവാനായിട്ടുവന്ന നീ ചതഞ്ഞ ഞാങ്ങണയെന്നു പറയപ്പെടുകയും ഇരുണ്ടലോകത്തെ പ്രകാശിപ്പാനായിട്ടു വന്നു നിന്നെ മങ്ങിക്കത്തുന്ന വിളക്കെന്നു വിളിക്കയും ചെയ്തു. ഞങ്ങളുടെ പൂർവ്വസൗന്ദര്യം വീണ്ടും തരുവാനായിട്ടു വന്ന നീ മനുഷ്യരിൽവച്ചു വിരൂപനെന്നു വിളിക്കപ്പെട്ടു. ഞങ്ങൾക്കു ബഹുമാനവും ഉന്നതിയും നൽകുന്നതിന് നീ നിന്ദ്യനെന്നും മനുഷ്യരിൽ അധമനെന്നും നാമം ധരിച്ചു. ഞങ്ങൾക്കു പൂർണ്ണമോചനം തരുന്നതിനുവേണ്ടി ഞങ്ങളുടെ പാപങ്ങളുമായി കൂട്ടിമുട്ടി. എന്തെന്നാൽ നിന്റെ മുറിവുകളാൽ ഞങ്ങൾ സൗഖ്യപ്പെടുവാനും നിന്റെ രോഗത്താൽ സ്വസ്ഥതപ്പെടുവാനും വേണ്ടി സത്യമായിട്ടു നീ ഞങ്ങളുടെ കഷ്ടതകളെ സഹിക്കയും ഞങ്ങളുടെ വേദനകളെ അനുഭവിക്കയും ചെയ്തു. കഷ്ടതകളിൽ നിന്ന് അകന്നിരിക്കുന്നവനെ! നൊമ്പരങ്ങളിൽനിന്നും വേദനകളിൽനിന്നും വേർപെട്ടിരിക്കുന്നവനെ! പാപം ചെയ്യാത്തവനും തന്റെ വായിൽ വഞ്ചന കണ്ടെത്തപ്പെടാത്തവനും ആയുള്ളോവേ നിനക്കു ഇഷ്ടംതോന്നി നിന്നെത്തന്നെ താഴ്ത്തി കഷ്ടത അനുഭവിക്കയും ഞങ്ങളുടെ സൃഷ്ടിത്തലവന്റെ പാപങ്ങളേയും വേദനകളേയും നിന്റെമേൽ കയ്യേൽക്കുകയുംചെയ്തു. ഇതു ഹേതുവായിട്ടു നിന്നെക്കുറിച്ചു അപഖ്യാതിയും പറഞ്ഞു നിന്റെ ചരിത്രത്തിൽ മുറിവുകളും കഷ്ടതകളും സംസാരിക്കപ്പെട്ടു. നിന്റെ ദൈവിക

www.malankaralibrary.com

മായ സകല വ്യവഹാരത്തിൻെറയും അന്ത്യത്തിൽ ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി കൊല്ലപ്പെട്ടുവാൻ നീ സന്നദ്ധനാകയും ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കുന്നതായ മരണത്തിന് ഒരുങ്ങുകയും ചെയ്തു. ഞങ്ങളുടെ അധമ്മം നിമിത്തം അവർണ്ണനീയമായ താഴ്മ നീ സമ്പാദിച്ചു. ഞങ്ങളുടെ കോപത്തിനുപകരം അറുതിയില്ലാത്ത ശാന്തത കാണിച്ചു. നീ വായ് തുറക്കാതെ അത്യധികമായ താഴ്മയാൽ ഞങ്ങൾക്കുവേണ്ടിയുള്ള വൻപിച്ച പോരാട്ടത്തിന് നിന്നെ നീ ഒരുക്കി. നീ അറുപ്പിന് കുഞ്ഞാടുപോലെ കൂട്ടിക്കൊണ്ടുപോകപ്പെട്ടുകയും രോമം കത്രിക്കുന്നവൻെറ മുൻപാകെ പെണ്ണാടുപോലെ മൗനമായിരിക്കയും ചെയ്തു. ദീർഘദർശനത്തിൽ നിന്നെക്കുറിച്ച് എഴുതപ്പെട്ടിരുന്നവയെ സഹിപ്പാനായിട്ടു കാരാഗൃഹത്തിൽനിന്നും ന്യായാസനത്തിൽനിന്നും നീ ഒളിച്ചോടിപ്പോയില്ല. നീ പിന്തിരികയാകട്ടെ വാദിച്ചുനിൽക്കയാകട്ടെ ചെയ്തില്ല എന്നാലോ, നിൻെറ ദേഹത്തെ അടികൾക്കായിട്ടു കൊടുക്കുകയും, നിൻെറ കവിൾത്തടങ്ങളെ ദണ്ഡനങ്ങൾക്കും നിൻെറ മുഖത്തെ തുപ്പലിനും വയ്ക്കുകയും ചെയ്തു. നിൻെറ മുഖത്തെ ലജ്ജയിൽനിന്നു പിന്തിരിക്കാതെ നിൻെറ തൃക്കൈകളും കാലുകളും ആണിതറപ്പാനായിട്ട് ഏല്പിച്ചുകൊടുത്തു. നിൻെറ വിലാവിനെ കുന്തത്തിനും നിൻെറ വസ്ത്രങ്ങളെ ചിട്ടിയിട്ടു വീതിക്കുന്നതിനും നിൻെറ വായ്, കാടിയും കയ്പും കുടിക്കുന്നതിനും ഏല്പിച്ചുകൊടുത്തു. ഇങ്ങനെ നിന്ദയുടെ കുരിശിന്മേൽ നീ തൂക്കപ്പെട്ടുകയും അധമ്മികളോടുകൂടെ എണ്ണപ്പെട്ടുകയും നിന്നെ കാണുന്ന എല്ലാവരാലും പരിഹസിക്കപ്പെട്ടുകയും നിൻെറ ചുററുമുള്ളവരാൽ നീ നിന്ദിക്കപ്പെട്ടുകയും ചെയ്തു. മരണത്തിനു നിന്നെ ഏല്പിച്ചുകൊടുക്കയും പ്രബലന്മാർക്കു കവർച്ചയെ വിഭജിച്ചുകൊടുക്കുകയും അനേകജാതികളെ തിരിച്ചുവരുത്തി നിൻെറ പിതാവിൻെറ ഇഷ്ടം നിന്നിൽ നിവൃത്തിയാക്കുകയും ചെയ്തു. നിൻെറ കഷ്ടാനുഭവനേരത്തു വ്യാകുലപ്പെടാതിരിപ്പാനും നിൻെറ കുരിശുമരണാവസരത്തിൽ വിരുദ്ധപ്പെടാതിരിപ്പാനും ആയിട്ടു നിൻെറ ശിഷ്യന്മാർക്കു നിൻെറ രഹസ്യത്തെ വെളിപ്പെടുത്തിക്കൊടുക്കയും നിനക്കു സംഭവിപ്പാനിരുന്നതിനെ നിൻെറ ശ്ലീഹന്മാരോടു അറിയിക്കയും ചെയ്തു. ഇതു ഹേതുവായിട്ട് ഈ സുഗന്ധധൂപം മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ തീക്ഷ്ണമായ സകല ദുഃഖത്തേയും ആത്മാവിനെ നശിപ്പിച്ചു നിന്നിൽനിന്നു അകററുന്ന അസഹനീയമായ സകല കഷ്ടതകളേയും ഞങ്ങളിൽനിന്നു അകററേണമെ. പിന്മാററാത്ത പരിപൂർണ്ണമായ പശ്ചാത്താപം ഉണ്ടാകുവാനും നിൻെറ സങ്കേതസ്ഥലത്തേക്ക് എപ്പോഴും അടുത്തുവരുവാനുമായി ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടിയുള്ള പ്രശസ്തമായ

www.malankaralibrary.com

കഷ്ടാനുഭവേദുഃഖവും ഞങ്ങളുടെ അകൃത്യങ്ങളെക്കുറിച്ചുള്ള വിസ്മയ നീയമായ വ്യസനവും ഞങ്ങൾക്ക നീ നൽകേണമെ. ഞങ്ങൾ വെടിപ്പോടും വിശുദ്ധിയോടും നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുമാറാകേണമെ. ഹോശോ.................

## എത്രോ

ഞങ്ങൾക്കുവേണ്ടി ഇറങ്ങിവന്ന് ഞങ്ങളെപ്പോലെ മനുഷ്യനായിത്തീരുകയും ഞങ്ങളെ രക്ഷിപ്പാൻവേണ്ടി പീഡകളെ സഹിക്കയുംചെയ്ത മഹോന്നതനായുള്ളോവെ, ഞങ്ങളുടെ പ്രാൎത്ഥനകളേയും അപേക്ഷകളേയും ചെവിക്കൊള്ളേണമെ. ഞങ്ങളുടെ ഈ നിസ്സാരധൂപത്തെ നീ കൈക്കൊള്ളേണമെ. അതിനാൽ നിൻെറ മാഹാത്മ്യപ്രകാശംകൊണ്ടു ഞങ്ങളുടെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കേണമെ! ജീവിപ്പിക്കുന്നവയായ നിൻെറ കല്പനകളെ ആചരിക്കുന്നതിനായി ഞങ്ങളെ എല്ലാവരേയും ശക്തിപ്പെടുത്തേണമെ. സൽപ്രവൃത്തികൾക്കായി ഞങ്ങളുടെ കൈകളെ നീ ആയുധം ധരിപ്പിക്കേണമെ. നിൻെറ വചനപ്രകാരം ഞങ്ങളുടെ ജീവിതക്രമത്തെ നീ നേരേയാക്കണമെ. നിന്നേക്കുറിച്ചുള്ള ഓൎമ്മയാൽ ഞങ്ങളുടെ വിചാരങ്ങളേയും നിൻെറ സ്തുതിയുടെ വചനങ്ങളാൽ ഞങ്ങളുടെ അധരങ്ങളേയും നാവുകളേയും നീ കാത്തു രക്ഷിച്ചുകൊള്ളേണമെ. ഞങ്ങളുടെ കൎത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവെ നിൻെറ സത്യത്താൽ ഞങ്ങളെ എല്ലാവരേയും നീ ശുദ്ധീകരിക്കേണമെ. ഹോശോ........

## സൂത്താറാ

## പ്രുമിയോൻ

പഴങ്ങൾ നൽകാതിരുന്ന അന്യായമുള്ള മുന്തിരിയെ സമൂലം പറിച്ചുകളഞ്ഞ നീതിമാനും കാട്ടുമുന്തിരിങ്ങാകളെ കായിച്ച നട്ടതലയെ ശപിച്ച് അതിൻെറ വേലി പൊളിച്ചു ഏവർക്കും ചവിട്ടുമാറാക്കിത്തീൎക്കയും മുൾചെടികൾ മുളപ്പിച്ചു അതിനെ പന്നികൾക്ക

www.malankaralibrary.com

മേയുവാൻ വിട്ടുകൊടുക്കുകയും അതിനുപകരം പുറജാതികളുടെ സഭയെ പുതിയ നട്ടതലയായി തിരഞ്ഞെടുക്കുകയും അതു തനിക്കു ശ്രേഷ്ഠഫലങ്ങളേയും സ്തുത്യർഹങ്ങളായ കാഴ്ചകളേയും സമർപ്പിക്കുവാനായി വളർന്നുവരുന്നതിനു തന്റെ സ്ളീബാകൊണ്ട് അതിലെ ഉഴവുചാലുകളെ നനയ്ക്കുകയും ചെയ്ത സത്യവാനും ആയ നിനക്കു സ്തുതി. തനിക്കു........

## സെദ്റൊ

മഹത്തായ ഏദനെ സ്ഥാപിച്ചവനെ നിനക്കു സ്തുതി. നിനക്കു കീർത്തനം. നിന്റെ വന്ദ്യസ്ളീബാകൊണ്ട് ജീവകരമായ ഫലങ്ങളെ നിനക്കായിട്ടു നീ കായിപ്പിക്കയും നിന്റെ വിശുദ്ധ സഭയാകുന്ന ആത്മീയ തോട്ടത്തെ നിനക്കായിട്ടു നട്ടുപിടിപ്പിക്കയും അതിൽ രക്ഷയുടെ മഹാഗോപുരത്തെ പണിയുകയും രഹസ്യമാകുന്ന ഉറവയെ പുറപ്പെടുവിക്കയും ചെയ്തു. അതിനെ സന്തോഷിപ്പിക്കുന്ന നീർചാലുകളെ ഉണ്ടാക്കുകയും അതിന്റെ ഫലങ്ങൾ വളർന്നു വരുവാനായിട്ടു അതിന്റെ ഉഴവുചാലുകളെ നനയ്ക്കുകയും അതിന്റെ മുള വളരുന്നതിനു ചാറൽമഴകളെ വർദ്ധിപ്പിക്കയും ചെയ്തു. അവിശ്വാസമാകുന്ന നിന്ദ്യങ്ങളായ കാട്ടുമുന്തിരിങ്ങാക്കൾക്കുപകരം വിശ്വാസമാകുന്ന നല്ല മുന്തിരിപ്പഴങ്ങളേയും ദൂഷണമാകുന്ന കടുംകൈപ്പിനുപകരം സ്തോത്രമാകുന്ന മധുരഫലങ്ങളേയും നീ അതിൽ മുളപ്പിച്ചു. കുരിശുമൂലമുള്ള അപമാനത്തിനും ആക്ഷേപത്തിനും പകരം സ്തുതിയാകുന്ന മഹിമയുടെ ഫലങ്ങളേയും കുരിശിനാലുള്ള യഥാർത്ഥ വിജയത്തേയും അതിൽ നീ ഉളവാക്കി. ഞങ്ങളെ രക്ഷിപ്പാൻവേണ്ടി ഈവിധം താല്പര്യം കാണിച്ച ഞങ്ങളുടെ ദൈവമായ കർത്താവെ ഈ പരിമളധൂപത്തോടുകൂടെ ഞങ്ങൾ നിന്നോടു അപേക്ഷിച്ച് നിന്റെ അനവധി അനുഗ്രഹങ്ങളോടു യാചിക്കുന്നതെന്തെന്നാൽ നിന്റെ രാജ്യത്തിലെ ഉത്സാഹമുള്ള വേലക്കാരും നിന്റെ സ്വത്തിനെ അന്വേഷിക്കുന്ന വ്യാപാരികളും നിന്റെ തോട്ടത്തിനുള്ളിൽ മഹത്വമുള്ള മുന്തിരിവള്ളികളും നിന്റെ വയലിൽ വാഴ്ത്തപ്പെട്ട വിത്തും നിന്റെ പത്തായങ്ങളിൽ നല്ല കോതമ്പും നിന്റെ വിശുദ്ധ പ്രാകാരത്തിൽ പ്രിയപ്പെട്ട നട്ടതലകളും നിന്റെ രാജ്യത്തിലെ മേച്ചിൽപുറങ്ങളിൽ തടിച്ച ആട്ടിൻകുട്ടികളും നിന്റെ മഹനീയ കിരീടങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട രത്നങ്ങളും നിന്റെ പറുദീസായിൽ ഉയർന്ന

www.malankaralibrary.com

ദക്കിലാകളും നിൻെറ ഉപദേശമാകുന്ന നീർച്ചാലുകൾക്കരികെ ഭംഗിയുള്ള കാരകിലുകളും നിൻെറ സഭാമലകളിൽ മഹിമയുള്ള വൃക്ഷങ്ങളും ആയി ഞങ്ങളെ നീ ആക്കിത്തീർക്കേണമെ. നിൻെറ ബഹുമാനത്തിൻെറ ഭവനത്തിൽ മാഹാത്മ്യമുള്ള സൈത്തുവൃക്ഷം പോലെയും നിൻെറ ശ്രേഷ്ഠതയുടെ തോട്ടത്തിൽ മഹിമയുള്ള മുന്തിരി വള്ളിപോലെയും ഞങ്ങളെ ആക്കിത്തീർക്കേണമെ. നിൻെറ തോട്ടത്തിൽ വേലചെയ്യുന്ന ഉത്സാഹികളായ കൃഷിക്കാരും നിൻെറ വാസത്തിനു നിർമ്മലഭവനങ്ങളും നിൻെറ മാഹാത്മ്യത്തിൻെറ ബഹുമാനത്തിനു വെടിപ്പുള്ള ആലയങ്ങളും നിൻെറ ഉണ്മയുടെ വാസത്തിനു നിർമ്മലമായ ബലിപീഠങ്ങളും നിൻെറ ശ്രേഷ്ഠതയുടെ വാസത്തിന് നിഷ്കളങ്കന്മാരായ സ്തുതിപാഠകന്മാരും നിൻെറ തിരുമേനിയുടെ രാജ്യത്തിനു സ്ഥിരമായ അതിഥികളും നിൻെറ പ്രാതൽ വിരുന്നിനു തക്ക വിരുന്നുകാരും നിൻെറ മണവറയിൽ വെടിപ്പുള്ള തോഴന്മാരുമായി ഞങ്ങളെ ആക്കിത്തീർക്കേണമെ. ഞങ്ങൾ അവിടെ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുമാറാകേണമെ. ഹോശോ......

## രാത്രി

### ഒന്നാം കൌമാ

## പ്രുമിയോൻ

രഹസ്യങ്ങളെ അറിയുന്നവനും വിചാരങ്ങളുടെ ന്യായാധിപതിയും ഹൃദയങ്ങളെ പരിശോധിക്കുന്നവനും രഹസ്യകാര്യങ്ങളെ വെളിപ്പെടുത്തുന്നവനും മനസ്സോടെയുള്ളതായ തൻെറ വിശുദ്ധകഷ്ടാനുഭവത്തിനു മുൻപു തിരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരുമായ തൻെറ ശിഷ്യന്മാർക്കു തൻെറ രഹസ്യത്തെ വെളിപ്പെടുത്തുകയും രക്ഷാകരമായ തൻെറ കുരിശാരോഹണത്തെക്കുറിച്ചും വഞ്ചകനായ ശിഷ്യൻെറ വഞ്ചനയേയും നുണയൻെറ വ്യാജത്തേയും കുറിച്ച് അറിയിക്കയും തൻെറ ജീവനുള്ളതായ മരണത്തിൻെറ കാലത്തെ അവരോട് അറിയിക്കയും മഹത്വമുള്ള പുനരുത്ഥാനത്തിൻെറ സമയവും തൻെറ അത്ഭുതകരമായ വെളിപാടിൻെറ ദിവസവും അതിശയനീയമായ തൻെറ ഉഷസ്സിൻെറ നാഴികയും അവരോടു മുൻകൂട്ടി അറിയിക്കയും ചെയ്തവനും ആയ തനിക്കു സ്തുതി. തനിക്കു.........

www.malankaralibrary.com

## സെദ്റൊ

കഷ്ടതയില്ലാത്തവനും മരണമില്ലാത്തവനും, കഷ്ടതയില്ലായ്മയും മരണമില്ലായ്മയും പ്രകൃത്യാ നേടിയിരിക്കുന്നവനും ആയ ഞങ്ങളുടെ മിശിഹാ തമ്പുരാനെ നിനക്കു സ്തുതി. നിനക്കു കീർത്തനം. നിന്റെ സ്നേഹംമൂലം നീ മനുഷ്യനായിത്തീരുകയും മനസ്സോടെയുള്ള കഷ്ടതകളെ നിന്റെമേൽ നീ കൈക്കൊള്ളുകയും ചെയ്തു. കുററമില്ലാത്ത നിന്റെ കഷ്ടാനുഭവങ്ങളാൽ മനുഷ്യവർഗ്ഗത്തിനു കഷ്ടതയില്ലായ്മയെ നീ ക്ഷണിച്ചു വരുത്തുകയും നിന്റെ തിരുമേനിയുടെ കഷ്ടാനുഭവങ്ങളാൽ പീഡകളെ പീഡിപ്പിക്കുകയും ചെയ്തു. മൂശ മുഖാന്തരം സൂചിപ്പിക്കപ്പെട്ടിരുന്നതായ കുഞ്ഞാടിന്റെ നിറവേറിയതായ രഹസ്യത്തിനടുത്ത അത്താഴത്തിൽവച്ച് ഇതാ, ഇപ്പോഠംതന്നെ എല്ലാ സൂചനകളും ഉപമകളും ദൃഷ്ടാന്തങ്ങളും നിറവേറിയിരിക്കുന്നുവെന്ന് നിന്റെ ശിഷ്യന്മാരുടെ സ്നേഹിക്കപ്പെട്ടതും ശ്രേഷ്ഠവുമായ കൂട്ടത്തോട് ഇവയെല്ലാം മുൻകൂട്ടി നീ അറിയിച്ചു. നിങ്ങളിൽ ഒരുവൻ എന്നെ മരണത്തിനു ഏല്പിച്ചുകൊടുക്കുമെന്ന് അവരോടു നീ അരുളിച്ചെയ്തു. വഞ്ചകനായ ശിഷ്യനും കള്ളശ്ലീഹായുമായവന്റെ വഞ്ചനയെ നീ വെളിപ്പെടുത്തി ന്യായാധിപതിമാരുടെ ന്യായാധിപതിയും സകലത്തേയും ഭരിക്കുന്ന രാജാധിരാജാവും കർത്താധികർത്താവും നീ ആയിരിക്കുമ്പോഠം ന്യായാധിപനായ പീലാത്തോസിന്റെ അടുക്കലേക്ക് വെട്ടുവാൻ ആട്ടിൻകുട്ടി എന്നപോലെ കൊണ്ടുപോകപ്പെടുകയും രോമം വെട്ടുന്നവന്റെ മുമ്പാകെ പെണ്ണാടുപോലെ അനങ്ങാതെ നിൽക്കയും ചെയ്തു. മനുഷ്യനെപ്പോലെ ന്യായസ്ഥലത്തു നീ നിൽക്കയും ഒരു സാധാരണനെന്നപോലെ ചോദ്യം ചെയ്യപ്പെടുകയും ചെയ്തു. ദാസന്മാരിൽനിന്നു നീ ചെകിട്ടത്തു അടികൊള്ളുകയും പാപത്തിന്റെ ദാസന്മാരെ സ്വതന്ത്രരാക്കുകയും കുരിശുമരത്തിൽ നീ തൂങ്ങുകയും മേലുള്ള ഉന്നതത്തിലേക്കു ഞങ്ങളെ നീ ഉയർത്തുകയും ജീവന്റെ കാസാ ഞങ്ങളെ കുടിപ്പിപ്പാനായിട്ടു കൈപ്പും കാടിയും നീ കുടിക്കുകയും ചെയ്തു. നിന്റെ കൈകഠം ആണികളാൽ തറയ്ക്കപ്പെടുകയും ഞങ്ങളുടെ കൈകഠം പരിശുദ്ധങ്ങളായിത്തീരുകയും ചെയ്തു. നിന്റെ വിലാവിൽ ചവളംകൊണ്ടു കുത്തേൽക്കുകയും ക്രൂബയുടെ കുന്തത്തിനു തുരുമ്പു പിടിപ്പിക്കയും ചെയ്തു. നീ കുരിശിൽ മരിക്കയും കഠിനമരണത്തെ മരിപ്പിക്കയും ചെയ്തു. ഇതു ഹേതുവായി സത്യമായും നീ

www.malankaralibrary.com

ഞങ്ങളുടെ രക്ഷയുടെ ദൈവമാണെന്നു ഞങ്ങൾ നിന്നെ അറിയുന്നു. ആകയാൽ ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നതെന്തെന്നാൽ, നിന്നോടുകൂടെ മഹത്വപ്പെടുവാനും ലോകത്തിനും അതിൻെറ സകല വികാരങ്ങൾക്കും മോഹങ്ങൾക്കും കുരിശിക്കപ്പെടുവാനും ലോകം ഞങ്ങൾക്കും ക്രൂശിക്കപ്പെടുവാനും പഴയ മനുഷ്യൻെറ സകല ഉല്ലാസത്തേയും ഞങ്ങളിൽനിന്നു മരിപ്പിപ്പാനും സത്യജീവനാകുന്ന നിന്നിൽ ജീവിപ്പാനും തക്കവണ്ണം വെടിപ്പോടും വിശുദ്ധിയോടും തകന്ന ഹൃദയത്തോടും വിനയമുള്ള ആത്മാവോടുംകൂടി നിൻെറ കഷ്ടാനുഭവങ്ങളിൽ കഷ്ടതയനുഭവിക്കാനും ഞങ്ങളെ നീ യോഗ്യരാക്കേണമെ. വീണ്ടും ഞങ്ങൾ നിന്നോടപേക്ഷിച്ചു പ്രാത്ഥിക്കുന്നു. ഞങ്ങളെ പാപത്തിനു അന്യന്മാരും രഹസ്യത്തിനടുത്ത വിരുന്നിനു ഓഹരിക്കാരും ആയി നീ ആക്കിത്തീക്കേണമെ. പഴയതിൽനിന്നു പുതിയവരായി ഞങ്ങളെ നീ ആക്കിത്തീക്കേണമെ. നിൻെറ തേജസ്സു ഞങ്ങളെ ധരിപ്പിക്കേണമെ. നിൻെറ ഉയിർപ്പിലേക്കു സന്തോഷപൂർവം നീ ഞങ്ങളെ ക്ഷണിക്കേണമെ. സ്വർഗ്ഗീയകൂടാരങ്ങളിൽ നിനക്കും ഞങ്ങളുടെ രക്ഷക്കായി നിന്നെ അയച്ചു പീഡാരഹിതനായ നിൻെറ പിതാവിനും ജീവനുണ്ടാക്കുന്നവനും സാരാംശത്തിൽ നിനക്കു സമനായിരിക്കുന്നവനുമായ നിൻെറ പരിശുദ്ധാത്മാവിനും ഞങ്ങൾ കീത്തനം പാടുമാറാകേണമെ. ഹോശോ..........

## എത്രോ

തൻെറ മനസ്സോടെ കഷ്ടതയേല്പാൻ എഴുന്നെള്ളിവരികയും കുരിശിന്മേൽ ഉയത്തപ്പെടുകയും തൻെറ സത്യവാഗ്ദാനത്തിനൊത്തവണ്ണം തൻെറ ആരാധനക്കായി സൃഷ്ടികളെ ആകർഷിക്കയും ചെയ്തവനായി വിശ്വാസികളുടെ രക്ഷിതാവും പരിപാലകനും ആയുള്ളോവെ രക്ഷാകരമായ നിൻെറ കഷ്ടാനുഭവത്തിൻെറ ഈ ദിവസം നിനക്കു അർപ്പിച്ചിട്ടുള്ള സുഗന്ധധൂപം കൈക്കൊള്ളേണമെ. വന്ദ്യവും മഹത്തരവുമായ നിൻെറ സ്ളീബായാൽ ഞങ്ങളുടെ സംഘത്തെ അനുഗ്രഹിച്ചു പാലിച്ചുകൊള്ളേണമെ. നിൻെറ സ്ളീബായുടെ ചിറകിൻകീഴിൽ ഞങ്ങളെ മറച്ചുകൊള്ളേണമെ. ഞങ്ങൾ നിന്നേയും നിൻെറ പിതാവിനേയും വിശുദ്ധാത്മാവിനേയും സ്തുതിപ്പാനായിട്ടുതന്നെ. ഹോശോ........

www.malankaralibrary.com

# രാത്രി

## രണ്ടാം കൗമാ

# പ്രുമിയോൻ

ദീർഘദർശിമാർ തന്റെ വരവിനെ മുൻകൂട്ടി സൂചിപ്പിക്കകയും പുണ്യവാന്മാർ തന്റെ രക്ഷയെ രേഖപ്പെടുത്തുകയും പരിശുദ്ധന്മാർ തന്റെ മഹിമയെ അറിയിക്കയും നീതിമാന്മാർ തന്റെ താഴ്മയെ മുൻകൂട്ടി ബോധ്യപ്പെടുത്തുകയും സത്യവാന്മാർ തന്റെ കഷ്ടാനുഭവത്തെക്കുറിച്ചു വിവരിക്കയും അറിയിപ്പുകാർ തന്റെ കുരിശാരോഹണത്തെക്കുറിച്ചു പ്രസംഗിക്കയും ചെയ്തവനായ രക്ഷിതാവിനു സ്തുതി. തനിക്ക............

## സെദ്റൊ

ഞങ്ങളുടെ മിശിഹാതമ്പുരാനെ! നിന്റേയും നിർണ്ണയിപ്പാൻ വഹിയാത്തവനായ നിന്റെ പിതാവിന്റേയും നിന്റെ പരിശുദ്ധാത്മാവിന്റേയും തിരുവിഷ്ടത്താൽ നിന്റെ ദൈവിക തിരുമേനിയാൽ ഞങ്ങൾക്കൊത്ത ശരീരത്തോടു നീ യോജിക്കയും നിന്റെ രക്ഷാകരമായ മരണത്താൽ മനുഷ്യരായ ഞങ്ങളുടെ അപരാധത്തിനു പൂർണ്ണരക്ഷ പ്രദാനംചെയ്കയും നിന്റെ സത്യദൈവത്വത്തിൽ വസിച്ചുകൊണ്ടു പാപമൊഴികെ ഞങ്ങളുടെ സാദൃശ്യത്തിൽ ഞങ്ങളോടുകൂടെ പെരുമാറുകയും ചെയ്ത സർവ്വശക്തനായ സ്രഷ്ടാവും നിർമ്മിതാവും എന്നപോലെ ഞങ്ങളുടെ സ്വഭാവത്തിനു സ്വാതന്ത്ര്യവും സത്യവും സുസ്ഥിരവും ആയ ഭവനാവകാശവും നീ നൽകി. നിന്റെ ദൈവിക മരണത്തിന്റെ പൂർണ്ണതയാൽ രക്ഷാകരമായ കഷ്ടാനുഭവത്തിങ്കലേക്ക് എഴുന്നെള്ളിവരികയും ഈ ലോകത്തിനപ്പുറത്തുള്ള പോരാട്ടം നിവർത്തിക്കയും നിന്റെ ശ്രേഷ്ഠതയാൽ യഥാർത്ഥമായ വിജയം ഞങ്ങളെ പഠിപ്പിക്കകയും ഞങ്ങളിൽ ആണ്ടുകിടന്നിരുന്നതായ മരണകരമായ കനിയെ ചതയ്ക്കയും ചെയ്തു. ഞങ്ങളുടെ അധർമ്മങ്ങൾ നിമിത്തം കുരിശിന്മേലുള്ള താഴ്മയും അവമാനവും, നിന്ദയും, കാടിയും മുൾക്കിരീടവും കൈക്കൊള്ളുകയും ചെയ്തു. ഇതുമാത്രമല്ല കള്ളൻമാരോടുകൂടി നീ എണ്ണപ്പെടുകയും പരിശുദ്ധ ദീർഘദർശിമാർ നിന്നെക്കുറിച്ചു പ്രസംഗിച്ചിട്ടുള്ള സകലത്തേയും നിന്റെ ദേഹിയിൽ നിവർത്തിക്കയും ചെയ്തു. ഒരാൾ ദുഃഖമെന്യേ നീ സഹിച്ച കഷ്ടാനുഭവങ്ങളാൽ വിസ്മയനീയങ്ങളായ നിന്റെ കഷ്ടാനുഭവത്തിന്റെ

www.malankaralibrary.com

ദൃഷ്ടാന്തത്തെ സൂചിപ്പിച്ചു. മററൊരാം തന്റെ വാത്സല്യ ഭാജനത്തിന്റെ ബലിപീഠത്തിന്മേൽ ഉള്ള ബന്ധനത്താൽ മരത്തിന്മേലുള്ള നിന്റെ താഴ്മയെ അറിയിച്ചു. ഒരാം അറക്കപ്പെട്ട കുഞ്ഞാടിനാൽ കാലാവസാനത്തിൽ നിന്റെ തിരുമേനിയുടെ അറപ്പിനെ രേഖപ്പെടുത്തി. വേറൊരാം കുന്തമേന്തി നേടിയ വിജയത്താൽ നിന്റെ സ്ളീബായുടെ വിജയത്തെ അറിയിച്ചു. ഒരാം ഞങ്ങാംക്കുവേണ്ടിയുണ്ടായ മനസ്സോടുള്ള നിന്റെ കഷ്ടാനുഭവത്തെക്കുറിച്ചു ഞാൻ പീഡയേൽപ്പാനായി ഒരുങ്ങിയിരിക്കുന്നുവെന്നു പ്രവചിച്ചു. വേറൊരാം സത്യമായിട്ടു നീ ഞങ്ങളുടെ പീഡകളെ സഹിക്കുമെന്നും ഞങ്ങളുടെ രോഗങ്ങളെ വഹിക്കുമെന്നും പറഞ്ഞു. ഒരുവൻ മ്ശീഹാരാജാവു കൊല്ലപ്പെടുമെന്നും തന്റെ കൊലയാൽ ഊർശ്ലേം നശിച്ചുപോകുമെന്നും ബാബേലിൽ വച്ച് ഉദ്ഘോഷിച്ചു. വേറൊരാം ഞങ്ങളുടെ പാപങ്ങാം നിമിത്തവും അധർമ്മങ്ങാം നിമിത്തവും നീ ബലിയായി സമർപ്പിക്കപ്പെടുമെന്നു ബോധ്യപ്പെടുത്തി. ഒരാം നിന്റെ വസ്ത്രങ്ങാം ചുവന്നിരിക്കുന്നതും നിന്റെ ദേഹം രക്തംപുരണ്ടിരിക്കുന്നതും എന്തുകൊണ്ടാണെന്നു ചോദിച്ചു. വേറൊരാം വെള്ളമില്ലാത്ത കുഴിയിൽനിന്നു ബന്ധിക്കപ്പെട്ടവരെ നിന്റെ നിയമത്തിന്റെ രക്തത്താൽ നീ അഴിച്ചുവിടുമെന്നു സുവിശേഷിച്ചു. ആകയാൽ കാരുണ്യവാനായ കർത്താവെ! നിന്റെ മനുഷ്യസ്നേഹത്തോടു ഞങ്ങാം അപേക്ഷിക്കുന്നതെന്തെന്നാൽ ഈ സുഗന്ധധൂപത്താലും രക്ഷാകരവും ചൈതന്യപ്രദവുമായ നിന്റെ കഷ്ടാനുഭവങ്ങളാലും സത്യവും വെടിപ്പും ദേഹാത്മശുദ്ധിയും അനുഗ്രഹങ്ങളും പുണ്യവും പാപമോചനവും നീ ഞങ്ങാംക്കു നൽകേണമെ. എന്തെന്നാൽ നീ ഞങ്ങളുടെ രക്ഷാകർത്താവാകുന്നു. ഞങ്ങാം നിനക്കും കൃതജ്ഞതയില്ലാത്തവനും ഭാഗ്യവാനുമായ നിന്റെ പിതാവിനും ജീവനുണ്ടാക്കുന്നവനും സാരാംശത്തിൽ സദൃശനുമായ നിന്റെ പരിശുദ്ധാത്മാവിനു സ്തുതിയും സ്തോത്രവും കരേററുന്നു. ഹോശോ............

## എത്രോ

തന്റെ തിരുമേനിയാൽ ഉത്തമ മാതൃകയെ ഞങ്ങാംക്കു നൽകുവാനായി താഴ്മപൂണ്ട ഉത്തമനായ ഞങ്ങളുടെ കർത്താവേ, നിന്റെ തിരുമുമ്പാകെ ഞങ്ങാം സമർപ്പിച്ചിരിക്കുന്ന ധൂപം കൈക്കൊള്ളേണമെ. ഞങ്ങളുടെ ആത്മാക്കളുടെ രഹസ്യ അവയവങ്ങളിൽനിന്നു പാപത്തിന്റെ അദൃശ്യമായ മാലിന്യത്തെ കഴുകികളവാനും വെടിപ്പുള്ളവരും കുററമില്ലാത്തവരും ആയിത്തീരുവാനും ഞങ്ങളെ നീ യോഗ്യരാക്കേണമെ. നിന്റെ മഹിമയുള്ള ഉയിർ

www.malankaralibrary.com

പ്പിൽ സന്തോഷിപ്പാനും നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും നിർമ്മലസ്തുതികൾ പാടുവാനും ഞങ്ങൾ അർഹരായി ത്തീരണമെ. ഹോശോ........

# രാത്രി

## മൂന്നാം കൗമാ

## പ്രുമിയോൻ

ഞങ്ങളുടെ വർഗത്തിന് ദൈവിക സഹായങ്ങളെ പ്രദാനം ചെയ്യുന്നവനും ഞങ്ങളുടെ കുടുംബത്തിനു സ്വർഗ്ഗീയവരങ്ങളെ നൽകുന്നവനും ഗോഗുൽത്താമേൽവച്ച് ചവളംകൊണ്ടു കുത്തിക്കുഴിച്ച പുതിയ കിണറിനെ ഞങ്ങൾക്കു നൽകുകയും തന്റെ കുരിശിനാൽ കർത്തൃവിലാവിൽനിന്നു രഹസ്യപൂർണ്ണമായ ഉറവയെ ഞങ്ങൾക്കു തുറന്നുതരികയും ചെയ്ത ഉത്തമനും നീതിമാനും ആയ തനിക്കു സ്തുതി. തനിക്കു........

## സെദ്റൊ

സകലത്തിന്റേയും സ്രഷ്ടാവും നിർമ്മിതാവും എല്ലാററിന്റെയും രക്ഷിതാവും വീണ്ടെടുപ്പുകാരനും ആയ ഞങ്ങളുടെ മ്ശീഹാതമ്പുരാനെ നിന്റെ മനുഷ്യസ്നേഹത്താലും കൃപയാലും ബഹുലമായ കരുണയാലും എത്രയും യോഗ്യമായ വിധത്തിൽ ഞങ്ങളെ നീ സൃഷ്ടിച്ചു, ഞങ്ങളുടെ കല്പനലംഘനത്താലും നിയമലംഘനങ്ങളാലും ഞങ്ങളുടെ സൃഷ്ടിയെ അഴിച്ചുകളയുന്നതിനും ഞങ്ങളുടെ വർഗ്ഗങ്ങളെ നശിപ്പിപ്പാനും ഞങ്ങൾ തുനിഞ്ഞതിനാൽ നിന്റെ അപരിമിതമായ കരുണയാൽ ഞങ്ങളുടെ പഴയ അവസ്ഥയ്ക്ക് എത്രയും ഉൽകൃഷ്ടമായ പുതുക്കം വരുത്തി അളവില്ലാത്ത നിന്റെ കരുണയാൽ ഞങ്ങൾക്കുവേണ്ടി ശ്രേഷ്ഠമായ ആലോചന ആലോചിച്ചു. അപ്പോൾ മുതൽ ലോകത്തിൽ നിന്റെ മനുഷ്യാവതാരത്താൽ ഒടുവിൽ വെളിപ്പെടുവാനിരിക്കുന്നതിനെ ഞങ്ങളോടറിയിപ്പാൻ വേണ്ടി ദർശനക്കാരുടെ ദർശനങ്ങളാലും സൂചനകളാലും നിന്റെ ദീർഘദർശിമാർ മുഖാന്തരം നീ ഞങ്ങളോടു സംസാരിച്ചു. പിതാക്കന്മാരുടെ തലവനായ യാക്കോബു ജീവിപ്പിക്കുന്നവയായ നിന്റെ രഹസ്യങ്ങളെ വഹിച്ചിരിക്കുന്നതായ അവന്റെ സത്യനടപടികളാൽ വീണ്ടും ഇവയെ ശരിയായി മുൻകൂട്ടി സൂചിപ്പിച്ചു. എന്തെന്നാൽ അവൻ

www.malankaralibrary.com

തന്റെ പിതാവിന്റെ ഭവനത്തിൽനിന്നു പുറപ്പെട്ട് ഒരു സ്ത്രീയെ സ്വീകരിപ്പാൻവേണ്ടി ഹാറാൻദേശത്തേക്കു പോകുവാൻ നിശ്ച യിച്ചതിനാൽ ഞങ്ങളുടെ അടുക്കലേക്കുള്ള അവർണ്ണനീയമായ നിന്റെ ആഗമനത്തേയും പുറജാതികളുടെ പുത്രിയും ശോഭയുള്ള വളുമായ മണവാട്ടിയുടെ വിവാഹനിശ്ചയത്തെയും രേഖപ്പെടുത്തി. രഹസ്യപൂർണ്ണമായ കിണറിന്റെ അടുക്കൽ അവൻ ചെന്ന് അവിടെ കിടന്നിരുന്ന ആട്ടിൻകൂട്ടത്തിനു വെള്ളംകൊടുപ്പാൻ വേണ്ടി കിണററിന്റെ മുകളിൽനിന്നു പൊക്കുവാൻ വഹിയാത്ത കല്ല് ഉരുട്ടി നീക്കിയതിനാൽ ന്യായപ്രമാണമാകുന്ന മൂടി എടുത്തു നിന്റെ ജീവന്റെ സുവിശേഷം വിശദീകരിക്കപ്പെടുവാ നിരുന്നതിനെ രൂപപ്പെടുത്തി. അതിനാൽ പുറജാതികളുടെ കഠിനഹൃദയത്തെ നീക്കി ആർദ്രഹൃദയം ദീർഘദർശിയുടെ വചനപ്രകാരം നീ നൽകി. ഈ കല്ലുകളിൽ നിന്നു് അബ്രഹാ മിനു മക്കളെ ഉണ്ടാക്കിക്കൊടുപ്പാൻ ദൈവത്തിനു് കഴിയുമെന്ന് പറഞ്ഞതിനാൽ നിന്റെ പക്കൽ ഇതിനെ ഉറപ്പിച്ചു. സ്വതന്ത്ര കളും വെപ്പാട്ടിമാരുമായ അവന്റെ നാല് സ്വന്ത ഭാര്യമാരെ കൊണ്ടും ഉൽകൃഷ്ടത നിമിത്തം ഒന്നാമത്തവരായ ശ്ളീഹന്മാ രിൽനിന്നും പ്രസംഗംമൂലം രണ്ടാമത്തവരായ അറിയിപ്പുകാ രിൽനിന്നും ഉള്ള സുവിശേഷ പരിചാരകന്മാരെ അവൻ സൂചി പ്പിച്ചു. എന്നാൽ പന്ത്രണ്ടു സഖിമാരെക്കൊണ്ടു പുതിയ ഇസ്രാ യേലിന് കുടിപ്പാനായി സത്യപാറയാകുന്ന നിന്നിൽനിന്ന് ഒഴുകുന്ന വിശുദ്ധ ശ്ളീഹന്മാരാകുന്ന പന്ത്രണ്ടു് ജ്ഞാനനദി കളെ അവൻ അറിയിച്ചു. വെള്ളത്തൊട്ടികൾക്കു നേരെ തൊലി ഉരിഞ്ഞ് നാട്ടിയ മരക്കൊമ്പുകൾ കണ്ടു് ഗർഭം ഏററ ആടുകളുടെ വിസ്മയനീയമായ ജനനത്താൽ രക്ഷാകരമായ സ്ലീബാമൂലം നിവർത്തിക്കപ്പെടുന്നതായി മാമോദീസായുടെ ആത്മികജനന ത്തിന്റെ അദൃശ്യാവസ്ഥയിൽ ഉൽകൃഷ്ടമായിരിക്കുന്ന ജനന ത്തെ അവൻ ഗ്രഹിപ്പിച്ച് അതിൽ കുരിശിൽ രക്തവും വെള്ളവും ജീവനും മരണവും ദൈവത്വവും മനുഷ്യത്വവും എന്നീ രണ്ടു് മനോഹരവർണ്ണങ്ങൾ കാണപ്പെട്ടിരുന്നു. ഇപ്രകാരം ജനിക്കുന്ന വർ ആത്മികജ്ഞാനം നേടി ജഢമയംവിട്ട് കൃപയാൽ ദൈ വികന്മാരായിത്തീരുവാൻ തക്കവണ്ണം അവ രണ്ടിലും നീ ഒരു പോലെ വർത്തിക്കുന്നു. കൗശലത്തെക്കുറിച്ചും മരക്കൊമ്പുകളെ ക്കുറിച്ചും ഒന്നും അറിഞ്ഞിട്ടില്ലാത്ത ആടുകളുടെ ഈയൊരവസ്ഥ യാൽ മരണത്തിൽ നിന്നൊഴിവാകാനായി നീ ചെയ്ത പ്രാർത്ഥ നയാൽ നീ നശിപ്പിച്ചവനായി ലോകാധിപതിയായ ആകൽ ക്കറുസായുടെ വഞ്ചനയെ അവൻ രൂപീകരിച്ചു. എന്നാൽ ഞങ്ങളുടെ രക്ഷിതാവായ നീ സ്വന്തഇഷ്ടത്താൽ ജഢമെടുത്തു് ഭൂമിയിൽ കാണപ്പെട്ടപ്പോൾ എല്ലാം അക്ഷരപ്രകാരം നിന്റെ സ്വന്തദേഹത്തിൽ നീ നിവർത്തിച്ചു. ആദാമ്യരെ ദൈവത്വ

www.malankaralibrary.com

ത്തിന്റെ ആശയിൽ വഞ്ചിച്ചതിനുപകരം സാത്താനെ നിന്റെ മനുഷ്യത്വത്തിൽ നീ വഞ്ചിച്ചു. ഭക്ഷണത്താൽ അവൻ അവരെ വഞ്ചിച്ചതുകൊണ്ട് നിന്റെ വിശപ്പാൽ നീ അവനെ കൊന്നുകളഞ്ഞു. തീർച്ചയായും നിങ്ങൾ മരിക്കയില്ല എന്നു കൗശലത്താൽ അവരെ ആശ നൽകി വിശ്വസിപ്പിച്ചതിനാൽ നിന്റെ മരണംമൂലം അവന്റെ ജ്ഞാനത്തെ പാടെ മറിച്ചിട്ട് അവൻ അവരെ അടിച്ച അടികൊണ്ടുതന്നെ നീ അവനെ അടിച്ചു. അവൻ അവരെ കൊന്ന കൊലകൊണ്ടു തന്നെ നീ അവനെ കൊന്നു. കഠിനമായി ഉപദ്രവിക്കപ്പെട്ടിരുന്നവരുടെ സൗഖ്യത്തിനായി പാളയത്തിൽ മരത്തിന്മേൽ മോശ തൂക്കിയതായ ഹെർമോനാസർപ്പം നിന്നെ രൂപീകരിച്ചു. ഉപദ്രവം ഏൽക്കുന്നവർക്കുവേണ്ടി തൂക്കപ്പെട്ടിരുന്ന സർപ്പം നീ ആകകൊണ്ട് നിന്റെ കുരിശിലേക്കും ഞങ്ങൾ താല്പര്യത്തോടെ സൂക്ഷിച്ചു നോക്കിക്കൊള്ളുന്നു. കുററികംപോലെ സ്ളീബാ അതിൽ നാട്ടിയതായി ജീവന്റെ കാസായും മാമോദീസായുടെ രഹസ്യപൂർണ്ണമായ ഉറവയും അവയാൽ ഞങ്ങൾക്കു ലഭിച്ചതായി കുരിശിൽവച്ചു നിന്റെ വിലാവിൽ നിന്നൊഴുകിയിട്ടുള്ള രക്തത്താലും വെള്ളത്താലും അവന്റെമേൽ മരണകരമായ വിഷം നീ പൊഴിച്ചു. അന്യായമായി അവൻ അപഹരിച്ചു കൊണ്ടുപോയി അഹങ്കാരത്തോട് തനതാക്കി വച്ചിരുന്ന അപഹരിക്കപ്പെട്ടിരുന്ന നിന്റെ ആട്ടിൻകൂട്ടത്തെ അവനിൽനിന്നും ബലാൽക്കാരേണ നീ വീണ്ടെടുത്ത് നിന്റെ അടിമയെ അവന്റെ പിടിയിൽനിന്ന് വേർപെടുത്തി അവന്റെ നുകത്തിൽനിന്ന് നീ അഴിച്ചുവിട്ടു. മാമോദീസായുടെ വെള്ളംമൂലം അതിനെ നീ വെണ്മയാക്കി നിർമ്മലീകരിച്ചു, പരിശോധിച്ച്, വെടിപ്പാക്കി, വിസ്മയകരമാംവണ്ണം രണ്ടാമത്തെ സൃഷ്ടിയായി നീ അതിനെ സൃഷ്ടിച്ചു. രണ്ടാമത്തെ ജനനത്താൽ അത് പൂർവാധികം പ്രശസ്തവും ഉൽകൃഷ്ടവുമായിത്തീർന്നു. പണ്ട് യോഗ്യതയുള്ളവളായി ഇരുന്നശേഷം പിന്നീട് വന്ന് കൂടിയ അവളുടെ കറുപ്പ് വെളുപ്പായി മാറി. മദ്ധ്യാഹ്നത്തിൽ അടിക്കുന്ന കാററിനുപകരം വിശുദ്ധാത്മാവിന് അത് വാസസ്ഥലമായിത്തീർന്നു. അതിനാൽ ഞങ്ങളുടെ മ്ശീഹാതമ്പുരാനെ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ സാത്താന്റെ കഠിനപരീക്ഷയിൽനിന്നും ശക്തിയേറിയ പോരാട്ടങ്ങളിൽനിന്നും ഞങ്ങളെ നീ വീണ്ടുകൊള്ളേണമെ. ഞങ്ങളുടെ ഇടത്തുഭാഗത്തു നിന്ന് ആന്തരീയരായ ആയിരം പേരെയും ഞങ്ങളുടെ വലത്തുഭാഗത്ത് നിന്നു പതിനായിരം പേരെയും നീ തള്ളിക്കളയണമെ. അവർ ഞങ്ങളുടെ അടുക്കലേക്ക് ഒരുനാളും അടുത്തു വരാതിരിക്കണമെ. എന്നാലോ ദുഷ്ടന്മാർക്കു പ്രതിപകരം ചെയ്യുന്നതു മാത്രം ഞങ്ങൾ കാണുമാറാകേണമെ. കർത്താവേ ഞങ്ങളുടെ ആയുഷ്കാലം മുഴുവനും നിന്റെ മുമ്പാകെ

www.malankaralibrary.com

നടക്കുന്നതിന് ഇതുപോലെയുള്ള ജനനത്തിന് അനുരൂപങ്ങളായ നടപടികളെ നിന്റെ കൃപയാൽ നീ ഞങ്ങൾക്ക നൽകേണമെ. നിന്റെ ഇഷ്ടം ചെയ്യുന്നവർക്ക വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ആനന്ദ സൗഭാഗ്യത്തിന് ഞങ്ങൾ യോഗ്യരായിത്തീരണമെ. അതു നിന്റെ കൃപയാലും വാഴ്ത്തപ്പെട്ട നിന്റെ പിതാവിന്റെ നല്ല തിരുവിഷ്ടത്താലും നിന്റെ വിശുദ്ധാത്മാവിന്റെ വ്യാപാരത്താലും ആകുമാറാകേണമെ. ഹോശോ............

## എത്രോ

ദൈവമായ കർത്താവെ ജീവൻ നിറഞ്ഞിരിക്കുന്നതായ നിന്റെ ഉയിർപ്പിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവരും ഒരുങ്ങിയിരിക്കുന്നവരും ആയിത്തീരുവാനായിട്ടു ഞങ്ങളെ നീ ഒരുക്കേണമെ. ഇവിടെ നിന്റെ കഷ്ടതകളിൽ പങ്കുകൊള്ളുകയും നിന്റെ കുരിശാരോഹണത്തെ പെരുനാളായി കൊണ്ടാടുകയും നിന്റെ ചതവുകളിൽ അഭിമാനിക്കയും നിന്റെ അടികളിൽ പ്രശംസിക്കയും ചെയ്യുന്ന ഞങ്ങൾ അവിടെ നിന്നിൽ സന്തോഷിച്ചാനന്ദിപ്പാനും നിന്നെയും നിന്റെ പിതാവിനേയും പരിശുദ്ധാത്മാവിനേയും സ്തുതിപ്പാനും ഞങ്ങളെ അർഹരാക്കണമെ.

# രാത്രി

## നാലാം കൌമാ

## പ്രുമിയോൻ

തന്റെ മനസ്സോടെ അടികൊള്ളുകയും തന്റെ ഇടവകയിലെ ആടുകൾ ചിതറിപ്പോകയും ചെയ്ത നല്ല ഇടയനും ആകൽക്കറുസായുടെ ആധിപത്യത്തിൽനിന്നു ഞങ്ങളെ അഴിച്ചുവിടുവാനായിട്ടു തനിക്കു ഇഷ്ടമായതിനാൽ പിടിക്കപ്പെട്ടവനായി സകലത്തേയും വഹിച്ചിരിക്കുന്നവനും പാപശുദ്ധിയിൽനിന്നു വിശുദ്ധിയിലേക്കു ഞങ്ങളെ കൊണ്ടുവരുവാൻവേണ്ടി അശുദ്ധന്മാരിൽ നിന്നു നിന്ദ ഏററ പരിശുദ്ധനും ആയ തനിക്കു സ്തുതി. തനിക്കു....

## സെദ്റൊ

വചനമായ ദൈവമെ! നിന്റെ രക്ഷാകരമായ ഭരണത്തെ വർണിപ്പാൻ കഴിയുന്നവൻ ആരാകുന്നു. നിന്റെ മനുഷ്യസ്നേഹത്തിന്റെ ആഴത്തെ പറഞ്ഞു മനസ്സിലാക്കുവാൻ ആരു മതിയാകും.

www.malankaralibrary.com

ഭയങ്കരന്മാരായ ക്രൂബേന്മാരുപോലും നിന്റെ സങ്കേതത്തിലേക്കു സൂക്ഷിച്ചുനോക്കുവാൻ ചുളുങ്ങുന്നു. സ്രോപ്പേന്മാർ അവരുടെ ചിറകുകൾകൊണ്ടു തങ്ങളുടെ മുഖങ്ങളേയും കാലുകളേയുംമൂടി നിന്റെ തിരുമേനിക്കു കാദീശ് പാടുന്നു. നിന്ദ്യങ്ങളും മനസ്സോടെ ഉള്ളവയും കുററരഹിതങ്ങളും രക്ഷാകരവുമായ കഷ്ടതകളും അപമാനവും അപഹാസവും അധിക്ഷേപവും ക്രൂരന്മാരും അഹങ്കാരികളുമായ യഹൂദജനത്തിൽനിന്നു നീ സഹിച്ചു. എന്തെന്നാൽ നീ സകലത്തിന്റേയും നാഥനും സ്രഷ്ടാവുമായിരിക്കുമ്പോൾ അത്താഴത്തിൽ ദാസനെപ്പോലെ നീ ശുശ്രൂഷിച്ചു. പിശാചുക്കളുടെ നിഗളത്തെ നീ നശിപ്പിച്ചു. മുട്ടുകുത്തി നിന്റെ പിതാവിന്റെ മുമ്പാകെ നീ അപേക്ഷ അണെക്കുയും അധഃപതനത്തിൽനിന്നും വിഗ്രഹാരാധനയിൽനിന്നും ഞങ്ങളെ നീ ശുദ്ധീകരിക്കയും ചെയ്തു. നിന്റെ പിതാവിനോടുകൂടെ നീ അടുപ്പാൻ വഹിയാത്തവനും അത്യുഗ്രനും ആയിരിക്കുമ്പോൾ പാപത്തിനു വിൽക്കപ്പെട്ടിരുന്ന ഞങ്ങളെ മരണത്തിൽനിന്നും പാപത്തിൽനിന്നും സാത്താനിൽനിന്നും നിന്റെ രക്തത്താൽ വിലക്കുവാങ്ങുവാൻ വേണ്ടി യഹൂദായാൽ നീ പണത്തിനു വിൽക്കപ്പെട്ടു. മേലുള്ള സൈന്യങ്ങൾക്കു നീ അദൃശ്യനായിരിക്കുമ്പോൾ അവനാൽ ചുംബനംകൊണ്ട് നീ കാണിച്ചുകൊടുക്കപ്പെട്ടു. ഗതിവേഗംകൊണ്ട് മിന്നലുകൾക്കുപോലും നിന്നെ പിൻതുടരുവാൻ കഴിയാതെയും ബോധജ്ഞാനങ്ങൾകൊണ്ടു പരിശോധിപ്പാൻ വഹിയാതെയും ഇരിക്കുമ്പോൾ അശുദ്ധരായ യൂദസംഘങ്ങളാൽ നീ പിടിക്കപ്പെട്ടു. അപ്പോൾ സ്നേഹിതന്മാരും സഖാക്കളും വീട്ടുകാരും ആയ നിന്റെ ശിഷ്യന്മാർ നിന്നെ ഉപേക്ഷിച്ച് ഓടിക്കളഞ്ഞു. നിന്റെ അയൽവക്കക്കാർ ദൂരെ മാറിനിന്നു. അധർമ്മികൾ നിന്നെ തടവിലാക്കുന്നതിനായി ന്യായസ്ഥലത്തേക്കു കൊണ്ടുപോയി. നിന്നെ തടവിലാക്കിയതിനാൽ ആത്മാക്കളുടെ ദുഃഖകരമായ തടവുമുറിയാകുന്ന പാതാളത്തിൽനിന്ന് നീ ഞങ്ങളെ പുറത്തുകൊണ്ടു വന്നു. ന്യായവിധിയാൽ കുററക്കാരനായിത്തീർന്ന ആദാമിനെ സ്വതന്ത്രനാക്കുവാൻവേണ്ടി പീലാത്തോസിൽനിന്നു നീ മനസ്സോടെ ശിക്ഷാവിധി ഏററു. നീ ദാസനിൽനിന്നു ചെകിട്ടത്തു അടി ഏൽക്കയും ദാസ്യത്തിൽനിന്നു ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തു. തിരുമുഖത്തു തുപ്പലേററു. ലജ്ജയിൽനിന്നും ഭാവിശിക്ഷയിൽനിന്നും ഞങ്ങളെ നീ വീണ്ടെടുത്തു. അവർ നിന്നെ ചുവന്ന കുപ്പായം ധരിപ്പിക്കയും കല്പനലംഘനത്താൽ ഞങ്ങൾ അഴിച്ചുകളഞ്ഞ മഹത്വ അങ്കി വീണ്ടും ഞങ്ങളെ ധരിപ്പിക്കയും ചെയ്തു. തൂണിന്മേൽ നീ ബന്ധിക്കപ്പെട്ടതിനാൽ പാപബന്ധനങ്ങളിൽനിന്നു ഞങ്ങളെ അഴിച്ചുവിട്ടു. അവർ നിന്റെ ശിരസ്സിൽ മുൾക്കിരീടം അണിയിച്ചു. നീയോ ഭൂമിയിൽ നിന്നു മുള്ളുകളും കാരമുള്ളുകളും സമൂലം പറിച്ചുകളഞ്ഞു. നീ

www.malankaralibrary.com

നിന്ദിക്കപ്പെട്ട് ഞങ്ങളെ ശ്രേഷ്ഠതപ്പെടുത്തി. നീ പീഡ ഏററു ഞങ്ങളെ രക്ഷിക്കയും മരണമടഞ്ഞു ഞങ്ങളെ ജീവിപ്പിക്കയും ചെയ്തു. ഇതു ഹേതുവായിട്ട വിസ്മയപൂർണമായ നിൻെറ താഴ്മയാൽ ഞങ്ങളത്ഭുതപ്പെട്ട ഭക്തിയോടും സ്തോത്രത്തോടും പറയുന്നു. ഞങ്ങളുടെ പീഡകളെ നശിപ്പിച്ച രക്ഷാകരങ്ങളായ കഷ്ടാനുഭവങ്ങൾ വിസ്മയനീയങ്ങളത്രെ. ഞങ്ങളുടെ വ്രണങ്ങൾ അവയാൽ ഉണങ്ങിയതായ ചെറുരക്തത്തുള്ളികൾ വിസ്മയനീയങ്ങളാകുന്നു. ഞങ്ങൾ നിൻെറ കഷ്ടാനുഭവങ്ങളെ ഏററുപറകയും കുരിശിനെ വന്ദിക്കയും ഞങ്ങൾക്കുവേണ്ടിയുള്ള നിൻെറ താഴ്മയെ ഞങ്ങൾ വർണിക്കയും ചെയ്യുന്നു. ഞങ്ങൾക്കുവേണ്ടിയുള്ള നിൻെറ മരണത്തിൽ ഞങ്ങൾ പ്രശംസിക്കയും ഞങ്ങളെ അധഃപതനത്തിൽനിന്നു ഉയർത്തിയ നിൻെറ പുനരുത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കയും ചെയ്യുന്നു. ഞങ്ങളുടെ മ്ശീഹാതമ്പുരാനെ ഞങ്ങൾ നിന്നോട അപേക്ഷിച്ചു പ്രാർത്ഥിക്കുന്നതെന്തെന്നാൽ നിൻെറ സ്ലീബായാൽ ആകൽക്കറുസായുടെ ഉപദ്രവങ്ങളിൽനിന്നു സംരക്ഷിതയായ നിൻെറ സഭയെ കാത്തുകൊള്ളേണമെ. അവൾ നിൻെറ കഷ്ടാനുഭവത്തിൽ കഷ്ടത അനുഭവിക്കയും നിൻെറ താഴ്മയിൽ സാമ്യപ്പെടുകയും ചെയ്യുമാറാകേണമെ. അവൾ സന്തോഷിച്ചു ആനന്ദിച്ചുകൊണ്ട് നിൻെറ മുറിവുകളെ തലോടുകയും നിൻെറ പുനരുത്ഥാനത്തിൽ സന്തോഷിക്കയും ചെയ്യുമാറാകണമെ. നീ മഹത്വത്തോടെ ഉദിക്കുന്ന ദിവസം മുഖപ്രസാദത്തോടെ നിന്നെ എതിരേല്പാൻ അവൾ പുറപ്പെടുകയും നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതി കരേററുകയും ചെയ്യുമാറാകണമെ. ഹോശോ............

## എത്രോ

തൻെറ ബലിയാൽ സകല ബലികളേയും വിഗ്രഹാരാധനയിലെ പാനീയ നിവേദ്യങ്ങളേയും ഭൂമിയിൽനിന്നു മായിച്ചുകളകയും തൻെറ കഷ്ടാനുഭവത്താൽ മനുഷ്യവർഗത്തിൽനിന്നു കഷ്ടതകളെ നശിപ്പിക്കയും തൻെറ കുരിശിനാൽ ഞങ്ങളുടെ പിതാവായ ആദാമിനെ പറുദീസായിൽവച്ചു കൊന്നവനെ കൊല്ലുകയും തൻെറ ഉയിർപ്പുമൂലം പാപവീഴ്ചയിൽനിന്നു ഞങ്ങളെ എഴുന്നേല്പിക്കയും ചെയ്ത പുഷ്ടിയുള്ള കാളക്കുട്ടിയായുള്ളോവെ, നിൻെറ തിരുമേനിക്കു നിസ്സാരരായ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂപം കൈക്കൊള്ളേണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവെ ശത്രുതയും വഴക്കും തർക്കവും ഞങ്ങളിൽനിന്നു മായിച്ചുകളഞ്ഞു് എല്ലായ്പ്പോഴും ഭിന്നിച്ചുപോകാത്ത സമാധാനമാകുന്ന നിൻെറ നിരപ്പും പ്രസാദവും ഞങ്ങളുടെമേൽ നീ വസിപ്പിക്കേണമെ. ഹോശോ............

www.malankaralibrary.com

# പ്രഭാതം

## പ്രുമിയോൻ

തന്റെ കഷ്ടാനുഭവത്താലും മനസ്സോടെയുള്ള മരണത്താലും ഞങ്ങൾക്ക കഷ്ടതയില്ലായ്മയും മരണമില്ലായ്മയും നൽകുവാനായിട്ട കഷ്ടതയുള്ളവരും മരണമുള്ളവരുമായ ഞങ്ങൾക്കു വേണ്ടി പീഡയും മരണവുമുള്ള ജഡം ധരിച്ചവനും തന്റെ കഷ്ടാനുഭവത്തിന്റെയും തന്നെ ഏല്പിച്ചുകൊടുക്കുന്നതിന്റെയും രഹസ്യത്തെ ഇന്നു തന്റെ ശ്ലീഹന്മാരുടെ സംഘത്തിനു വെളിപ്പെടുത്തിക്കൊടുക്കയും തന്റെ പിതാവിനെ കൊന്ന മത്സരക്കാരനായ യൂദാമൂലം താൻ ഏല്പിച്ചുകൊടുക്കപ്പെടുവാനിരിക്കുന്നുവെന്ന് അവരെ ഗ്രഹിപ്പിച്ച് അവരെ വേദനപ്പെടുത്തുകയും മൂന്നാംദിവസമുള്ള തന്റെ പുനരുത്ഥാനത്തെക്കുറിച്ച് അവരോടറിയിച്ചു അവരെ ധൈര്യപ്പെടുത്തുകയും ചെയ്തവനും ആയ വചനമായിരിക്കുന്ന ദൈവമായ തനിക്കു സ്തുതി...........

## സെദ്റൊ

സ്വർഗവാസികളുടേയും ഭൂവാസികളുടേയും ദൈവവും രാജാവും നാഥനും ആയ മ്ശീഹാതമ്പുരാനെ! നിന്റെ മനുഷ്യസ്നേഹം മൂലം ഞങ്ങളുടെ ജഡത്തോടു ഭേദംകൂടാതെ യോജിക്കുകയും പാപകരമായ വിചാരങ്ങളിൽനിന്നും സാത്താന്റെ ദാസ്യത്തിൽനിന്നും ഞങ്ങളുടെ ജീവന്റെ പ്രത്യാശയെ ഖണ്ഡിക്കുന്ന നാശത്തിൽനിന്നും ക്ഷയത്തിൽനിന്നും നിന്റെ കൃപയാൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുവാൻ ഞങ്ങൾക്കുവേണ്ടിയും ഞങ്ങളുടെ നിമിത്തവും ജഡത്തിൽ പീഡയനുഭവിപ്പാനായി നീ തിരുമനസ്സാകയും ചെയ്തു. യഹൂദന്മാർക്ക് എന്നെ ഏൽപ്പിച്ചു കൊടുക്കാനിരിക്കുന്നവൻ നിങ്ങളിൽ ഒരുവനാകുന്നുവെന്നു പ്രിയപ്പെട്ട പന്തിരുവരോടു തുറന്നു പറവാൻ ഇന്നേദിവസം നിനക്കു തിരുവുള്ളം തോന്നി. ഇന്നു വഞ്ചകന്മാരായ പ്രധാനാചാര്യന്മാരും സോപ്രേന്മാരും ഒരുമിച്ചുകൂടി എല്ലാവർക്കും നന്മകൾ നൽകുന്നവനും വിശേഷിച്ച് അവർക്കു മേന്മ കല്പിക്കുന്നവനുമായ നിനക്കു വിരോധമായി തിന്മകൾ ആലോചിച്ചു. എല്ലാവർക്കുംവേണ്ടി മരിപ്പാൻ എഴുന്നെള്ളി വന്നവനും സകലത്തിന്റേയും ജീവനും ആകുന്ന നിന്നെ കൊലപ്പെടുത്തുവാനായി ഏൽപ്പിച്ചു കൊടുക്കുന്നതിനു് അവന്റെ സ്വാതന്ത്ര്യത്താലും സാത്താന്റെ വശീകരണത്താലും യൂദാസ്ക്കറിയോത്താ ഇന്നേദിവസം കള്ളപ്പുരോഹിതന്മാരുടെ അടുക്കലേക്കു പോയി. സ്വന്ത

www.malankaralibrary.com

രക്തത്താൽ ലോകമെല്ലാം വിലയ്ക്കുവാങ്ങുവാൻ എഴുന്നെള്ളി വന്നവനായ നിന്നെ വിലയ്ക്കു വില്ക്കുവാൻ ആ വഞ്ചക നായ ശിഷ്യൻ വെറുതെ നിന്നെ ദ്രോഹിക്കുന്നവരോടുകൂടി ഇന്നു ആലോചന നടത്തി ദീർഘദർശി എഴുതിയിരിക്കുന്ന പ്രകാരം ദുഷ്ടന്മാരും മത്സരക്കാരുമായ ദാസന്മാർ സകലത്തിന്റേയും നാഥനായ നിനക്കു മുപ്പതു വെള്ളിപ്പണം ഇന്നു വില നിശ്ചയിച്ചു. ഇന്നു ചെന്നായായിത്തീർന്ന കുഞ്ഞാടിൽ ദുഷ്ടന്മാരുടെ സംഘത്തോടുകൂടെ ആകൽക്കുറുസാ സന്തോഷിക്കയും നിന്റെ തൊഴുത്തിൽ നിന്നു് വഴിതെററിപ്പോയ ആടിനെ ക്രൂര ചെന്നായുടെ വായിൽ നിന്നു് നിന്റെ ബലിമൂലം വീണ്ടെടുപ്പാൻ എഴുന്നെള്ളിവന്ന നല്ല ഇടയനും കുററമില്ലാത്ത കുഞ്ഞാടും ആയ നിനക്കു വിരോധമായി പാഞ്ഞെത്തുകയും ചെയ്തു. ഇന്നു യൂദാ വെറും മുപ്പതു വെള്ളിക്കാശിനു നിന്നെ വിററു. വേശ്യാസ്ത്രീ മുന്നൂറു പണത്തിനു വാങ്ങിയ തൈലവുമായി നിന്റെ അടുക്കൽ വരികയും വില തീരാത്ത ദിവ്യ മൂറോനാകുന്ന നിന്നെ പൂശുകയും ചെയ്തു. ഇന്നു് യൂദാ നിന്റെ ദൈവീക ചാർച്ചയിൽനിന്നു വിട്ടു് പുറപ്പെട്ടു പോയി. പാപിയായ സ്ത്രീ അവളുടെ കണ്ണുനീരുകൊണ്ടു നിഷ്കളങ്ക സ്നേഹത്തോടെ നീയുമായി ചാർച്ച സമ്പാദിച്ചു. ഇന്നു് വഞ്ചകൻ തന്റെ ഇഷ്ടം സാധിപ്പിച്ചതും ശിഷ്യഗണം നിന്റെ കഷ്ടാനുഭവത്തേയും, തന്റെ സ്ഥാനത്തുനിന്നു വേർപെട്ടുപോയ വഞ്ചക ശിഷ്യനേയും കുറിച്ചു് ദുഃഖിച്ചതും കണ്ടിട്ടു് ക്രൂരന്മാരുടെ സംഘം ഉല്ലസിച്ചു തുള്ളിക്കളിക്കുന്നു. ഇന്നു വലത്തുഭാഗം അതിൽ നിന്നു് പിരിഞ്ഞുപോയ സ്വാതന്ത്ര്യനെക്കുറിച്ചു ദുഃഖിക്കയും ഇടത്തുഭാഗം വലത്തുഭാഗത്തുള്ളവനെ വശീകരിച്ചു് തട്ടിക്കൊണ്ടു പോന്നതിൽ സന്തോഷിക്കയും ചെയ്യുന്നു. ഇന്നു് സകല തിന്മകളുടേയും മൂലമായ ദ്രവ്യസ്നേഹം തന്റെ സ്നേഹിതനായ യൂദായെ ശിഷ്യപദവിയിൽനിന്നു് നശിപ്പിച്ചു് തൂങ്ങിച്ചാകേണ്ടവനാക്കിത്തീർത്തു. എന്റെ കർത്താവെ നിന്നെ വഞ്ചിച്ചവൻ ആശാഭംഗത്താൽ അവനെ നശിപ്പിച്ചതുവരെയ്ക്കും ദീർഘക്ഷമയോടെ വർത്തിച്ച നിന്റെ നന്മകളെ അളക്കുവാൻ ആർക്കു കഴിയും? ചുരുങ്ങിയ പണത്തിനു വിററു് കൈമാററം ചെയ്തവനേയും ജീവകരമായ ഉപദേശത്തിൽനിന്നു വിരോധിക്കാതെ ഇരുന്ന നിന്നെപ്പോലെ ദയാലുവും ശാന്തനുമായി ആരുള്ളു? നിനക്കു വിരോധമായി പൊക്കിയ കുതികാലിനെ കീപ്പായുടേതിനെപ്പോലെ കഴുകുവാൻ തക്കവണ്ണം താഴ്മപൂണ്ട ഉന്നതനായ നിനക്കു് സദൃശനായി ആരുള്ളു? കൂസൽകൂടാതെ പാത്രത്തിൽ നിന്നോടൊപ്പം കൈഇട്ടവനെ കുർബാന അപ്പത്തിൽനിന്നു വിരോധിക്കാതെ ഇരുന്നവനായി ഉയരത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പമായ നിന്നോടു് ഉപമിക്കാവുന്നവൻ ആരുള്ളു? എന്നാൽ നിന്റെ പേരിൽ വെറുതെ അസൂയയും വഞ്ചനയും വഴക്കും ഉാംക്കൊണ്ടിരുന്ന അവനു യോഗ്യമായി

www.malankaralibrary.com

രുന്ന വിധത്തിൽ അതിനെ വെള്ളത്തിൽ മുക്കി നീ കൊടുത്തു. എന്നാൽ എന്റെ നാഥാ നിന്റെ രക്തത്താൽ വിലയ്ക്കുവാങ്ങിക്കപ്പെട്ടവരും നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടവരും നിന്റെ തിരുനാമത്താൽ ഉൽക്കർഷപ്പെട്ടവരും ഞങ്ങൾക്കുവേണ്ടിയുള്ള രക്ഷാകരമായ നിന്റെ കഷ്ടാനുഭവങ്ങളിൽ പ്രശംസിക്കുന്നവരുമായ ഞങ്ങൾ ദുഃഖത്തോടും ഹൃദയശുശ്രൂഷ്ക്കാന്തിയോടും നിന്നോട് അപേക്ഷിക്കുന്നു. സകല തിന്മകളുടെയും മൂലമായ ദ്രവ്യസ്നേഹത്തിൽനിന്നു നീ ഞങ്ങളെ അകററേണമെ. വഴക്കിൽനിന്നും കോപത്തിൽനിന്നും ഞങ്ങളെ വെടിപ്പാക്കേണമെ. അസൂയയിൽനിന്നും ചതിവിൽനിന്നും ഞങ്ങളെ വേർപിരിക്കണമെ. വഞ്ചനയിൽനിന്നും കൗശലത്തിൽനിന്നും ഞങ്ങളെ നിർമ്മലീകരിക്കേണമെ. സകല അധർമ്മങ്ങളിൽനിന്നും ഞങ്ങളെ നീ അകററേണമെ. നാശകരമായ ആശാഭംഗത്തിൽനിന്നു ഞങ്ങളെ വീണ്ടെടുക്കണമെ. എന്റെ നാഥാ ഇവയ്ക്കുപകരം വിശ്വാസവും ആശയും പരിപൂർണ്ണസ്നേഹവും നിരപ്പും സമാധാനവും സൗമ്യതയും ദയയും പരമാർത്ഥവും സത്യവും താഴ്മയും വെടിപ്പും സന്തോഷവും ആഹ്ലാദവും നിനക്കു പ്രസാദകരമായിരിക്കുന്ന സകല സദാചാരവും ഞങ്ങളിൽ നിറയ്ക്കേണമെ. നിന്റെ വിശുദ്ധ ശ്ലീഹന്മാരെപ്പോലെ ജീവിപ്പിക്കുന്നതായ നിന്റെ തിരുശരീരവും തിരുരക്തവും കൈയ്ക്കൊള്ളുന്നതിനും നിന്റെ കഷ്ടതകളിൽ നിന്നോടുകൂടെ കഷ്ടപ്പെടുന്നതിനും നിന്റെ പുനരുത്ഥാനത്തിൽ സന്തോഷിപ്പാനും നിന്റെ പ്രത്യക്ഷതയിൽ ആനന്ദിപ്പാനും ഞങ്ങൾ യോഗ്യരായിത്തീരേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധാത്മാവിനും............

## എത്രോ

എന്റെ കർത്താവെ നിന്റെ പ്രത്യക്ഷതയുടെ പ്രകാശത്താൽ ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കേണമെ. നിന്റെ സ്ലീബായെക്കുറിച്ചുള്ള സ്നേഹത്തിൽ ഞങ്ങളുടെ ആത്മാക്കളെ ഉറപ്പിക്കേണമെ. നിന്റെ പീഡാരാഹിത്യംകൊണ്ടു ഞങ്ങളുടെ ശരീരങ്ങളെ ആയുധം ധരിപ്പിക്കേണമെ. നിന്റെ കൃപയുടെ ഭാഗ്യത്താൽ ഞങ്ങളുടെ വിചാരങ്ങളെ കാത്തുരക്ഷിക്കേണമെ. നിന്റെ സ്തുതികളെ വന്ദിപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ ഉണർത്തേണമെ. നിന്നെ പ്രസാദിപ്പിക്കുന്ന സദാചാരപരിമളം ഞങ്ങളിൽ ധൂപിപ്പിക്കേണമെ. എന്റെ കർത്താവെ! നിന്റെയും നിന്റെ പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും പ്രീതിക്കായി ഞങ്ങളുടെ ധൂപം കൈക്കൊള്ളേണമെ.

www.malankaralibrary.com

# മൂന്നാം മണി

## പ്രുമിയോൻ

ഞങ്ങളുടെ പാപമോചനത്തിനുവേണ്ടി സ്വന്ത ദേഹത്തെ ബലികഴിക്കയും തന്റെ താഴ്മയുടെ പീഡയാൽ ഞങ്ങളെ രക്ഷിക്കയും കുരിശുമരണത്താൽ മരംമൂലമുണ്ടായ ശിക്ഷയെ നീക്കുകയും ചെയ്ത പരിശുദ്ധ പ്രധാനാചാര്യനായ തനിക്കു സ്തുതി. തനിക്കു................

### സെദ്റൊ

ഞങ്ങളുടെ മിശിഹാതമ്പുരാനെ കുററക്കാരനായ ആദാമിനെ മരണശിക്ഷയിൽനിന്നും ആജ്ഞാലംഘനശിക്ഷയിൽനിന്നും സ്വാതന്ത്ര്യപ്പെടുത്തുവാനായിട്ടു നിന്റെ അനുഗ്രഹങ്ങളും കരുണാബാഹുല്യവുംനിമിത്തം അവനുവേണ്ടി മനസ്സോടെ കഷ്ടതയും താഴ്മയും ആയി നീ എഴുന്നള്ളിവന്നു. മിസ്രയിമിൽവെച്ചു നിന്റെ ദാസനായ മോശ മുൻകൂട്ടി വരച്ചുവച്ച സൂചനയെ നിന്റെ ദേഹത്തിൽ നീ നിറവേററി. വിശുദ്ധ സഭയുടെ ജീവകരമായ അറിവുകളും രഹസ്യങ്ങളും നിറഞ്ഞ മാളികയിൽവച്ച് രക്ഷയുടെ ആ സന്ധ്യയിൽ ശ്ളീഹന്മാരുടെ സംഘത്തിൻ മുമ്പാകെ ഇതിനെ നിറവേററി. എന്തെന്നാൽ പഴയതിനെ കുഞ്ഞാടിനെക്കൊണ്ടു കലാശിപ്പിക്കുകയും പുതിയതിനെ അപ്പംകൊണ്ടാരംഭിച്ച രഹസ്യപൂർണമായ ആ അത്താഴത്തിൽവച്ച് ഞങ്ങളെ പുണ്യപ്പെടുത്തുന്നതിനു് നിന്റെ ശരീരവും രക്തവും അന്നപാനീയങ്ങളായി ഞങ്ങൾക്കു നീ നൽകി. നിന്റെ ശിരസ്സിനെ വഞ്ചനയുടെ ചുംബനത്തിനു് നീ ചായിച്ചുകൊടുത്തു. ശപിക്കപ്പെട്ട യഹൂദജനത്താൽ നീ പിടിക്കപ്പെട്ടു. കുരിശിലെ അവമാനത്തിന്നായി നീ എഴുന്നെള്ളിവരികയും കഷ്ടാനുഭവനാളിൽ ന്യായസ്ഥലത്തു നിൽക്കയും ചെയ്തു. പാപശിക്ഷയിൽനിന്നു ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുവാൻ അഹങ്കാരിയായ ദാസനിൽനിന്നു ചെകിട്ടത്ത് അടിയേൽക്കയും ഒരു കുററക്കാരനെപ്പോലെ ന്യായവിധിസ്ഥലത്തു നിൽക്കയും ചെയ്തു. അശുദ്ധന്മാരിൽനിന്നു തിരുമുഖത്തേററ തുപ്പൽകൊണ്ടു് കല്പനലംഘനത്താൽ ഞങ്ങളെ കീഴടക്കിയതായ നികൃഷ്ടാവമാനത്തെ ഞങ്ങളുടെ എല്ലാവരുടെയും മുഖത്തുനിന്നു നീ നീക്കിക്കളഞ്ഞു. ദുഷ്ടന്റേയും ഘോരസർപ്പത്തിന്റെയും അസൂയയാൽ വൃക്ഷങ്ങളുടെ ഇടയിൽവച്ചു ഞങ്ങൾ ഊരിക്കളഞ്ഞ പരിശുദ്ധാത്മാവിനെ വീണ്ടും ഞങ്ങളെ ധരിപ്പിപ്പാനായി

www.malankaralibrary.com

യഹൂദന്മാരുടെ ആക്ഷേപപരിഹാസങ്ങളാകുന്ന ശുദ്ധവസ്ത്രങ്ങളം നീ ധരിച്ചു. ഞങ്ങളുടെ അവയവങ്ങളിൽ മരണത്തെ വിതച്ച പാപത്തെ നിൻെറ കിരീടത്തിൻെറ മുള്ളുകളംകൊണ്ടു വേരോടെ പറിച്ചുകളഞ്ഞു. സപ്രേന്മാർ നിന്നെ വേദനപ്പെടുത്തിയ ഹാസ്യമായ കോൽകൊണ്ടു ജീവൻെറ പുസ്തകത്തിൽ ഞങ്ങളുടെ പേരുകളം നീ എഴുതി. മരത്തിൻെറ മുകളിൽ നഗ്നനായി നീ തൂക്കപ്പെടുകയും സ്വശരീരത്യാഗത്താൽ ദോഷങ്ങളുടെ തലവനും വ്യാജത്തിൻെറ പിതാവുമായ സാത്താനെ നീ ലജ്ജിപ്പിക്കുകയും ചെയ്തു. വൃക്ഷത്തിൻെറ മരണകരമായ കനി ഭക്ഷിച്ച ആദാമിനുവേണ്ടി കാടിയും കൈപ്പും നീ കുടിച്ചു. ആഹാരം മോഷ്ടിച്ചേടുത്ത് എല്ലാത്തലമുറകളിലും മരണത്തെ പ്രവേശിപ്പിച്ച ആ കൈനിമിത്തം നിൻെറ കൈകളും കാലുകളും ഇരുമ്പാണി തറപ്പാൻ നീ വിട്ടുകൊടുത്തു. നിൻെറ പിതാവിൻെറ ദീർഘദർശിമാർ മുൻകൂട്ടി നിന്നെക്കുറിച്ചു സൂചിപ്പിച്ചിട്ടുള്ള സകല സൂചനകളേയും നിൻെറ ശരീരംകൊണ്ട് നിറവേററി. കണ്ടാലും ''സകലവും നിവൃത്തിയായി'' എന്നു നീ അരുളിച്ചെയ്തു. കർത്താവെ അവർണനീയമായ നിൻെറ താഴ്മയേയും സ്വമനസ്സോടെ കുററമില്ലാതെ അനുഭവിച്ച നിൻെറ കഷ്ടാനുഭവങ്ങളേയും ഓർത്ത് ഇവിടെയും എവിടെയുമുള്ള കാതോലികവും അപ്പോസ്തലികവുമായ നിൻെറ പരിശുദ്ധസഭയെ പരിപാലിച്ചുകൊള്ളണമെ. അവരം കുററമില്ലാത്ത വിശ്വാസത്തോടെ നിൻെറ കഷ്ടാനുഭവങ്ങളെ വന്ദിക്കയും നിൻെറ മനുഷ്യാവസ്ഥകളെ ഏററുപറകയും ചെയ്യുന്നു. സത്യമായിട്ട് എല്ലാററിൻേറയും ദൈവമാകുന്ന നിന്നെ അവരം അറിയുകയും ഞങ്ങളുടെ വർഗത്തിൻെറ കുററത്തെ മായിച്ചുകളഞ്ഞവയായ നിൻെറ കഷ്ടാനുഭവങ്ങളുടെ ഓർമ്മയെ കഴിക്കുന്ന ഈ സമയത്തു ബലഹീനരും അരിഷ്ടന്മാരുമായ ഞങ്ങരം അർപ്പിക്കുന്ന ഈ പരിമളധൂപത്തോടുകൂടെ അവരം നിന്നോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഞങ്ങരംക്കും നിസ്സാരന്മാരായ ഞങ്ങളുടെ പ്രാർത്ഥനകളെ ആവശ്യപ്പെടുന്നവരായ വിശ്വാസികളായ ഞങ്ങളുടെ എല്ലാ സഹോദരങ്ങരംക്കും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നീ നൽകണമെ. ഞങ്ങളും അവരും മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും ചെയ്തുപോയിട്ടുള്ള സകല പിഴകളേയും നീക്കി നിൻെറ ശരണത്തിന്മേൽ മരിച്ചുപോയ വിശ്വാസികളായ എല്ലാ മരിച്ചവർക്കും നല്ല ഓർമ്മ നീ ഉണ്ടാക്കണമെ. ഞങ്ങളും ഇവരും നിൻെറ വലത്തുഭാഗത്തുനിന്നു നിൻെറ കരുണ കാണുകയും നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകണമെ.

www.malankaralibrary.com

### എത്രോ

എന്റെ കർത്താവെ നിന്റെ കഷ്ടാനുഭവത്താൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിന്റെ സഭയുടെ ധൂപത്തെ കൈക്കൊള്ളേണമെ. തിരുരക്തത്താൽ വിലയ്ക്കുവാങ്ങിയ നിന്റെ ഇടവകയുടെ ധൂപത്തിൽ നിരപ്പാകണമെ. നിന്റെ വധത്തിൽ അഭിമാനിക്കുന്ന നിന്റെ ആടുകളുടെ പ്രാർത്ഥനകളെ ശ്രദ്ധിക്കേണമെ. നിന്റെ മുറിവുകളെ ആലിംഗനം ചെയ്യുന്ന നിന്റെ മണവാട്ടിയുടെ പ്രാർത്ഥനകളെ കേൾക്കേണമെ. നിന്നിൽനിന്നു് അവളെ അകററുന്ന സകല വികാരങ്ങളിൽനിന്നും നിന്റെ അവകാശത്തെ നിന്റെ സ്ളീബായാൽ കാത്തുകൊള്ളേണമെ. അവരും നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുകയും നിന്റെ മഹിമയിൽ മഹിമപ്പെടുകയും നിന്റെ പുനരുത്ഥാന നാളിൽ ഒരുമിച്ചുല്ലസിക്കുകയും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കീർത്തനവും കരേററുകയും ചെയ്യുമാറാകണമെ.

## മധ്യാഹ്നം

## പ്രുമിയോൻ

ഞങ്ങളെ രക്ഷിപ്പാൻ വേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും വിസ്മയനീയമായ തന്റെ താഴ്മയുടെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ പീഡകളെ മായിച്ചു കളകയും ഞങ്ങളുടെ പാപങ്ങളെ ഉന്മൂലനം ചെയ്കയും കല്പനലംഘനം മൂലമുള്ള മരത്തിന്റെ ശിക്ഷയെ കുരിശിന്റെ ശക്തിയാൽ സുഖപ്പെടുത്തുകയും ചെയ്ത പരിശുദ്ധ പ്രധാനപുരോഹിതനായിരിക്കുന്ന തനിക്കു സ്തുതി. തനിക്കു............

### സെദ്റൊ

എന്റെ കർത്താവെ, മഹോന്നതന്റെ പഴമായ നിന്റെ സഭ നിന്നെ വന്ദിക്കുന്നു. ദിവ്യത്വത്തിന്റെ സന്തതിയാകുന്ന നിന്റെ ഇടവക പരിശുദ്ധങ്ങളായ നിന്റെ കർത്തൃകഷ്ടാനുഭവങ്ങളെ പുകഴ്ത്തുന്നു. ലോകയോദ്ധാവായുള്ളോവേ! നിന്റെ സഭ പുണ്യമുണ്ടാക്കുന്നവയായ നിന്റെ മുറിവുകളെ വന്ദിക്കുന്നു. നിന്റെ അമിതമായ സ്നേഹത്താൽ ആദാമിന്റെ സന്താനങ്ങൾക്കുവേണ്ടി നികൃഷ്ടമരമാകുന്ന സിംഹാസനത്തിൽ കയറിയിരുന്നു് നിന്റെ തിരുമേനിയുടെ ബലിയാൽ ഭൂമിയിലെ അനീതിയെ നീതീകരിച്ചു. ഗോഗുൽത്തായുടെ മുകളിൽ വച്ചു തന്നെ

www.malankaralibrary.com

ത്താൻ ബലികഴിച്ചു ഭൂവാസികളെ സ്വർഗവാസികളോട് സമാധാനപ്പെടുത്തിയ തടിച്ചകാളക്കുട്ടിയും സ്വമനസ്സോടെ ബലിയാൽ ലോകത്തിന്റെ പാപത്തെ നീക്കിയ വെടിപ്പും ശുദ്ധിയുമുള്ള കുഞ്ഞാടും കുററക്കാരുടെ നിരപ്പിന് ധൂപമായിത്തീർന്നു. സൃഷ്ടികളെ തന്റെ പിതാവിനോട് യോജിപ്പിച്ചവനായി സർവ്വത്തേയും പുണ്യമാക്കുന്നവനും ആയ നാഥാ നിന്റെ കഷ്ടാനുഭവങ്ങളെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ പാപത്തെ മായിച്ചുകളഞ്ഞ നിന്റെ കുരിശിനെ ഞങ്ങൾ വന്ദിക്കുന്നു. അവയാൽ ഞങ്ങളുടെ അധർമ്മങ്ങളും വേദനകളും മാഞ്ഞ് ഇല്ലാതായിത്തീർന്ന നിന്റെ മുറിവുകളെ ഞങ്ങൾ ലാളിക്കുന്നു. വിഴുങ്ങിക്കളയുന്ന പാതാളത്തിന്റെ വായിൽനിന്നു ഞങ്ങളെ ഉദ്ധരിച്ച നിന്റെ പുനരുത്ഥാനത്തെ ഞങ്ങൾ പുകഴ്ത്തുന്നു. എന്തെന്നാൽ ദൈവത്തെപ്പോലെ ലോകത്തെ വഹിച്ചിരിക്കുമ്പോൾ കുരിശിൽ തറയ്ക്കുന്ന ആളുകളുടെ പിടിയിൽ പെടുകയും വഴി തെററിപ്പോയ ആടിനെ അതായത് ഞങ്ങളുടെ മനുഷ്യസ്വഭാവത്തെ രക്ഷിപ്പാനായിട്ടു നികൃഷ്ടമായ കുരിശിനെ നിന്റെ തോളിൽ വഹിച്ചുകൊണ്ട് കുററമില്ലാത്ത ആട്ടിൻകുട്ടിയെപ്പോലെ കൊലയേൽപ്പാനായിട്ട് നീ പോകയും ചെയ്തു. കാണാതപോയതിനെ നിന്റെ നിന്റെ തോളിൽ വച്ചുകൊണ്ട് നിന്റെ പിതാവിന്റെ ഭവനത്തിലേക്ക് പ്രവേശിച്ച, കർത്താവെ! ഇപ്പോൾ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ! നിന്റെ സന്നിധിയിൽ ഞങ്ങൾ അണച്ചിരിക്കുന്ന ഈ ധൂപം നിന്റെ തൃക്കൈകൾ വഴിയായി നിന്നെ അയച്ചവന്റെ അടുക്കൽ കൈക്കൊള്ളപ്പെടുമാറാകണമെ. വിശ്വാസമാകുന്ന കവചം ഞങ്ങൾ ധരിച്ചും രക്ഷയാകുന്ന പടത്തൊപ്പിവച്ചും സത്യ സ്നേഹമാകുന്ന ഉടുപ്പിട്ടും ജീവന്റെ ശരണമാകുന്ന അരക്കെട്ട് കെട്ടിയുംകൊണ്ട് മുഖപ്രസാദത്തോട് നിന്റെ മഹത്വമുള്ള പുനരുത്ഥാനത്തിൽ അടുത്തുവരുവാനും നിന്റെ കല്യാണശാലയിൽ തോഴന്മാരും അതിഥികളും നിന്റെ രാജ്യത്തിൽ പുതിയ അവകാശികളും ആയിത്തീരുവാനും ഞങ്ങൾ അർഹരാകേണമെ. ഞങ്ങളും ഞങ്ങളുടെ സകല മരിച്ചവരും അക്ഷയങ്ങളും മാഞ്ഞുപോകാത്തവയുമായ ഭാഗ്യങ്ങളിൽ ആനന്ദിക്കുമാറാകേണമെ. ഞങ്ങളെ രക്ഷിപ്പാൻ വേണ്ടി കഷ്ടമനുഭവിച്ച മ്ശീഹാതമ്പുരാനെ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേററുമാറാകേണമെ. ഹോശോ........

## എത്രോ

എന്റെ കർത്താവേ നിന്റെ കൃപയുടെ സുവിശേഷ പ്രകാശത്താൽ ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. നിന്റെ സ്ളീബായെക്കുറിച്ചുള്ള സ്നേഹത്തിൽ ഞങ്ങളുടെ ആത്മാ

www.malankaralibrary.com

ക്കളെ ഉറപ്പിക്കേണമെ. നിൻെറ പീഡയുടെ പീഡയില്ലായ്മ യാൽ ഞങ്ങളുടെ ശരീരങ്ങളെ ആയുധം ധരിപ്പിക്കേണമെ. നിൻെറ സ്നേഹമാകുന്ന ഭാഗ്യത്താൽ ഞങ്ങളുടെ വിചാരങ്ങളെ കാത്തുരക്ഷിക്കണമെ. നിൻെറ സ്തുതികളെ വർണ്ണിപ്പാൻ ഞങ്ങ ളുടെ ഹൃദയത്തെ ഉണർത്തേണമെ. നിന്നെ പ്രസാദിപ്പിക്കുന്ന കർമ്മങ്ങളുടെ പരിമളം ഞങ്ങളിൽ ധൂപിപ്പിക്കണമെ. നിൻേറയും നിൻെറ പിതാവിൻേറയും പരിശുദ്ധാത്മാവിൻെറയും കരുണ യുടെ പ്രസാദത്തിനായി ഞങ്ങളുടെ ധൂപം കൈക്കൊള്ളേണമെ. ഹോശോ........

## പ്രുമിയോൻ

തൻെറ കുരിശുകൊണ്ടു ദീർഘദർശിമാരുടെ സൂചനകളെ നിവർത്തിക്കയും ദർശനക്കാരുടെ ഉപമകളെ നിറവേററുകയും പുണ്യവാന്മാരുടെ ദൃഷ്ടാന്തങ്ങളെ ഉറപ്പിക്കയും പരിശുദ്ധന്മാ രുടെ രേഖകളെ പൂർണമാക്കുകയും പ്രസംഗകന്മാരുടെ ശബ്ദ ത്തെ പ്രബലമാക്കുകയും മഹാശക്തിയാൽ സുവിശേഷകർ വചനം നൽകുകയും ചെയ്ത രക്ഷിതാവിനു സ്തുതി. തനിക്ക്....

### സെദ്റൊ

ഞങ്ങൾക്കുവേണ്ടി അറക്കപ്പെട്ടുകയും തൻെറ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കയും ചെയ്ത നല്ല ഇടയനായ മ്ശീഹാതമ്പുരാനെ നിൻെറ ഇടവക നിന്നെ വന്ദിച്ചു സ്തുതി ക്കുന്നു. മിണ്ടാപ്രാണികളുടെ ബലികളിൽനിന്നും രക്തം ഒഴുക്ക ലിൽനിന്നും ഞങ്ങളെ വിരോധിപ്പാനും ഞങ്ങളുടെ ജീവകാലം മുഴുവൻ ഈ സുഗന്ധധൂപത്തോടുകൂടി സ്തോത്രത്തേയും പരിമള വാസനയേയും ഞങ്ങൾ നിനക്കു സമർപ്പിപ്പാനുമായി ഇപ്രകാരം തിരുമനസ്സായ കർത്താവെ ഞങ്ങൾ നിനക്കു സ്തോത്രം അർപ്പി ക്കുന്നു. എൻെറ നാഥാ! നിൻെറ രക്തത്താൽ നീ സമ്പാദിച്ചതും കുരിശുകൊണ്ടു രക്ഷിച്ചതുമായി കാതോലികവും ശ്ളൈഹിക വുമായ വിശുദ്ധ സഭയുടെ സമാധാനത്തെ നീ വർദ്ധിപ്പിക്കേ ണമെ. ഈ ലോകത്തിലെ അധികാരികളായ ക്രൂരരാജാക്കന്മാ രെ സഭയുടെ വാതിലുകളുടെ മുമ്പിൽ ദുർബലരാക്കേണമെ. ലോകാവസാനംവരെ നിൻെറ സത്യവാഗ്ദാനങ്ങളെ സഭയ്ക്കായി കരുതിവയ്ക്കേണമെ. നിൻെറ സഭയുടെ പ്രധാന പുരോഹിത ന്മാരുടേയും പുരോഹിതന്മാരുടെയും പ്രാർഥനകളിൽ നിരപ്പാക്ക ണമെ. നിൻെറ എല്ലാ ഇടവകകളിലും പാപപരിഹാരം നൽക ണമെ. നിൻെറ ജയമുള്ള സ്ളീബായിൽ അഭയം പ്രാപിച്ചിരി ക്കുന്ന വിശ്വാസിയായ ഭരണാധികാരികളെ കാത്തുകൊള്ളേണമെ.

www.malankaralibrary.com

ശത്രുത്വത്തെ അവൻെറ മുമ്പിൽ കമ്പിടീക്കണമെ. കാലത്തിൻെറ കിരീടത്തെ നിൻെറ കൃപയാൽ അനുഗ്രഹിക്കേണമെ. ഭൂമിയിലെ കായ്കനികളെ സകല ഉപദ്രവങ്ങളിൽനിന്നും സൂക്ഷിച്ചുകൊള്ളേണമെ. നീ ഞെരുങ്ങിയിരിക്കുന്നവക്കു സഹായിയും ദുഃഖിതർക്കു സങ്കേതവും വ്യസനിച്ചിരിക്കുന്നവർക്കു ആശ്വാസകനും ആവശ്യക്കാർക്കു സംരക്ഷകനും ആയിരിക്കണമെ. കഷ്ടപ്പെടുന്നവരുടെ സങ്കടം തിരുമുമ്പിൽ പ്രവേശിക്കണമെ. അടിമകളുടെ ഞെരുക്കത്തിൽനിന്നു നിൻെറ അനുഗ്രഹങ്ങളെ വിരോധിക്കരുതെ. സമുദ്രത്തിലെ ഓളങ്ങളാലും തിരമാലകളാലും ഞെരുങ്ങിയിരിക്കുന്നവരുടെ നിലവിളിയിൽ നീ ഉണർന്നിരിക്കണമെ. അവർ കാംക്ഷിക്കുന്ന തുറമുഖത്തേക്കു് അവരെ കൊണ്ടുപോകണമെ. മുൻകൂട്ടി നിദ്ര പ്രാപിച്ചിരിക്കുന്ന ഞങ്ങളുടെ പിതാക്കളുടെയും സഹോദരങ്ങളുടെയും ഗുരുക്കന്മാരുടെയും ആത്മാക്കളെ നിൻെറ കൃപയാൽ ഓർത്തുകൊള്ളേണമെ. നീ മുഖാന്തരം അവർ ആശ്വാസസ്ഥലത്തു ഒന്നിച്ചുകൂടുകയും നിൻെറ ജീവൻെറ സങ്കേതസ്ഥലത്തേക്കു വന്നുചേരുകയും ചെയ്യുമാറാകണമെ. നിൻെറ കഷ്ടാനുഭവങ്ങളിൽ ഏററുപറഞ്ഞു കുരിശിനെ വന്ദിക്കുന്നതിനാൽ വാളാലൊ അടിമത്വത്താലോ പട്ടിണിയാലോ ഉപദ്രവംമൂലമോ മരിച്ചുപോയിരിക്കുന്ന ഓരോരുത്തർക്കും നാഥാ! അവിടെ നീ പ്രതിഫലം നൽകണമെ. അവരെ നിൻെറ ജീവൻെറ മണവറയിലേക്കും സ്വർഗ്ഗരാജ്യത്തിലേക്കും കൊണ്ടുപോകണമെ, നിൻെറയും നിൻെറ പിതാവിൻെറയും പരിശുദ്ധാത്മാവിൻെറയും കർതൃത്വത്തിനു ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ എല്ലാവരിൽനിന്നും സ്തുതി കരേററുമാറാകണമെ. ഹോശോ........

## എത്രോ

ഞങ്ങളുടെ കർത്താവേ നിൻെറ ഇടവക നിനക്കു സമർപ്പിക്കുന്ന ധൂപം കൈക്കൊള്ളേണമെ. നിൻെറ സഭയ്ക്കു സമാധാനവും നിൻെറ ആടുകൾക്കു ആശ്വാസവും വിശ്രമവും നൽകണമെ. നിൻെറ കഷ്ടാനുഭവത്തെ ഏററുപറഞ്ഞു കഷ്ടതയേൽപ്പാനും നിൻെറ മുറിവുകളെ വന്ദിച്ചു ഓമനിപ്പാനും നിൻെറ പുനരുത്ഥാനത്തെ വാഴ്ത്തുവാനും ആനന്ദിക്കുവാനും നിൻെറ ജീവൻെറ തൊഴുത്തിലേക്കു പ്രവേശിപ്പിപ്പാനും നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുവാനും യോഗ്യതയുള്ളവരാക്കേണമെ. ഹോശോ....

www.malankaralibrary.com

# വ്യാഴം

## പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവെ ഞങ്ങളുടെ ആത്മാക്കളുടെ അരമുറുക്കിയും നിന്നെക്കുറിച്ചുള്ള അറിവാൽ ഞങ്ങളുടെ വിളക്കുകൾ പ്രകാശിച്ചും നിന്നെക്കുറിച്ചുള്ള ആശയാകുന്ന വടിമേൽ ഞങ്ങളുടെ ആത്മാക്കൾ താങ്ങിയുംകൊണ്ടു നിന്റെ സ്വർഗീയമേശയ്ക്കു അടുത്തുവരുവാൻ ഞങ്ങളെ അർഹരാക്കണമെ. നിന്റെ കല്പനകളാകുന്ന വഴിയിൽക്കൂടെ മടികൂടാതെ ഞങ്ങൾ പ്രയാണം ചെയ്തു നിന്റെ വിശുദ്ധ ശരീരത്തിലും പുണ്യമുണ്ടാക്കുന്ന രക്തത്തിലും സംബന്ധിക്കുകയും നാശവും ആപത്തുംകൂടാതെ നിന്റെ അടയാളത്താൽ അകമെ ഞങ്ങൾ കാത്തുരക്ഷിക്കപ്പെടുകയും ചെയ്യുമാറാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കീർത്തനവും കരേററും. ഹോശോ....

## പ്രുമിയോൻ

ന്യായപ്രമാണ സൂചനകളെ നിറവേററുവാൻ വേണ്ടി പെരുനാളിനു കരേറിച്ചെന്നവനായി പെരുനാളുകളുടെ നാഥനും പെരുനാളുകളെ പൂർണമാക്കുന്നവനും ഞാൻ മരിക്കുന്നതിനുമുമ്പു നിങ്ങളോടുകൂടി പെസഹാ ഭക്ഷിപ്പാനും പഴയവയെ നിവൃത്തിപ്പാനും നിഴലായവയെ പൂർണമാക്കുവാനും എന്നേക്കും നിങ്ങളോടുകൂടെ ഇരിപ്പാനുമായിട്ടു എന്റെ രക്തത്തിൽ പുതിയ ഉടമ്പടിയെ നിങ്ങളെ ഏല്പിപ്പാനും പഴക്കംവരാത്ത ഭാവിജീവന്റെ അച്ചാരമായി ''എന്റെ വിശുദ്ധ ശരീരവും വിലയേറിയ രക്തവും നിങ്ങൾക്കു തരുവാനും ഞാനത്യന്തം ആഗ്രഹിക്കുന്നു'' എന്നും ''അവ നിങ്ങൾക്കു കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും ആയിരിക്കുമെന്നും'' തന്റെ ശിഷ്യന്മാരോടു് അരുളിച്ചെയ്തവനും ആയ തനിക്കു സ്തുതി. തനിക്ക്....

### സെദ്റൊ

തന്റെ ദേഹത്താൽ ലോകത്തിന്റെ അകൃത്യത്തെ വഹിപ്പാനും തന്റെ കൃപയാൽ ലോകത്തിന്റെ ജീവനുവേണ്ടി അറക്കപ്പെടുവാനും തന്റെ കരുണയാൽ പാപികൾക്കു പകരം തന്നെത്തന്നെ കുരിശുമരണത്തിനു കൊടുപ്പാനും ആയി എഴുന്നെള്ളി വന്ന മഹത്വത്തിന്റെ രാജാവും എല്ലാററിന്റേയും ദൈവവും ദൈവത്തിന്റെ

www.malankaralibrary.com

കുഞ്ഞാടും ആയ മ്ശീഹാതമ്പുരാനെ ന്യായപ്രമാണത്തിലും മററും വിധിച്ചിട്ടുള്ള പ്രകാരം കാളക്കുട്ടികൾ, കാളകൾ, ആട്ടിൻകുട്ടികൾ, മുട്ടാടുകൾ എന്നിവയെ വെട്ടി ബലികഴിക്കൽ, പാനീയനിവേദ്യം, ധൂപയാഗം എന്നിവയിൽനിന്നു ഞങ്ങളെ ഉദ്ധരിപ്പാൻവേണ്ടി നിന്റെ മനുഷ്യസ്നേഹത്താൽ തിരുവുള്ളം തോന്നി. ''ഇന്നു നിങ്ങളോടുകൂടി പെസഹാഭക്ഷിപ്പാൻ എനിക്കു ഏററവും ആഗ്രഹം ഉണ്ട്. അതിനാൽ നിങ്ങൾപോയി നമുക്കു പെരുനാളിനു വല്ലതും ഒരുക്കുവിൻ. ഒരു കുടം വെള്ളം ചുമന്ന ഒരാൾ എവിടേക്കു കടക്കുന്നുവോ അവിടേക്ക് അവനോടുകൂടെ ചെന്ന് ആ വീടിന്റെ ഉടമസ്ഥനോട് ഇന്നുരാത്രി ഞങ്ങളുടെ ഗുരുവും നാഥനുമായവൻ നിന്റെ അടുക്കൽ പെസഹാ കഴിപ്പാൻ ഇരിക്കുന്നുയെന്ന് അരുളിച്ചെയ്യുന്നു'' എന്ന് നിങ്ങൾ പറവീൻ എന്നു നിന്റെ ശിഷ്യന്മാരോടു നീ അരുളിച്ചെയ്ത പ്രകാരം ശെമവൂനും യോഹന്നാനും പോയി. കബറിൽനിന്ന് നീ ഉയിർപ്പിച്ചിട്ടുള്ള നിന്റെ സ്നേഹിതന്റെ ഭവനമായ ഒരുക്കപ്പെട്ട മാളിക അവർ കണ്ടെത്തി. നിന്റെ ആജ്ഞപോലെ സകലവും അവർ തയാറാക്കി. നിന്റെ ശിഷ്യന്മാരോടുകൂടെ ന്യായപ്രമാണം അനുസരിച്ചു അത്താഴം കഴിച്ചശേഷം പൂർണ്ണ താഴ്മയാകുന്ന ഉന്നതിയുടെ നിർമ്മല മാർഗത്തെ പ്രവൃത്തിയാലും വചനത്താലും അവരെ പഠിപ്പിപ്പാൻ നീ തിരുമനസ്സായി. നിന്റെ അരയിൽ തൂവാലകെട്ടി ഇരുന്ന് ''നിങ്ങൾ ഇപ്രകാരം തമ്മിൽ തമ്മിൽ സ്നേഹത്തോടെ പെരുമാറി എങ്കൽനിന്നു മനോവിനയം പഠിപ്പീൻ'' എന്നു നീ അരുളിച്ചെയ്തു. അത്താഴം കഴിച്ച ഉടൻ നിന്റെ വിശുദ്ധ തൃക്കൈകളിൽ പുളിപ്പുള്ള അപ്പം എടുത്തു സ്തോത്രം ചെയ്തു അനുഗ്രഹിച്ച ''ഇതു ലോകത്തിനെല്ലാം വേണ്ടി ബലികഴിക്കപ്പെടുന്ന രഹസ്യമാണെന്നും ഇതു എന്റെ ശരീരമാണെന്നും എന്നെ വിശ്വസിക്കുന്ന ഏവന്റേയും കടങ്ങളുടെ പരിഹാരത്തിനായി ഇത് നിങ്ങൾ വാങ്ങി ഭക്ഷിപ്പീൻ'' എന്നും അരുളിച്ചെയ്ത് അവർക്കു കൊടുത്തു. ഇപ്രകാരം കാസായും അനുഗ്രഹിച്ചു അവർക്കു കൊടുത്ത് ''ഇതു പുതിയ നിയമത്തിലെ എന്റെ രക്തമാകുന്നു. എന്നെ വിശ്വസിക്കുന്ന ഓരോരുത്തരുടെയും പാപമോചനത്തിനുവേണ്ടി നിങ്ങൾ എല്ലാവരും ഇതു വാങ്ങി പാനം ചെയ്വീൻ. ഞാൻ വീണ്ടും വരുന്നതുവരെയ്ക്കും എന്റെ മരണത്തിന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്വീൻ'' എന്ന് നീ അവരോടു കല്പിച്ചു. അനന്തരം നീ അവരെ പിതാവിന് ഏല്പിച്ചുകൊടുത്ത് മത്സരക്കാരന്റെ ഏല്പിച്ചുകൊടുക്കൽ, ശിഷ്യന്മാരിൽ തലവന്റെ ഉപേക്ഷണം, എഴുതപ്പെട്ടിരിക്കുന്ന പ്രകാരമുള്ള ഓടിപ്പോക്ക് എന്നിവയെ നീ അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. പഴയ കാര്യങ്ങൾക്കു നീ സമാപ്തി വരുത്തി. നിത്യജീവനും മരണമില്ലായ്മയും അനശ്വരത്വവും നൽകുന്ന

www.malankaralibrary.com

പുതിയ നിയമത്തെ നീ ഏർപ്പെടുത്തി. പുതിയതും കർത്താവി ന്നടുത്തതുമായ പെരുനാറം എത്രയൊ വിസ്മയനീയമാകുന്നു. ഹാ! വിസ്മയനീയവും അവർണ്ണനീയവുമായ രഹസ്യം എത്ര യൊ അതിശയനീയമാകുന്നു. ഹാ! അവർണ്ണനീയമായ ശ്രേഷ്ഠത എത്രയൊ വിസ്മയനീയമാകുന്നു. ഹാ! അപരിമിതമായ മനുഷ്യ സ്നേഹം എത്രയൊ അതിശയനീയമാകുന്നു. ഹാ! തന്റെ രഹ സ്യത്താൽ ഭക്ഷിക്കപ്പെടുന്ന ന്യായപ്രമാണത്തിലെ കുഞ്ഞാടിനെ ഭക്ഷിച്ച സ്വർഗീയ കുഞ്ഞാട് എത്രയൊ വിസ്മയനീയനാകുന്നു. ഹാ! ഞങ്ങളുടെ രക്ഷയുടെ രഹസ്യം നിറവേററിയതായ പുളിപ്പി ല്ലാത്ത അപ്പത്തിന്റെ വലിയനാറം എത്രയൊ വിസ്മയനീയ മാകുന്നു. ഹാ! ഒരു വയസ്സുള്ള കുഞ്ഞാട് അതിൽവെച്ച് ഭക്ഷിക്ക പ്പെടുകയും തന്റെ ബലിയാൽ ലോകത്തിന്റെ പാപത്തെ നീക്കി ക്കളയുന്ന ജീവനുള്ള ദൈവത്തിന്റെ കുഞ്ഞാട് അതിൽവെച്ച് ഭക്ഷിക്കപ്പെടുകയും ചെയ്ത രഹസ്യപൂർണ്ണമായ മാളിക എത്ര യൊ വിസ്മയനീയമാകുന്നു. ഇന്നു പുണ്യമുള്ള പ്രധാന പുരോ ഹിതനായ മൽകീസദേക്കിന്റെ ദൃഷ്ടാന്തമായി അപ്പത്താലും വീഞ്ഞാലും ജീവന്റെ അപ്പം സ്വർഗത്തിൽനിന്നു കൂദാശവഴി യായി നമുക്കു ഭരമേല്പിക്കപ്പെട്ടു. ഇന്നു നാം എല്ലാവരും ശുദ്ധീ കരണപ്പെരുനാളും പാപപരിഹാരപ്പെരുനാളും കൊണ്ടാടണം. ആയതു തിന്മയും കൈയ്പുമാകുന്ന പഴയ പുളിമാവു കൊണ്ടല്ല വെടിപ്പും വിശുദ്ധിയുമാകുന്ന പുളിമാവുകൊണ്ടു ഘോഷി ക്കണം. ഇന്നു പഴമയിൽനിന്നു പുതുമയിലേക്കും മരണത്തിൽ നിന്നു മരണമില്ലായ്മയിലേക്കും ദാസവൃത്തിയിൽനിന്നു കർത്തൃ സ്വാതന്ത്ര്യത്തിലേക്കും ആടുകളിലെ കുഞ്ഞാടിൽനിന്നു ദൈവ ത്തിന്റെ കുഞ്ഞാടിലേക്കും മാററം നൽകിയ പരിശുദ്ധവും കർത്താ വിന്നടുത്തതും ആയ പെസഹാ പെരുനാളിനെ നാം കൊണ്ടാടണം. ഇന്നു അവിശ്വാസത്തിൽനിന്നു വിശ്വാസത്തിലേക്കും വഴിതെററിൽനിന്നു സത്യവഴിയിലേക്കും ഉള്ള ആത്മികമാററം നമുക്കു ണ്ടായി. ഇന്നു അക്ഷയമായ യഥാർത്ഥ ജീവനെ നാം കണ്ടെത്തി. ഇന്നു മാളികയിൽവച്ചു കഴിക്കപ്പെട്ട രക്തരഹിതമായ നിഷ്ക്ക ളങ്ക ബലിയാൽ മൂകജന്തുക്കളെ വെട്ടിക്കൊല്ലുന്ന ആയുധം ലേവ്യ ഭവനക്കാരിൽനിന്നു വിട്ടുപിരിഞ്ഞു. ഇന്നു് എല്ലാ രക്തങ്ങളും തന്റെ രഹസ്യത്താൽ ഛിന്നപ്പെട്ടിരുന്നതായി സംസാരശക്തി യുള്ളതും രക്തമില്ലാത്തതുമായ കുഞ്ഞാടിന്റെ ബലിയാൽ സീയോൻ ദൈവാലയത്തിൽനിന്നു രക്തച്ചൊരിച്ചിലും ചാരം വിതറലും നിർത്തപ്പെട്ടു. ഇതു ഹേതുവായിട്ടു മുതനെപ്പോലെ നിന്റെ ശരീരവും രക്തവും ഞങ്ങറംക്കു ഭാഗിച്ചു തരികയും ജീവനുള്ളവനെപ്പോലെ അതിൽനിന്നു ഭക്ഷിക്കയും കുടിക്കയും ചെയ്തവനായ ഞങ്ങളുടെ മിശിഹാതമ്പുരാനെ! നിന്നോടു ഞങ്ങറം അപേക്ഷിക്കുന്നു. നീ ജീവിച്ചിരിക്കുന്നവനും മരിച്ചവനും

www.malankaralibrary.com

കൊല്ലപ്പെട്ടവനും ജീവദാതാവും ആണെന്നു ഞങ്ങൾ അറിയുന്നു. നിന്റെ പരിശുദ്ധമായ ശരീരത്തിന്റെയും രക്തത്തിന്റെയും ചൈതന്യപ്രദമായ അംഗീകരണത്തിന് ഇപ്പോൾ ഞങ്ങളെ അർഹരാക്കേണമെ. സംഹാരകൻ അകത്തുകടന്നു ജീവകരമായ നിന്റെ കഷ്ടാനുഭവത്തേയും മരണത്തേയും കുറിച്ചുള്ള നിർമ്മല വിചാരങ്ങളാകുന്ന ഞങ്ങളുടെ ആത്മാക്കളിലെ ആദ്യജാതന്മാരെ നശിപ്പിക്കാതിരിപ്പാനായിട്ട് അവനിൽനിന്നു ഞങ്ങൾ രക്ഷിക്കപ്പെടുമാറാകണമെ. വിനയമാകുന്ന അരക്കച്ച കെട്ടിയും കാലുകളിൽ സമാധാനമാകുന്ന ചെരിപ്പിട്ടും നിന്റെ ജയമുള്ള സ്ളീബായാകുന്ന വടിയെ അവലംബിച്ചും അതിനെ ഭക്ഷിപ്പാൻ ഞങ്ങളെ അർഹരാക്കണമെ. സത്യഉപ്പ് ചേർത്ത് സ്നേഹാഗ്നിയിൽ ഉജ്വലിപ്പിച്ച് നിഷ്ക്കളങ്കമായ സത്യവിശ്വാസത്താൽ യാതൊരു സംശയവും കൂടാതെ ഞങ്ങൾ അതിനെ കൈക്കൊള്ളുമാറാകേണമെ. കർത്താവേ സകല പഴക്കത്തിൽനിന്നും ഒഴിഞ്ഞു നിത്യവും പുതുതായി നിന്നെ ഭക്ഷിപ്പാനും നിന്റെ രാജ്യത്തിൽ പുതുതായി നിന്നെ പാനം ചെയ്യുവാനും ഞങ്ങളെ അർഹരാക്കേണമെ. അവിടെ ഞങ്ങൾ നിനക്കു സ്വർഗീയരായ കുററമില്ലാത്ത ആടുകളേയും മലിനതയില്ലാത്ത പരമാത്ഥികളായ കുഞ്ഞാടുകളേയും നിർമ്മലങ്ങളായ പാനീയനിവേദ്യങ്ങളേയും വെടിപ്പുള്ള പ്രാവുകളേയും ചെങ്ങാലികളേയും ബലികഴിക്കുമാറാകേണമെ. ഇവിടെയും അവിടെയും ആ മാഞ്ഞുപോകാത്ത ലോകത്തിലും ആനന്ദകരമായ പെസഹായാകുന്ന നിന്നിൽ ഞങ്ങൾ സന്തോഷിച്ച് ആനന്ദിച്ച് ആഹ്ളാദിക്കുമാറാകേണമെ. ഞങ്ങളും ഞങ്ങളുടെ മരിച്ചവരും നിന്നിൽ നിദ്ര പ്രാപിച്ച വിശ്വാസികളായ സകല മരിച്ചവരും നിനക്കും, ഞങ്ങൾക്കുവേണ്ടി ചൊരിഞ്ഞ നിന്റെ രക്തത്താൽ യോജിപ്പിച്ച നിന്റെ പിതാവിനും, സാരാംശത്തിൽ നിനക്കു തുല്യനായിരിക്കുന്ന പരിശുദ്ധാത്മാവിനും, സന്തോഷത്തോടെ സ്തുതിയും ആനന്ദത്തോടെ കീർത്തനവും ആഹ്ളാദത്തോടെ പുകഴ്ചയും ഞങ്ങൾ കരേററുമാറാകണമെ. ഹോശോ........

## എത്രോ

ദൈവമായ കർത്താവെ! ഈ പെരുനാളിൽ ഞങ്ങൾ തിരുമുമ്പിൽ സമർപ്പിച്ച ഈ ധൂപത്തെ ഹാബേലിന്റെ കാഴ്ച പോലെയും നോഹിന്റെ നിവേദ്യംപോലെയും അബ്രഹാമിന്റെ ബലിപോലെയും മൽകിസദേക്കിന്റെ പുരോഹിത കർമ്മം പോലെയും മോശയുടെ പ്രാത്ഥനപോലെയും അഹറോന്റെ ധൂപം പോലെയും ഫിനഹാസിന്റെ കാര്യവിചാരം പോലെയും ദാവീദിന്റെ അപേക്ഷപോലെയും മനശ്ശെയുടെ കണ്ണുനീരു പോലെയും നീ കൈക്കൊള്ളണമെ. എന്റെ നാഥാ ഞങ്ങളുടെ കടങ്ങളുടെ

www.malankaralibrary.com

മോചനത്താലും ഞങ്ങളുടെ വേദനകളുടെ സൗഖ്യത്താലും ഞങ്ങളുടെ ആത്മാക്കളുടെ കാവലാലും ഞങ്ങളുടെ മരിച്ചവരുടെ പുണ്യത്താലും ഞങ്ങളെ ആനന്ദിപ്പിക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കീർത്തനവും കരേററുമാറാകേണമെ. ഹോശോ................

# സൂത്താറാ

## പ്രുമിയോൻ

താൻമാത്രം പൂർണ സത്യസ്നേഹമായിരിക്കുന്നവനും തന്റെ പ്രജാവാത്സല്യംമൂലം ആകാശത്തുനിന്ന് ഇറങ്ങിവന്ന് ഭൂമിയിൽ ഭരണപ്രകാരം സഞ്ചരിച്ചവനും എഴുന്നേററുനിന്നു തന്റെ അരയിൽ ത്തുവാലകെട്ടി തന്റെ ശിഷ്യന്മാരുടെ കാലുകളെ കഴുകിക്കൊണ്ടു താഴ്മയേയും പരിപൂർണതയുടെ പ്രശസ്ത മാർഗത്തെയും തങ്കൽ കാണിക്കയും ചെയ്തവനും ആയ തനിക്കു സ്തുതി. തനിക്ക്........

## സെദ്റൊ

അദൃശ്യങ്ങളും ദൃശ്യങ്ങളും ആയവയെ തന്റെ വചനത്താൽ നിർമ്മിച്ചവനും അനാദ്യന്തമായ തന്റെ ശക്തിയാൽ എല്ലാററിനേയും ഉള്ളതിലേക്കു കൊണ്ടുവരുന്നവനും ആയ ഞങ്ങളുടെ മ്ശീഹാതമ്പുരാനെ, നീ വിശുദ്ധിയുടേയും പ്രകാശത്തിന്റെയും ജീവന്റെയും നീതിയുടെയും ശുചിത്വത്തിന്റെയും ഉറവയാകുന്നു. നീ ഞങ്ങളുടെ നിമിത്തം ഭേദംകൂടാതെ ശരീരിയായിത്തീരുകയും ഞങ്ങൾക്കുവേണ്ടി അപമാനങ്ങളും അധിക്ഷേപങ്ങളും അപഹാസങ്ങളും സഹിക്കയും ചെയ്തു. സ്വർഗീയ സൈന്യങ്ങളാൽ നീ ശുശ്രൂഷിക്കപ്പെടുമ്പോൾ മനുഷ്യരെ രക്ഷിപ്പാൻവേണ്ടി ശുശ്രൂഷകനായി കാണപ്പെട്ട് അറിവില്ലാത്തവരും മൂഢന്മാരുമായ ശിഷ്യരെ അനേകരിൽനിന്നും നീ തിരഞ്ഞെടുത്ത് അവർക്കു പുണ്യോപദേശം നൽകിയതിനാൽ നിന്റെ മനുഷ്യസ്നേഹംമൂലം ഇതിനെ നീ നിവർത്തിച്ചു. രഹസ്യപൂർണമായ മാളികയിൽ അവരോടുകൂടി ഭക്ഷണത്തിനിരുന്ന് പരിശുദ്ധ പെസഹായെ ഭക്ഷിച്ചു. ഗൂഢസംഗതികൾ വെളിപ്പെടുത്തിക്കാണിച്ചുകൊണ്ട് താഴ്മയുടെ മാതൃകയെ നിന്നിൽതന്നെ ആദ്യമായി നീ അവർക്കു കാണിച്ചുകൊടുത്തു. പിന്നീടു ശുശ്രൂഷകനെപ്പോലെ അത്താഴത്തിൽനിന്നും എഴുന്നേററുനിന്നു ത്തുവാല നിന്റെ അരയിൽ ചുററി പാത്രത്തിൽ വെള്ളമൊഴിച്ചു അവരുടെ കാൽ കഴുകി യഥാർത്ഥമായ ദൃഷ്ടാന്തം നീ അവരെ

www.malankaralibrary.com

ഏൽപ്പിച്ചുകൊടുത്തു. എന്നാൽ ഇളയവനിൽനിന്നു് ആരംഭിച്ചു് ഒടുവിൽ പത്രോസിൻെറ അടുക്കൽ ചെന്നു താഴ്മയുടെ മാതൃകയെ ഞങ്ങളെ കാണിച്ചു പഠിപ്പിച്ചു. ഇവയാൽ സ്നേഹൈക്യത്തെയും അന്യോന്യമുള്ള ക്ഷമയുടെ സംബന്ധത്തെയും വിതച്ചു. ഇപ്രകാരം ഞങ്ങളും പരസ്പരം കടപ്പെട്ടിരിക്കുന്നുവെന്നു നീ ആജ്ഞാപിച്ചു. അവർ ഇതിനെ കൈക്കൊണ്ടിട്ടു് അസൂയകൂടാതെ ഞങ്ങളേയും ഏൽപിച്ചു. അതിനാൽ അവരെപ്പോലെ ഞങ്ങൾ വർത്തിച്ചു് നിൻെറ നന്മയോടു അപേക്ഷിക്കുന്നതെന്തെന്നാൽ ഞങ്ങൾ ചെയ്ത പിഴകൾ നീ വിസ്മരിച്ചു കളയണമെ. വേശ്യാസ്ത്രീയ്ക്കു നൽകിയ പ്രകാരം അവയ്ക്കെല്ലാം മോചനം ഞങ്ങൾക്കു് നൽകണമെ. നിൻെറ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഞങ്ങളെ നീ ക്രമീകരിക്കേണമെ. ഈ ദിവസത്തെ ഈ കഴുകൽ ഞങ്ങൾക്കു ദേഹാത്മാക്കളുടെ സകലമാലിന്യത്തിൽ നിന്നുമുള്ള ശുദ്ധീകരണമായിത്തീരണമെ. എല്ലാ ദുഃഖത്തേയും കോപത്തേയും ദൂഷണത്തേയും ഏഷണിയേയും വെറുപ്പിനേയും അസൂയയേയും ഭിന്നതകളേയും ദുഷ്കൃത്യങ്ങളേയും ഞങ്ങളിൽനിന്നകററിക്കളയണമെ. ഞങ്ങളുടെ അകത്തെ മനുഷ്യനെ പുതുതാക്കി ജീവനും വിശുദ്ധിയുമുള്ള നിൻെറ ആത്മാവാൽ ശുദ്ധീകരിക്കേണമെ. തലവന്മാരും അവക്കു താഴെയുള്ളവരും വലിയവരും ചെറിയവരും ആയി നിൻെറ ദാസരായ ഞങ്ങൾ ആത്മികമായും സ്നേഹപരമായും പരസ്പരം സഹിച്ചും അന്യോന്യം സ്തുതിക്കപ്പെട്ടും പലതരം സ്തുത്യപ്രയത്നങ്ങളെ പരസ്പരം വിഭജിച്ചും ഞങ്ങളുടെ അവയവങ്ങൾപോലെ തമ്മിൽ തമ്മിൽ ആലിംഗനം ചെയ്യുവാൻ തക്കവണ്ണം നീ ഞങ്ങൾക്കു കൃപ നൽകണമെ. ഞങ്ങൾ എല്ലാവരും ഒരുമിച്ചു് നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുമാറാകണമെ. ഹോശോ................

# രാത്രി

## ഒന്നാം കൌമാ

## പ്രുമിയോൻ

സകല പെസഹാകളും തന്നെ രൂപീകരിക്കയും സകല പെരുനാളുകളും തന്നെ ദൃഷ്ടാന്തീകരിക്കയും സകല രഹസ്യങ്ങളും തന്നെ രേഖപ്പെടുത്തുകയും സകല ഉത്സവങ്ങളും തന്നെ പുകഴ്ത്തുകയും സകല വാകളും തന്നെ സ്തുതിക്കയും സകല നാവുകളും തന്നെ ഏററുപറഞ്ഞു് വർണിക്കയും ചെയ്യുന്ന ജീവനുള്ളവനും സകല

www.malankaralibrary.com

ത്തേയും ജീവിപ്പിക്കുന്നവനും ആയ പെസഹാ ആയ തനിക്കു സ്തുതി. നല്ലവനായ തന്നെ ഈ നേരത്തിൽ...........ഓത്ത് മഹത്വപ്പെടുത്തണം.

## സെദ്റൊ

പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടി എല്ലാററിൻേറയും ദൈവവും സ്രഷ്ടാവുമായിരിക്കുന്ന മിശിഹാതമ്പുരാനെ! നിൻെറ സ്നേഹത്താൽ തിരുവുള്ളംതോന്നി മനുഷ്യസൃഷ്ടിയെ മരണത്തിൽനിന്നും പാപത്തിൽനിന്നും രക്ഷിപ്പാനായി വിവാഹത്താൽ പരീക്ഷിക്കപ്പെടാത്ത കന്യകയിൽനിന്നു പകർച്ചകൂടാതെ നീ മനുഷ്യനായിത്തീർന്നു. മോശയുടെ ന്യായപ്രമാണം സ്ഥാപിച്ചവനായിരിക്കെ ന്യായപ്രമാണമില്ലാത്ത ജാതികളുടെ ശാപത്തിൽനിന്നു് അകന്നവൻ ആയിത്തീരുവാനും അവർ നീ മുഖാന്തരം അനുഗൃഹീതരാകുവാനും ആയിട്ട ന്യായപ്രമാണ സംബന്ധമായുള്ളവയുടെ നിവൃത്തിയെ നിൻെറ ദേഹത്താൽ നീ കാണിച്ചു. എങ്ങനെ എന്നാൽ ജീവൻെറ സുവിശേഷം നിമിത്തം അന്യന്മാരെപ്പോലെ ആയിത്തീരാതിരിപ്പാനായിട്ടു മാർഗത്തിൻെറ ആരംഭത്തിൽ നീ ചേലാകർമം കഴിച്ചു അബ്രഹാം ഭവനക്കാരുടെ അടയാളം നിൻെറ ദേഹത്തിൽ നീ വഹിച്ചു. എന്നാൽ ഞങ്ങൾക്കു പൂർണമോചനം നൽകുവാനും വെള്ളത്താൽ അപഹരിക്കപ്പെടാത്ത ഭണ്ഡാരത്തെ ഞങ്ങൾക്കു സ്ഥാപിപ്പാനുംവേണ്ടി സകല പാപങ്ങളിൽനിന്നും പിഴകളിൽനിന്നും അകന്നിരിക്കുന്നവനെ വ്യാപാരത്തിൻെറ മദ്ധ്യത്തിൽ നീ നീതിയെ നിവൃത്തിക്കയും അനുതാപത്തിൻെറ മാമോദീസാ സദയം സ്വീകരിക്കയും ചെയ്തു. എന്നാൽ നിൻെറ സകല വ്യാപാരത്തിൻേറയും അവസാനത്തിൽ മോശൈക പെസഹായെ കഴിപ്പാൻ നിനക്കു് ഇഷ്ടമാകയും രഹസ്യസമ്പൂർണമായ കുഞ്ഞാടിനെ നിൻെറ ശിഷ്യന്മാരോടുകൂടെ ഭക്ഷിപ്പാൻ നീ ആഗ്രഹിക്കയും ചെയ്തു. ദൈവത്തിൻെറ ജീവനുള്ള കുഞ്ഞാടാകുന്ന നിന്നെ ഇത് അതിശയനീയങ്ങളായ അതിൻെറ സൂചനകളാൽ സ്ഥിരമായി രൂപപ്പെടുത്തുകയും അതിൻെറ ഗൂഢചരിതങ്ങളാൽ മുഴുവനായി നിൻെറ സ്വരൂപത്തെ വരച്ചുകാണിക്കയും ചെയ്തിരുന്നു. പഴയ ന്യായപ്രമാണത്തിലുള്ള സകലത്തേയും പൂർണമായി നിവൃത്തിപ്പാനും അതിനെ ന്യായമായി വീണ്ടെടുക്കുവാനും ഞങ്ങൾക്കു പുതുക്കം നൽകുവാനും നിൻെറ ശ്ലീഹന്മാർക്കു വിശുദ്ധ ശരീരം വിഭജിച്ചു കൊടുത്തു ഭക്ഷിപ്പിപ്പാനും നിൻെറ കർതൃരക്തം അവരെ കുടിപ്പിപ്പാനും അതിനാൽ നിൻെറ സഭയ്ക്കു പുതിയ ഉടമ്പടി എഴുതുവാനും കുരിശുമരണത്തിനൊരുങ്ങുവാനും ഞങ്ങൾക്കു പൂർണ രക്ഷ ഉണ്ടാക്കുവാനും ആയി നീ പെസഹായെ അനു

www.malankaralibrary.com

ഷ്ഠിച്ചു. ഉയരവും ആഴവും സകലവും നിന്നാൽ നിറഞ്ഞിരിക്കുന്നവനെ— ജീവന്റെ തലവനെ—നിന്റെ തല ചായിപ്പാൻ സ്ഥലമില്ലാഞ്ഞിട്ട് ഇതിനുവേണ്ടി ഒരു ഭവനം നീ ആവശ്യപ്പെടുകയും നിന്റെ പരിചാരകന്മാർ നിന്റെ കൃത്യത്തിനു തക്കതായ ഒരു സ്ഥലം അന്വേഷിച്ചുണ്ടാക്കയും ചെയ്തു. അവിടെ നിനക്കു യോഗ്യമായിരുന്ന പ്രകാരം സകലവും ഒരുക്കിയശേഷം നിന്റെ കൃപയോടും സ്നേഹത്തോടുംകൂടി ഭക്ഷണത്തിനിരുന്നു സകലവും ശാന്തമായി ആചരിച്ചു. നിന്റെ മനുഷ്യസ്നേഹം മൂലം നിന്റെ ശിഷ്യന്മാരുടെ കാലുകളെ നീ കഴുകി താഴ്മയാൽ സ്നേഹത്തിന്റെ പുതിയ മാർഗം അവരെ കാണിക്കയും അവർ മുഖാന്തരം ഞങ്ങളെ ഏല്പിക്കയും ചെയ്തു. അപ്പം മുക്കി കൊടുത്തു വഞ്ചകനായ യൂദായെ നീ ലജ്ജിപ്പിച്ചു. മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവെ ഇപ്പോഠ നിന്റെ കരുണയോടു പ്രാർഥിക്കുന്നതെന്തെന്നാൽ! ഞങ്ങളെ ഏൽപിച്ചു നിന്റെ ദൈവിക ചുമതലകളെ ഞങ്ങളിൽ നീ പുതുതാക്കേണമെ. നിന്റെ വിശുദ്ധാത്മാവിന്റെ ആവാസത്താൽ ഞങ്ങളുടെ ആത്മാക്കളെ ശക്തിപ്പെടുത്തണമെ. നിന്നോടും തമ്മിൽ തമ്മിലും ഉള്ള നിഷ്കളങ്ക സ്നേഹം ഞങ്ങളുടെ മനസ്സിൽ നിറയ്ക്കണമെ. തിന്മയും കൈപ്പുമാകുന്ന പുളിമാവുകൊണ്ടല്ല നിനക്കു പ്രീതികരമായ വെടിപ്പും വിശുദ്ധിയും ആകുന്ന പുളിമാവാൽ രക്ഷയ്ക്കായുള്ള പെരുനാളിനെ വെടിപ്പോടെഘോഷിക്കുന്നതിനു യോഗ്യരായിത്തീരുവാൻ തക്കവണ്ണം നിന്റെ വിശുദ്ധ പെസഹായുടെ ആനന്ദത്താൽ ഞങ്ങളുടെ ദുഃഖത്തെ ആനന്ദമാക്കിത്തീർക്കണമെ. മുകളിലെ എല്ലാ പെരുനാളാഘോഷക്കാരോടും അഗ്നിസൈന്യങ്ങളോടും പുണ്യാത്മാക്കളോടുംകൂടി ഞങ്ങഠ സന്തോഷിച്ചു ആനന്ദിച്ച് ആഹ്ളാദിച്ചു നിനക്കു യോഗ്യമായിരിക്കുന്ന സ്തുതികഠ പാടുമാറാകണമെ. ഞങ്ങളും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരും നിന്റെ മഹത്വമുള്ള രണ്ടാമത്തെ എഴുന്നെള്ളത്ത് ഉണ്ടാകുന്നതായ അക്ഷയമായ ആ അന്ത്യപെരുനാളിൽ പ്രകാശവും വിവിധ സന്തോഷങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ മണവറയിലേക്കു നിന്റെ ഇഷ്ടം ചെയ്തിട്ടുള്ള എല്ലാവരോടുംകൂടി പ്രവേശിക്കുന്നതിനു ഞങ്ങഠ യോഗ്യരായിത്തീരണമെ. ഞങ്ങഠ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കീർത്തനവും കരേറുമാറാകണമെ. ഹോശോ....

## എത്രോ

എന്റെ നാഥാ! നിന്റെ രഹസ്യത്തെ ഇസഹാക്ക് സ്വന്ത ബലിയാൽ ദൃഷ്ടാന്തീകരിച്ചു. അബ്രഹാം ആ ദിവസം

www.malankaralibrary.com

കാണ്മാൻ ആഗ്രഹിച്ചു. മോശ തന്റെ ആട്ടിൻകുട്ടിയാൽ അതിനെ രൂപീകരിച്ചു. അതിന്റെ രക്തംമൂലം സംഹാരകനായ മരണത്തിൽനിന്നു ജനം വീണ്ടെടുക്കപ്പെട്ടു. എനിക്കു രഹസ്യം എന്റെ വീട്ടുകാർക്കും രഹസ്യം എന്നു ഉദ്ഘോഷിച്ചുകൊണ്ടു ഏശായാ തന്റെ ദീർഘദർശനത്താൽ അതിനെക്കുറിച്ചു പ്രസംഗിച്ചു. എന്റെ കർത്താവെ! നിന്റെ രഹസ്യങ്ങളാൽ ഞങ്ങളെ ശേഷക്കാരാക്കി ഞങ്ങൾ നിന്റെ ശരീരത്തിന്റേയും രക്തത്തിന്റേയും സംബന്ധികളായിത്തീർന്നു. ചൈതന്യപ്രദമായ നിന്റെ മരണത്തിൽ ഞങ്ങൾ സ്നാനം ചെയ്കയും നിന്റെ രാജ്യം നീ ഞങ്ങൾക്കു വാഗ്ദാനം ചെയ്യുകയും ചെയ്തു. നിന്റെ ദാനങ്ങളെ സൂക്ഷിപ്പാനും, നിന്റെ കല്പനകളെ അനുസരിക്കുന്നവരും നിന്റെ ഇഷ്ടം ചെയ്യുന്നവരും ആയിത്തീരുവാനും ഞങ്ങളെ അർഹരാക്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കുമാറാകണമെ.

# രാത്രി

## രണ്ടാം കൗമാ

## പ്രുമിയോൻ

ഉന്നതങ്ങളിൽ എല്ലാ സ്വർഗീയ സൈന്യവും വിറയലോടെ തനിക്കു ശുശ്രൂഷ ചെയ്കയും മേലുള്ള എല്ലാ കൂട്ടങ്ങളും ഭയത്തോടെ തന്റെ ഇഷ്ടം ചെയ്കയും ചെയ്യുന്നവനും തന്റെ പ്രകൃതിഗുണത്താലും മനുഷ്യസ്നേഹത്താലും താഴെയുള്ളവരുടെ അടുക്കലേക്കു ഇറങ്ങിവന്നു കൽപനലംഘനംമൂലം നശിച്ചിരുന്നവരെ കൂട്ടിച്ചേർപ്പാനും വൈരിയായ ആകൽക്കറുസായുടെ ദാസ്യത്തിൽനിന്നു സ്വാതന്ത്ര്യപ്പെടുത്തി വീണ്ടെടുപ്പാനും തിരുവുള്ളം തോന്നുകയും തന്റെ ദാസനാൽ അതായതു ശിഷ്യനാൽ ദുഷ്ടദാസന്മാർക്കു ദാസനെപ്പോലെ കൊലയ്ക്കായി വിൽക്കപ്പെടുകയും ചെയ്തവനും ആയ അനാദ്യന്തവചനമായവനു സ്തുതി. തനിക്കു....

## സെദ്റൊ

അത്യുന്നതനായി വചനമായിരിക്കുന്ന ദൈവമെ തിരുവിഷ്ടത്താൽ ഞങ്ങൾക്കുവേണ്ടി നീ സഹിച്ചിട്ടുള്ള വന്ദനീയങ്ങളും രക്ഷാകരങ്ങളുമായ കഷ്ടാനുഭവചരിതം വർണിക്കുവാൻ

www.malankaralibrary.com

ത്രാണിയുള്ള വാക്കോ നാവോ ആർക്കുള്ളു! അല്ലെങ്കിൽ ഞങ്ങളെ രക്ഷിപ്പാൻവേണ്ടിയുള്ള അവർണനീയമായ നിന്റെ പരിത്യാഗത്തിന്റെ അചിന്തനീയമായ ന്യായവിധികളെ പരിശോധിപ്പാനും ഉററുനോക്കി അറിവാനും ശക്തനായ ജ്ഞാനിയും വിദ്വാനും ആരുള്ളു? അല്ലെങ്കിൽ ഞങ്ങൾക്കുവേണ്ടിയുണ്ടായ നിന്റെ കീഴ്വഴക്കത്തിന്റെ ശ്രേഷ്ഠതയെ ഉൾക്കൊള്ളുവാൻ കഴിയുന്ന ബുദ്ധിയൊ വിചാരമൊ ഏതുള്ളു! മേലും താഴെയുമുള്ള എല്ലാ സൃഷ്ടികളും നിന്റെ ഉണ്മനിമിത്തം ചുളുങ്ങിവിറച്ചുകൊണ്ടിരിക്കെ നിന്റെ കൃപയെ നിരസിക്കുന്ന ദുഷ്ടന്മാരും മൽസരക്കാരും ആയ യഹൂദജനം ഭൂലോകം മുഴവൻ ഉള്ളംകൈയിൽവച്ചിരിക്കുന്ന നിന്നെ നശിപ്പിപ്പാൻ ഹന്നാ, കയ്യാപ്പാ എന്നീ പ്രധാന പുരോഹിതന്മാരുമായി ആലോചന നടത്തി. സ്വർഗത്തിൽ ജീവനുള്ള അഗ്നിയാകുന്ന നിന്റെ ജ്വാലയിങ്കൽനിന്നു വിറച്ചുകൊണ്ടു ശുശ്രൂഷിക്കുന്ന നിന്റെ ശുശ്രൂഷയ്ക്കായി നീ തിരഞ്ഞെടുത്തിട്ടുള്ള ശിഷ്യഗണത്തിൽ ഒരുവനായ യൂദസ്കറിയോത്താ അവന്റെ സ്വാതന്ത്ര്യംമൂലം ദ്രവ്യാഗ്രഹത്തിനടിമപ്പെട്ടു അപരിമിതമായ നിന്റെ ധനത്തെ ഉപേക്ഷിച്ചു സാത്താനാൽ പ്രേരിതനായി ഘാതകന്മാരുടെ അടുക്കലേക്കു ഓടിപ്പോയി. അവർ ശാന്തമായി അടങ്ങിയിരിക്കുമ്പോൾ അവരുടെ അടുക്കലേക്കു ചെന്നു് എനിക്കെന്തുതരുവാൻ നിങ്ങൾക്കു മനസ്സുണ്ടു്. നിങ്ങൾ അന്വേഷിക്കുന്ന നസ്രായനായ യേശുവിനെ ഞാൻ നിങ്ങൾക്കു ഏല്പിച്ചുതരാം. തന്റെ പ്രവൃത്തികൾകൊണ്ടു ശാബതിനെ ലംഘിക്കയും താനാണു ശാബതിന്റെ നാഥനെന്നു പറയുകയും ചെയ്തവനെ ഞാൻ നിങ്ങൾക്കേല്പിച്ചുതരാം. അതിനു നമ്മുടെ കരാർ എന്താണ്? നിങ്ങൾ എനിക്കെന്തു തരും. ഞാൻ ദൈവത്തിന്റെ പുത്രനും ഇസ്രായേലിന്റെ രാജാവുമാകുന്നുവെന്നു പറഞ്ഞവനെ ഞാൻ നിങ്ങൾക്കേല്പിച്ചുതരാം. ഞാൻ അവന്റെ ശിഷ്യനാണ്. അവനു എന്റെമേൽ വിശ്വാസമുണ്ടു് എന്നിങ്ങനെ പറഞ്ഞുകൊണ്ടു നിന്നെ അവർക്കു വിൽക്കുവാൻ (അതായതു ഏൽപിച്ചുകൊടുപ്പാൻ) അവരോടു പ്രതിജ്ഞ ചെയ്തു. അപ്പോൾ അവർ ഹൃദയാനന്ദത്തോടെ മുപ്പതു വെള്ളി ദീനാറ കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. അപ്പോൾ മുതൽ നിന്റെ തിരുനാമത്തിൽ രോഗികളെ സുഖപ്പെടുത്തുകയും പിശാചുക്കളെ ഒഴിപ്പിക്കയും മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്തവനും പത്രോസിനോടെന്നപോലെ സ്വർഗസിംഹാസനം അവനു വാഗ്ദാനം ചെയ്കയും ആകാശത്തിലും ഭൂമിയിലും അധികാരം കൊടുക്കയും ചെയ്തവനും രഹസ്യപൂർണമായ നിന്റെ അത്താഴത്തിൽ ചേർക്കയും അവന്റെ കാൽ കഴുകലിൽനിന്നു വിരോധിക്കാതിരിക്കയും പുണ്യമുള്ള നിന്റെ ശരീരവും രക്തവും കൈക്കൊള്ളുന്നതിൽനിന്നു അവനെ തള്ളിക്കളയാതിരിക്കയും ചെയ്ത

www.malankaralibrary.com

വനും ആയ നിന്നെ ഏൽപ്പിച്ചു കൊടുപ്പാൻ തക്കവും സമയവും നോക്കിക്കൊണ്ടിരുന്നു. പത്രോസിനും അവൻെറ കൂട്ടുകാർക്കു മുള്ള സകലവും നിൻെറ നേരെ കുതികാലുയർത്തിയവന് പ്രദാനം ചെയ്തവനായ ദൈവമെ നിൻെറ ദീർഘക്ഷമയും ദയയും എത്രയൊ വിസ്മയനീയമാകുന്നു. അവൻ സ്വന്തഇഷ്ടത്താൽ നിനക്ക് വിരോധമായി വഞ്ചന വിചാരിച്ച് നിന്നെ ഉപേക്ഷിച്ച് കുരിശിന്മേൽ തറയ്ക്കുന്നവരുടെ കൂട്ടത്തിൽ കൂടി. ''നിങ്ങളിൽ ഒരുവൻ ദുഷ്ടന്മാർക്ക് എന്നെ ഏൽപ്പിച്ചു കൊടുക്കാൻ ഒരുങ്ങിയിരിക്കുന്നു. നിങ്ങൾ ഭയപ്പെടരുത്. എന്നോടൊപ്പം പാത്രത്തിൽ കൈമുക്കുന്നവനാണ് അത് ചെയ്യുന്നത്. നിങ്ങൾ അവനെ സൂക്ഷിച്ചുകൊൾവീൻ. എന്നാൽ മൂന്നാം ദിവസം ഞാൻ ജീവിച്ചെഴുന്നേററ് നിങ്ങളെ സമാധാനത്താൽ സന്തോഷിപ്പിച്ച് ആനന്ദിപ്പിക്കയും പരിശുദ്ധാത്മാവിൻെറ കൃപകൊണ്ട് നിറയ്ക്കയും ചെയ്യും'' എന്നിങ്ങനെ പത്രോസിനോടും അവൻെറ മററു സഖിമാരോടും ഇതിനെക്കുറിച്ച് നീ അരുളിച്ചെയ്തു. ഞങ്ങളുടെ ആദ്യ സൃഷ്ടിയായ ആദാമിൻെറ എല്ലാ കടമയും ഏററെടുത്ത് ഞങ്ങളുടെ എല്ലാ പാപങ്ങളും നിൻെറ ദേഹത്തിൽ വഹിച്ച് കുരിശിൽ തറച്ചവനായ ദയാലുവും പ്രജാവത്സനമായ ഞങ്ങളുടെ മ്ശീഹാതമ്പുരാനെ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ നിൻെറ കുരിശിനാൽ രക്ഷിക്കപ്പെട്ടവരായ ഞങ്ങളെ പുതുക്കണമെ. ആദ്ധ്യാത്മികമായ നിൻെറ അത്താഴത്തിലെ ആനന്ദത്തിനും ഞങ്ങളുടെ സകല അധർമ്മങ്ങളുടേയും കഴുകലിനും പുണ്യമുണ്ടാകുന്നതായ നിൻെറ ശരീരത്തിൻേറയും രക്തത്തിൻേറയും ചൈതന്യപ്രദമായ സംബന്ധത്തിനും ഞങ്ങളെ നിൻെറ കൃപയാൽ അർഹരാക്കേണമെ. അരിഷ്ടനായ യൂദാ അനുഭവിച്ച ആശാഭംഗത്തിൽനിന്നു് ഞങ്ങളെ വീണ്ടുകൊള്ളണമെ. എന്നേക്കുമുള്ള നീതിയുള്ള ശിക്ഷാവിധിയിൽ നിന്നു് ഞങ്ങളെ രക്ഷിക്കേണമെ. ഞങ്ങളേയും ഞങ്ങളുടെ മരിച്ചവരേയും നിൻെറ പരിശുദ്ധന്മാരുടെ ഓഹരിക്കും നിൻെറ തോഴന്മാരുടെ ആനന്ദത്തിനു സ്വർഗരാജ്യത്തിൽ നിൻെറ അതിഥികളോടുകൂടിയുള്ള സന്തോഷത്തിനും ഞങ്ങളെ അർഹരാക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കീർത്തനവും കരേററുവാനായിട്ടു തന്നെ. ഹോശോ........

## എത്രോ

എൻെറ കർത്താവെ വിജയകരവും സഹായ പൂർണ്ണവുമായ നിൻെറ വലംകൈ വിശ്വാസികളായ നിൻെറ ജനത്തിന്മേൽ നീട്ടി നിൻെറ ഇടവകയിലെ സംഘത്തെ അനുഗ്രഹിക്കേണമെ. നിൻെറ തിരുമേനിയുടെ പ്രസാദത്തിനായി ഞങ്ങളുടെ

www.malankaralibrary.com

അരിഷ്ടകൈകളാൽ നിനക്കു സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ ധൂപം കൈക്കൊള്ളേണമെ. രക്ഷാകരമായ നിൻെറ കഷ്ടാനുഭവത്തിൻെറ ഈ ദിവസത്തിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും നിർമ്മലമായ ശബ്ദങ്ങളാലും ആത്മീയ ഗാനങ്ങളാലും നിൻെറ ദൈവത്വത്തിനു പാടി പുകഴ്ത്തുവാൻ ഞങ്ങളെ അർഹരാക്കണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററും. ഹോശോ........

# രാത്രി

## മൂന്നാം കൌമാ

## പ്രുമിയോൻ

ജഡത്തിൽ വെളിപ്പെട്ടുകയും ലോകത്തിൽ പ്രസംഗിക്കപ്പെട്ടുകയും വിശ്വസിക്കപ്പെട്ടുകയും ജാതികളാൽ അംഗീകരിക്കപ്പെട്ടുകയും ശിഷ്യരാൽ സംസാരിക്കപ്പെട്ടുകയും ശ്ലീഹന്മാരാൽ കാണിക്കപ്പെട്ടുകയും ചെയ്ത ഗൂഢവും അനിർവചനീയവും ആയിരിക്കുന്ന ആ രഹസ്യത്തിനു സ്തുതി. തനിക്കു........

## സെദ്റൊ

ഞങ്ങളുടെ രക്ഷിതാവായി രഹസ്യങ്ങളുടെ നാഥനായിരിക്കുന്ന മ്ശീഹാതമ്പുരാനെ ദീർഘദർശിമാരാൽ സൂചനയായി സംസാരിക്കപ്പെട്ടുകയും സൂചിപ്പിച്ചവർക്ക് ദൃഷ്ടാന്തമായി കാണപ്പെട്ടുകയും ദർശനക്കാരുടെ ഉദാഹരണത്താൽ പരസ്യമായി അറിയിക്കപ്പെട്ടുകയും ചെയ്തതിനാൽ നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. അബ്രഹാം നിൻെറ ദിവസം കാണ്മാൻ കാത്തിരുന്നു, കണ്ടു സന്തോഷിച്ചു. മലയുടെ മുകളിൽവച്ചു ഇസഹാക്കിനു പകരം ബലിയായിത്തീരുകയും ആയുധത്തിനു അവനെ രക്ഷിക്കയും ചെയ്ത ആട്ടിൻകുട്ടിയാൽ നിൻെറ മഹിമയുള്ള പ്രത്യക്ഷത അബ്രഹാമിനു കാണപ്പെട്ടു. വീണ്ടും സന്ധ്യക്കു വിധിക്കപ്പെട്ടു. ഇസ്രായേലിലെ ആദ്യജാതന്മാരെ രക്ഷിച്ച കുഞ്ഞാടിൻെറ രഹസ്യത്താൽ മോശക്കു തെളിവായി അറിയപ്പെട്ടു. ലോകത്തിൻെറ പാപത്തെ കുരിശു കൊണ്ട് ഏറെറടുത്ത ദൈവത്തിൻെറ ആട്ടിൻകുട്ടിയാകുന്ന നീ നിൻെറ ശിഷ്യന്മാരോടു കൂടെ ന്യായപ്രമാണത്തിലെ ആട്ടിൻകുട്ടിയെ ഭക്ഷിച്ചു. രഹസ്യപൂർണ്ണമായ പെസഹായെ നീ നിവർ

www.malankaralibrary.com

ത്തിക്കുകയും, ഉദാഹരണം നിറവേറി എന്നും നിഴൽ പൂർണ്ണമായി എന്നും പൊരുൾ കാണപ്പെടുവാനിരിക്കുന്നുവെന്നും എനിക്കു രഹസ്യം, എനിക്കും എന്റെ ഭവനക്കാർക്കും രഹസ്യം എന്നും, പുതിയ രഹസ്യം അവർക്കു കാണപ്പെടുമെന്നും അവരോടു അരുളിച്ചെയ്കയും ചെയ്തു. അതിനുശേഷം നിന്റെ തൃക്കൈകളിൽ അപ്പം എടുത്തു വാഴ്ത്തി മുറിച്ച് നിന്റെ രഹസ്യങ്ങളുടെ മക്കളായ ശ്ളീഹന്മാർക്ക് നീ കൊടുത്തു. ''ഇതു അനേകർക്കുവേണ്ടി മുറിക്കപ്പെടുകയും ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി കൊടുക്കപ്പെടുകയും ചെയ്യുന്നതായ എന്റെ ശരീരമാകുന്നു''വെന്നു നീ അരുളിച്ചെയ്തു. വീഞ്ഞിൽനിന്നും വെള്ളത്തിൽനിന്നും കലർത്തിയ കാസാ അവരെ കുടിപ്പിക്കയും ''ഇതു എന്റെ രക്തത്തിൽ പുതിയ നിയമത്തിലെ കാസായാകുന്നു, നിങ്ങൾ എല്ലാവരും സംശയിക്കാതെ വാങ്ങി കുടിപ്പീൻ, എന്തെന്നാൽ ഞാൻ എന്നെത്തന്നെ ബലികഴിച്ചു നിങ്ങൾക്കുവേണ്ടി എന്റെ ആത്മാവിനെ ശുദ്ധീകരിക്കയാകുന്നു. ഈ സമയം മുതൽ പഴയത് എല്ലാം അവസാനിച്ചു. സകലവും പുതിയതായി തീർന്നിരിക്കുന്നു. എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്‌വീൻ'' എന്നു അരുളിച്ചെയ്യുകയും ചെയ്തു. ഹാ! മഹാവലിയതും ചൈതന്യപ്രദവുമായ രഹസ്യം എത്രയൊ വിസ്മയനീയമായിരിക്കുന്നു! അതിനാൽ ഞങ്ങൾക്കു രക്ഷയുണ്ടായതായി ലോകത്തിന്റെ പാപത്തെ വഹിക്കുന്ന കുഞ്ഞാട് എത്രയൊ വിസ്മയനീയനാകുന്നു. തന്റെ കൊലയാൽ സ്വജനത്തെ സന്തോഷിപ്പിച്ച ശ്രേഷ്ഠമായ പെസഹാ എത്രയൊ വിസ്മയനീയമാകുന്നു. തന്നെ ബലി കഴിക്കുകയും തന്റെ മനസ്സോടെ ആട്ടിൻകുട്ടിയെപ്പോലെ ഘാതകന്മാരാൽ ബലികഴിക്കപ്പെടുമെന്നു അറിയിക്കയും ചെയ്ത ബലി എത്രയോ വിസ്മയനീയമാകുന്നു. വിവേകികൾക്കു ഈ രഹസ്യം വലിയതാകുന്നു. വിദ്വാന്മാർക്ക് ഈ ചരിത്രം വിസ്മയകരമാകുന്നു. സഭ ഈ പ്രദാനത്തെ അംഗീകരിക്കുകയും പുറജാതികളിൽനിന്നുള്ള സംഘം വിശ്വാസത്തോടെ ഈ രഹസ്യത്തെ കൈക്കൊള്ളുകയും ചെയ്തു. ഇതാ അവർ അതിനെ പാലിക്കുകയും അതിനാൽ എല്ലാ പ്രതികൂലങ്ങളിൽനിന്നും പാലിക്കപ്പെടുകയും ചെയ്യുന്നു. തന്റെ ജീവനുള്ള ശരീരം സംശയിക്കാതെ കുദാശവഴിയായി അവർ ഭക്ഷിക്കുകയും സ്നേഹത്തോടെ ചൈതന്യപ്രദമായ കാസായെ അങ്ങനെതന്നെ കുടിക്കയും ചെയ്യുന്നു. എന്റെ കർത്താവേ നിന്റെ വിശുദ്ധ കുദാശയാൽ ദുഷ്ടന്റെ അസൂയയിൽനിന്ന് അവർ കാത്തുരക്ഷിക്കപ്പെടണമെ. നിന്റെ ക്രൂശിനാൽ വഞ്ചകശിഷ്യന്റെ വഞ്ചനയിൽനിന്നു അവർ സ്വാതന്ത്ര്യപ്പെടുമാറാകേണമെ. നിന്റെ കൃപയാൽ അവർക്കു ശ്രേയസ്സുണ്ടാകണമെ. അത്താഴത്തിൽ നിന്റെ മാർവ്വിൽ ചാരിക്കിടന്ന യോഹന്നാനെപ്പോലെയും ചതിവാൽ നിന്നെ ഏല്പിച്ചു കൊടുക്കുന്നവൻ ആരാണെന്നു മനസ്സിലാക്കിയ

www.malankaralibrary.com

ശെമഓനെപ്പോലെയും നിന്റെ ക്ലദാശകളുടെ ഉപദേശം വഴിയായി നിന്റെ പ്രതിജ്ഞകളെ അറിവാൻ അവരം താല്പര്യപ്പെടുമാറാകേണമെ. സകല മലിനതകളിൽനിന്നും കറയിൽനിന്നും അവരം കഴുകപ്പെടുമാറാകേണമെ. പ്രിയപ്പെട്ട വിശുദ്ധ ശിഷ്യഗണം പോലെ നീ പ്രവർത്തിച്ചു കാണിച്ച വിനയവും ഐക്യവും സ്നേഹവും ദയയും അവരം സമ്പാദിക്കുമാറാകേണമെ. അവരം നിന്നോടൊരുമിച്ചു സന്തോഷിക്കുകയും നിന്റെ മോക്ഷരാജ്യത്തിൽ പുതുതായി ആഹ്ലാദിക്കയും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറുകയും ചെയ്യുമാറാകേണമെ. ഹോശോ...........

## എത്രോ

പ്രകൃതികരം തന്റെ കർത്തൃത്വത്തെ വിളിച്ചു പറകയുംലോകങ്ങരം തന്റെ ശ്രേഷ്ഠതയെ വിവരമറിയിക്കയും തന്റെ കൊലമൂലം സൃഷ്ടിയെ ഭ്രമിപ്പിക്കയും തന്റെ താഴ്മയാൽ പഞ്ചഭൂതങ്ങളെ ചലിപ്പിക്കയും ചെയ്ത സത്യനാഥനായുള്ളോവെ ഞങ്ങരം നിനക്കു സമർപ്പിച്ചിട്ടുള്ള ഈ ധൂപം കൈക്കൊള്ളണമെ. എന്റെ കർത്താവെ നിന്റെ താഴ്മയുടെ കാരണത്തേയും നിന്റെ ത്യാഗത്തിന്റെ വിസ്മയത്തേയും കുരിശിന്റെ ശക്തിയേയും മരണത്തിന്റെ മഹിമയേയും ഞങ്ങളിൽ ഉജ്ജ്വലിപ്പിക്കേണമെ. മൂകസ്വഭാവങ്ങരംക്കുപകരം വിശേഷബുദ്ധിയുള്ള ബലഹീനരായ ഞങ്ങരം നിന്റെ കർത്തൃത്വത്തെ വിവരമറിയിക്കയും ശ്രേഷ്ഠതയെ പ്രസംഗിക്കയും കൃപയെ സ്തുതിക്കയും നിന്റെ കരുണയെ വന്ദിച്ചു പുകഴ്ത്തുകയും ചെയ്യുമാറാകേണമെ. ഹോശോ...

## രാത്രി

### നാലാം കൗമാ

## പ്രുമിയോൻ

പുണ്യവാനും പരിശുദ്ധനും അവർണ്ണനീയനും പീഡാരഹിതനും മരണമില്ലാത്തവനും അക്ഷയനും സ്വേച്ഛയാ ഞങ്ങരംക്കു വേണ്ടി പീഡ അനുഭവിക്കയും തന്റെ പീഡയാൽ ഞങ്ങളുടെ പീഡകളെ പീഡിപ്പിക്കയും ഞങ്ങരംക്കുവേണ്ടിയുള്ള തന്റെ മരണത്താൽ ക്രൂരമരണത്തെ മരിപ്പിക്കയും ഞങ്ങരംക്കു ജീവനും നാശ

www.malankaralibrary.com

മില്ലായ്മയും മരണമില്ലായ്മയും പ്രദാനം ചെയ്കയും ചെയ്തവനും ആയ തനിക്കു സ്തുതി. തനിക്കു.........

## സെദ്റൊ

പ്രബലനും മഹത്വത്തിൽ മഹോന്നതനും ഭയങ്കരനും ബലവാനും ലോകപരാക്രമനും പരിശോധിക്കപ്പെടാവതല്ലാത്തവനും സങ്കല്പിപ്പാൻ വഹിയാത്തവനും സകല സൃഷ്ടികൾക്കും വർണ്ണിപ്പാൻ വഹിയാത്തവനും ആയ ഞങ്ങളുടെ മ്ശീഹാ തമ്പുരാനെ, നിന്റെ അദൃശ്യോന്നതങ്ങളിൽ നിന്നു കരുണയോടെ ഞങ്ങളുടെ ബലഹീനതയുടെ അടുക്കലേക്കു നീ ഇറങ്ങി വരികയും നിന്റെ കഷ്ടതകളാൽ ഞങ്ങൾക്കു കഷ്ടതയില്ലായ്മ നൽകുവാനും നിന്റെ മരണത്താൽ നാശമില്ലായ്മ ക്ഷണിച്ചു വരുത്തുവാനും ആയി ഞങ്ങൾക്കുവേണ്ടി കഷ്ടതകളും കുരിശും മരണവും സഹിക്കയും ചെയ്തു. ജീവനുണ്ടാക്കുന്ന നിന്റെ കുരിശാരോഹണത്തെക്കുറിച്ചും രക്ഷാകരമായ നിന്റെ മരണത്തെക്കുറിച്ചും മുൻകൂട്ടി അറിയിച്ച പരിശുദ്ധ ദീർഘദർശിമാരുടെയും രഹസ്യദർശികളുടേയും എല്ലാ സൂചനകളും ഉദാഹരണങ്ങളും ഉപമകളും നിന്റെ തിരുമേനിയിൽ നീ നിവർത്തിച്ചു. എങ്ങനെ എന്നാൽ ഒരുവൻ സന്ധ്യാസമയത്തു വധിക്കപ്പെട്ട ആട്ടിൻകുട്ടിയെക്കൊണ്ട് ഞങ്ങളുടെ രക്ഷയെ ഉദാഹരിച്ചു. മറ്റൊരാൾ ഇസഹാക്കിനെ രക്ഷിച്ചതായി വൃക്ഷത്തിൽ നിന്ന് ലഭിച്ച ആട്ടുകൊററനിൽ നിന്റെ ബലിയെ രൂപപ്പെടുത്തി. ഒരുവൻ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടി ബലികഴിക്കപ്പെടുന്ന ചുവന്ന പശുക്കുട്ടിയാൽ നിന്നെ ചിത്രമാക്കി. വേറൊരാൾ രോമംവെട്ടുന്നവന്റെ മുമ്പിൽ നിൽക്കുന്ന പെണ്ണാടിനെക്കൊണ്ടു നിന്നെ ഉപമിച്ചു. ഒരുവൻ ആട്ടിൻകുട്ടിയെ എന്നപോലെ വെട്ടുവാൻ കൂട്ടിക്കൊണ്ടുപോകുമെന്നു പ്രവചിച്ചു. വേറൊരുവൻ അധർമ്മികളോടുകൂടെ നീ എണ്ണപ്പെടുമെന്നു പ്രഖ്യാപനം ചെയ്തു. ഒരുവൻ ഇടയനെ അടിക്ക—അവന്റെ ആടുകൾ ചിതറിപ്പോകുമെന്ന് ഉദ്ഘോഷിച്ചു. വേറൊരുവൻ ഇസ്രായേലിന്റെ ഇടയനെ അവർ ചെകിട്ടത്തടിക്കുമെന്നു പ്രസംഗിച്ചു. ഒരുവൻ എന്റെ കൈകളും കാലുകളും അവർ കുത്തിത്തുളച്ചു എന്നു പാടി. വേറൊരുവൻ അവർ കുത്തിയവനിൽ സൂക്ഷിച്ചുനോക്കുമെന്നു ഉപദേശിച്ചു. ഒരാൾ, മ്ശീഹാരാജാവു കൊല്ലപ്പെടുമെന്നും അവന്റെ കൊലയാൽ വിശുദ്ധപട്ടണം നശിക്കുമെന്നും അറിയിച്ചു. വേറൊരാൾ പുണ്യവാന്റെ മരണം അവർ കാണുമെന്നും അവർ അദ്ദേഹത്തെ തിരിച്ചറികയില്ലെന്നും പറഞ്ഞു. ഒരാൾ ഇതാ നിങ്ങളുടെ ജീവൻ മരത്തിന്മേൽ ഇരിക്കുന്നു എന്നു സ്വന്തജനങ്ങളോടു സൂചിപ്പിച്ചു പറഞ്ഞു. മറ്റൊരാൾ അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിക്കയില്ലെന്നു ബോധ്യപ്പെടുത്തി. ഇതു ഹേതുവായിട്ട് അവരുടെ വചന

www.malankaralibrary.com

ങ്ങരം സത്യങ്ങളാകുന്നു എന്നു നീ കാണിക്കയും ന്യായപ്രമാണ ത്തിലെ ആട്ടിൻകുട്ടിയെ നിൻെറ ശിഷ്യന്മാരോടുകൂടി ഭക്ഷിക്കയും ചെയ്തു. വഞ്ചകശിഷ്യനാൽ ക്രൂരജനത്തിനു നീ ഏൽപ്പിച്ചു കൊടുക്കുകയും അധിക്ഷേപവും അപഹാസവും സഹിക്കയും ഒരു കുററക്കാരനെപ്പോലെ ന്യായവിധിസ്ഥലത്തുനിന്നു ചോദ്യം ചെയ്യ പ്പെടുകയും ദുഷ്പ്രവൃത്തിക്കാരനെപ്പോലെ പീഡയും മരണവും സഹിക്കയും ചെയ്തു. അത്യുന്നതങ്ങളിൽ രാജാധിരാജനും കിരീട ശില്പിയും ആയി നീ അറിയപ്പെട്ടിരിക്കുമ്പോരം, താഴെ അഗാധങ്ങളിൽവെച്ച് നിൻെറ തലയിൽ മുരംക്കിരീടം വയ്ക്കപ്പെട്ടു. അത്യുന്നതങ്ങളിൽ നിൻെറ ബഹുമാനത്തിന് അഗ്നിമയമായ തേരു് പൂട്ടപ്പെട്ടിരിക്കുമ്പോരം താഴെ അഗാധങ്ങളിൽ കുരിശുമര ത്തിന്മേൽ നീ തറയ്ക്കപ്പെട്ടു. മേലുള്ള ഉന്നതങ്ങളിൽ പിതാവി നോടും സാരാംശത്തിൽ തുല്യനായ റൂഹായോടുംകൂടി വന്ദിക്കപ്പെ ട്ടിരിക്കുമ്പോരം താഴെ അഗാധങ്ങളിൽ അന്യായക്കാരോടും ദുഷ് കൃത്യക്കാരോടുംകൂടെ നീ ഗണിക്കപ്പെട്ടു. ഇതു ഹേതുവായിട്ടു നിൻെറ ദയയ്ക്കു ഹൃദയംഗമങ്ങളായ സ്തുതികരം കരേററി പറയുന്നു. നിൻെറ ബലിയാൽ ഞങ്ങളുടെ വർഗ്ഗത്തെ ശുദ്ധീകരിച്ച സ്തുത്യ നായ ഞങ്ങളുടെ പ്രധാന പുരോഹിതനായിരിക്കുന്ന നിനക്കു സ്തുതി. ഞങ്ങളെ രക്ഷിപ്പാൻവേണ്ടി അറുപ്പിനു് ആട്ടിൻകുട്ടി യായിത്തീർന്ന ഉത്തമഇടയനായ നിനക്കു സ്തുതി. കഷ്ടത അനുഭവിച്ച നിനക്കു സ്തുതി. കുരിശിന്മേൽ തറയ്ക്കപ്പെട്ട നിനക്കു സ്തുതി. മരണമേററ നിനക്കു സ്തുതി. സംസ്ക്കാരം ചെയ്യപ്പെട്ട നിനക്കു സ്തുതി. ഉയിർത്തെഴു നേററ നിനക്കു സ്തുതി. അനുഗ്രഹപൂർണ്ണനും പ്രജാവത്സലനുമായ കർത്താവെ! നിന്നോടു ഞങ്ങരം അപേക്ഷിക്കുന്നതെന്തെന്നാൽ ഞങ്ങളുടെ അരിഷ്ടകൈകളിൽനിന്നു ഈ ധൂപത്തെ കൈക്കൊ ള്ളണമെ. നിൻെറ കഷ്ടതകരംക്കും മരണത്തിനും യോഗ്യമാ യിരിക്കുന്നപ്രകാരം ഇന്നും ഞങ്ങളുടെ ജീവിതാന്ത്യത്തിലും നിൻെറ സന്നിധിയിൽ കാണപ്പെടുവാൻ ഞങ്ങരംക്കു നീ കൃപ പ്രദാനം ചെയ്യണമെ. നിൻെറ പരിശുദ്ധ കഷ്ടാനുഭവങ്ങളാൽ ഞങ്ങളെ പീഡ ഇല്ലാത്തവരും വിജയികളും ആക്കേണമെ. സകല അശുദ്ധവികാരങ്ങളിൽനിന്നും അപമാനങ്ങളിൽ നിന്നും അപരാധ ങ്ങളിൽനിന്നും ഞങ്ങളെ സ്വതന്ത്രരാക്കേണമെ. രക്ഷാകരമായ നിൻെറ കഷ്ടാനുഭവങ്ങളെ ആസ്വദിക്കുന്നതിനാൽ ഞങ്ങളുടെ മനശ്ചാഞ്ചല്യത്തെ സമാധാനപ്പെടുത്തണമെ. ജീവനുണ്ടാകുന്ന തായ നിൻെറ മരണത്താൽ ഞങ്ങളുടെ ജഡമോഹങ്ങളെ അടക്കി മരിപ്പിക്കുമാറാകണമെ. ഞങ്ങരം നിൻെറ പുനരുത്ഥാനത്താലുള്ള ആനന്ദത്തിനും ചേച്ച്സ്സും സന്തോഷപൂർവ്വം വന്നുചേരുമാറാകണമെ. മരണമില്ലാത്ത ജീവനെക്കുറിച്ചുള്ള ആശയാൽ നിൻെറ പരിശുദ്ധ ന്മാരോടൊന്നിച്ചു ആനന്ദിക്കുമാറാകണമെ. നിൻെറ ആശയിൽ

www.malankaralibrary.com

ഉറങ്ങിപ്പോയ ഞങ്ങളുടെ മരിച്ചവരെ നിന്റെ രാജ്യത്തിൽ വിശ്ര മിപ്പിക്കയും നിന്റെ മണവറയിൽ ആനന്ദിപ്പിക്കയും ചെയ്യേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുമാറാകണമെ. ഹോശോ....

## എത്രോ

ഞങ്ങൾക്കുവേണ്ടി പിതാവായ ദൈവത്തിനു നിന്നെ ധൂപിപ്പിക്കയും നിന്റെ സ്ലീബായാൽ മരണത്തിൽനിന്ന് ജീവങ്കലേക്ക് ഞങ്ങളെ വിളിക്കയും ചെയ്ത പരിമളവാസനയും സുഗന്ധധൂപവുമായ മ്ശീഹാതമ്പുരാനെ! എന്റെ നാഥാ! ഇപ്പോഴും ഞങ്ങളുടെ നിസ്സാരമായ അപേക്ഷയിൽ ശ്രദ്ധിക്കേണമെ. പാപികളായ ഞങ്ങൾ നിനക്ക് സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധധൂപം കൈക്കൊള്ളേണമെ. നിന്റെ കരുണയാൽ കടങ്ങളുടേയും പാപങ്ങളുടേയും മോചനം ഞങ്ങൾക്കു നൽകണമെ. വിശ്വാസികളായ മരിച്ചവർക്കു ആദ്യന്ത ആശ്വാസവും പൂർണ്ണപുണ്യവും നൽകേണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവെ! ഞങ്ങളും അവരും നിനക്കു സ്തുതിയും കീർത്തനവും കരേററുമാറാകണമെ. ഹോശോ......

## പ്രഭാതം

## പ്രുമിയോൻ

ജീവനുള്ള ബലിയും ബലികളെ കൈക്കൊള്ളുന്നവനും ശുദ്ധീകരിക്കുന്ന സോപ്പായും വെടിപ്പാക്കുന്ന തളിപ്പും ഞങ്ങളെ രക്ഷിപ്പാനായിട്ട് ഗോഗുൽത്തായുടെ ഉയരത്തിൽ വച്ച് തന്നെത്താൻ ബലികഴിക്കപ്പെടുകയും തന്റെ ബലിയാൽ ഞങ്ങളുടെ ആത്മാക്കളെ പുണ്യമാക്കി ശുദ്ധീകരിക്കയും ആദരണീയനായ തന്നെ വന്ദിപ്പാൻ ഞങ്ങളെ ആകർഷിക്കയും തന്റെ വിജയിയായ കുരിശിനാൽ ഞങ്ങളെ രക്ഷിക്കയും ജീവകരമായ തന്റെ മരണത്താൽ ഞങ്ങളെ ജീവിപ്പിക്കയും തന്റെ മഹത്വമുള്ള ഉയിർപ്പാൽ ഞങ്ങളെ ഉയിപ്പിക്കയും ചെയ്തവനും ആയ തനിക്കു സ്തുതി. തനിക്കു....

## സെദ്റൊ

പിതാവായ ദൈവത്തിന്റെ ശക്തിയും ജ്ഞാനവും സാരാംശത്തിൽ തന്റെ പിതാവിനു് തുല്യനായിരിക്കുന്ന കതിരും കന്യകയിൽനിന്ന് ജഡമെടുത്തതിനാൽ സർവ്വസൃഷ്ടിയേയും ആനന്ദി

www.malankaralibrary.com

പ്പിച്ച ആനന്ദകരമായ പ്രകാശവും കഷ്ടതയും മരണവും കൈക്കൊള്ളുകയും കുററക്കാരനായ ആദാമിനോട് തന്റെ പിതാവിനെ ഇണക്കുകയും ചെയ്തവനായി ശ്രോസാപ്പേന്മാരുടെ സ്തുതികളെ കൈക്കൊള്ളുന്നവനും പാപികൾക്കുവേണ്ടി ബലിയായിത്തീരുവാനായിട്ട് തന്റെ സ്നേഹം തന്നെ ആകർഷിക്കയും പറുദീസായിലെ വൃക്ഷങ്ങളുടെ ഇടയിൽ വച്ച് സർപ്പം ഹൗവ്വായെ ചീററിവിളിച്ചു വരുത്തിയതായ ശണ്ഠയെ ശമിപ്പിക്കയും ചെയ്തവനായി ബലികളേയും കാഴ്ചകളേയും കൈക്കൊള്ളുന്നവനും തന്റെ ബലിയാൽ ഞങ്ങളുടെ ബലഹീനവർഗ്ഗത്തിനു പാപപരിഹാരം നൽകിയവനായ മഹത്വമുള്ള ആചാര്യനും സ്വർഗ്ഗസ്ഥനായ മഹാപുരോഹിതനും ഞങ്ങളെ പ്രഥമസ്ഥാനത്തേക്ക് കരേററുവാനായി ഞങ്ങളെപ്പോലെ ഞങ്ങളോടുംകൂടെ കാണപ്പെട്ട അദൃശ്യനും കാണപ്പെടാവതല്ലാത്തവനും മരണത്തിനു എതിരായി മാർഗ്ഗം ഉപദേശിച്ചു തരികയും തന്റെ പരിശുദ്ധ നടപടികളാൽ ഭൂമിയിൽനിന്ന് ശാപത്തെ നിർമ്മൂലമാക്കുകയും ചെയ്ത പീഡയില്ലാത്തവനും, മരണമില്ലാത്തവനും, ലോകത്തിൽ അത്ഭുതങ്ങൾ കാട്ടിയവനായ രോഗികളുടെ വൈദ്യനും മുറിവേററവരെ തുന്നിക്കെട്ടുന്നവനും രക്ഷാകരമായ എല്ലാ വ്യാപാരത്തിന്റേയും അന്ത്യത്തിൽ സ്വമനസ്സാലെ കഷ്ടാനുഭവത്തിനു ഒരുങ്ങുകയും രക്ഷാകരമായ കഷ്ടാനുഭവത്തിനു മുൻപ് ന്യായപ്രമാണത്തിലെ പെസഹാക്കുഞ്ഞാടിനെ ഇന്ന് നിങ്ങളോടുകൂടെ ഭക്ഷിപ്പാൻ ഞാൻ ഏററവും ആഗ്രഹിക്കുന്നു എന്ന് തന്റെ തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ ശിഷ്യന്മാരോട് മുൻകൂട്ടി അരുളിചെയ്തവനും ആയ യേശുമിശിഹാ നിനക്കു സ്തുതി. നിനക്ക് കീർത്തനം. ഇന്ന് നമ്മുടെ കർത്താവു തന്റെ ശിഷ്യന്മാരോട് നിങ്ങൾ പോയി എന്റെ കഷ്ടാനുഭവത്തിനു മുൻപ് ഈ പെസഹായെ നിങ്ങളോടൊരുമിച്ചു ഭക്ഷിപ്പാൻ എനിക്ക് മാളികയിൽ ഒരുക്കുവീൻ എന്ന് അരുളിച്ചെയ്തു. ഇന്ന് ആദിയിൽ തന്റെ ലോകമാകുന്ന ഭവനം പണിയുകയും ആകാശത്തെ അതിന്റെ വിതാനമായി വിരിക്കയും ഭൂമിയെ അതിന് അസ്തിവാരമാക്കി ഉറപ്പിക്കയും ആദാമിനെ കുടുംബങ്ങളുടേയും ഗോത്രങ്ങളുടേയും തലവനായി അതിൽ വസിപ്പിക്കയും ചെയ്തവന് ഒരു ചെറിയ ഭവനം തയാറാക്കപ്പെട്ടു. ഇന്ന് നീതിയുടെ സൂര്യൻ പുറപ്പെട്ടു പോകയും അന്ധകാരസ്ഥലത്ത് ചെന്ന് പെരുനാൾ ഘോഷിപ്പാനും രഹസ്യപൂർണ്ണമായ അത്താഴത്തിൽ കുഞ്ഞാടിനെ ഭക്ഷിപ്പാനും ആയി തന്റെ പ്രകാശമുള്ള ശിഷ്യന്മാരെ തന്നോടുകൂടെ കൂട്ടിക്കൊണ്ടു പോകയും ചെയ്തു. ഇന്ന് സന്ധ്യക്ക് തന്റെ രഹസ്യത്തിൻ മക്കളെ തന്റെ മേശയ്ക്കരികെ ഭക്ഷണത്തിന് ഇരുത്തി തന്റെ സഭയുടെ പുതിയ രഹസ്യം അവരെ പഠിപ്പിക്കയും സത്യമാർഗം അവരെ കാണിക്കയും ചെയ്തു. ഇന്ന് സ്വർഗീയ രാജാവ് തന്റെ അരയിൽ ഉറുവാല കെട്ടി ഭക്ഷണത്തിനിരിക്കുന്നവരുടെ മുൻപാകെ ശുശ്രൂ

www.malankaralibrary.com

ഷിച്ചു. ഇന്ന് ഞങ്ങളുടെ നാഥൻ ഒരു ദാസനെപ്പോലെ തുവാല കെട്ടി ശിഷ്യരുടെ മുൻപിൽ തലകുനിച്ച് അവരുടെ കാലുകളെ കഴുകുന്നതിനെ കണ്ടിട്ട് സ്വർഗ്ഗീയ സൈന്യങ്ങൾ വിസ്മയിച്ചു പോയി. ഇന്ന് അഴുക്കും ചെളിയും ചേർന്ന മണ്ണിനെ അതിന്റെ സ്രഷ്ടാവ് ആദരിക്കുന്നതു് കണ്ടിട്ട് നമ്മുടെ വർഗ്ഗത്തിനുനേരേ ഉയർന്ന അഹങ്കാരികളും മത്സരക്കാരും ആയ പിശാചുക്കൾ ലജ്ജിച്ചുപോയി. ഇന്ന് നമ്മുടെ കർത്താവ് ചെറിയ പെസഹാ ഭക്ഷിക്കയും നമുക്ക് വലിയ സത്യപെസഹാ ആയിത്തീരുകയും പെസഹായെ പെസഹായിൽ ചേർക്കയും പെരുനാളിനെ പെരുനാളിൽ കലർത്തുകയും ചെയ്തു. ഇന്ന് സന്ധ്യാസമയത്ത് നമ്മുടെ നാഥൻ പെസഹാക്കുഞ്ഞാടിന്റെ ഭക്ഷണത്തിൽ കയ്പു ചേർക്കയും ശ്ലീഹന്മാരുടെ പല്ലു് കയ്ച്ചു പോകയും ചെയ്തു. ഇന്ന് നിങ്ങളിലൊരുവൻ എന്നെ കുരിശിൽ തറപ്പിനും മരണത്തിനും ഏല്പിച്ചു കൊടുക്കുമെന്ന് അവരുടെ ഗുരു പറഞ്ഞു കേട്ടതിനാൽ പരിശുദ്ധ ശിഷ്യന്മാർക്ക് സന്ധ്യയും രാത്രിയും, വ്യസനവും ദുഃഖവും ഉള്ളതാക്കിത്തീർത്തു. അത്താഴം പീഡയോടും കയ്പോടും കൂടി കഴിച്ചു. ഇന്ന് നമ്മുടെ കർത്താവ് പഴയനിയമത്തെ മുദ്ര വെച്ച് പുതിയതിനെ രേഖപ്പെടുത്തി. വിശ്വാസമുള്ള കുടുംബക്കാരെ പഠിപ്പിപ്പാൻ തുടങ്ങി. ഇന്ന് നമ്മുടെ കർത്താവ് തന്റെ ശരീരം മുറിക്കയും രക്തം കലർത്തുകയും തന്റെ പന്തിരുവർക്കു വിഭജിച്ചു കൊടുക്കയും ഇത് പാപികൾ അവയാൽ നീതീകരിക്കപ്പെടുവാനും അനുതാപികൾ ശുദ്ധീകരിക്കപ്പെടുവാനും ആയിട്ട് പുതിയ ജീവന്റെ അച്ചാരമായി ഞാൻ നിങ്ങൾക്കു തരുന്ന എന്റെ വിശുദ്ധശരീരവും വിലയേറിയ രക്തവും ആകുന്നു എന്ന് അരുളിച്ചെയ്യുകയും ചെയ്തു. നീതിമാന്മാരും പുണ്യവാന്മാരും അതിനായി വാഞ്ഛിക്കയും അവരുടെ നല്ല ദർശനങ്ങൾകൊണ്ട് തന്റെ സദൃശങ്ങളെ രൂപീകരിക്കയും ചെയ്ത പരിശുദ്ധ രഹസ്യമിതാകുന്നു. സമാധാനബലിപോലെ വെട്ടുവാൻ കൊണ്ടുപോകപ്പെട്ട യഥാർത്ഥ കുഞ്ഞാടായ ഹാബേൽ സ്വന്തബലിയാൽ അതിന്റെ ദൃഷ്ടാന്തത്തെ സൂചിപ്പിച്ച പരിശുദ്ധരഹസ്യം ഇതാകുന്നു. നീതിമാനായ നോഹ് പെട്ടകത്തിൽ വെച്ച് അതിനെ സൂചിപ്പിക്കയും പ്രളയത്തിന്മേൽ അതിന്റെ ദൃഷ്ടാന്തത്തെ ആഘോഷിക്കയും ചെയ്ത വിശുദ്ധരഹസ്യം ഇതാകുന്നു. പ്രധാന പുരോഹിതനായ മൽക്കിസെദേക്ക് തന്റെ ഊഴത്തിൽ എഴുന്നേററുനിന്ന് തന്റെ ആത്മീയപുരോഹിതകർമ്മങ്ങളാൽ പുളിച്ചഅപ്പവും വീഞ്ഞും നിറവേററിച്ച് അതിനെ സൂചിപ്പിച്ച വിശുദ്ധമായ ദൈവികരഹസ്യം ഇതാകുന്നു. അബ്രഹാം തന്റെ പുത്രനായ ഇസഹാക്കിനെ ബലികഴിപ്പാൻ ആഗ്രഹിച്ചപ്പോൾ ആമോറായക്കാരുടെ പർവ്വതത്തിന്റെ മുകളിൽവച്ച് അതിന്റെ രഹസ്യത്തെ ശുശ്രൂഷിക്കയും അതുമുഖാന്തരം ഇസഹാക്ക് കൊലയിൽനിന്ന് രക്ഷിക്കപ്പെ

www.malankaralibrary.com

ടുകയും ചെയ്ത മഹത്ത്വമുള്ള പെരുനാളിതാകുന്നു. ദീർഘദർശിയായ മോശ ബലി അർപ്പിക്കയും യാക്കോബിൻ വംശക്കാരുടെ വാതിലുകളിന്മേൽ അതിന്റെ രക്തം തളിക്കയും മിസ്രയിം ദേശത്തിലെ സകല കടിഞ്ഞൂലുകളേയും കൊന്ന സംഹാരകനിൽനിന്ന് അവരെ രക്ഷിക്കയും ചെയ്ത പെസഹാ കുഞ്ഞാടിനെക്കൊണ്ടു മിസ്രയിംകാരുടെ ഇടയിൽവച്ച് അതിനെ സൂചിപ്പിച്ചതായ വിശുദ്ധ പെരുനാളിതാകുന്നു. യേശു ബർനൂൻ സ്വജനങ്ങളോട് നിങ്ങൾ ഒന്നാം മാസം പതിന്നാലാം തീയതി സന്ധ്യക്ക് യറിഹോവിലെ മൈതാനത്തിൽ വച്ച് ആടുകളേയും കാളകളേയും അറുത്ത് നിങ്ങളുടെ ദൈവമായ കർത്താവിന് പെസഹാ കഴിപ്പിൻ എന്നു പറഞ്ഞ് അതിനെ സൂചിപ്പിച്ച മഹാദിവസം ഇതാകുന്നു. തിരഞ്ഞെടുക്കപ്പെട്ട ശമുവേൽ വീരന്മാരും ചേലയില്ലാത്തവരുമായ ഫെലിസ്ത്യരെ അതിനാൽ കുററപ്പെടുത്തിയതായ കുടിമാറാത്ത കുഞ്ഞാടിനെക്കൊണ്ട് രൂപപ്പെടുത്തിയ പരിശുദ്ധമായ മഹാരഹസ്യം ഇതാകുന്നു. നപ്താഹ് ജയത്തിനു വേണ്ടി തന്റെ പുത്രിയെ കർത്താവിന് നേർച്ചയായി ബലികഴിച്ച് അതിന്റെ ദൃഷ്ടാന്തം സൂചിപ്പിച്ച സ്വർഗ്ഗീയബലി ഇതാകുന്നു. അത്യത്ഭുതം കാണാതിരിപ്പാൻ മുഖം മൂടിക്കൊണ്ട് സ്രോപ്പിയിൽനിന്ന് അഗ്നിക്കൊടിലാൽ തീക്കനൽ കൈക്കൊണ്ടപ്പോൾ ഏശായാ ദീർഘദർശി മഹാപരിശുദ്ധ സ്ഥലത്തുവച്ച് കണ്ട പരിശുദ്ധ രഹസ്യം ഇതാകുന്നു. മിസ്രയിമിലെ സന്ധ്യ അവസാനിച്ചതും നിഴൽ ഒഴിഞ്ഞുപോയതും ന്യായപ്രമാണത്തിലെ ദൃഷ്ടാന്തങ്ങൾ നിറവേറിയതും സകല രഹസ്യങ്ങൾക്കും ഉപമകൾക്കും അറുതി വന്നതും ആയ സന്ധ്യ ഇതാകുന്നു. ഹാ! ദൈവികവും ആത്മികവും ആയ അതിന്റെ ദാനങ്ങളാൽ ലോകത്തെ പ്രകാശിപ്പിച്ച ഈ മഹത്തായ പെരുനാൾ എത്രയോ വിസ്മയനീയമാകുന്നു. ഹാ! ഇന്ന് പരിശുദ്ധ സഭക്ക് പ്രത്യക്ഷീഭവിച്ച വിസ്മയനീയമായ ഈ മഹാരഹസ്യം എത്രയോ അതിശയനീയമാകുന്നു. ഇസ്രായേൽ ജനത്തിൽനിന്ന് സംഹാരകനെ വിലക്കിയ കുഞ്ഞാടിന്റെ രക്തത്തെക്കാൾ അധികം തന്റെ രക്തത്താൽ ഞങ്ങളുടെ ഹൃദയകട്ടിളപ്പടികളെ കഴുകി ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കയും അധരങ്ങളെ അഭിഷേകം ചെയ്യുകയും ചെയ്തതായി രക്ഷയെക്കുറിച്ചുള്ള ആശ അതിൽ ഞങ്ങൾക്ക് ലഭിച്ചതായ സഭ കൂടുന്നതും പരിശുദ്ധവും ആയ ഈ ദിവസം എത്രയോ വിസ്മയനീയമാകുന്നു. തന്റെ ദിവ്യപെരുനാളാൽ ഞങ്ങളെ ആനന്ദിപ്പിക്കയും മരണത്തിന്റേയും സാത്താന്റേയും അടിമയിൽനിന്ന് ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്ത സ്വർഗ്ഗീയ പെസഹാ വാഴ്ത്തപ്പെട്ടതാകുന്നു. മുകളിൽ നിന്ന് ഇറങ്ങിവരികയും തന്റെ ശരീരത്തെ ഞങ്ങളുടെ ശരീരത്തിൽ ചേർക്കുകയും സ്വന്തരക്തത്തെ ഞങ്ങളുടെ അവയവങ്ങളിൽ കലർത്തുകയും ഞങ്ങളെ സ്വർഗ്ഗസ്ഥനായ തന്റെ പിതാവിന്

www.malankaralibrary.com

സഹോദരങ്ങളും മക്കളും ആയി ആക്കിത്തീക്കയും ചെയ്ത സ്വർഗ്ഗീയ അപ്പം വാഴ്ത്തപ്പെട്ടതാകുന്നു. ഇവയെല്ലാം ഞങ്ങൾക്കവേണ്ടി ചെയ്തു് നിവൃത്തിച്ച പ്രജാവത്സലനായുള്ളോവെ നിന്നോടു ഞങ്ങൾ അപേക്ഷിച്ച പ്രാർത്ഥിക്കുന്നു. എന്റെ കർത്താവെ! അവിശ്വാസികളും മൽസരക്കാരും ആയ ജനങ്ങളുടേതുപോലെ ഞങ്ങളുടെ പെരുനാളുകളെ വിലാപത്തിനും ദുഃഖത്തിനും ആക്കിത്തീർക്കരുതെ. നിന്നേയും നിന്റെ വ്യാപാരത്തേയും അപഹസിച്ചവരെ നീ നിരസിച്ചപ്രകാരം ഞങ്ങളെ നിന്റെ മണവറയിൽനിന്നു നിന്റെ നീതി പുറത്താക്കുകയും നിന്റെ അവകാശത്തിൽനിന്ന് ത്യജിക്കയും അരുതെ. എന്റെ കർത്താവെ! നിന്റെ ഭവനാവകാശത്തിൽനിന്ന് അന്യനായിത്തീരുകയും ശിഷ്യഗണത്തിൽനിന്ന് ബഹിഷ്ക്കരിക്കപ്പെടുകയും ചെയ്ത ഒറ്റുകാരനായ യൂദായുടെ സദൃശത്തിൽ നിന്റെ സംസർഗ്ഗത്തിൽനിന്ന് ഞങ്ങളെ അന്യരാക്കുകയും നിന്റെ ആട്ടിൻകുട്ടികളുടെ എണ്ണത്തിൽനിന്ന് ഞങ്ങളെ വേർതിരിക്കയും അരുതെ. നേരമറിച്ച് തിരഞ്ഞെടുക്കപ്പെട്ട ഫിനഹാസിന്റേയും വിശ്വാസിയായ രാജാവായ ഹെസക്കിയായുടേയും നിന്റെ ഭക്തന്മാരായ എല്ലാവരുടേയും എന്നപോലെ ഞങ്ങളുടെ ശുശ്രൂഷകളെ കൈക്കൊള്ളുകയും പ്രാർത്ഥനകളിൽ പ്രസാദിക്കയും ചെയ്യണമെ. ഈ പെരുനാളിൽ ഞങ്ങൾ തിരുമുമ്പിൽ അണെക്കുന്ന സുഗന്ധധൂപത്തെ വെണ്മയുള്ള പട്ടക്കാരനായ അഹറോന്റെ ധൂപംപോലെയും അവന്റെ താവഴിക്കാരായ സകല ലേവ്യക്കാരുടേതുപോലെയും കൈക്കൊള്ളേണമെ. എന്റെ നാഥാ ഈ കർത്തൃപെരുനാളിൽ നിന്റെ ഇടവക ഞങ്ങളുടെ പാപമുള്ള കൈകളാൽ നിന്റെ ഇഷ്ടത്തിനു അണെക്കുന്ന കാണിക്കകളേയും ആദ്യഫലങ്ങളേയും ദശാംശങ്ങളേയും അവർ അവളുടെ മക്കൾക്കവേണ്ടി നിനക്കു സമർപ്പിക്കുമെന്ന് മഹാരഹസ്യത്തെ രൂപപ്പെടുത്തിയ പ്രധാന പുരോഹിതനായ മൽക്കിസദേക്കിൽനിന്നു നീ കൈക്കൊണ്ടപ്രകാരം ഇപ്പോഴും കൈക്കൊള്ളേണമെ. ദുഷ്ടന്റെ സകല ഉപദ്രവങ്ങളിൽനിന്നും കോപസൂചകങ്ങളായ സകല ശിക്ഷകളിൽനിന്നും വടികളിൽനിന്നും അവരെ നീ കാത്തുരക്ഷിച്ചുകൊള്ളേണമെ. എന്റെ കർത്താവെ നിന്റെ വിശുദ്ധ നാമത്തിൽ മുദ്രകുത്തപ്പെട്ടിരിക്കുന്നതും നിന്റെ വിലയേറിയ രക്തത്താൽ വിലക്കുവാങ്ങിയിരിക്കുന്നതും ആയ നിന്റെ ജനത്തിന്റേയും അവകാശത്തിന്റേയും പ്രാർത്ഥനയേയും ദണ്ഡനമസ്ക്കാരത്തേയും കൈക്കൊള്ളേണമെ. നിന്റെ കരുണയാൽ രോഗികളെ സന്ദർശിക്കയും ഞെരുങ്ങിയിരിക്കുന്നവരെ ആശ്വസിപ്പിക്കയും ചെയ്യേണമെ. വീണുപോയവരെ നിന്റെ വലത്തുകൈകൊണ്ടു താങ്ങേണമെ. നിൽക്കുന്നവരെ നിന്നെക്കുറിച്ചുള്ള ആശയാൽ ഉറപ്പിക്കണമെ. സത്യവിശ്വാസത്തിൽ നിന്നെക്കുറിച്ചുള്ള ആശയോടെ ഉറങ്ങിപ്പോയ ഞങ്ങളുടെ പിതാക്കളേയും സഹോദരങ്ങളേയും

www.malankaralibrary.com

ഗുരുക്കന്മാരേയും വിശ്വാസികളായ എല്ലാ പരേതരേയുംകുറിച്ചു നിന്റെ സ്വർഗീയബലിപീഠത്തിന്മേൽ നല്ല ഓർമയും സ്മരണയും ഉണ്ടാക്കണമേ. ഞങ്ങളും അവരും അക്ഷയവും സുസ്ഥിരവുമായ നിന്റെ പെരുനാളിനും അതിനാലുള്ള അനന്ത സന്തോഷത്തിനും യോഗ്യരായിത്തീരണമെ. അവിടെ ആത്മീയരും സ്വർഗ്ഗീയരുമായ നിന്റെ സ്തുതിപാഠകന്മാരുടെ നിരകളിൽ നിന്നേയും ഞങ്ങളെ രക്ഷിപ്പാനായി നിന്നെ അയച്ച കഷ്ടതയില്ലാത്തവനും ഭാഗ്യവാനും ആയ നിന്റെ പിതാവിനേയും, സാരാംശത്തിൽ നിനക്കു തുല്യനായിരിക്കുന്ന പരിശുദ്ധാത്മാവിനെയും ഒരുമിച്ചു ഇടവിടാതെ ഞങ്ങൾ സ്തുതിക്കുമാറാകേണമെ. ഹോശോ........

## എത്രോ

ജീവകരമായ തന്റെ വധം സുഗന്ധധൂപവും പരിമളവാസനയും പ്രസാദകരമായ ധൂപകലശവും ആയിത്തീരുകയും മിണ്ടാപ്രാണികളുടെ ബലികളാൽ അശുദ്ധമായിരുന്ന വായുമണ്ഡലത്തെ വെടിപ്പാക്കുകയും തന്റെ ജീവനുള്ള രക്തം അതിൽ ഇററിററുവീണതിനാൽ ഭൂമിയെ ശുദ്ധീകരിക്കയും ചെയ്തവനായി സ്വർഗീയപിതാവിന്റെ വചനമായിരിക്കുന്ന എന്റെ നാഥാ പരിശുദ്ധസഭ തന്റെ സന്താനങ്ങളുടെ പുണ്യത്തിനു വേണ്ടി നിനക്കു സമർപ്പിക്കുന്ന ഈ ധൂപം കൈക്കൊള്ളേണമെ. ഇതു നിന്റെ പ്രീതിക്കും പ്രസാദത്തിനും ജീവനുള്ളവരുടെ കാവലിനും പാപമോചനത്തിനും ആയിത്തീരേണമെ. ഞങ്ങളുടെ ജീവകാലത്തു നിന്നെ ഏററുപറഞ്ഞു സുകൃതങ്ങളാൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള വിശ്വാസികളായ മരിച്ചവർക്കു നല്ല ഓർമ ഉണ്ടാകണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കീർത്തനവും കരേററുമാറാകണമെ. ഹോശോ........

# മൂന്നാം മണി

## പ്രുമിയോൻ

തന്റെ ഔന്നത്യത്തെ താഴ്മയുടെ ഇങ്ങേ അററംവരെ താഴ്ത്തിയവനായി തന്റെ ഉണ്മയിൽ ഉന്നതനും മഹോന്നതനും തന്റെ പ്രത്യക്ഷതയാൽ താഴ്മയെ ഔന്നത്യത്തിന്റെ സ്ഥിര

www.malankaralibrary.com

മാർഗമായി കാണിച്ചവനായി ഭയങ്കരനും അത്യുഗ്രനും തന്റെ അദൃശ്യാവസ്ഥയിൽ മഹത്വമുള്ളവനും താഴെ തന്റെ കൃപമൂലം മണ്മയരായ തന്റെ പരിചാരകന്മാരെ സദയം ശുശ്രൂഷിച്ചവനായി തന്റെ ശുശ്രൂഷയിൽ അഗ്നിമയന്മാരായ ശുശ്രൂഷകന്മാർ ഭയത്തോടെ ജാഗരൂകരായിരിക്കുന്നവനും മുകളിലുള്ളവർ തന്റെ മഹത്വത്തിൽ വിറയലോടെ ചുളുങ്ങുന്നവനും താഴെയുള്ളവരുടെ ഇടയിൽ വിനീതനായി ശിഷ്യന്മാരെ ശുശ്രൂഷിപ്പാൻ ശുഷ്കാന്തിയോടെ ഇരുന്നവനും ശുശ്രൂഷ ഏല്പാനല്ലാ ശുശ്രൂഷ ചെയ്വാനും പലരുടേയും രക്ഷയ്ക്കായി തന്നെ വിട്ടുകൊടുപ്പാനും ആയി ലോകത്തിലേക്കു എഴുന്നെള്ളിയവനും ആയ തനിക്കു സ്തുതി. തനിക്ക്........

## സെദ്റൊ

സാരാംശത്തിൽ പിതാവിനും പരിശുദ്ധാത്മാവിനും സമനായിരിക്കുന്ന നിത്യനും കാലങ്ങൾക്കു മേലായിരിക്കുന്നവനും ആയ വചനമായ ദൈവമെ നിന്റെ ദൈവത്വത്തിന്റെ ഏകമനസ്സാൽ മനുഷ്യന്റെ സാദൃശ്യത്തിൽ കാലാധീനനായിത്തീരുകയും നിന്റെ അപരിമിതമായ കരുണയാൽ പാപമൊഴികെ സകലത്തിലും ഞങ്ങളെപ്പോലെ ആയിത്തീരുകയും ഞങ്ങളുടെ സ്വഭാവപ്രകാരമെല്ലാം നിവർത്തിക്കുകയും ചെയ്തു. നിന്റെ വ്യാപാരത്തിന്റെ അവസാനത്തിലേക്കു നീ എത്തിയപ്പോൾ പാപത്തേയും മരണത്തേയും കൊല്ലുവാനായിട്ടു കുററരഹിതമായ നിന്റെ സ്വാഭാവികമായ യഥാർത്ഥ കഷ്ടതകളാൽ ഞങ്ങളുടെ കഷ്ടതകളെ കയ്യേല്പാനും അവയിൽനിന്നു ഞങ്ങളെ വേർപെടുത്തുവാനും അവയാൽ കുരിശുമരണത്തിലേക്കു വരുവാനും നീ നിശ്ചയിച്ചു. മരണമില്ലാത്തവനായ നീ നിന്റെ വിനയത്തിന്റെ ആദർശം പരമാർത്ഥികളായ നിന്റെ ശിഷ്യന്മാർമൂലം ഞങ്ങളെ ഏല്പിക്കുവാനായിട്ടു നിന്റെ മനുഷ്യസ്നേഹത്താൽ നിനക്കു തിരുവുള്ളം ഉണ്ടായി. ഒരു നിന്ദ്യനായ മനുഷ്യനെപ്പോലെ തുവാല എടുത്ത് അരയിൽകെട്ടി അവരുടെ കാൽ കഴുകി ഉത്തമസ്നേഹത്തിന്റെ രഹസ്യം സ്പഷ്ടമായി ഞങ്ങളെ ഗ്രഹിപ്പിച്ചു. നിന്റെ കൃപാധനം കല്പിച്ചുതന്നതിനുപകരം നിന്നെ പ്രസാദിപ്പിക്കുന്ന സ്തുതിയും കീർത്തനവും കൃതജ്ഞതയും ആകുന്ന ഫലങ്ങളെ നിന്റെ കൃപയ്ക്കു നിവേദിപ്പാൻ ഞങ്ങൾ യോഗ്യരാകണമെ. ഞങ്ങളുടെ കർത്താവെ! ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ നിന്റെ തത്വങ്ങളുടെ സ്വരൂപം ഞങ്ങളുടെ ആത്മാക്കളിൽ പൂർണമായി പതിക്കുവാനും രക്ഷാകരമായ നിന്റെ കല്പനകളെ വിനയമുള്ള മനസ്സോടെ നിർവഹിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങൾ നിന്റെ ഉപദേശത്തെ പിൻതുടന്നു

www.malankaralibrary.com

നടന്നുകൊണ്ടു തമ്മിൽതമ്മിൽ കാൽ കഴുകുമാറാകേണമെ. നിന്റെ ദയയോടു പ്രാർത്ഥിക്കുന്നതെന്തെന്നാൽ ഞങ്ങളുടെ ജഡീക കാലുകളെ കഴുകുന്നതിനോടുകൂടെ ആന്തരിക ശത്രുക്കളുടെ പ്രയോഗത്താൽ രഹസ്യവും പരസ്യവുമായ ചിന്തകൾ നിമിത്തം ഞങ്ങളിൽ പററിപ്പിടിച്ചിരിക്കുന്ന എല്ലാ ദോഷങ്ങളേയും കഴുകിക്കളഞ്ഞു നിർമ്മലീകരിക്കേണമെ. നിന്റെ യഥാർത്ഥ ശിഷ്യത്വത്താൽ ഞങ്ങൾ പൂർണരാകുവാനും ആന്തരികനായ സർപ്പത്തിന്റെ കടികളിൽനിന്നും മുറിവുകളിൽനിന്നും ഞങ്ങളുടെ കാലടികളെ പൂർണമായി വേർപെടുത്തി ശുദ്ധീകരിച്ചു ധൈര്യത്തോടും ശക്തിയോടും അതിന്റെമേലും അതിന്റെ എല്ലാ ശക്തിമേലും ചവിട്ടുവാനും നീ ഞങ്ങൾക്കു കൃപ നൽകണമെ. സത്യവിശ്വാസത്താലും ഏവൻഗേലിയോന്റെ കല്പനകളാലും നിന്റെ വിശുദ്ധ ശ്ലീഹന്മാർക്കു നീ നൽകിയിട്ടുള്ള സ്നേഹം സമാധാനം എന്നിവയുടെ പൂർണതയാലും ഞങ്ങൾ ബന്ധിക്കപ്പെടുമാറാകണമെ. അവരുടെ പരിശുദ്ധ പ്രാർത്ഥനകളാൽ അവിടെ അവർക്കായി കരുതിവച്ചിട്ടുള്ള ഭാഗ്യം അനുഭവിപ്പാൻ അവരോടുകൂടെ ഞങ്ങളും വന്നുചേരുമാറാകേണമെ. നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ആദരവും വന്ദനവും ഞങ്ങൾ കരേററുമാറാകണമെ. ഹോശോ........

## എത്രോ

തന്റെ ദേഹംകൊണ്ടു നല്ല മാതൃക കാണിപ്പാനായി താഴ്മ പൂണ്ട പരമോന്നതനായ കർത്താവെ ഈ സമയത്തു തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ ധൂപം കൈക്കൊള്ളേണമെ. ഞങ്ങളുടെ ആത്മാക്കളുടെ രഹസ്യമായ അവയവങ്ങളിൽനിന്നു പാപത്തിന്റെ ഗൂഢമായ മാലിന്യത്തെ കഴുകിക്കളവാനും നിർമലരും നിഷ്കളങ്കരുമായിത്തീരുവാനും ഞങ്ങളെ അർഹരാക്കേണമെ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമെ നിന്റെ മഹിമയുള്ള പുനരുത്ഥാനത്തിൽ എന്നേക്കും സന്തോഷിപ്പാനും നിനക്കു നിർമ്മലസ്തുതികൾ പാടുവാനും ഞങ്ങൾ യോഗ്യരായിത്തീരേണമെ.

www.malankaralibrary.com

# മധ്യാഹ്നം

## പാപിനിയായ സ്ത്രീയെക്കുറിച്ചുള്ള

### പ്രുമിയോൻ

സകലത്തിന്റേയും ജീവനും രക്ഷയ്ക്കും വേണ്ടി താല്പര്യത്തോടെയിരിക്കുന്ന കരുണയുള്ള കർത്താവും നിരന്തരമായി തന്റെ വാതിൽക്കൽ മുട്ടുന്ന യാചകരുടെ ശബ്ദത്തിനായി അതിവാഞ്ഛയോടിരിക്കുന്നവനും പാപകളങ്കിതയായ വേശ്യാസ്ത്രീയുടെ പാപാശുദ്ധിയിൽനിന്നു ശുദ്ധീകരിച്ചു തന്റെ വിശുദ്ധികൊണ്ടു നിറപ്പാൻ അവളെ വിളിച്ചു വരുത്തിയവനും അവളുടെ കണ്ണുനീരിനെ കാണിയ്ക്ക പോലെയും, കരച്ചിലിനെ ആദ്യഫലം പോലെയും, അവളുടെ പ്രാത്ഥന ജീവനുള്ള ജ്ഞാന ബലിപോലെയും അംഗീകരിച്ചവനും പ്രീശനായ ശെമഓന്റെ ശങ്കയെക്കുറിച്ചു ശാസിക്കയും ശിഷ്യന്മാരുടെ മനശ്ചാഞ്ചല്യത്തെ വിരോധിക്കയും സകലരുടേയും മുമ്പാകെ അവളുടെ വിശ്വാസത്തെ പുകഴ്ത്തുകയും അവളുടെ പാപബാഹുല്യത്തെ ക്ഷമിക്കയും അവഠം വിവേകപൂർവ്വം പ്രവർത്തിച്ചതിനെ എല്ലാം അനുതാപികളേയും ധൈര്യപ്പെടുത്തുവാൻ പ്രസംഗിക്കപ്പെടണമെന്നു തന്റെ ഭൂലോക സുവിശേഷത്തിൽ കല്പിക്കുകയും ചെയ്തവനും ആയ തനിക്കു സ്തുതി. അവളെ കണ്ടു തന്റെ കൃപയാൽ കൈക്കൊണ്ടവനെ ഈ സമയത്തു നാം സ്തുതിച്ചു പുകഴ്ത്തണം.

### സെദ്റൊ

കരുണയുടെ മഹാസമുദ്രവും അനുഗ്രഹങ്ങളുടെ അപരിമിതമായ ആഴവും ബലഹീനരും പാപികളുമായ ആത്മദേഹികളുടെ വിദഗ്ദ്ധനായ വൈദ്യനും ലോകത്തിൽ പലതരം വ്രണങ്ങളും രോഗങ്ങളും പിടിക്കപ്പെട്ടിരിക്കുന്നവരുടെ അടുക്കലേക്കു പിതാവിനാൽ കല്പിച്ചയക്കപ്പെട്ടവനും ആയ ഞങ്ങളുടെ മ്ശീഹാ തമ്പുരാനെ! നിന്റെ മനുഷ്യസ്നേഹംമൂലം ഞെരുങ്ങിയിരിക്കുന്നവരെ തൃക്കൺപാർത്തു സഹായിപ്പാനും മുറിവേററവരെ മരുന്നുവച്ചു തുന്നിക്കെട്ടുവാനും രോഗികളെ നിന്റെ ഔഷധങ്ങളാൽ സുഖപ്പെടുത്തുവാനും ഇരുട്ടിൽപെട്ടവരെ നിന്റെ തേജസ്സാൽ പ്രകാശിപ്പിപ്പാനും വീണുപോയവരെ നിന്റെ മഹാശക്തിയാൽ എഴുന്നേല്പിപ്പാനും അശുദ്ധരെ നിന്റെ വിശുദ്ധിയാൽ

www.malankaralibrary.com

ശുദ്ധീകരിപ്പാനും ദൂരസ്ഥരെ നിന്റെ കരുണയാൽ നിന്റെ പിതാവിന്റെ അടുക്കലേക്കു കൊണ്ടുവരുവാനും ദുഷ്ടന്റെ കഠിനതകത്തിന്നടിമപ്പെട്ടു ലൗകികങ്ങളായ വ്യർത്ഥവിചാരങ്ങളിൽ മുഴുകിയിരിക്കുന്നവരെ അവയിൽനിന്നു് നിന്റെ ശക്തിയാൽ രക്ഷിപ്പാനും വലിയ പാപങ്ങളാൽ പ്രയാസപ്പെട്ടിരുന്നവരെ നിന്റെ ദയയാൽ ആശ്വസിപ്പിപ്പാനും വേണ്ടി നശിച്ചിരുന്നവർ നിമിത്തം സ്വമനസ്സാലെ നിന്റെ ശ്രേഷ്ഠതയുടെ ഉന്നതത്തിൽ, നിന്നു് നീ ഇറങ്ങിവന്നു് മണ്ണിനും കൊള്ളരുതാത്ത ദരിദ്രരും പാപികളും അപരാധികളും നിരസിക്കപ്പെട്ടവരുമായ ഞങ്ങളുടെ അടുക്കൽ ഇവയും ഇവയേക്കാൾ വലിയവയും നീ പ്രവർത്തിച്ചു. ഈ വലിയ കാര്യങ്ങൾക്കിടയിൽ നിന്ദ്യമായ കഷ്ടത്തിൽനിന്നു കർത്തൃവചനത്താൽ രക്ഷിച്ചിട്ടുള്ള പ്രീശനായ ശെമഓന്റെ വീട്ടിലേക്കു് അവനോടുകൂടി ഭക്ഷണത്തിനിരിപ്പാൻ നിന്റെ കരുണ നിന്നെ ക്ഷണിച്ചു. പാപിനിയും കാമവികാരത്തിന്റേയും അശുദ്ധതയുടെയും മലിനതകൊണ്ടു നിറഞ്ഞിരുന്നവളുമായ സ്ത്രീയുടെ അടുക്കലേക്കു പെട്ടെന്നു നിന്റെ കരുണചെന്നു എല്ലാവരോടും ഉള്ള നിന്റെ കൃപയുടേയും സഹായങ്ങളുടേയും വലിപ്പത്തെക്കുറിച്ചും നിന്റെ കരുണയിൽ ശരണപ്പെടുന്ന അശുദ്ധ സ്ത്രീകളെക്കുറിച്ചു വെറുപ്പുതോന്നാതെ ഉത്തമനും ദയാലുവും ആയ നാഥനെപ്പോലെ അവർക്കു് അധികമായി സഹായം നൽകുന്നു എന്നും കേൾക്കയാൽ സത്യഅനുതാപത്തോടും തീക്ഷ്ണതയുള്ള വിശ്വാസത്തോടും മേൽത്തരമായ എണ്ണയോടും പരിശുദ്ധമായ പശ്ചാത്താപത്തോടും കൂടി നീ ഇരുന്നിരുന്ന സ്ഥലത്തേക്കു് ധൈര്യസമേതം ഓടിവന്നു് നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ശക്തിയോടെ മുട്ടി വിളിച്ചു് ശെമഓന്റെ ഭവനത്തിൽ നിന്റെ അടുക്കൽ നിശങ്കം പ്രവേശിച്ചു. നിന്റെ മാഹാത്മ്യമുള്ള ശിരസ്സിൽ വിലയേറിയതായ മൂറോൻ തൈലം അവൾ ഒഴിച്ചു. അതായതു് അവളുടെ ദേഹം കൊണ്ടു് ദുർവ്യാപാരത്താൽ സമ്പാദിച്ചതായ അധർമ്മത്തിന്റേയും പാപത്തിന്റേയും സകല ആദായത്തേയും തന്റെ ദേഹത്തിൽ സർവലോകത്തിന്റേയും പാപം വഹിപ്പാൻ ത്രാണിയുള്ള നിന്റെമേൽ അവൾ ഒഴിച്ചു. നിന്റെ വെടിപ്പും വിശുദ്ധിയും ഉള്ള തൃപ്പാദങ്ങളെ അവളുടെ അശുദ്ധങ്ങളായ കൈകൾകൊണ്ടു് പിടിച്ചു. യാതൊരു മാലിന്യവുമില്ലാത്ത ഊഷ്മളസ്നേഹം നിമിത്തം അവളുടെ അശുദ്ധ അധരങ്ങളാൽ കരഞ്ഞുകൊണ്ടു് ചുംബിച്ചു. ദുഃഖത്തിന്റെ കണ്ണുനീരുകളാൽ അവയെ അവൾ നനച്ചു് തുവാലയ്ക്കുപകരം അവളുടെ തലമുടി കൊണ്ടു് തുവർത്തി. അവൾ പാപമോചനത്തേയും പരിശുദ്ധിയേയും പ്രാർത്ഥിച്ചു് പറഞ്ഞതെന്തെന്നാൽ എന്റെ കർത്താവെ! കഠിനനായ കൊള്ളക്കാരന്റെ കയ്യിൽ അകപ്പെട്ടിരിക്കുന്നവളും

www.malankaralibrary.com

നിന്റെ തൃക്കൈയ്യുടെ സൃഷ്ടിയും ആയ നിന്റെ ദാസിയെ നീ കടാക്ഷിക്കേണമെ. ഉത്തമനായുള്ളോവെ നാശം ഭവിക്കാതെ അവനിൽനിന്ന് അവളെ വീണ്ടും രക്ഷിച്ചു കൊള്ളേണമെ. കാണാതെപോയ ആടിന്റെ നിമിത്തം വന്ന നല്ല ഇടയനായുള്ളോവെ കാണാതെപോയ പെണ്ണാടിനെ അന്വേഷിച്ച് ഉപദ്രവിക്കുന്ന ചെന്നായുടെ പല്ലുകളുടെ ഇടയിൽനിന്ന് അതിനെ നീ പുറത്താക്കണമെ. റാഞ്ചുന്ന കഴുകനിൽ നിന്നും വഞ്ചകനായ നായാട്ടുകാരന്റെ കെണിയിൽനിന്നും സൂത്രക്കാരനായ പരുന്തിൽനിന്നും അതിനെ വീണ്ടുകൊള്ളേണമെ. അതിനെ നിന്റെ കൂട്ടിൽ പരമാർത്ഥപ്പെട്ട പ്രാവും നിന്റെ ഭവനത്തിൽ പാതിവ്രത്യമുള്ള ചെങ്ങാലിയും നിന്റെ ബലിപീഠത്തിനരികെ പ്രിയപ്പെട്ട പറവയും ആയി ആക്കിത്തീർക്കേണമെ. പാപസമുദ്രത്തിലും ദോഷക്കയത്തിലും മുഴുകിക്കിടക്കുന്നവളെ നീ കോരി എടുക്കേണമെ. അശുദ്ധിയുടെ കുഴിയിൽനിന്നും ചെളിയുള്ളതായ കാമക്കുഴിയിൽനിന്നും അരിഷ്ടയായവളെ നീ കരേറേറണമെ. അശുദ്ധരെ വെണ്മയാക്കുന്ന നിന്റെ സോപ്പാകൊണ്ടു അശുദ്ധയായവളെ നിർമ്മലീകരിക്കേണമെ. കളങ്കിതരെ നിർമ്മലീകരിക്കുന്ന നിന്റെ വിശുദ്ധിയാൽ അവളെ ശുദ്ധീകരിക്കേണമെ. അവളുടെ വൻപിച്ച അധർമ്മത്തിൽനിന്നു അവളെ നന്നായി കഴുകേണമെ. നിന്റെ കൃപ അവളുടെ മേൽ ബലപ്പെടേണമെ. എന്റെ കർത്താവെ ഇസ്രായേൽ ഭവനത്തിൽനിന്നു കാണാതെപോയ ആടുകളേയും പെണ്ണാടുകളേയും എന്റെ ശ്രേഷ്ഠ തൊഴുത്തിലേക്കു തിരിച്ചുകൊണ്ടുപോകുവാൻ ആണു ഞാൻ വന്നിരിക്കുന്നതെന്നു നീ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. എന്റെ കർത്താവെ ''വിളിപ്പീൻ ഞാൻ ഉത്തരം പറയു''മെന്നും ''മുട്ടുവീൻ ഞാൻ തുറക്കു''മെന്നും ''യാചിപ്പീൻ കിട്ടു''മെന്നും ''അന്വേഷിപ്പീൻ കണ്ടെത്തു''മെന്നും നീ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. ഇതാ ഞാൻ നിന്റെ വാതിൽക്കൽ മുട്ടി നിന്റെ കരുണയ്ക്കായി പ്രതീക്ഷിക്കുന്നു. എന്റെ അപേക്ഷ കേട്ട് എന്നോടു ഉത്തരമരുളിച്ചെയ്യേണമെ. എന്റെ നിലവിളിയ്ക്കായി തിരിഞ്ഞു എന്റെ നെടുവീർപ്പുകളെ വീക്ഷിക്കേണമെ. എന്റെ അടിമത്തത്തെ നീ നോക്കണമെ. എന്റെ സകല കുററവും എന്നോടു ക്ഷമിക്കണമെ. എന്റെ നാഥാ എന്റെ ശത്രു എന്നെ തകർത്തു വിടാൻ ആഗ്രഹിക്കുന്നു. കണ്ടാലും എന്നെ ദ്വേഷിക്കുന്നവൻ എന്നെ നശിപ്പിച്ചുകളവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ലജ്ജയോടെ ഞാൻ പുറപ്പെട്ടുപോയി എന്നു കണ്ടിട്ടു അവൻ എന്നേക്കുറിച്ചു സന്തോഷിക്കുമാറാകരുതെ. ഞാൻ ദർശിക്കപ്പെടാതെ പുറപ്പെട്ടുപോയി എന്നു കണ്ടിട്ടു അവൻ രസിക്കുമാറാകരുതെ. നിന്റെ സങ്കേതസ്ഥലത്തു നിന്നു ഞാൻ ദുഃഖത്തോടെ പോയതുകണ്ടിട്ട് അവന്റെ സൈന്യത്തോടുകൂടെ വിജയോല്ലാ

www.malankaralibrary.com

സത്താൽ അവൻ നൃത്തം ചെയ്യുമാറാകരുതേ. ഞാൻ അവനിൽനിന്നു വിടുതൽ പ്രാപിക്കാതെ നിന്റെ അടുക്കൽനിന്നു അകന്നതു കണ്ടിട്ട് അവൻ എന്നെക്കുറിച്ചു വിജയോത്സവം നടത്തുമാറാകരുതെ. അവന്റെ കെണികളിൽനിന്നു ഞാൻ രക്ഷപെട്ടില്ലെന്നുകണ്ട് നിന്നെ അപഹസിക്കുമാറാകരുതെ. ഞാൻ അവന്റെ കെട്ടുകളും കുടുക്കുകളും അഴിച്ച് അവന്റെ കെണികൾ പൊട്ടിക്കാഞ്ഞതു കണ്ട് അവൻ എന്നെ പരിഹസിക്കുമാറാകരുതെ. എന്റെ നാഥാ! ഞാൻ നിന്റെ അടുക്കൽ വന്നതിനാൽ എന്നെ കുററപ്പെടുത്തുന്നതിനു അവന്റെ ശാസനയിൻകീഴിൽ എന്നെ വിട്ടുകൊടുക്കരുതെ. ഞാൻ അവനിൽനിന്നു രഹസ്യമായും പരസ്യമായും പലതും സഹിച്ചു. നിന്റെ അടുക്കൽ വരുന്നതിന് അവൻ എന്നെ വളരെ ഭ്രമിപ്പിച്ചു. നിന്നെക്കാണുന്നതിനു അവൻ എന്നെ വളരെ തടസ്സപ്പെടുത്തി. എന്റെ കർത്താവെ! നിന്റെ കരുണ ഞാൻ കണ്ടതിനാൽ ഇപ്പോൾ അവന്റെ കഠിന നുകത്തിൽനിന്ന് എന്നെ അഴിച്ചുവിടണമെ. എന്റെ നാഥാ! നിന്റെ നന്മയെ ഞാൻ തിരിച്ചറിഞ്ഞതിനാൽ ഇപ്പോൾ നിന്റെ മനുഷ്യസ്നേഹം എന്റെമേൽ ബലപ്പെടണമെ. അവൻ കണ്ടു ലജ്ജിപ്പാനായി നിന്റെ സത്യമുദ്ര എന്റെമേൽ വയ്ക്കണമെ. അവൻ കണ്ട് ഓടിപ്പോകുന്നതിനായി നിന്റെ ജീവനുള്ള റൂശ്മാ എന്റെമേൽ വരയ്ക്കണമെ. ഇനി അവൻ എന്റെനേരെ പാഞ്ഞെത്താതിരിപ്പാനായിട്ടു എന്നെ നിന്റെ ആട്ടിൻകൂട്ടത്തിൽ എണ്ണിക്കൊള്ളണമെ. എന്റെ നികൃഷ്ടാവസ്ഥയോട് ഇനി അവൻ ദ്രോഹം ചെയ്യാതിരിപ്പാനായിട്ടു നിന്റെ തൊഴുത്തിലേക്ക് എന്നെ പ്രവേശിപ്പിക്കേണമെ. എന്റെ കർത്താവേ ഞാൻ എല്ലാ അശുദ്ധിയും പുരണ്ടിരിക്കുന്ന പാപിയായ സ്ത്രീയാകുന്നു. നീതീകരിക്കപ്പെട്ടവളും വിശുദ്ധയും സകല മാലിന്യത്തിൽനിന്നും നീങ്ങിയവളും ആയിട്ടല്ലാതെ ഞാൻ വന്നതുപോലെ അശുദ്ധയായി നിന്റെ അടുക്കൽനിന്ന് ഞാൻ പുറപ്പെട്ടുപോകുമാറാകരുതെ. എന്റെ നാഥാ നിന്നെ ദർശിച്ചവനെല്ലാം അവന്റെ വിശ്വാസത്തിനു തക്കവണ്ണം കൃപ പ്രാപിച്ചിട്ടുണ്ട്. എന്റെ കർത്താവെ അപ്രകാരം എനിക്കും നൽകേണമെ. എന്റെ നാഥാ! ഇപ്പോൾ മുതൽ എന്നേക്കും ഞാൻ നിനക്കുള്ളവളായിരിക്കേണമെ. വാഴ്ത്തപ്പെട്ട നിന്റെ പിതാവിനും ജീവിപ്പിക്കുന്നവനുമായ നിന്റെ റൂഹായ്ക്കും നിന്റെ വിശുദ്ധ ദൂതന്മാർക്കും എന്റെ പേരിൽ പ്രസാദം തോന്നണമെ. എന്റെ കർത്താവെ! അവളെപ്പോലെ ഞങ്ങളും നിന്നോടപേക്ഷിക്കുന്നു. ദുഃഖം നിറഞ്ഞ കണ്ണുനീരോടും പ്രലാപകരമായ നെടുവീർപ്പോടും സത്യഅനുതാപത്തോടും സ്ഥിരവിശ്വാസത്തോടും ലജ്ജിപ്പിക്കാത്ത ആശയോടും നിഷ്ക്കപടമായ സ്നേഹത്തോടും നിർമ്മലമായ പ്രേമത്തോടും സ്വഭാവം തീരെ വ്യത്യാസ

www.malankaralibrary.com

പ്പെട്ടും യഥാർത്ഥമായ പശ്ചാത്താപത്തെ നിനക്ക് അണപ്പാൻ ഞങ്ങളേയും പരിശുദ്ധ സഭയുടെ എല്ലാ സന്താനങ്ങളേയും യോഗ്യരാക്കേണമെ. ''സ്ത്രീയെ നീ പൊയ്ക്കൊൾക. നിന്റെ വിശ്വാസം നിന്നെ ജീവിപ്പിച്ചു. നീ എന്നെ അധികം സ്നേഹിച്ചതിനാൽ നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു'' എന്നിങ്ങനെ അവളോട് സ്നേഹപൂർവം അരുളിച്ചെയ്തതായ സന്തോഷകരവും അനുഗ്രഹപൂർണ്ണവുമായ ആ ശബ്ദം നിന്നിൽ നിന്നു കേൾപ്പാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ. അവളെപ്പോലെ ബഹുലമായ പാപമോചനത്തോട് സന്തോഷിച്ചാഹ്ളാദിച്ചുകൊണ്ട് നിന്റെ അടുക്കൽനിന്നു ഞങ്ങൾ പുറപ്പെട്ടു പോകുമാറാകേണമെ. ഞങ്ങളോടുള്ള സകല കൃപകൾക്കുംവേണ്ടി നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കീർത്തനവും ഞങ്ങൾ കരേറുന്നു. ഹോശോ............

# ഒൻപതാം മണി

## പ്രുമിയോൻ

ജീവന്റെ രഹസ്യമായ നിനക്കു സ്തുതി. നിനക്ക് കീർത്തനം. എന്തെന്നാൽ നിന്റെ ഇടവകയ്ക്കു് ഭയങ്കര രഹസ്യങ്ങളെ ഏല്പിച്ചുകൊടുക്കുകയും നിന്റെ രക്തത്താൽ പുതിയ ഉടമ്പടി എഴുതി മണവാട്ടിയായ സഭയ്ക്കു് നൽകുകയും ചെയ്തു. ജീവനാകുന്ന നിന്റെ ശരീരത്തെ നിന്റെ ആടുകൾക്ക് ഭക്ഷണമായി കൊടുക്കയും ചൈതന്യപ്രദമായ നിന്റെ രക്തം നിന്റെ ആട്ടിൻകൂട്ടത്തിന് പാനീയമാക്കിത്തീർക്കയും ചെയ്തു. മനസ്സോടെയുള്ള താഴ്മയുള്ള ആദർശം നിന്റെ പന്തിരുവരുടെ പ്രിയപ്പെട്ട കൂട്ടത്തെ നീ കാണിച്ചു. മോശ നിന്നെ മുൻകുറി കാണിച്ച ആട്ടിൻകുട്ടിയെക്കൊണ്ട് പഴയകാര്യങ്ങളെ നീ അവസാനിപ്പിക്കയും നിന്റെ വിശുദ്ധ ശരീരത്തിന്റെ ഛേദനത്താൽ പുതിയ കാര്യങ്ങളിൽ ആരംഭിക്കയും ചെയ്തു. ഞങ്ങളും നിന്റെ സ്വർഗ്ഗീയ രഹസ്യത്തിൽ ആനന്ദിച്ചും ആനന്ദകരമായ നിന്റെ പെസഹായിൽ ഉല്ലസിച്ചുംകൊണ്ട് ഈ നേരത്തിലും സകല പെരുനാളുകളിലും........

### സെദ്റൊ

ആനന്ദകരമായ പെസഹായും ദുഃഖങ്ങളെ നീക്കിക്കളയുന്നവനും ജീവന്റേയും സത്യത്തിന്റേയും രഹസ്യവും സന്ധ്യാസമയത്തു കഴുത്തറക്കപ്പെട്ടതും അതിന്റെ രക്തം വാതിലിന്മേൽ

www.malankaralibrary.com

തളിക്കപ്പെട്ടതും അതിനാൽ ജനം സംഹാരകനിൽനിന്നു രക്ഷിക്കപ്പെട്ടു മരണത്തിൽനിന്നു വീണ്ടെടുക്കപ്പെട്ടതും ആയആട്ടിൻകുട്ടിയെക്കൊണ്ടു ദീർഘദർശിയായ മോശ മുഖാന്തരം മിസ്രയിമിൽ വച്ചു രൂപീകരിക്കപ്പെട്ടു ദൃഷ്ടാന്തീകരിക്കപ്പെട്ടവനും ആയ ഞങ്ങളുടെ മിശിഹാതമ്പുരാനെ! ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ ജീവനുള്ള ആട്ടിൻകുട്ടിയാകുന്ന നിന്നാലല്ലാതെ മോശ മുഖാന്തരമുള്ള ആട്ടിൻകുട്ടിയാൽ ലോകത്തിനു രക്ഷയുണ്ടാകുവാൻ കഴിയുന്നതല്ല. എന്നാൽ നീ ഈ ദൃഷ്ടാന്തത്തെ നിറവേററി പഴയ നിഴലുകളെ നീക്കിക്കളകയും ഫലങ്ങളില്ലാത്ത വൃക്ഷമാകുന്ന ന്യായപ്രമാണത്തെ മായിച്ചുകളകയും ചെയ്തു. നിന്റെ പരിശുദ്ധ ശിഷ്യന്മാരോടൊന്നിച്ചു ആട്ടിൻകുട്ടിയെ ഭക്ഷിച്ചപ്പോൾ തന്നെത്താൻ താഴ്ത്തി അവരുടെ കാലുകൾ കഴുകി. ആട്ടിൻകുട്ടിയെ ഭക്ഷിച്ചതിനാലും കാലുകൾ കഴുകിയതിനാലും പഴയ കാര്യങ്ങൾ മാഞ്ഞുപോയി എന്നും കഴുകപ്പെട്ടിരിക്കുന്നു എന്നും നിഴൽ ഒഴിഞ്ഞുപോയി എന്നും അതിനു പകരം പൊരുൾ പ്രവേശിച്ചു എന്നും നീ കാണിച്ചു. നിന്റെ താഴ്മയുടെ ആദർശം നിന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. അതിനാൽ നിന്റെ മരണത്തിന്റെ രഹസ്യം അവരെ നീ ഗ്രഹിപ്പിച്ചു, എന്തെന്നാൽ ആ രഹസ്യമായിരുന്നുവല്ലൊ അത്താഴം. അതുവഴിയായി പുതിയ രഹസ്യം നിന്റെ ശിഷ്യന്മാർക്കു ഏല്പിച്ചുകൊടുത്തു. അതിനാൽ വഞ്ചകശിഷ്യൻ വെളിപ്പെട്ടു ശിഷ്യന്മാരുടെ തലവൻ നിന്നെ അറികയില്ലെന്നു ഉപേക്ഷിച്ചുപറവാനും ആണയിടുവാനും ഒരുങ്ങി. നിന്റെ വിശുദ്ധ തൃക്കൈകളിൽ അപ്പം എടുത്തു് അവർക്കു വിഭാഗിച്ചുകൊടുത്തു. ലോകജീവനുവേണ്ടി ഗോഗുൽത്താമേൽവച്ചു നടത്താൻ പോകുന്ന നിന്റെ ബലിയെ നീ കാണിച്ചു. വെള്ളത്തിൽനിന്നും വീഞ്ഞിൽനിന്നും പാനപാത്രം കലർത്തി നിന്റെ പരിശുദ്ധ വിലാവിൽനിന്നു ഒഴുകുന്ന രക്തത്താലും വെള്ളത്താലും ലോകത്തിനു പാപശുദ്ധീകരണം ഉണ്ടാകുമെന്നും എന്റെ മരണത്തിന്റെ ഓർമയ്ക്കായി ഇതു നിങ്ങൾ ചെയ്വിൻ എന്നും നീ അറിയിച്ചു. നിന്റെ ജീവനുള്ള ശരീരം ഞങ്ങൾക്കു ഭക്ഷണമായി തന്ന നിനക്കു സ്തുതി. നിന്റെ കുററമില്ലാത്ത രക്തത്തെ ഞങ്ങൾക്കു പാനീയമായിത്തന്ന നിനക്കു സ്തുതി. സ്വമനസ്സോടെ മരിപ്പാൻവന്ന നിനക്കു സ്തുതി. ഞങ്ങൾക്കുവേണ്ടി സ്ലീബായിൽ തൂങ്ങിയതിനാൽ നിനക്കു സ്തുതി. ഇതു ഹേതുവായിട്ടു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നതെന്തെന്നാൽ ഞങ്ങൾ വെടിപ്പോടും വിശുദ്ധിയോടുംകൂടി നിന്റെ രഹസ്യങ്ങളുടെ സംബന്ധത്തിനു യോഗ്യരായിത്തീരണമെ. നീ കഷ്ടമനുഭവിച്ചു് ഉറക്കം ഇളച്ചു ഈ രാത്രിയിൽ ഉണർവോടും വെടിപ്പോടുംകൂടി ഞങ്ങൾ കഷ്ടമനുഭവിച്ചു് ഉറക്കം ഇളയ്ക്കുമാറാകണമെ. ഞങ്ങളുടെ ഹൃദയം അധർമത്തിൽ

www.malankaralibrary.com

നിന്നു കഴുകപ്പെടുകയും ഞങ്ങളുടെ അകത്തെ മനുഷ്യൻ പാപമാ മാലിന്യത്തിൽനിന്നു വെടിപ്പാകപ്പെടുകയും ഞങ്ങളുടെ വിചാര ങ്ങരം സകല മലിനതയിൽനിന്നും കറയിൽനിന്നും നിർമലീക രിക്കപ്പെടുകയും ചെയ്യേണമെ. ഞങ്ങരം രഹസ്യത്തിൻെറ മക്കളും ധർമോപദേശങ്ങളെ പാലിക്കുന്നവരും ആയിത്തീരണമെ. യഹൂദ ന്മാർക്കു മൽസരമന്ത്രക്കാരനായിത്തീരുകയും അഹങ്കാരത്താൽ ഭയങ്കര കൂദാശയ്ക്കു് അടുത്തുവരികയും കപടചുംബനംകൊണ്ടു നിന്നെ ഏൽപിച്ചുകൊടുക്കയും ചെയ്ത യൂദായെപ്പോലെ ഞങ്ങരം മൽസരമന്ത്രക്കാരായിത്തീരരുതെ. ഉററ ഐക്യത്തോടുകൂടി നിനക്കും നിൻെറ പിതാവിനും പരിശുദ്ധാത്മാവിനും കൃത ജ്ഞതയും സ്തോത്രവും അണപ്പാൻ ഞങ്ങരം അർഹരായിത്തീരു കയല്ലാതെ ഈ കൃപയ്ക്കു യോഗ്യതയില്ലാത്തതായി ഞങ്ങളിൽ ഒരു വനും ഉണ്ടാകരുതെ. ഹോശോ........

## എത്രോ

സ്വബലിയാൽ സകല ബലികളും വിഗ്രഹാരാധനയിലെ പാനീയനിവേദ്യങ്ങളും മായിച്ചുകളകയും തൻെറ കഷ്ടതയാൽ മനുഷ്യവർഗത്തിൽനിന്നു കഷ്ടതകളെ മരിപ്പിക്കയും പറുദീസാ യിൽവച്ചു ഞങ്ങളുടെ പിതാവായ ആദാമിനെ കൊന്നവനെ തൻെറ കുരിശുകൊണ്ടു വധിക്കയും തൻെറ പുനരുത്ഥാനത്താൽ പാപവീഴ്ചയിൽനിന്നു ഞങ്ങളെ എഴുന്നേല്പിക്കുകയും ചെയ്ത പുഷ്ടിയുള്ള കാളക്കുട്ടിയെ നിൻെറ തിരുമേനിക്കു നിസ്സാരരായ ഞങ്ങരം സമർപ്പിച്ച ഈ സുഗന്ധധൂപം കൈക്കൊണ്ടു ഞങ്ങളിൽ നിന്നു ശത്രുതയും വഴക്കും തർക്കവും മായിച്ചുകളയേണമെ. ഞങ്ങ ളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായ മ്ശീഹാ നിൻെറ നിരപ്പും അഭിന്നമായ സമാധാനവും എപ്പോഴും ഞങ്ങ ളുടെമേൽ വാഴുമാറാകേണമെ.

www.malankaralibrary.com

# വെള്ളി

## പ്രാരംഭപ്രാർഥന

എന്റെ കർത്താവേ ഞങ്ങളുടെ ശരീരങ്ങളെ വിശുദ്ധികൊണ്ടും ആത്മാക്കളെ വിശ്വാസംകൊണ്ടും ബോധങ്ങളെ അദ്ധ്യാത്മ ജ്ഞാനംകൊണ്ടും ആയുധം ധരിപ്പിക്കേണമെ. പരിപാകതയുള്ള വിശുദ്ധവിചാരങ്ങളാലും വിനീതനടപടികളുടെ സ്ഫുടതയാലും സത്യവ്യാപാരങ്ങളുടെ നിർമലതയാലും നിന്റെ സ്വർഗീയ മേശയോടു സമീപിപ്പാനും ഞങ്ങളുടെ രക്ഷയ്ക്കുള്ള ഈ പെരുനാളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനും മരണമില്ലായ്മയെ പ്രദാനം ചെയ്യുന്നതായ നിന്റെ തിരുശരീരത്തിലും രക്തത്തിലും സംബന്ധിപ്പാനും ഞങ്ങൾ യോഗ്യരായി തീരേണമെ. ഹോശോ........

# പ്രുമിയോൻ

സ്വമേധയാ ബലിയും പുരോഹിതനുമായി തീർന്നവനായി ബലികളെ അംഗീകരിക്കുന്നവനും മഹാപുരോഹിതനും ഇന്നു സന്ധ്യയ്ക്കു മോശയുടെ ദൃഷ്ടാന്തത്തെ നിറവേററുകയും എല്ലാവർക്കുംവേണ്ടി തന്നെത്തന്നെ തന്റെ പിതാവിനു കൈക്കൊള്ളപ്പെട്ട കാഴ്ചയായി സമർപ്പിക്കുകയും ചെയ്തവനായി ഉപമകളെ നിറവേററുന്നവനും രഹസ്യങ്ങൾക്കു മുദ്ര വയ്ക്കുന്നവനും താൻ ജീവിച്ചിരിക്കേ സ്വന്തശരീരത്തെ സ്വന്തം കൈകൊണ്ടു മേശപ്പുറത്തു വച്ചു വിഭജിക്കുകയും തന്റെ രക്തത്തെ ശ്ളീഹന്മാർക്കു കലർത്തുകയും ചെയ്തവനായ പരിശോധിക്കപ്പെടാവതല്ലാത്ത അതിശയവും ആയ തനിക്കു സ്തുതി. തനിക്ക്........

## സെദ്റൊ

നീതിയുടെ മഹാസൂര്യനും ഈ ലോകത്തിലേക്കു വരുന്ന എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന പിതാവിൽനിന്നുള്ള നിത്യമായ സത്യപ്രകാശവും തന്റെ ദിവ്യജ്ഞാനപ്രകാശത്താൽ സകലത്തേയും നിറയ്ക്കുന്നവനും കാലാവസാനത്തിൽ വഴിതെററാൽ അന്ധകാരപ്പെട്ടിരുന്ന സൃഷ്ടിയെ പ്രകാശിപ്പിപ്പാനായി ജഡപ്രകാരം ഇറങ്ങിവന്നവനും ആയ ഞങ്ങളുടെ മ്ശീഹാതമ്പുരാനെ ന്യായപ്രമാണ സന്ധ്യയായ പെസഹായുടെ ഈ സന്ധ്യ

www.malankaralibrary.com

യിൽ ന്യായപ്രമാണസംബന്ധമായവയെ നിൻെറ തിരുമേനിയാൽ നീ നിവർത്തിച്ചു. ജീവൻെറ സുവിശേഷപ്രകാശത്തെ നീ ഉദിപ്പിക്കയും മോശയുടെ സന്ധ്യയിൽ മിസ്രയിമിൽവച്ചു രൂപപ്പെടുത്തിയിരുന്നതിനെ പ്രകാശം നിറഞ്ഞിരിക്കുന്നതായ നിൻെറ സന്ധ്യയിൽ ശരിയായി വിവരിച്ചു് കാണിക്കയും ചെയ്തു. എന്തെന്നാൽ നിൻെറ ദൈവത്വത്തിൻെറ ആനന്ദകരമായ തേജസ്സാൽ എല്ലാററിനേയും ആനന്ദിപ്പിക്കുന്ന പെസഹായാകുന്ന നീ നിൻെറ ശിഷ്യന്മാരോടൊന്നിച്ചു് ന്യായപ്രമാണത്തിലെ പെസഹാ ആഗ്രഹത്തോടെ ഭക്ഷിച്ചു. ഇന്നു് സന്ധ്യക്കു് സർവലോകത്തിൻെറയും പാപത്തെ വഹിക്കുന്ന ദൈവത്തിൻെറ കുഞ്ഞാടാകുന്ന നീ രഹസ്യങ്ങളുടെ കുഞ്ഞാടിനെ അവസാനിപ്പിക്കുകയും നിൻെറ ഭവനക്കാരോടു കൂടെ ഇതിനെ കയ്പോടുകൂടി ഭക്ഷിക്കുകയും മരണത്തിൻെറ കയ്പുള്ള കാസായെ കൈക്കൊള്ളുവാൻ നിശ്ചയിക്കുകയും ചെയ്തു. രണ്ടു നിയമങ്ങളുടെയും അതിർത്തിയാകുന്ന ഈ സന്ധ്യക്കു പഴയ കാര്യങ്ങളെ നീക്കിക്കളകയും പുതിയവ ആരംഭിക്കുകയും ചെയ്തു. ഈ സന്ധ്യക്കു് നിൻെറ വിശുദ്ധശിഷ്യന്മാരുടെ കാലുകളെ സ്നേഹപൂർവം കഴുകുകയും നിൻെറ അരയിൽ കെട്ടിയിരുന്ന തൂവാല കൊണ്ടു് മനുഷ്യസ്നേഹത്താൽ തുവർത്തി തുടക്കുകയും ചെയ്തു കൊണ്ടു് വലിയ താഴ്മയോടെ അത്യുന്നതയുടെ ഉത്തമ മാതൃകയെ കാണിച്ചുകൊടുത്തു. ഈ ഉത്തമദൃഷ്ടാന്തം അവർക്കു് ഭരമേല്പിച്ചുകൊടുക്കയും സമാധാനപരമായ സൗമ്യത അവരെ പഠിപ്പിക്കയും ചെയ്തു. ഈ സന്ധ്യയിൽ ജീവിപ്പിക്കുന്നതായ നിൻെറ ശരീരത്തെ നിൻെറ വിശുദ്ധ തൃക്കൈകൊണ്ടു് നിൻെറ ശിഷ്യന്മാർക്കു് ഭാഗിച്ചുകൊടുത്തു് ഭക്ഷിപ്പിക്കുകയും നിൻെറ രക്തം കലർത്തി കൊടുത്തു് കുടിപ്പിക്കുകയും അതിനാൽ വി. സഭയാകുന്ന നിൻെറ മണവാട്ടിക്കു് പുതിയ ഉടമ്പടി സ്ഥിരപ്പെടുത്തുകയും ചെയ്തു. ഈ സന്ധ്യയിൽ മുക്കിയ അപ്പംകൊണ്ടു് വഞ്ചകനായ യൂദായെ പരസ്യമാക്കുകയും പരമാർത്ഥികളായ ശിഷ്യന്മാർക്കു് അവൻെറ അഹങ്കാരത്തെ വെളിപ്പെടുത്തി കൊടുക്കുകയും ചെയ്തു. ഇന്നു് സന്ധ്യക്കു് മിണ്ടാപ്രാണികളെ ബലിക്കത്തിയിൽ നിന്നു് രക്ഷിക്കുകയും നിൻെറ തിരുമേനിയുടെ ജീവനുള്ള അറപ്പാൽ (ബലികർമ്മത്തെ മായിക്കുകയും ചെയ്തു.) ഈ സന്ധ്യയിൽ നിഴലുകളേയും ദൃഷ്ടാന്തങ്ങളേയും നീ മിണ്ടടക്കുകയും പരസ്യമായ സത്യത്തെ മറക്കൂടാതെ വെളിപ്പെടുത്തി ഞങ്ങളുടെ മുൻപാകെ വക്കുകയും ചെയ്തു. ഈ സന്ധ്യയിൽ ലേവി അവൻെറ ശുശ്രൂഷയിൽനിന്നു് അകലുകയും അഹറോൻ അവൻെറ സമാധാനബലികളിൽനിന്നു് വിശ്രമിക്കുകയും ചെയ്തു. ഈ സന്ധ്യയിൽ ശെമഓൻ മുതലായ ശ്രേഷ്ഠസംഘത്തിനു് പുരോഹിതസ്ഥാനം ഭരമേല്പിക്കു

www.malankaralibrary.com

കയും നിൻെറ ജീവനുള്ള ശരീരം ഭൂമിയിലെ ജാതികൾക്ക വിഭജിച്ച് കൊടുപ്പാനും നിൻെറ കുററമില്ലാത്ത രക്തം കുടുംബങ്ങളേയും വംശങ്ങളേയും കുടിപ്പിപ്പാനും ആയി അവർ ദൈവികഭണ്ഡാരവിചാരിപ്പുകാരായിത്തീരുകയും ചെയ്തു. ഇതാ ഇന്ന് ഈ സന്ധ്യയിൽതന്നെ നിൻെറ കത്തൃ കൽപനപ്രകാരം എല്ലാ അതിർത്തികളിലും ഭാഗങ്ങളിലും കടങ്ങളുടേയും പാപങ്ങളുടേയും മോചനത്തിനായി അത് നൽകപ്പെടുന്നു. പുതിയതും പരിശുദ്ധവുമായ ഏവൻഗേലിയോനെന്ന സത്യസുവിശേഷത്തിന് പ്രചരിപ്പാൻ സൗകര്യമുണ്ടാകുന്നതിന് നിഴലായ ന്യായപ്രമാണം അതിൽ അസ്തമിപ്പിക്കുകയും യാത്ര അയയ്ക്കുകയും ചെയ്തതായ വിസ്മയം നിറഞ്ഞിരിക്കുന്ന ഈ സന്ധ്യയിൽ ഞങ്ങളുടെ മ്ശീഹാകർത്താവേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ ഞങ്ങൾ ദുഃഖത്തിൽനിന്നും കോപത്തിൽനിന്നും വേർപെട്ടും ഞങ്ങളുടെ വിചാരങ്ങൾ വഴക്കിൻെറയും സ്ക്കറിയോത്തായ്ക്കുടുത്ത വഞ്ചനയുടേയും കലഹത്തിൽനിന്നു വെടിപ്പാക്കപ്പെട്ടും ഞങ്ങളുടെ മനസ്സാക്ഷികൾ കടങ്ങളെക്കുറിച്ചും പാപങ്ങളെക്കുറിച്ചും ഉള്ള പ്രശസ്തമായ പശ്ചാത്താപത്തിൻെറ ശുദ്ധീകരിക്കുന്ന കഴുകലാൽ നിർമ്മലീകരിക്കപ്പെട്ടും ഞങ്ങളുടെ ആത്മാക്കൾ അന്യോന്യമുള്ള സ്നേഹവാത്സല്യത്താൽ ദൈവികപ്രകാരം ബന്ധിക്കപ്പെട്ടും ഞങ്ങളുടെ ബോധങ്ങൾ നിൻെറ ദിവ്യോപദേശങ്ങളുടെ കതിരുകളാലും പ്രഭയാലും പ്രകാശിച്ചുകൊണ്ടു വെടിപ്പോടും വിശുദ്ധിയോടുംകൂടെ ഭയങ്കരമായ ദിവ്യമേശയ്ക്ക സംബന്ധിപ്പാൻ ഞങ്ങളെ നീ യോഗ്യരാക്കേണമെ! നിൻെറ ജീവിപ്പിക്കുന്ന കൂദാശകൾക്ക ഞങ്ങൾ ശിക്ഷാവിധിക്കും കുററത്തിനും ന്യായത്തീർപ്പിനും ആയിത്തീരരുതെ. എന്നാലൊ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിന്ദ്യങ്ങളായ സകല മലിനതകളിൽനിന്നും സകല കുററത്തിൽനിന്നും ഉള്ള ആത്മാക്കളുടേയും ശരീരങ്ങളുടേയും നിർമ്മലതയ്ക്കും വിചാരങ്ങൾ ഉൽകൃഷ്ടജ്ഞാനത്തിലേക്ക് ഉയർന്നുപ്രവേശിക്കുന്നതിനും ദൈവികമായ കിരണങ്ങളും കാന്തികളുംകൊണ്ടു തിളങ്ങുന്നതിനും ആയിത്തീരുമാറാകേണമെ. ഞങ്ങൾ എപ്പോഴും നിന്നിലും നീ ഞങ്ങളിലും വസിക്കുമാറാകേണമെ. ഞങ്ങൾ നിൻെറ ഏകപിതാവിനു മുഴുവനായും എപ്പോഴും പൂർണ്ണജനമായി തീരേണമെ. ഞങ്ങൾ നിനക്കും നിൻെറ വി. പിതാവിനും ജീവനുണ്ടാക്കുന്ന നിൻെറ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററും. ഹോശോ............

## എത്രോ

ഞങ്ങളുടെ മ്ശീഹാതമ്പുരാനെ ഈ സുഗന്ധധൂപം ഞങ്ങൾ നിനക്ക സമർപ്പിച്ച് നിൻെറ കരുണയോടു യാചിക്കു

www.malankaralibrary.com

ന്നതെന്തെന്നാൽ പഴയതിൻെറ അവസാനവും പുതിയതിൻെറ ആരംഭവും ആകുന്ന പെരുനാറം വെടിപ്പോടെ നിനക്ക് ഘോഷിപ്പാനും നിൻെറ വി. ശരീരവും കുററമില്ലാത്ത രക്തവും ഞങ്ങളുടെ ആത്മാക്കളിൽ കലർത്തപ്പെടുവാനും അതു ഞങ്ങളുടെ സകല ലംഘനങ്ങളുടേയും പരിഹാരത്തിനും വിശ്വാസികളായ മരിച്ചുപോയവരുടെ ആശ്വാസത്തിനും ആയിത്തീരുവാനും ആയി ഞങ്ങളെ യോഗ്യരാക്കേണമെ. ഞങ്ങളും ഇവരും നിനക്കും നിൻെറ പിതാവിനും സ്തുതിയും സ്തോത്രവും കരേററും.

## സൂത്താറാ

## പ്രുമിയോൻ

തൻെറ മൗനതയാൽ വിധിയേററ് ഞങ്ങളുടെ കുററത്തെ നീതീകരിച്ച ന്യായാധിപതിമാരുടെ ന്യായാധിപതിയും തൻെറ ദേഹത്തെഅടികറക്കും കവിറത്തടങ്ങളെ മർദ്ദനങ്ങറക്കും നൽകി തൻെറഅടികളാൽ ഞങ്ങളുടെ കടങ്ങളെ വീട്ടുകയും തൻെറ കഷ്ടതകളാൽ ഞങ്ങളുടെ കഷ്ടതകളെ പീഡിപ്പിക്കയും തൻെറ കിരീടത്താൽ ഞങ്ങളുടെ ശാപത്തെ വഹിക്കയും തൻെറ കൊലയാൽ ഞങ്ങളെ കൊല്ലുന്നവനെ ഓടിച്ചുകളകയും തൻെറ മരണത്താൽ ഞങ്ങളുടെ മരണത്തെ മരിപ്പിക്കയും ചെയ്ത രക്ഷകനും ആയ തനിക്ക് ഈ നേരത്തിലും...........ഇത്യാദി.

### സെദ്റൊ

തൻെറ നല്ല മനസ്സാലും സാരാംശത്തിൽ തനിക്കു സദൃശനായ പരിശുദ്ധ റൂഹായുടെ വ്യാപാരത്താലും അഭിന്നമായ യോജിപ്പായി ഞങ്ങളുടെ സ്വാഭാവികദേഹത്തോടു യോജിച്ചവനായി പിതാവിൻെറ ഏകജാതനായി വചനമായിരിക്കുന്ന ദൈവമെ നിനക്കു സ്തുതി. പാപമൊഴികെ സകലത്തിലും ഞങ്ങറക്കു നീ സദൃശനാകയും ദൈവികപ്രകാരവും മനുഷ്യപ്രകാരവും നീ ഞങ്ങളോടുകൂടെ പെരുമാറുകയും ചെയ്തു. പീഡകളാലും മരണത്താലും രക്ഷാകരമായ എല്ലാ ഭരണത്തിൻേറയും പൂർണ്ണതയാലും ഞങ്ങളുടെ മനുഷ്യവർഗ്ഗത്തിൻെറ കുററത്തിനു് പൂർണ്ണ പ്രതിപകരം നൽകയും മരണത്തേയും സാത്താനേയും പാപത്തേയും മായിച്ചു പുതിയ ജീവങ്കലേക്കുള്ള പ്രവേശനം ഞങ്ങറക്കെല്ലാവർക്കും കാണിച്ചുതരികയും ചെയ്തു. നിൻെറ കുററമില്ലാത്ത രക്തത്താൽ പുതിയ ഉടമ്പടി ഞങ്ങറക്കെഴുതി

www.malankaralibrary.com

തരുവാനായിട്ടു രക്ഷാകരമായ കഷ്ടാനുഭവത്തിങ്കലേക്ക് സത്യമായി പ്രവൃത്തിയാൽ നീ എഴുന്നെള്ളിവരികയും ഞങ്ങളെ രക്ഷിപ്പാനായി സത്യവിരോധികളും ആകൽക്കറുസായുടെ സ്ഥിരഭവനക്കാരുമായ യഹൂദന്മാരുടെ ക്രൂരതയാൽ താഴ്മയും പീഡയും അപമാനവും നിന്ദയും പരിഹാസവും നീ സഹിക്കയും ചെയ്തു. കല്പനലംഘനം മൂലമുള്ള ശിക്ഷാവിധിയിൽനിന്നു കുററക്കാരനായ ആദാമിനെ വേർപെടുത്തുവാനായിട്ട് നിൻെറ കരുണാസമൃദ്ധിയാലും അനുകമ്പാതിരേകത്താലും അവനുവേണ്ടി ഇവ സഹിപ്പാൻ ഇന്നു് മനസ്സോടെ നീ എഴുന്നെള്ളിവന്നു. നിൻെറ ദാസനായ മോശ, മിസ്രയിമിൽ വച്ച് മുൻകൂട്ടി വരച്ച സ്ഥിരമുള്ളതും രക്ഷാപൂർണ്ണവും ആയ ദൃഷ്ടാന്തത്തെ നീ മുൻകൂട്ടി അറിയിക്കയും തിരുമേനിയാൽ നിറവേററുകയും ചെയ്തു. നിൻെറ വിശുദ്ധ സഭയുടെ ചൈതന്യപ്രദങ്ങളായ അറിവുകളും രഹസ്യങ്ങളും നിറഞ്ഞ മാളികയിൽവച്ച് രക്ഷാകരമായ ആ സന്ധ്യയിൽ ശ്ലീഹായ്ക്കടുത്ത കൂട്ടത്തിൻമുൻപാകെ ഇതിനെ നിറവേററുകയും ചെയ്തു. പഴയതിനെ ആട്ടിൻകുട്ടിയിൽ അവസാനിപ്പിക്കയും പുതിയതിനെ അപ്പത്തിൽ ആരംഭിക്കയും രഹസ്യപൂർണ്ണമായ അത്താഴത്തിൽവച്ച് നിൻെറ ശരീരവും രക്തവും ഞങ്ങൾക്കു തരികയും കടങ്ങളുടെ പരിഹാരത്തിനായി നീ ഞങ്ങൾക്കു ഭക്ഷണവും പാനീയവുമായിത്തീരുകയും ചെയ്തു. വഞ്ചനയുടെ ചുംബനത്തിനായി നിൻെറ തലയെ ചായിച്ചു കൊടുക്കുകയും ശപിക്കപ്പെട്ട യഹൂദജനത്താൽ നീ പിടിക്കപ്പെടുകയും ചെയ്തു. ഞങ്ങളുടെമേലുള്ള കഠിനശിക്ഷയിൽനിന്നും ന്യായവിധിയിൽനിന്നും ഞങ്ങളെ വീണ്ടെടുപ്പാനായിട്ടു നിൻെറ മനസ്സോടെ ഉള്ള താഴ്മയാൽ കുരിശിലെ അവമാനത്തിനായിട്ടു് നീ എഴുന്നെള്ളി വരികയും ആറാംദിവസം ഞങ്ങൾക്കുവേണ്ടി ന്യായസ്ഥലത്തു കയറിനിൽക്കയും ചെയ്തു. പാപദാസ്യത്തിൽനിന്നും ശിക്ഷയിൽനിന്നും ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുവാനായിട്ട് അഹങ്കാരിയായ ദാസനിൽനിന്നു ചെകിട്ടത്തടി കൊള്ളുകയും കുററക്കാരനെപ്പോലെ വിധി ഏല്ക്കയും ഞങ്ങളുടെ കുററമുള്ള വർഗത്തെ കുററമില്ലാതാക്കിത്തീർക്കയും ചെയ്തു. ന്യായാധിപനായ പീലാത്തോസുമൂലം ചമ്മട്ടികൊണ്ടു് അടിയേൽക്കയും കുററക്കാരനായ ഞങ്ങളുടെ കുടുംബത്തലവൻെറ കുററത്തിനു പ്രതിവിധി ഉണ്ടാക്കയും ഈ വെള്ളിയാഴ്ച ദിവസം അശുദ്ധരിൽനിന്നു തിരുമുഖത്തേററ തുപ്പലിനാൽ കൽപനലംഘനംമൂലം ഞങ്ങളുടെമേൽ വാണിരുന്നതായ മഹാനിന്ദ്യമായ ലജ്ജയെ ഞങ്ങളുടെ എല്ലാവരുടേയും മുഖത്തുനിന്നു നീക്കിക്കളകയും ഘോരസർപ്പത്തിൻെറ അസൂയയാൽ വൃക്ഷങ്ങളുടെ ഇടയിൽവച്ചു ഞങ്ങൾ ഉരിഞ്ഞുകളഞ്ഞതായ പരിശുദ്ധാത്മാവിനെ വീണ്ടും ഞങ്ങളെ ധരിപ്പിപ്പാനായിട്ടു യഹൂദന്മാരുടെ അപമാനകരമായ അധിക്ഷേപ

www.malankaralibrary.com

ത്താൽ ചുവപ്പുവസ്ത്രം അണിയുകയും ചെയ്തു. ഞങ്ങളുടെ അവയവങ്ങൾക്കുള്ളിൽ മരണത്തെ വിതച്ച പാപത്തെ നിന്റെ കിരീടത്തിന്റെ മുള്ളുകളാൽ വേരോടെ പറിക്കയും ജനത്തിലെ പുരോഹിതന്മാർ നിന്നെ പിടിപ്പിച്ച പരിഹാസക്കോൽകൊണ്ട് നിന്റെ ജീവന്റെ പുസ്തകത്തിൽ ഞങ്ങളുടെ പേരുകൾ എഴുതുകയും മരത്തിന്റെ മുകളിൽ നഗ്നനായി തൂക്കപ്പെടുകയും നിന്റെ ജഢഉരിച്ചിലാൽ ദോഷങ്ങളുടെ അദ്ധ്യക്ഷനും വ്യാജത്തിന്റെ പിതാവും ആയി വായു മണ്ഡല സൂക്ഷിപ്പുകാരനാകുന്ന അധിപനെ നീ ലജ്ജിപ്പിച്ച് നാണിപ്പിക്കയും ആദാമിന്റെ ലജ്ജയെ മറയ്ക്കുകയും ചെയ്തു. പഴം പറിച്ച് ലോകത്തിലേക്ക് മരണത്തെ വരുത്തി അതിന് എല്ലാ തലമുറകളിലും വാഴ്ച നൽകിയ കൈകൾക്ക് പകരം നിന്റെ വിശുദ്ധ തൃക്കരങ്ങളെ ആണികൾക്കും തൃപ്പാദങ്ങളെ ഇരുമ്പു ബന്ധനങ്ങൾക്കും നീ കൊടുത്തു. മരണകരമായ വൃക്ഷത്തിൽ നിന്നുള്ള ഭക്ഷണത്തിനു പകരം കാടി കുടിക്കയും കയ്പ്പിനെ ആസ്വദിക്കയും ചെയ്തു. അക്രമികളോടുകൂടെ നീ എണ്ണപ്പെടുകയും ആദാമിന്റെ നിന്ദയെ നീക്കുവാനായിട്ട് കള്ളന്മാരുടെ ഇടയിൽവച്ച് നിന്ദ ഏൽക്കയും നിന്റെ പിതാവിന്റെ ദീർഘദർശിമാർ മുൻകൂട്ടി സൂചിപ്പിച്ചിരുന്നതെല്ലാം നിന്റെ ദേഹത്തിൽ നിറവേററുകയും ഇതാ എല്ലാം നിറവേറിയിരിക്കുന്നു എന്നു പറഞ്ഞു നിന്റെ തല ചായിച്ച് നിന്റെ ആത്മാവിനെ ഏല്പിച്ചു കൊടുക്കയും ചെയ്തു. പ്രജാവാത്സല്യത്താൽ ഞങ്ങളെ രക്ഷിപ്പാൻവേണ്ടി ഇതൊക്കയും നിവർത്തിച്ച മനുഷ്യസ്നേഹമുള്ളവനായ കർത്താവേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ അവർണ്ണനീയമായ നിന്റെ താഴ്മയും മനസ്സോടെ ഉള്ളവയും കുററമില്ലാത്തവയും ആയ നിന്റെ കഷ്ടതകളേയും നീ ഓർത്ത് രക്ഷാകരവും ചൈതന്യപ്രദവുമായ നിന്റെ കഷ്ടാനുഭവത്തിന്റെ ദുഃഖകരമായ ഈ ദിവസത്തിൽ ഇപ്പോൾ ബഹുലങ്ങളായ നിന്റെ അനുഗ്രഹങ്ങളെ ഞങ്ങളിൽ പൂത്തുക്കേണമെ. നിഷ്കളങ്കമായ വിശ്വാസത്തോടെ നിന്റെ പീഡകളെ വന്ദിച്ച് നിന്റെ മനുഷ്യാവസ്ഥകളെ ഏററുപറകയും നിന്നെ എല്ലാററിന്റേയും സാക്ഷാൽ ദൈവമെന്ന് അറിയുകയും ചെയ്യുന്നതായി ഇവിടെയും എവിടെയും ഉള്ള കാതോലികവും അപ്പോസ്തലികവും ആയ നിന്റെ പരിശുദ്ധ സഭയെ നിന്റെ വിജയിയായ കുരിശുകൊണ്ട് സംരക്ഷിക്കേണമെ. ഞങ്ങളുടെ അകൃത്യത്തെ മായിച്ചുകളഞ്ഞ നിന്റെ കഷ്ടാനുഭവങ്ങളുടെ ഓർമ്മയെ കഴിക്കുന്ന ഈ സമയത്ത് ബലഹീനരും നികൃഷ്ടന്മാരുമായ ഞങ്ങളാൽ സമർപ്പിക്കപ്പെടുന്ന ഈ സുഗന്ധധൂപത്താൽ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതു് എന്തെന്നാൽ മനസ്സോടും മനസ്സുകൂടാതെയും അറിഞ്ഞും അറിയാതെയും ഞങ്ങൾ എന്തിനാൽ അശുദ്ധരായി

www.malankaralibrary.com

തീർന്നുവോ ആ കടങ്ങറാംക്ക് പരിഹാരവും പാപങ്ങറാംക്ക് മോചനവും നീ ഞങ്ങറാംക്ക് നൽകേണമെ. ലോകാവസാനത്തോളം ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിരപരാധവും നിർമ്മലവും ആയ ജീവിതത്താൽ നിന്റെ മുൻപാകെ ഞങ്ങളെ കാത്തുകൊള്ളേണമെ. തക്ക ധൈര്യത്തോടെ ഞങ്ങളുടെ ആത്മാക്കളെ നിന്റെ വിശുദ്ധ പിതാവിന്റെ തൃക്കൈകളിൽ ഞങ്ങളും സമർപ്പിക്കുമാറാകണമെ. ജീവകരമായ നിന്റെ സ്ളീബായാകുന്ന വലിയതും രക്ഷാകരവുമായ അടയാളത്തോടുകൂടിയുള്ള മഹനീയമായ നിന്റെ രണ്ടാമത്തെ വരവിന്റെ നാളിൽ ഞങ്ങറാം നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുമാറാകേണമെ. ഹോശോ....

# രാത്രി

## ഒന്നാം കൗമാ

## പ്രുമിയോൻ

ഞങ്ങറാംക്കുവേണ്ടി മുട്ടിപ്പോടെ പ്രാത്ഥനയിൽ എഴുന്നേററു നിന്നവനായി പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനും ഞങ്ങറാംക്കു വേണ്ടി ദുഃഖത്തോടെ തന്റെ പിതാവിന് അപേക്ഷ സമർപ്പിച്ചവനായി അപേക്ഷകളെ കേറാംക്കുന്നവനും ഞങ്ങറാംക്കുവേണ്ടി തന്റെ പിതാവിന്റെ മുമ്പാകെ വ്യസനത്തോടു് മുട്ടുകുത്തിയവനായി എല്ലാ മുട്ടുകളും തന്നെ വഴങ്ങുന്നവനും ഞങ്ങളുടെ ശത്രുവിനോടുള്ള പോരാട്ടത്തിൽ രക്തത്തുള്ളികളെ വിയർപ്പിച്ചവനായി ആദാമിന് വിയർപ്പോടെ ഭക്ഷണം നിശ്ചയിച്ചവനും ഞങ്ങറാംക്കു ധൈര്യം തരുവാനായിട്ട് ഭയംപൂണ്ട ധീരനും ഞങ്ങളുടെ ദുഃഖത്തേയും സങ്കടത്തേയും മായിച്ചു കളവാനായിട്ട് മരണത്തോളം വ്യസനിക്കുകയും ഖേദിക്കയും ചെയ്തവനായി ഞങ്ങളുടെ വ്യസനങ്ങളെ നീക്കുന്നവനും ഞങ്ങളുടെ സന്തോഷങ്ങളുടെ നാഥനും ആയ തനിക്കു ഈ നേരത്തിലും............

## സെദ്റൊ

ആകാശത്തിന്റേയും ഭൂമിയുടേയും നാഥനും ഞങ്ങളുടെ ആത്മാക്കളുടെ ദൈവവും രക്ഷിതാവും ഞങ്ങളുടെ ബലഹീനതയെ സഹായിക്കുന്നവനും ഞങ്ങളുടെ ദാരിദ്ര്യം തീർക്കുന്നതിൽ ജാഗരൂകനും യേശുമ്ശീഹായും ആയുള്ളോവേ നിനക്കു സ്തുതി. നിനക്കു കീർത്തനം. ആജ്ഞാലംഘനംമൂലം ഉള്ള ഞങ്ങളുടെ ബലഹീനത

www.malankaralibrary.com

യുടെ അധഃപതനം നിമിത്തം അശുദ്ധവികാരങ്ങളിൽനിന്നും അധർമങ്ങളിൽനിന്നും ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുവാൻ വേണ്ടി മനസ്സോടെയുള്ള ത്യാഗത്തിനും മാനുഷികമായ പീഡകൾക്കും ആയി നീ എഴുന്നെള്ളി വന്നു കുരിശുമരണത്തിനായി നീ വരികയും അപരിമിതമായ അനുസരണം കാണിക്കയും ഭയവും വേദനയും ദുഃഖവും ശോചനീയമാംവണ്ണം സഹിക്കുകയും നിന്റെ പിതാവിന്റെ മുമ്പാകെ വേദനയോടുകൂടി നമസ്കാരവും അപേക്ഷയും സമർപ്പിക്കുകയും ചെയ്തു. കഴിയുമെങ്കിൽ കയ്പുള്ള മരണക്കാസാ നിന്നിൽനിന്നു ഒഴിയുവാനായിട്ടു തന്നോടപേക്ഷിക്കുകയും, കഴിയുന്നതല്ലെങ്കിൽ അവിടുത്തെ ഇഷ്ടംപോലെയാകട്ടെയെന്നു നീ സമ്മതിക്കയും ചെയ്തു. നീ മനസ്സോടെ ശരീരത്തിൽ സ്വാഭാവികമായി വാസ്തവത്തിൽ പീഡ അനുഭവിച്ചെന്നും സ്വപ്നത്താലൊ മായയാലൊ അല്ലെന്നു അറിയിക്കയും ദൂതനിൽനിന്നുള്ള ശക്തി നിന്റെമേൽ കൈക്കൊള്ളുകയും ചെയ്തു. ഞങ്ങൾക്കു നേരിടുന്ന പരീക്ഷകളിൽ ഞങ്ങൾ ഉറങ്ങിപ്പോകരുതെന്നും നേരെമറിച്ചു തകർന്ന ഹൃദയത്തിൽനിന്നുള്ള ദണ്ഡനമസ്ക്കാരങ്ങളാൽ സങ്കേതവും സഹായങ്ങളും സമ്പാദിക്കണമെന്നും മരണത്തോടു നിഗളത്താൽ നേരിടാതെ വിനയപൂർവം പൊരുതുവാൻ അടുത്തു ചെല്ലണമെന്നും എപ്പോഴും ഞങ്ങളെ സഹായിപ്പാനായി നീ അയക്കുന്ന സ്വർഗസൈന്യങ്ങളാൽ ഞങ്ങൾ ശക്തിപ്പെടണമെന്നും നീ ഞങ്ങളെ പഠിപ്പിച്ചു. നിനക്കു വേണ്ടിയല്ലാ ഞങ്ങൾക്കുവേണ്ടി നീ മരിച്ചതിനാൽ ഭൂമിയിൽ ഉള്ള ഞങ്ങളുടെ എല്ലാ നടപടികളും സ്വർഗീയ പിതാവിനു പ്രീതികരമായിരിപ്പാൻ തക്കവണ്ണം ഞങ്ങൾ നിനക്കായി ജീവിക്കുമാറാകണമെ. ഉണർന്നിരിപ്പാൻ ശ്ലീഹന്മാരെ ഉൽസാഹിപ്പിച്ചതിനാൽ നീ ഞങ്ങളെ പ്രാർത്ഥന പഠിപ്പിച്ചു. പ്രാത്ഥനയ്ക്കാവശ്യമില്ലാത്തവനായ നീ പ്രാത്ഥിച്ചതു നിനക്കുവേണ്ടിയല്ലാ ഞങ്ങൾക്കുവേണ്ടിയത്രെ. എന്തെന്നാൽ നീ അകൃത്യം ചെയ്തിട്ടില്ല. നിന്റെ വായിൽ വഞ്ചന കണ്ടെത്തപ്പെട്ടിട്ടില്ല. എപ്പോഴും നിന്റെ പിതാവിനോടുകൂടെ നീ പ്രാർഥനകളെ കൈക്കൊള്ളുന്നവനാണല്ലോ. ഞങ്ങളുടെ പ്രാത്ഥനകളെ കൈക്കൊള്ളണമെന്നു നീ പ്രാത്ഥിക്കയും പാപത്താലുള്ള വീഴ്ചയിൽനിന്നും വിഗ്രഹാരാധനയിൽനിന്നും ഞങ്ങളെ എഴുന്നേല്പിപ്പാനായി നീ മുട്ടുകുത്തുകയും ചെയ്തു. പരിശുദ്ധനായുള്ളോവേ മുകളിലുള്ള അഗ്നി നിന്നെ ഭയപ്പെട്ടുകൊണ്ടിരിക്കേ നീ ഭയപ്പെടുകയും ഞങ്ങൾക്കു ധൈര്യം സമ്പാദിച്ചു തരികയും നീ വേദനയേൽക്കുകയും മർമഭേദകമായ വേദനയിൽനിന്നു ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും നീ ദുഃഖിച്ചു ഞങ്ങളുടെ ദുഃഖത്തെ ആനന്ദമാക്കിതീർക്കയും നീ രക്തത്തുള്ളികൾ വിയർപ്പിച്ചു ആദാമിന്റെ വിയർപ്പിനെ മായിച്ചു കളകയും ചെയ്തു. മനസ്സോടെ നീ സഹിച്ചു

www.malankaralibrary.com

ട്ടുള്ള ഇവ എല്ലാററിനാലും പ്രതികൂലസൈന്യങ്ങളാകുന്ന ഈ ലോകത്തിലെ അധികാരികളെ നീ ഭ്രമിപ്പിച്ചു. അവർ നിന്നെ ഗ്രഹിച്ചില്ല. ബുദ്ധിഹീനനായ ഞങ്ങളുടെ വർഗത്തലവനായ ആദാമിനെ നിത്യ ജീവിതത്തെക്കുറിച്ചുള്ള ആശയാൽ വഞ്ചിച്ചതിനു പകരം മൽസരക്കാരനും കഠിനനും തീക്ഷ്ണബുദ്ധിയുള്ളവനും എല്ലാ ജീവികളെക്കാളും കൗശലക്കാരനുമായ സർപ്പമാകുന്ന വഞ്ചനയുടെ തലവനെ നിന്റെ ഭയത്താലും മരണത്തെ വിട്ടുള്ള ഓട്ടത്താലും നീ വഞ്ചിച്ചു. അവൻ അടിച്ച അടിയാൽ അവനെ അടിച്ചു. അവൻ കൊന്ന കൊലയാൽ അവനെ കൊന്നു എന്നുള്ളതായി ദീർഘദർശനത്തിൽ എഴുതപ്പെട്ടിട്ടുള്ളതു നിവൃത്തിയായി. എന്തെന്നാൽ മഹാസർപ്പത്തെ നിന്റെ കെണിയിൽ നീ അകപ്പെടുത്തി. അതിന്റെ പല്ലുകൾ അതിന്റെ വായിൽവച്ചു തന്നെ നീ തകർത്തു. ശക്തിയുള്ള സിംഹത്തിന്റെ അണപ്പല്ലുകളെ ഒഴുകുന്ന വെള്ളംപോലെ നീ സമൂലം പറിച്ചുകളഞ്ഞു. മന്ത്രവാദിയുടെയും കുഴലൂത്തുകാരന്റെയും സൂത്രക്കാരന്റെയും ശബ്ദം കേൾപ്പാതിരിപ്പാൻ ചെവി പൊത്തിയ ചെകിടനെ നിന്ദ്യനും നികൃഷ്ടനും ആക്കിത്തീർക്കയും അവന്റെ കൂർത്ത പല്ലുകളുടെ പലതരം അംശങ്ങളും ആകൃതികളും നീ നശിപ്പിക്കുകയും അവൻ അശേഷം നശിക്കുന്നതുവരെ മനുഷ്യാവതാരമാകുന്ന ആഗ്നേയാസ്ത്രം അവനിൽ എയ്യുകയും ചെയ്തു. അവൻ നിന്റെ ദൈവത്വത്തിന്റെ മുമ്പിൽ ഉരുകിവീഴുന്ന മെഴുകുപോലെ ഉരുകിപ്പോയി. അധർമിയെ കോപം കലക്കി അവൻ പല്ലുകടിച്ചു മാഞ്ഞുപോയി. അവന്റെ ആഗ്രഹം ദുഷ്ടതയിൽ നശിച്ചുപോയി. അപ്പോൾ പുണ്യവാന്മാർ അവനു കിട്ടിയ പ്രതിഫലം കണ്ടു ഇതാ! ഇതാ! നമ്മുടെ കണ്ണു അതിനെ കണ്ടു എന്നും ഭൂമിയിൽ അവർക്കു ശിക്ഷ വിധിപ്പാൻ ദൈവമുണ്ടെന്നും അവർ പറഞ്ഞു. എന്തെന്നാൽ അവനു തക്ക വിധിയാൽ നീ അവനെ വിധിച്ചു. ആദാമിനുവേണ്ടി നീ അവനോടു പകരം ചോദിച്ചു. അവൻ വെട്ടിക്കുഴിച്ച കുഴിയിൽ അവൻ വീണു. അവൻ ഉണ്ടാക്കിയ കുളത്തിൽ അവൻ അകപ്പെട്ടു. അവന്റെ അന്യായം മുഴുവനും അവന്റെ തലയിൽതന്നെ തിരിച്ചുവന്നു. അവന്റെ ദുഷ്ടത മുഴുവനും അവന്റെ നിറുകമേൽ ഇറങ്ങി. നിന്റെ മരണത്താൽ ആശ്വാസം കിട്ടാത്ത ദുഃഖം അവൻ അനുഭവിച്ചു. അവൻ മുഖാന്തരം പാതാളം മുഴുവൻ നിന്റെ പ്രവേശനത്തിനെതിരായി മൽസരിച്ചു. കർത്താവേ! നിന്റെ കഷ്ടാനുഭവത്താൽ അവന്റെ കഠിനനുകത്തിൽനിന്നു് ഒഴിഞ്ഞവരായ ബലഹീനരും പാപികളുമാകുന്ന നിന്റെ ദാസരായ ഞങ്ങൾ ഈ സുഗന്ധധൂപംമൂലം നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ സകല ഉപദ്രവങ്ങളിൽനിന്നും നീ ഞങ്ങളെ ഉദ്ധരിച്ചു രക്ഷിക്കണമെ.

www.malankaralibrary.com

ഞങ്ങളുടെ ശക്തിയിൽ കവിഞ്ഞ കഠിന പരീക്ഷകളിൽനിന്നു് ഞങ്ങളെ എല്ലായ്പോഴും വീണ്ടുകൊള്ളേണമെ. നിൻെറ കർത്തൃത്വത്തെ പ്രസാദിപ്പിക്കുന്ന പ്രാർഥനകൾക്കായി സദാനേരവും നീ ഞങ്ങളെ ഉൽസാഹിപ്പിക്കേണമെ. നിൻെറ സഹായങ്ങളാൽ ഞങ്ങളെ സഹായിക്കേണമെ. ഞങ്ങൾക്കു ചുററും നിൻെറ മാലാഖമാരുടെ ശക്തിയുള്ള കാവലുകൾ നിർത്തേണമെ. നിൻെറ കല്പനകളെ ആചരിപ്പാനും നിൻെറയും നിൻെറ പിതാവിൻെറയും നിൻെറ റൂഹായുടേയും തിരുവിഷ്ടം ചെയ്വാനും ഞങ്ങളെ സന്നദ്ധരാക്കേണമെ. ഹോശോ....

# രാത്രി

## രണ്ടാം കൗമാ

## പ്രുമിയോൻ

തൻെറ കുരിശിനാൽ തള്ളപ്പെട്ടവരെ അവരുടെ അവകാശത്തിലേക്കു തിരികെ കൊണ്ടുവരികയും കുററക്കാരിൽനിന്നു് അവരുടെ ലജ്ജയെ നീക്കിക്കളകയും നഗ്നരെ അവരുടെ വസ്ത്രം ധരിപ്പിക്കയും അവരുടെ മനുഷ്യത്വത്തിൻെറ നഗ്നത മറയ്ക്കുകയും അവരുടെ അജ്ഞാനാന്ധകാരത്തെ മായിച്ചുകളകയും തൻെറ കുരിശിനാൽ ലോകത്തെ പ്രകാശിപ്പിക്കയും ചെയ്ത രക്ഷകനായ തനിക്കു് ഈ നേരത്തിലും........ഇത്യാദി.

## സെദ്റൊ

നമ്മുടെ മ്ശീഹാതമ്പുരാൻ പുത്രനും നാഥനും പിതാവിനെപ്പോലെ ഉള്ളവനും പിതാവിൽനിന്നായിരുന്നവനും ആയിരിക്കുന്നവനും ആകുന്നു. പിതാവിനു് തിരുവുള്ളം തോന്നുകയാൽ വലിയ കടച്ചീട്ടിൻപ്രകാരമുള്ള പഴയകടം വീട്ടുവാൻ തന്നെ ലോകത്തിലേക്കയച്ചു. നമ്മുടെ പേരിലുള്ള മരണവിധി മൂലം താൻ വിളിക്കപ്പെടുകയും ന്യായസ്ഥലത്തേക്കു് എഴുന്നെള്ളുകയും ചെയ്തു.

www.malankaralibrary.com

തന്നെ കൂട്ടിക്കൊണ്ടുപോകയും താൻ കാരാഗൃഹത്തിലേക്കു പ്രവേശിക്കയുംചെയ്തു. അവർ തന്നെ അടിക്കയും താൻ വിചാരണയിൽ നിൽക്കയും മൗനം പൂണ്ട് പഴയ കടം കയ്യേൽക്കയും ചെയ്തു. താഴ്മയുടെ ഔന്നത്യത്തിലേക്കു തന്റെ മുഖം ഉയർത്തി തുപ്പൽ ഏൽക്കയും തന്റെ മുതുകിനെ ചമ്മട്ടികൾക്കൊരുക്കയും കവിൾതടങ്ങളെ ദണ്ഡനങ്ങൾക്കായിട്ടു കൊടുക്കയും തന്റെ ദേഹത്തെ മുറിവുകൾക്കായി ഏല്പിച്ചു കൊടുക്കയും ചെയ്തു. പരിഹാസ വസ്ത്രങ്ങളാൽ അപമാനിക്കപ്പെടുകയും ലജ്ജാകരമായ കോൽകൊണ്ട് തന്റെ തലയ്ക്കു് അടിക്കയും ചെയ്തു. താൻ ഒരു കുറ്റക്കാരനെപ്പോലെ തന്റെ കുരിശു തോളിന്മേൽ വഹിക്കയും ദുഷ്ടപ്രകാരനെപ്പോലെ അക്രമികളോടുകൂടി ഗണിക്കപ്പെടുകയും ചെയ്തു. കുരിശിൽവച്ചു തന്റെ തൃക്കൈകളും കാലുകളും ആണികൾകൊണ്ട് തറയ്ക്കപ്പെട്ടു. താൻ നഗ്നനായി മുൾക്കിരീടം ധരിച്ചിരിക്കുന്നു. അവർ തന്നെ കൂട്ടിക്കൊണ്ടുപോകയും താൻ കഷ്ടതകൾ സഹിക്കയും ചെയ്യുന്നു. താൻ വെള്ളത്തിനായി ദാഹിച്ചിരിക്കുന്നു. കാടിയും കയ്പും തനിക്ക് കൊടുക്കുന്നു. താൻ ദുഃഖത്തോടെ നിലവിളിക്കുന്നു. കുരിശിന്മേൽനിന്നു് തന്റെ നെടുവീർപ്പുകൾ കേൾക്കപ്പെടുന്നില്ല. ഇവ ഒക്കെയോടുംകൂടെ സ്വസ്ഥത പ്രാപിച്ചവർ തന്റെ സഹായങ്ങൾ വഹിച്ചിരിക്കുന്നു. തന്റെ സത്യത്തിന് പീലാത്തോസിന്റെ ഭവനക്കാർ സാക്ഷികളായിരിക്കുന്നു. മൂന്നു ഭാഷകളിൽ താൻ രാജാവെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. താൻ സൃഷ്ടികളുടെ നാഥനാണെന്നു ന്യായാധിപന്മാർ ഉദ്ഘോഷിക്കുന്നു. ഭൂമി ഇളകുന്നു. ഭൂലോകം കുലുങ്ങുന്നു. പാറകൾ പൊളിയുന്നു. ശവക്കല്ലറകൾ തുറക്കപ്പെടുന്നു. മരിച്ചവർ ജീവിച്ചെഴുന്നേൽക്കുന്നു. പാതാളം ഉന്മൂലനം ചെയ്യപ്പെടുന്നു. സൂര്യപ്രകാശം മറഞ്ഞിരിക്കുന്നു. ഇളക്കം നിമിത്തം വാതിൽമറ കീറിപ്പോകുന്നു. ഭയംനിമിത്തം അന്യോന്യബന്ധം അഴിഞ്ഞുപോകുമൊ എന്നുവച്ചു പഞ്ചഭൂതങ്ങൾ ഭ്രമിക്കുന്നു. നാശത്തിന്റെ കോട്ടകൾ വിറയ്ക്കുന്നു. ജീവിച്ചിരിക്കുന്നവരുടെ കോലാഹലം മരിച്ചവരുടെ സ്ഥലത്തു കേൾക്കപ്പെടുന്നു. പുറത്തേക്കുപോകുവാൻ തിക്കിത്തിരക്കുന്ന പുരുഷാരങ്ങളാൽ മരണം അതിന്റെ കട്ടിളപ്പടിമേൽവച്ച് ചവിട്ടപ്പെടുന്നു. ലോകം തന്റെ നാഥനെ മരത്തിന്മേൽ തൂക്കിയതുകണ്ടിട്ട് അഴിഞ്ഞുപോകുമൊ എന്നുവച്ച് വലിയ ഭ്രമത്തോടെ വിറയ്ക്കുന്നു. വൻപിച്ച സംഭവങ്ങൾ നടക്കുന്നു. വിസ്മയനീയങ്ങളായ ശക്തികൾ കാണപ്പെടുന്നു. ഭൂമിയും ആകാശവും ഇളകിമറഞ്ഞു ഓടിഒളിപ്പാൻ സ്ഥലം അന്വേഷിക്കുന്നു. മാലാഖമാരുടെ നാഥൻ കുരിശിന്മേൽ തറയ്ക്കപ്പെട്ടിരിക്കുന്നു എന്നു അറിയപ്പെടുവാൻ തക്കവണ്ണം സൃഷ്ടിയിലുള്ള എല്ലാ അത്ഭുതങ്ങളും കാണപ്പെടുന്നു. ഈ മഹത്തരങ്ങളും സാധാരണങ്ങളും ആയ പീഡകളും ശക്തികളും ഏകപുത്രന്റെ ഏക ക്നൂമ്മായ്ക്കുള്ളതാകുന്നു. ഇതാ തന്റെ

www.malankaralibrary.com

ഉപദേശംഎല്ലാ ഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്നു. എല്ലാജാതികളും വർഗ്ഗങ്ങളും തന്റെ വലയിൽപെട്ടിരിക്കുന്നു. ഇതാ എല്ലാ ശക്തികളും തന്റെ വാതിൽക്കലേക്ക് ഓടിഎത്തുന്നു. എല്ലാ സംഘങ്ങളും തന്റെ പടിവാതില്ക്കൽ വന്ദിക്കുന്നു. എല്ലാ വാകളും തന്റെ ശരീരം ഭക്ഷിക്കയും എല്ലാ നാവുകളും തന്റെ രക്തം ആസ്വദിക്കയും ചെയ്യുന്നു. എല്ലാ ശബ്ദങ്ങളും തന്റെ സ്തുതി പാടുന്നു. എല്ലാ ഭാഗങ്ങളിൽനിന്നുമുള്ളവർ തന്നെ വന്ദിപ്പാനായിട്ടു ചെല്ലുന്നു. സകലനാവും 'യേശു കർത്താവാകുന്നു' എന്ന് ഏററുപറയുന്നു. ഞങ്ങരം തന്നേയും തന്റെ പിതാവിനേയും പരിശുദ്ധാത്മാവിനെയും സ്തുതിച്ചുവന്ദിക്കുന്നു. ഹോശോ.......

# രാത്രി

## മൂന്നാം കൌമാ

## പ്രുമിയോൻ

ഞങ്ങളെ രക്ഷിപ്പാൻ ഇറങ്ങിവരികയും തന്റെ ഉയർന്ന നിലയിൽതന്നെ വസിക്കുകയും ശൂന്യനാകുകയും തന്റെ പൂർണ്ണതയിൽനിന്നു മാറാതെയിരിക്കയും ചെയ്തു ഉന്നതനും പകക്കപ്പെട്ടുകയും തന്റെ ആത്മാവിന്നടുത്ത സ്ഥിതിയിൽ വസിക്കയും ചെയ്തു നിർമ്മലനും വിധിക്കപ്പെട്ടുകയും ഞങ്ങളുടെ കുററത്തെ കുററമില്ലാതാക്കിത്തീർക്കയും താൻ ഏററ അടികളാൽ ഞങ്ങളുടെ കടങ്ങളെ വീട്ടുകയും തന്റെ പീഡകളാൽ ഞങ്ങളുടെ സ്വഭാവിക പീഡകളെ പീഡിപ്പിക്കുകയും തന്റെ കിരീടത്താൽ ഞങ്ങളുടെ ശാപം വഹിക്കയും തന്റെ കൊലയാൽ ഞങ്ങളെ കൊല്ലുന്നവനെ ഓടിച്ചുകളകയും കുരിശിക്കപ്പെട്ടുകയും ജഡത്തിൽ മരിക്കയും തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മരിപ്പിക്കയും ചെയ്തു ന്യായാധിപതിമാരുടെ ന്യായാധിപതിയും ആയ തനിക്ക് ഈ നേരത്തിലും.........

## സെദ്റൊ

കാലത്തിന് അധീനനാകാതെയും പീഡാപ്രവാഹത്തിൽനിന്ന് ഒഴിഞ്ഞും തന്റെ പിതാവിന്റെ അദൃശ്യമായ ഹൃദയത്തിൽനിന്ന് ജനിക്കയും ഞങ്ങളുടെ പാപം നിമിത്തം ജഡം ധരിക്കയും ദൈവത്വത്തിൽ നിന്നും ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്ത മനുഷ്യത്വത്തിൽ നിന്നും ഏകസ്വഭാവമായിത്തീരുകയും ഞങ്ങളെ സമ്പാദിപ്പാനായിട്ട് ഇങ്ങനെ നിശ്ചയിക്കയും നിർബന്ധമെന്യെ

www.malankaralibrary.com

രാജകീയ സ്വാതന്ത്ര്യത്താൽ മാനുഷികമായ സകലത്തേയും സഹിക്കയും ചെയ്ത അദൃശ്യനും അവർണ്ണനീയനും ആയ സ്വയംഭൂവും ആയുള്ളോവേ നിനക്കു സദൃശനായിരിക്കുന്ന പരിശുദ്ധാറൂഹാ എഴുതിവച്ചവയെ നീ ആചരിക്കുകയും മോശയുടെ പെസഹാ കഴിക്കയും പുതിയ രഹസ്യം ഞങ്ങളെ അറിയിക്കയും നിന്റെ കർത്തൃശരീരത്തിന്റെ ഖണ്ഡിപ്പാലും ജീവൻ ഉണ്ടാക്കുന്ന നിന്റെ രക്തച്ചൊരിച്ചിലാലും പുതിയതിനെ ആരംഭിക്കയും ചെയ്തു. പിന്നീട് കഷ്ടാനുഭവ മാർഗ്ഗത്തെ ഭയം കൂടാതെ നിനക്ക് നീ ഒരുക്കുകയും ആട്ടിൻകുട്ടിയെപ്പോലെ ബലികഴിക്കപ്പെടുന്നതിന് നീ അടുത്തു ചെല്ലുകയും ചെയ്തു. നിന്റെ ദൈവിക ക്രോധം ജ്വലിക്കാതെ രോമം വെട്ടുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ നീ അനങ്ങാതെ നിന്നു. ഹാ! നാഥൻ വേദനപ്പെടുന്നു. ഹാ! രാജാവ് ചമ്മട്ടികളാൽ അടിക്കപ്പെടുന്നു. ഹാ! ലോകാധിപൻ കുററക്കാരനെന്നപോലെ ശിക്ഷയ്ക്ക് വിധിയ്ക്കപ്പെടുന്നു. മൺമയൻ പാഞ്ഞെത്തുന്നു. ദൈവപുത്രൻ ജഡത്തിൽ കഷ്ടപ്പെടുന്നു. യൂദാ ഏല്പിച്ചുകൊടുക്കുന്നു. യേശു സഹിക്കുന്നു. സകലത്തിന്റേയും രക്ഷിതാവ് ഇപ്പോൾ വധിക്കപ്പെടുമെന്നും ആദാമിനെ ജയിച്ചവൻ തോൽക്കയില്ലെന്നും പറഞ്ഞ് സാത്താൻ നിഗളിക്കുന്നു. ഹാ! സർവ്വശക്തന്റെ കഷ്ടാനുഭവങ്ങളാൽ പൂർണ്ണമായി നിറവേറുന്ന രക്ഷ പുതുക്കപ്പെടുന്നു. ഹാ! ആസന്നമായ ദുഃഖം സന്തോഷത്തേയും വേദനയേയും ക്ഷണിച്ചു വരുത്തുന്നു. യോഹന്നാൻ മഹത്തായ സ്നേഹത്താൽ യേശുവിനോടു കൂടി ആസ്ഥാനമണ്ഡപത്തിലേക്കു പ്രവേശിച്ച് അമ്പരന്നു നിൽക്കുന്നു. ശെമഓൻ തള്ളിപ്പറയുന്നു. തോമ്മാ ഓടിപ്പോകുന്നു. യാക്കൂബ് മറഞ്ഞു കളയുന്നു. യൂദാ അന്യനായിത്തീരുന്നു. ഹന്നാന്റെ ആളുകൾ കുരിശൊരുക്കുന്നു. ശത്രു പ്രതികാരം ചെയ്യപ്പെടുന്നു. പ്രതിയോഗി നശിച്ചുപോകുന്നു. സർപ്പം ചതയ്ക്കപ്പെടുന്നു. കാടി കലത്തപ്പെടുന്നു. കിരീടം മുടയപ്പെടുന്നു. വാൾ മൂച്ച് കൂട്ടപ്പെടുന്നു. ആണികൾ ഒരുക്കപ്പെടുന്നു, ഹാ! രക്ഷിതാവ് അത്യന്തം താഴ്മപ്പെടുന്നു. ഇപ്രകാരം രക്ഷിതാവ് അൽപ്പനേരം ഹീനനാകുന്നു. നാമോ വിജയികളായിത്തീരുന്നു. ഇപ്പോൾ ഊർശ്ലേം പുത്രിയായ അഹങ്കാരിണി വിലാപത്തിലിരിക്കും. അവളുടെ രഹസ്യ ആലോചനക്കാരിയായ പാതാളം നശിക്കുന്നു. ഇപ്പോൾ നിനക്ക് കീഴ്പ്പെട്ടവർ രക്ഷിക്കപ്പെടുന്നു. ഇതാ നിന്റെ രക്തത്താൽ നീ രക്ഷിച്ചിട്ടുള്ള പുതിയ സഭ നിന്നെ ബഹുമാനിക്കുന്നു. അവളുടെ കണ്ണുനീരുകളാൽ നിന്റെ മുറിവുകളെ നനക്കുന്നു. എതിരാളിയുടെ എല്ലാ തന്ത്രങ്ങളിൽനിന്നും മനുഷ്യരുടെ നാശകരമായ ചതിവുകളിൽ നിന്നും മത്സരക്കാരുടേയും അനുസരണമില്ലാത്തവരുടേയും ക്രോധത്തിൽ നിന്നും അവളേയും അവളുടെ സന്താനങ്ങളേയും കാത്തുകൊള്ളേണമെന്ന് അവൾ നിന്നോടപേക്ഷിക്കുന്നു. സ്നേഹമാകുന്ന ഉററ ഐക്യ

www.malankaralibrary.com

ത്താൽ അവരം നിന്നിൽ ബന്ധിക്കപ്പെട്ടുവാനായിട്ട് അവളെ നീ സ്ഥിരപ്പെടുത്തേണമെ. സകല ഉപദ്രവത്തിൽനിന്നും അവരം രക്ഷിക്കപ്പെടുകയും അവളും അവളുടെ സന്താനങ്ങളും നിൻെറ ചിറകുകരംക്കുള്ളിൽ മറച്ചുകൊള്ളപ്പെടുകയും ചെയ്യേണമെ. അവരം അവരംക്കുവേണ്ടി കഷ്ടപ്പെടുകയും അവളെ രക്ഷിക്കുകയും ചെയ്ത നിന്നെയും നീ മുഖാന്തരം അവളോട് നിരപ്പായ നിൻെറ പിതാവിനേയും ദാനങ്ങളാൽ അവളെ ഐശ്വര്യപ്പെടുത്തിയ നിൻെറ പരിശുദ്ധാത്മാവിനെയും അവസാനമില്ലാതെ സ്തോത്രം ചെയ്ത് വന്ദിച്ച് സ്തുതിക്കുമാറാകേണമെ. ഹോശൊ..........

# രാത്രി

## നാലാം കൌമാ

## പ്രുമിയോൻ

തന്നത്താൻ കൊലയ്ക്കു് വിട്ടുകൊടുത്ത് ഭക്ഷണാസക്തിയുള്ള ചെന്നായ്ക്കളിൽ നിന്ന് തൻെറ ആട്ടിൻകൂട്ടത്തെ രക്ഷിച്ച ഉത്തമ ഇടയനും അശുദ്ധരിൽ നിന്ന് പീഡയേററ് ആരാധകരെ സ്തുതി പഠിപ്പിച്ച ദയാലുവും മാനുഷികവുമായ ശൂന്യതയ്ക്ക് തന്നെ കീഴ്പ്പെടുത്തി ആക്ഷേപവും മരണവും കൈക്കൊണ്ട് ലോകത്തെ രക്ഷിച്ച സ്വതന്ത്രനുമായ തനിക്കു.......

## സെദ്റൊ

പിതാവിൽ നിന്നുള്ള ഏകജാതനും ലോകങ്ങരംക്കുമുമ്പുള്ള വചനവും സകലത്തിൻേറയും സ്രഷ്ടാവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും ദൈവത്തിൽനിന്നുള്ള ദൈവവും അദൃശ്യനായ പിതാവിൻെറ ജ്ഞാനവും വചനവും ജീവനും രൂപവും ജഡത്തിൽ കാണപ്പെട്ട അദൃശ്യനും ശരീരത്തിൽ നിർണ്ണയിക്കപ്പെട്ട അനിർണ്ണയനും മനസ്സോടെ വചനത്തിന് കീഴടങ്ങിയ അനിർവചനീയനും ഹീനരും ദരിദ്രന്മാരും ആയ ഞങ്ങളെ ശ്രേഷ്ഠന്മാരാക്കുവാൻ തിരുവുള്ളം തോന്നി താഴ്മയ്ക്കായി ഇറങ്ങി വന്ന അറുതി ഇല്ലാത്തവനും മരണമുള്ളവരെ മരണത്തിൽ നിന്നും പാപത്തിൽ നിന്നും സ്വാതന്ത്ര്യപ്പെടുത്തുവാനായി അവരുടെ അടുക്കലേക്ക് ഇറങ്ങി വന്ന മരണമില്ലാത്തവനും സ്വജനങ്ങളുടെ അടുക്കലേക്ക് വരികയും അവർ തന്നെ കൈക്കൊള്ളാതെ ബഹിഷ്ക്കരിച്ച് തോട്ടത്തിന് പുറത്തു തന്നെ കുരിശിൽ തറയ്ക്കുകയും ചെയ്ത നാഥനും

www.malankaralibrary.com

ആയ നമ്മുടെ മിശിഹാതമ്പുരാൻ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അവർ കോപത്താൽ എരിയുന്നു. താൻ കഷ്ടതയാൽ ഇരിക്കുന്നു. അവർ കോപംകൊണ്ട് ഉജ്ജ്വലിക്കുന്നു. താൻ ആണികളാൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അവരിൽ വൈരാഗ്യം കത്തിജ്വലിക്കുന്നു. തന്റെ വിലാവ് ചവളം കൊണ്ടു കുത്തപ്പെട്ടിരിക്കുന്നു. താൻ മരണമുള്ളവർക്കു ജീവൻ വാഗ്ദാനം ചെയ്യുന്നു. മാലാഖമാർ അന്ധാളിച്ചു നിൽക്കുന്നു. ആദാമിന്റെ മക്കൾ രക്ഷിക്കപ്പെടുന്നു. പിശാചുക്കൾ വിറയ്ക്കുന്നു. ഭൂതബാധകൾ നശിപ്പിക്കപ്പെടുന്നു. നീതിമാൻ അക്രമികളോടുകൂടെ ഗണിക്കപ്പെട്ടു. പുണ്യവാൻ അധർമ്മികളോടുകൂടെ എണ്ണപ്പെട്ടു. ദൈവം കള്ളന്മാരോടുകൂടെയും ജീവദാതാവ് കൊലപാതകികളോടു കൂടെയും ചേർക്കപ്പെട്ടിരിക്കുന്നു. സാക്ഷികൾ കളവും ചതിവും സംസാരിക്കുന്നു. അവർ അറിയാത്തതിനെ തന്നോടു ചോദിക്കുന്നു. ഞാൻ ദൈവാലയം പൊളിച്ചുകളയുമെന്ന് താൻ പറഞ്ഞതായി ഒരാൾ സാക്ഷിപറയുന്നു. മറ്റൊരാൾ അവൻ ശാബതിനേയും ന്യായപ്രമാണത്തേയും ലംഘിച്ചു എന്നും താൻ ദൈവപുത്രനാണെന്ന് അവനെക്കുറിച്ച് പറയുന്നു എന്നും മൊഴി കൊടുക്കുന്നു. മറ്റൊരാൾ തന്റെ ചെകിട്ടത്തടിക്കുന്നു. വേറൊരാൾ തിരുമുഖത്തു തുപ്പുന്നു. ഒരുത്തൻ ചുംബനംകൊണ്ട് ചതിക്കുന്നു മറ്റൊരുത്തൻ തന്നെ അറിയുകയില്ലെന്നു പറയുന്നു. അവരിൽ ചിലർ തന്നെ അടിപ്പാനായി മലർത്തിക്കിടത്തി മററു ചിലർ തന്റെ പുറത്തു അടിച്ചു. ചിലർ മുട്ടുകുത്തി തന്നെ വന്ദിക്കുന്നു. ചിലർ യഹൂദന്മാരുടെ രാജാവ് എന്ന് പേർ വിളിച്ചു. ഒരുവൻ പെരുനാൾ വസ്ത്രങ്ങൾ അഴിച്ചു. മറ്റൊരുവൻ പരിഹാസവസ്ത്രം ധരിപ്പിച്ചു. വേറൊരുത്തൻ രാജകിരീടത്തിനുപകരം മുൾക്കിരീടം അണിയിക്കുന്നു. മറ്റൊരുത്തൻ സാമ്രാജ്യചെങ്കോലിനുപകരം വടി പിടിപ്പിക്കുന്നു. ഒരാൾ തന്റെ തലയിൽ അടിച്ചു. മറ്റൊരാൾ ക്രോധത്തോടെ കാടിയും കയ്പുനീരും കലർത്തിവെച്ചു. ഒരാൾ തന്നെ മരത്തിന്മേൽ നീട്ടിക്കിടത്തി. വേറൊരാൾ തൃക്കൈകളിലും തൃക്കാലുകളിലും ആണികൾ തറച്ചു. ഒരാൾ നീ ദൈവപുത്രനാണെങ്കിൽ നിന്നെത്തന്നെ ജീവിപ്പിക്ക എന്നു പറഞ്ഞു. മറ്റൊരുവൻ നീ രാജ്യത്തിൽ വരുമ്പോൾ എന്നെ ഓർക്കണമെ എന്നു പ്രാർത്ഥിച്ചു. ഒരാൾ കുരിശിൽനിന്നു ഇറങ്ങിവരിക, നിന്നെ ഞങ്ങൾ വിശ്വസിക്കാം എന്നു പറഞ്ഞു. മറ്റൊരാൾ സത്യമായിട്ടു ഇവൻ ദൈവപുത്രനാകുന്നു എന്ന് ഏററുപറഞ്ഞു. പടയാളികൾ പരിഹസിക്കയും യൂദന്മാർ ദുഷിക്കയും ചെയ്തു. പ്രധാന പുരോഹിതന്മാർ തന്നെ നോക്കി തലകുലുക്കി കയ്യാപ്പായും ഹന്നായും ആലോചന പറഞ്ഞുകൊടുത്തു. ''ന്യായാധിപനെ, ഇവനെ കുരിശിന്മേൽ തറയ്ക്കുക'' എന്നു എല്ലായിടത്തുനിന്നും അട്ടഹസിച്ചു. ഹാ! അനിർവ്വചനീയമായ

www.malankaralibrary.com

അത്ഭുതത്തിനു സ്തുതി. ഹാ! ശ്രേഷ്ഠമായിരിക്കുന്ന വ്യാഖ്യാനത്തിനു സ്തുതി. ദൈവം കുരിശിന്മേൽ തറയ്ക്കപ്പെടുന്നു. സൂര്യൻ ഇരുളുന്നു. ദൈവാലയത്തിലെ തിരശ്ശീല കീറുന്നു. വിലാവിൽനിന്നു രക്തവും വെള്ളവും ഒഴുകുന്നു. പാറകൾ പൊളിയുന്നു. ഭൂമി വിറയ്ക്കുന്നു. മരിച്ചവർ ജീവിച്ചെഴുന്നേൽക്കുന്നു. യൂദാ പണം വാങ്ങിക്കുന്നു. കയ്യാപ്പാ ആലോചന ചെയ്യുന്നു. ഹന്നാസ് കുററംചുമത്തുന്നു. പീലാത്തോസ് ഇരിക്കുന്നു. നമ്മുടെ നാഥൻ നിൽക്കുന്നു. ഇപ്രകാരം എല്ലാ അത്ഭുതങ്ങൾകൊണ്ടും താൻ ആകുന്ന മഹത്വത്തിൻെറ കർത്താവ് എന്നറിയപ്പെട്ടവനെ നാം സ്തുതിക്കണം. മരത്തിന്മേൽ തൂക്കപ്പെടുകയും നമുക്കുവേണ്ടി ശാപമായിത്തീരുകയും ചെയ്തവനെ നാം കുമ്പിടണം. ഭൂമിയിലെ എല്ലാ അതിർത്തികളേയും ഭാഗങ്ങളേയും സ്ഥാപിച്ചവനോടു നാം അടുപ്പംനേടണം. നമ്മുടെ മുഖം ലജ്ജിക്കാതെ ശോഭിപ്പാൻവേണ്ടി നാം അടുത്തുചെന്ന് കുരിശിന്മേൽ തറയ്ക്കപ്പെട്ടവനിൽ ആശ്രയിക്കണം. നമുക്കുവേണ്ടി താഴ്മപൂണ്ട അത്യുന്നതൻെറ തൃപ്പാദപീഠത്തെ നാം വന്ദിക്കണം. എല്ലാ ദ്രോഹികളിൽനിന്നും നമ്മെ ചുററിക്കൂടിയിരിക്കുന്ന കഠിന ഞെരുക്കങ്ങളിൽനിന്നും താമസിയാതെ നമ്മെ രക്ഷിപ്പാനായിട്ട് തൻെറ ദയയോട് നാം അപേക്ഷിക്കണം. നമുക്കുവേണ്ടി താൻ സഹിച്ച പീഡകളെ നാം സ്മരിച്ചുകൊണ്ടു മനസ്സിൻെറ അടിത്തട്ടിൽനിന്ന് നാം അട്ടഹസിച്ചു പറയണം: ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട കർത്താവേ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. കുരിശിൽ തറയ്ക്കപ്പെട്ട് ഞങ്ങളെ രക്ഷിച്ച ദൈവമെ നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ഞങ്ങളുടെ വിളികേട്ട് ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളേണമെ. ഞങ്ങളുടെ ദുഃഖം തീർത്ത് ഞങ്ങളെ ആനന്ദിപ്പിക്കേണമെ. ജയചിഹ്നമായ കുരിശോടുകൂടെ നീ പ്രത്യക്ഷപ്പെടുകയും മഹിമയോടെ നിന്നെ ബഹുമാനിച്ചിട്ടുള്ളവരെ നിൻെറ രാജ്യത്തിലെ വലിയ മഹത്വത്തിൽ ആഘോഷിക്കയും ചെയ്യുമ്പോൾ നിൻെറ വലത്തുഭാഗത്ത് ഞങ്ങളേയും നിർത്തേണമെ. അവിടെ നിൻെറ പരിശുദ്ധന്മാരുടെ സംഘങ്ങളിൽ വച്ച് നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേററുമാറാകേണമെ.

www.malankaralibrary.com

# വെള്ളി

## പ്രഭാതം

## പ്രുമിയോൻ

തന്റെ മനസ്സോടെ കാരാഗൃഹത്തിൽനിന്ന് വെട്ടുവാൻ ആട്ടിൻകുട്ടിയെന്നപോലെ ശിക്ഷാവിധിയ്ക്കു കൂട്ടിക്കൊണ്ടുപോകയും ന്യായാധിപനായ പീലാത്തോസിന്റെ മുമ്പാകെ രോമം വെട്ടുന്ന വന്റെ മുമ്പിൽ പെണ്ണാടുപോലെ അനങ്ങാതെ നിൽക്കയും തനിക്കു ഇഷ്ടമായതിനാൽ തന്റെ താഴ്മമൂലം വായ് തുറക്കാതിരിക്കയും ചെയ്ത മഹാരക്ഷിതാവ് നികൃഷ്ടന്മാരാൽ അന്യായമായി മരണ ശിക്ഷയ്ക്കു വിധിക്കപ്പെടുകയും പാപശിക്ഷയിൽനിന്ന് തന്റെ കൃപമൂലം നമ്മെ കുററമില്ലാതാക്കിത്തീർക്കയും ചെയ്ത ന്യായാധി പതിമാരുടെ ന്യായാധിപതിയും പരിഹാസവും നിന്ദയും ഏൽ ക്കയും ലജ്ജയിൽനിന്ന് തന്റെ തിരുമുഖം പിന്തിരിക്കാതിരി ക്കയും തന്റെ കരുണയാൽ ലജ്ജയിൽനിന്നു നമ്മെ സ്വാതന്ത്ര്യ പ്പെടുത്തുകയും ചെയ്തവനും മഹോന്നതനും അഹങ്കാരികളിൽനിന്നു അശുദ്ധമായ തുപ്പൽ തിരുമുഖത്തേററു ആജ്ഞാലംഘനക്കാരനായ ആദാമിനെ തന്റെ അവകാശത്തിലേക്കു വീണ്ടുകൊണ്ടുവരുവാൻ ധൈര്യവും മുഖപ്രസാദവും നൽകിയ മഹത്വമുള്ളവനും ആയ തനിക്കു..........

## സെദ്റൊ

കാലങ്ങൾക്കു മുമ്പു, തന്റെ പിതാവിന്റെ ഹൃദയത്തിൽനിന്നു ദൈവികപ്രകാരം ജനിക്കയും കാലാവസാനത്തിൽ വിശുദ്ധ കന്യകമറിയാമിൽനിന്നു ഉദിക്കയും ചെയ്ത വചനമായ ദൈവം ദീർഘദർശിമാരുടെ ദീർഘദർശനങ്ങളേയും ദർശനക്കാരുടെ ഉപ മകളേയും തന്റെ തിരുമേനിയാൽ നിറവേററി. തലമുറകളിൽ നിന്നും വംശങ്ങളിൽനിന്നും മറഞ്ഞിരുന്ന രഹസ്യം ഇന്നു ഭൂലോക മദ്ധ്യത്തിൽ പ്രത്യക്ഷനായി. അഗ്നിമയന്മാരും സ്വർഗീയസൈ ന്യങ്ങളും തന്റെ തേജസ്സിൽ ചുളുങ്ങുന്നവൻ ഇന്നു താഴ്മയോടെ ഭൂമിയിൽ കാണപ്പെട്ടു. മാലാഖമാരും പ്രധാന മാലാഖമാരും ആരുടെ തേജസ്സിൽ വിറയ്ക്കുന്നുവോ അവൻ ഇന്നു മണ്മയനാൽ പിടി ക്കപ്പെട്ടു. ക്രൂബേന്മാരാൽ വഹിക്കപ്പെട്ടിരിക്കുന്നവനും സ്രാപ്പേന്മാ രാൽ സ്തുതിക്കപ്പെടുന്നവനും ഇന്നു നിന്ദ്യമായി കളിമണ്ണാൽ പരി ഹസിക്കപ്പെട്ടു. സ്വർഗ്ഗസേനകൾക്ക് തന്റെ മഹത്വത്തോടു സമീ

www.malankaralibrary.com

പിപ്പാൻ ത്രാണിയില്ലാതെ ഇരിക്കുന്നവൻ ഇന്നു ദാസരാൽ അപഹസിക്കപ്പെട്ടു. ഈ വെള്ളിയാഴ്ച രാവിലെ പീലാത്തോസ് ആസ്ഥാനമണ്ഡപത്തിന്മേൽ ഇരുന്നു. യേശുതമ്പുരാനൊ അവൻെറ മുമ്പിൽ കുററക്കാരനെപ്പോലെ ബന്ധിക്കപ്പെട്ടവനായി നിന്നു. ആകാശം സ്തുതിക്കുന്നതുപോലും അൽപ്പമായിരിക്കുന്നവൻെറ തിരുമുഖത്തു ഇന്നു അവർ അശുദ്ധമായ തുപ്പൽ ചിന്തി. ആകാശവും ആകാശങ്ങളുടെ ആകാശവും തൻെറ സ്തുതിയെ അട്ടഹസിക്കുന്നവൻ ഇന്നു ചമ്മട്ടികളാൽ അടിക്കപ്പെട്ടു. എല്ലാ ജഡങ്ങളും ആരുടെ മുമ്പിൽ നിൽക്കുന്നുവോ അവൻ ഇന്നു രാവിലെ വിചാരണ ചെയ്യപ്പെട്ടു. ആകാശത്തെ മേൽക്കട്ടിപോലെ വിരിക്കയും ഭൂമിയെ വെള്ളത്തിന്മീതെ പരത്തുകയും ചെയ്തവൻ ഇന്നു ന്യായാധിപനായ പീലാത്തോസിൻെറ മുമ്പാകെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടു. വെള്ളിയാഴ്ച രാവിലെ താൻ ആദാമിനെ പറുദീസായിൽ രാജാവാക്കി. വെള്ളിയാഴ്ച രാവിലെ യേശുവിനെ കൊല്ലണമെന്നുള്ള ഉത്തരവു പുറപ്പെട്ടു. വെള്ളിയാഴ്ച പ്രഭാതത്തിൽ ആദാം സൃഷ്ടിക്കപ്പെട്ടു. വെള്ളിയാഴ്ച രാവിലെ അവനെ സൃഷ്ടിച്ചവൻ അവനുവേണ്ടി അവൻെറ മക്കളിൽനിന്നു ശിക്ഷ ഏററു. വെള്ളിയാഴ്ച രാവിലെ ആദാം അവൻെറ നാഥനിൽനിന്നു നഷ്ടപ്പെട്ടു. വെള്ളിയാഴ്ച രാവിലെ അവൻെറ കർത്താവു അവനുവേണ്ടി അടികൊണ്ടു. തൻെറ വചനത്താൽ പർവതങ്ങളെ തൂക്കിനോക്കയും സമുദ്രങ്ങളെ മണൽകൊണ്ടു തടയുകയും ചെയ്തവൻ ഇന്നു ന്യായസ്ഥലത്തു ബന്ധനത്തിലാക്കപ്പെട്ടു. വിശേഷബുദ്ധിയുള്ള എല്ലാവർക്കും വചനം നൽകിയവനെ ഇന്നേദിവസം ഹന്നാൻെറ ഭവനത്തിൽ കൊണ്ടുപോയി ഇട്ടടച്ചു. ഇന്നു താൻ ന്യായാധിപൻെറ മുമ്പിൽ സംസാരിക്കാതെ മൗനമായി നിന്നു. മുകളിൽ ഈറേന്മാർ തന്നിൽനിന്നു വിറയ്ക്കുന്നു. അഗാധത്തിൻതാഴെയുള്ളവർ തന്നെ അപഹസിക്കുന്നു. അത്യുന്നതങ്ങളിൽ ക്രൂബേന്മാർ തന്നെ വാഴ്ത്തുന്നു. താഴെ അഗാധങ്ങളിൽ അക്രമികൾ തന്നെ അപമാനിക്കുന്നു. അത്യുന്നതങ്ങളിൽ ദ്രോസാപ്പേന്മാർ തനിക്കു കാദീശ് പാടുന്നു. താഴെ അഗാധങ്ങളിൽ അഹങ്കാരികൾ തന്നെ ദൂഷിക്കുന്നു! അത്യുന്നതങ്ങളിൽ പുറംകുപ്പായം പോലെ പ്രകാശം ധരിച്ചിരിക്കുന്നവൻ താഴെ അഗാധങ്ങളിൽ നിന്ദനീയമായ പരിഹാസക്കുപ്പായം ഇട്ടു. അത്യുന്നതങ്ങളിൽ അഗ്നിരഥം തന്നെ ആഘോഷിക്കുന്നവൻ താഴെ അഗാധങ്ങളിൽ കുരിശുമരത്തിന്മേൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അത്യുന്നതങ്ങളിൽ തൻെറ പിതാവിനോടുകൂടെ പുകഴ്ത്തപ്പെട്ടു സ്തുതിക്കപ്പെടുന്നവൻ അഗാധങ്ങളിൽ അധർമ്മികളോടുകൂടെ ഗണിക്കപ്പെട്ടു. അത്യുന്നതങ്ങളിൽ രാജാവും രാജാധിരാജനും അധികാരികൾക്കു കിരീടം നിർമ്മിക്കുന്നവനും ആയവൻ താഴെ അഗാധങ്ങളിൽ മുൾക്കിരീടം വഹിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ വിശേഷബുദ്ധിയുള്ള രഥങ്ങളാൽ പ്രബലീകരിക്കപ്പെടുന്നവൻ താഴെ അഗാധങ്ങളിൽ കള്ള

www.malankaralibrary.com

ന്മാരുടെ ഇടയിൽ കുരിശിന്മേൽ തറയ്ക്കപ്പെട്ടു, അത്യുന്നതങ്ങളിൽ പിതാവിനോടും റൂഹായോടും ഒന്നിച്ചു ശ്രേഷ്ഠസിംഹാസനത്തിൽ മഹിമയോടെ വാണരുളുന്നവൻ താഴെ അഗാധങ്ങളിൽ അപമാനത്തിനും അപഹാസത്തിനും തന്നെത്താൻ ഏല്പിച്ചുകൊടുത്തു. അത്യുന്നതങ്ങളിൽ കൃപയോടു ജീവവൃക്ഷം സൃഷ്ടിപ്പാൻ കല്പിച്ചവന്റെ വിലാപ്പുറം താഴെ അഗാധങ്ങളിൽ കുന്തംകൊണ്ടു കുത്തിത്തുളച്ചു. അത്യുന്നതങ്ങളിൽ തന്റെ ആംഗ്യംകൊണ്ട് മാറായിലെ കയ്പുവെള്ളം മധുരമാക്കിത്തീർത്തവനു താഴെ അഗാധങ്ങളിൽ കയ്പും കാടിയും നീട്ടിക്കൊടുത്തു. അത്യുന്നതങ്ങളിൽ ആദാമിൽ ജീവാത്മാവിനെ ഊതിക്കേററിയവൻ അഗാധങ്ങളിൽ മരിച്ചവനെപ്പോലെ പാതാളത്തിലേക്ക് ഇറങ്ങുകയും മരിച്ചവരോടുകൂടെ ഗണിക്കപ്പെടുകയും ചെയ്തു. ഇതു ഹേതുവായി കൃതജ്ഞതയെ ഈ സുഗന്ധധൂപം വഴിയായി നിനക്കു സമർപ്പിച്ചു ഞങ്ങൾ വന്ദിച്ചു പറയുന്നതെന്തെന്നാൽ നിന്റെ ന്യായവിധികൾ നിർണ്ണയിക്കപ്പെടുവാൻ വഹിയാത്ത ദൈവമേ നിനക്കു സ്തുതി. നിന്റെ താഴ്മ നിമിത്തം നിനക്കു സ്തുതി. ഞങ്ങൾക്കുവേണ്ടി ജഡത്തിൽ കഷ്ടമനുഭവിച്ച ദൈവമേ നിനക്കു സ്തുതി. കുരിശിന്മേൽ തറയ്ക്കപ്പെട്ടവനായ നിനക്കു സ്തുതി. മരണമടഞ്ഞു ഞങ്ങളെ ജീവിപ്പിച്ച നിനക്കു സ്തുതി. സംസ്കാരം ചെയ്യപ്പെട്ട നിനക്കു സ്തുതി. മഹിമയോട് ജീവിച്ചെഴുനേററു നിന്റെ പിതാവിന്റെ അടുക്കലേക്കു നിന്നോടുകൂടെ ഞങ്ങളെ കൊണ്ടുപോയ നിനക്കു സ്തുതി. ഞങ്ങൾ നിന്റെ മനുഷ്യത്വത്തെ ഏററുപറകയും നിന്റെ ദൈവത്വത്തെ പുകഴ്ത്തുകയും ചെയ്യുന്നു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള സകലവും നിവൃത്തിയായ ഈ പ്രഭാതത്തിൽ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഈ കൃത്യമെല്ലാം സാധിച്ച വചനമായ ദൈവമേ ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ കഷ്ടാനുഭവത്തിന്റെയും ക്രൂശാരോഹണത്തിന്റെയും ഓർമ്മയെ കഴിക്കുന്ന ഈ നാളിൽ ബലഹീനരായ ഞങ്ങൾ തിരുമുമ്പാകെ സമർപ്പിക്കുന്ന ഈ സുഗന്ധധൂപംമൂലം നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നതെന്തെന്നാൽ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുവാനും താഴ്മയിൽ സാമ്യപ്പെടുവാനും നിന്റെ പുനരുത്ഥാനത്തിൽ ആനന്ദിപ്പാനും നിന്റെ ഇഷ്ടം ചെയ്ത എല്ലാവരോടുംകൂടെ ഉല്ലസിപ്പാനും നിന്റെ കൃപയാലും നിന്റെ പിതാവിന്റെ തിരുവുള്ളത്താലും പരിശുദ്ധറൂഹായുടെ വ്യാപാരത്താലും ഞങ്ങളെ യോഗ്യന്മാരാക്കേണമെ. ഹോശൊ.........

## എത്രോ

മരത്തിന്മേൽ ബലികഴിക്കപ്പെട്ട പുണ്യമുണ്ടാക്കുന്ന ബലിയായ നിനക്കു സ്തുതി. നിന്റെ വധം ലോകത്തിൽ സുഗന്ധധൂപമായിത്തീർന്ന പ്രസാദകരമായ ധൂപകലശമേ നിനക്കുസ്തുതി. നിന്റെ സഭ

www.malankaralibrary.com

പാപഅശുദ്ധത്തിൽനിന്നും അശുദ്ധബലികളിൽനിന്നും അഭക്തിജന്യങ്ങളായ ദുഷ്കൃത്യങ്ങളിൽനിന്നും നീ മുഖാന്തരം വെടിപ്പാക്കപ്പെട്ടു. നിന്റെ രക്തത്താൽ മരണത്തിൽനിന്നും നാശത്തിൽനിന്നും ഞങ്ങൾ രക്ഷിക്കപ്പെട്ടതിനാൽ ഞങ്ങളുടെ രക്ഷിതാവെ നീ മഹിമ ഉള്ളവനാകുന്നു. ഞങ്ങൾ നിന്റെ കുരിശിനെ വന്ദിച്ച് നിന്റെ കഷ്ടാനുഭവങ്ങളിൽ ഏററുപറയുന്നു. ഞങ്ങൾ നിന്റെ കുരിശിനാൽ ജീവിച്ച നിന്റെ മരണത്താൽ സ്വതന്ത്രരായി. നിന്റെ സഹായങ്ങൾ വലിയവയാകുന്നു. ഞങ്ങളുടെ നിസ്സാരമായ സ്തുതി നിനക്കു എത്രയും തുച്ഛമാകുന്നു. നീ സൃഷ്ടിച്ച രക്ഷിച്ചിരിക്കുന്ന സകലത്താലും നിനക്കു സ്തുതി.

## മൂന്നാം മണി

## പ്രുമിയോൻ

ഞങ്ങളെ രക്ഷിച്ച പരിശുദ്ധനും ഞങ്ങളുടെ ജീവനെ വീണ്ടു കൊള്ളുന്നവനും തന്റെ ബലിയാൽ ഞങ്ങളുടെ പാപങ്ങളെ നീക്കിക്കളഞ്ഞ ജീവനുള്ളവനും ജീവദാതാവും ആയ കുഞ്ഞാടും ജീവിപ്പിക്കുന്നതായ തന്റെ കഷ്ടാനുഭവത്താൽ ദുഷ്ടന്റെ കാഠിന്യത്തിൽ നിന്നു ഞങ്ങളെ മോചിച്ചവനും ജീവനുണ്ടാക്കുന്ന തന്റെ മരണത്താൽ ഞങ്ങളെ മരണത്തിന്റെ കയ്യിൽനിന്നു വീണ്ടെടുത്തവനും രക്ഷാകരമായ തന്റെ കുരിശിനാൽ ഞങ്ങൾ നഷ്ടപ്പെടുത്തിയതായ ഞങ്ങളുടെ പൂർവ്വ അവകാശത്തിലേക്കു് ഞങ്ങളെ തിരിച്ചു കൊണ്ടുവന്നവനും ആയ തനിക്കു്.........

## സെദ്റൊ

ജ്ഞാനമുള്ള ശില്പിയായ ദൈവമേ ആറാംദിവസമാകുന്ന ഈ വെള്ളിയാഴ്ച ആദാമിനെ കല്പിച്ച് സൃഷ്ടിക്കയും നിന്റെ ശ്രേഷ്ഠസ്വരൂപം അവനിൽ പകർത്തുകയും ആനന്ദങ്ങളുടെയും സർവ്വ ശ്രേയസ്സുകളുടേയും ഇരിപ്പിടമായ പറുദീസായെ വിശ്വാസപൂർവ്വം അവനെ ഏല്പിക്കയും ചെയ്തു. എന്നാൽ അവന്റെ സ്വാതന്ത്ര്യത്താൽ ഭാര്യയുടെ ആലോചനയ്ക്കധീനനായി നിന്റെ ദിവ്യകല്പനയെ ലംഘിച്ചതിനാൽ ഈ വെള്ളിയാഴ്ച ദിവസം ആദാം പറുദീസായിൽനിന്നു ബഹിഷ്കരിക്കപ്പെടുകയും നിഷ്കാസനം ചെയ്യപ്പെടുകയും ചെയ്തു. എന്നാൽ കർത്താവേ നിന്റെ ദയയാൽ നീ അവനോടു കരുണ കാണിക്കയും അവന്റെമേൽ മനസ്സലിയുകയും നിന്റെ കരുണ അരിഷ്ടനായ അവന്റെ വീഴ്ചയിന്മേൽ ചൊരിയുകയും ചെയ്തു. ഈ വെള്ളിയാഴ്ച ദിവസത്തിൽതന്നെ

www.malankaralibrary.com

കഷ്ടതയ്ക്കും കുരിശുമരണത്തിനും നീ എഴുന്നെള്ളിവന്നു. ഈ വെള്ളിയാഴ്ച ഹന്നാൻെറയും കയ്യാപ്പായുടേയും ആളുകൾ അവനെ കുരിശിന്മേൽ തറയ്ക്ക; തറയ്ക്ക; എന്ന് അട്ടഹസിച്ചു. ഈ വെള്ളിയാഴ്ച നീതികെട്ട ന്യായാധിപന്മാർ സർവനാഥനായ നിന്നെ ശിക്ഷയ്ക്കു വിധിച്ചു. ഈ വെള്ളിയാഴ്ച വലത്തുഭാഗത്തെ കള്ളൻ നിന്നെ മരത്തിന്മേൽ കണ്ടപ്പോൾ നീ ദൈവമാകുന്നു എന്ന് അവൻ വിശ്വസിച്ചു. ഈ വെള്ളിയാഴ്ച ദിവസം ഏദൻതോട്ടത്തിൽവച്ച് പരാജിതമായ ഞങ്ങളുടെ സ്വഭാവത്തിനു നീ വീണ്ടും വിജയം നൽകി. ഈ വെള്ളിയാഴ്ച സൂര്യൻ നീതിയുടെ മഹാസൂര്യനായ നിന്നെ കണ്ടിട്ട ഇരുണ്ടുപോയി. ഈ വെള്ളിയാഴ്ച നിന്നെ ഗോഗുൽത്തായിന്മേൽ കണ്ടിട്ട മലകൾ വിറയ്ക്കയും ഭൂമി കുലുങ്ങുകയും ചെയ്തു. ഈ വെള്ളിയാഴ്ച അറുതിയില്ലാത്ത അനുഗ്രഹസമുദ്രമായ നിനക്ക് അവർ കാടിയും കയ്പും തന്നു. ഈ വെള്ളിയാഴ്ച മഹാരഹസ്യം അടങ്ങിയതായ ന്യായവിധി പീലാത്തോസു എഴുതി. ഈ വെള്ളിയാഴ്ച കുരിശിലെ കഷ്ടാനുഭവത്തിനു എഴുന്നെള്ളി വരികയും ജീവനുണ്ടാക്കുന്ന നിൻെറ പീഡയാൽ ഞങ്ങളുടെ പീഡകളെ മായിച്ചു കളകയും ചെയ്തു. ഈ വെള്ളിയാഴ്ച ആകാശത്തെ മേക്കട്ടിപോലെ വിരിച്ച നീ കുരിശിന്മേൽ നിന്നെത്തന്നെ മനസ്സോടെ വിരിച്ചു. ഈ വെള്ളിയാഴ്ച മരത്തിന്മേൽ തൂങ്ങിക്കിടക്കുന്ന നിന്നെ സൂക്ഷിച്ച് അഗ്നിമയന്മാരും ആത്മമയന്മാരും വിസ്മയത്തോടെ നിന്നു. ഈ വെള്ളിയാഴ്ച സാത്താനും അവൻെറ സൈന്യങ്ങളായ എല്ലാ പിശാചുക്കളും അഗ്നിയുടെ മുൻപാകെ മെഴുകുപോലെ ഉരുകിപ്പോയി. ഈ വെള്ളിയാഴ്ച ദിവസം ആകാശവീഥിയിൽ സൂര്യൻ അസ്തമിക്കയും നീ ഭൂമിയുടെ മദ്ധ്യത്തിൽ രക്ഷയുണ്ടാക്കുകയും ചെയ്തു. ഈ വെള്ളിയാഴ്ച ഞങ്ങളുടെ വർഗ്ഗത്തിനു മരണത്തിൽനിന്നും സാത്താനിൽനിന്നും രക്ഷ കിട്ടി. ഈ വെള്ളിയാഴ്ച വിസ്മയനീയവും ദൈവികവുമായ രഹസ്യം നിറഞ്ഞ ക്രൂശാരോഹണം മൂലം ജീവനുള്ള കുരിശു പാപത്തെ കുരിശിൽ തറച്ചു. ഈ വെള്ളിയാഴ്ച ശവക്കല്ലറകളും പാറകളും പിളരുകയും മരിച്ചവർ നിൻെറ ശബ്ദത്താൽ ജീവിച്ചെഴുന്നേൽക്കയും ചെയ്തു. ഈ വെള്ളിയാഴ്ച ഞങ്ങളുടെ നാഥാ! വിശ്വാസപൂർവ്വം കൈക്കൊള്ളുന്ന ഭക്തന്മാർക്കു നിൻെറ വിലാവിൽനിന്ന് ജീവൻെറ കാസായാകുന്ന രക്തവും വെള്ളവും ഒഴുകി. ഈ വെള്ളിയാഴ്ച നിൻെറ മരണത്തിൻെറയും ഉയിർപ്പിൻെറയും രഹസ്യത്തിൽ വിശ്വസിച്ചവരും വിശ്വസിക്കുന്നവരും ആയ മനുഷ്യർക്കു പൂർണ്ണ വീണ്ടെടുപ്പുണ്ടായി. ഈ വെള്ളിയാഴ്ച പരിശുദ്ധസഭ അഭംഗമായ സ്തുതി സമർപ്പിച്ചു പറയുന്നതെന്തെന്നാൽ ഞങ്ങൾക്കുവേണ്ടി ഭരണപ്രകാരം വൻപിച്ച താഴ്മയ്ക്കായി ഇറങ്ങിവന്ന മ്ശീഹാതമ്പുരാനെ നിനക്കു സ്തുതി. മഹത്തായ ജയത്താൽ ഉന്നതപ്പെടുകയും ഏദൻതോട്ടത്തിൽവച്ച്

www.malankaralibrary.com

പരാജിതമായിപ്പോയ ഞങ്ങളുടെ സ്വഭാവത്തെ ഉയർത്തുകയും ചെയ്ത നിനക്കു സ്തുതി. നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങൾ രക്ഷിക്കപ്പെട്ടതിനാൽ നിനക്കു സ്തുതി. ഭുജവും വല്ലഭത്വവും നിനക്കുള്ളതാകയാൽ നിനക്കു സ്തുതി. ഇരുന്നവനും ഇരിക്കുന്നവനുമായ നിനക്കു സ്തുതി. ഭരണപ്രകാരം ഞങ്ങൾക്കുവേണ്ടി പീഡ ഏററവനായി പ്രകൃത്യാ പീഡാരഹിതനായിരിക്കുന്ന നിനക്കു സ്തുതി. എല്ലാ വായ്കളിൽനിന്നും നിനക്കു സ്തുതി. എല്ലാ നാവുകളാലും നിനക്കു സ്തുതി. എല്ലാ സമയങ്ങളിലും നിനക്കു സ്തുതി. എല്ലാററിനെക്കുറിച്ചും നിനക്കു സ്തുതി. നിർണ്ണയിക്കപ്പെടാവതല്ലാത്തവനായ നിനക്കു സ്തുതി. അറുതിയില്ലാത്തവനായ നിനക്കു സ്തുതി. ആയിരമായിരം നിനക്കു സ്തുതി. നിനക്കും നിന്റെ പിതാവിനും നിന്റെ റൂഹായ്ക്കും പതിനായിരം പതിനായിരം സ്തുതി. ഹോശോ..........

## മധ്യാഹ്നം

## പ്രുമിയോൻ

ഞങ്ങൾക്കുവേണ്ടിയുള്ള തന്റെ മരണംമൂലം സ്വമനസ്സാൽ കുരിശുമരം വഹിച്ചവനായി സ്വശക്തിയാൽ സൃഷ്ടികളെ വഹിച്ചിരിക്കുന്ന ബലവാനും തന്റെ പുണ്യരക്തം ചിന്തി മനുഷ്യരുടെ കടച്ചീട്ട് ചീന്തിക്കളഞ്ഞ അദൃശ്യനും ഉന്നതനും സൃഷ്ടിക്കപ്പെട്ടകയ്യും തൃക്കൈ നീട്ടലാൽ ഭൂലോകത്തിന്റെ എല്ലാ അതിരുകളേയും പിടിക്കയും ചെയ്ത നിർമ്മലനും സ്വമഹിമയുടെ ഉദയത്തിൽനിന്ന് മാറാതെ ഞങ്ങളെ രക്ഷിപ്പാനും ഞങ്ങളുടെ മനുഷ്യത്വത്തിന്റെ പശ്ചിമഭാഗത്തേക്ക് വാഹനമേറിയ പ്രകാശത്തിന്റെയും ഉദയത്തിന്റെയും നാഥനും ആയ തനിക്ക്..........

## സെദ്റൊ

ആറു വചനങ്ങൾകൊണ്ട് ലോകത്തേയും അതിലുള്ള സകലത്തേയും സൃഷ്ടിച്ച് തന്റെ ജ്ഞാനത്താൽ ക്രമപ്പെടുത്തിയ ജ്ഞാനമുള്ള സ്രഷ്ടാവായ നിനക്കു സ്തുതി. നിനക്കു കീർത്തനം. നിന്റെ ഏകപുത്രൻ തന്റെ കഷ്ടാനുഭവത്തിന്റെ ആറു ദിവസംകൊണ്ടു എല്ലാ സൂചനകളേയും നിറവേററി. സൃഷ്ടിയെ പുതുക്കി. ആ പരമസ്വതന്ത്രൻ വെള്ളിയാഴ്ച അറുതിയില്ലാത്ത അനുസരണം കാണിച്ച് ഞങ്ങളുടെ ആദ്യപിതാവായ ആദാമിന്റെ ആജ്ഞാലംഘനത്തെ ഇല്ലായ്മ ചെയ്തു. ഏകജാതനായ ദൈവം

www.malankaralibrary.com

വെള്ളിയാഴ്ച കുരിശിന്മേൽ തൃക്കൈകൾ നീട്ടി ആദാം കൊതിയോടെ കനിയിലേക്കു നീട്ടിയതായ അവന്റെ കൈക്കു് സ്വസ്ഥത നല്കി. അവനുവേണ്ടി രക്തത്തിനും കൊലയ്ക്കും ദാഹിച്ചിരുന്ന കൊലപാതകന്മാരിൽനിന്നു കഷ്ടതയും കുരിശുമരണവും കൈക്കൊണ്ടു. കരിങ്കല്ലിനേക്കാൾ കഠിനമായിരുന്ന അവരുടെ ഹൃദയം ഉണ്ടായ കാര്യങ്ങളെ തിരിച്ചറിഞ്ഞില്ല. അവരുടെ സ്വന്തകൃത്യങ്ങളെക്കുറിച്ചു ചാഞ്ചല്യം ഉണ്ടായതുമില്ല. ഏകജാതനായി വചനമായിരിക്കുന്ന ദൈവമാണെന്നു തന്നെ കണ്ടിട്ടും അറിഞ്ഞിട്ടും തനിക്കു വിരോധമായി പ്രതികൂലിച്ചതിനാൽ അവർക്കു കഷ്ടം. തങ്ങളുടെ ആത്മാക്കളെ അവർ സ്വാതന്ത്ര്യപ്പെടുത്തുകയോ അവരുടെ കൈ കഴുകുകയൊ ചെയ്യാതെ അവരുടെ ഹൃദയ കാഠിന്യത്തിൽ അവർ നിലനിൽക്കയും കൊല ചെയ്വാനായിട്ടു അവർ ഒരുങ്ങുകയും ചെയ്തു. കുറ്റമില്ലാത്ത രക്തം ചിന്നിപ്പാനായി അവർ സന്നദ്ധരാകുകയും രക്ഷിതാവിന്റെമേൽ കൈവച്ചു് കുറ്റം ചുമത്തുകയും ചെയ്തു. അവർ തന്നെ ശുഷ്ക്കാന്തിയോടെ പിടികൂടി ന്യായവിധിയ്ക്കായി കൊണ്ടുചെന്നു് ന്യായാധിപനെ ഏല്പിച്ചു. അവർ തന്നെ കുരിശു ചുമപ്പിക്കുകയും ഗോഗുൽത്തായിലേക്കു് നേരെ കൊണ്ടുപോകയും ഭൂമിയുടെ മദ്ധ്യത്തിൽ നാട്ടിയിരിക്കുന്ന കുരിശിന്മേൽ കരേറ്റുകയും ചെയ്തു. തന്റെ മഹിമയുടെ ശിരസ്സിൽ അവർ മുൾക്കിരീടം വയ്ക്കുകയും തിരുമുഖത്തു് തുപ്പുകയും അധിക്ഷേപിച്ചു ചുവപ്പുകുപ്പായം ധരിപ്പിക്കയും ചെയ്തു. അവർ തന്നെ കാടിയും കയ്പും കുടിപ്പിക്കയും തൃക്കൈകളിലും തൃക്കാലുകളിലും ആണി തറയ്ക്കുകയും ചെയ്തു. തന്റെ വിലാവിൽ കുന്തം കൊണ്ടു് കുത്തുകയും ജീവനേയും മരണത്തേയും സൂചിപ്പിക്കുന്ന ചോരയും വെള്ളവും അതിൽ നിന്നൊഴുകുകയും ചെയ്തു. എന്റെ ദൈവമെ! എന്റെ ദൈവമെ! നീ എന്നെ ഉപേക്ഷിച്ചതു് എന്തുകൊണ്ടാണു് എന്നിങ്ങനെ താൻ ഉന്നതശബ്ദത്തിൽ അട്ടഹസിച്ചു പറഞ്ഞു. തന്റെ ശബ്ദത്താൽ ഭൂമി കുലുങ്ങുകയും പാറ പൊളികയും സൂര്യൻ ഇരുണ്ടു് പോകയും തീക്കൽപാറകൾ പൊട്ടിചിതറുകയും ചെയ്തു. ദൈവാലയത്തിലെ തിരശ്ശീല മുടി മുതൽ അടിവരെ കീറി. അഗ്നിമയന്മാർ അന്ധാളിക്കയും ആത്മമയന്മാർ വിറയ്ക്കയും സഹചാരികൾ പരിഭ്രമിക്കയും ദൂതന്മാർ വിസ്മയിക്കയും ക്രൂബേന്മാർ വിറയ്ക്കുകയും തങ്ങളുടെ കർത്താവു് മരത്തിന്മേൽ തൂങ്ങിക്കിടക്കുന്നതു് കണ്ടിട്ടു് സ്രോപ്പേന്മാർ ചുളുങ്ങുകയും ചെയ്യുന്നു. തന്റെ സ്രഷ്ടാവിന്റെ നഗ്നത കാണാതിരിപ്പാനായി സൂര്യൻ അതിന്റെ രശ്മികളെ മറച്ചുകളഞ്ഞു. നിത്യപ്രകാശം മരത്തിന്മേൽ തൂക്കപ്പെട്ടതു് കാണുകയാൽ നട്ടുച്ചയ്ക്കു് അന്ധകാരം ഉണ്ടായി. ശിഷ്യന്മാർ ഓടി ഒളിക്കുന്നു. സ്നേഹിതന്മാർ ചിന്നിച്ചിതറുന്നു. ബ്രക്യായുടെ പുത്രാ ഉണർന്നു് എഴുന്നേൽക്കുക. ഇടയൻ അടിയേറ്റു. അവന്റെ ആടുകൾ ചിതറി

www.malankaralibrary.com

പ്പോയി എന്നുള്ള നിൻെറ ദീർഘദർശനം ഇതാ നിറവേറിയിരിക്കുന്നു. അഗ്നിമയന്മാരെവിടെ? അഗ്നിജ്വാലയെ ധരിച്ചിരിക്കുന്നവരെവിടെ? മിഖായേലെ നിൻെറ വൈരാഗ്യം എവിടെ? ആസ്സൂറിയാക്കാരുടെ ആയിരങ്ങളെ കൊല ചെയ്ത നിൻെറ വാറ് എവിടെ? ദൂതന്മാരുടെ തലവനായ ഗബ്രിയേലെ നിൻെറ ഉഗ്രത എവിടെ? ശിഷ്യന്മാരെ ഭയപ്പെടേണ്ടാ. ശക്തിപൂണ്ട് ധൈര്യപ്പെട്ട് ഒന്നിച്ചുകൂടുവീൻ, ഇന്ന് നിങ്ങളുടെ ഗുരു അടിയേൽക്കുന്നെങ്കിൽ ദീർഘദർശി അദ്ദേഹത്തെക്കുറിച്ച് ഉദ്ഘോഷിച്ചിട്ടുള്ള പ്രകാരം ഞായറാഴ്ച താൻ ജീവിച്ചെഴുന്നേല്ക്കും. ശെമഓനെ നീ എവിടെപ്പോകുന്നു? യോഹന്നാനെ നീ എവിടേക്കു ഓടുന്നു? ബത്തുൽമായേ നീ എവിടേക്കു ഓടിഒളിക്കുന്നു. തോമ്മായേ നീ എവിടേക്കു മാറുന്നു? പീലിപ്പോസേ നീ എവിടേക്കു അകലുന്നു? അന്ത്രയോസേ നീ എന്തിനു ദുഃഖിക്കുന്നു? യാക്കോബെ നീ എന്തിനു വിലപിക്കുന്നു? ലാബി നീ എന്തിനു കരയുന്നു? ശ്ലീഹന്മാരേ! ചിതറിപ്പോകുവാനായിട്ട് നിങ്ങൾ വെമ്പരുതേ! ഇന്ന് നിങ്ങൾ ഓടിപ്പോയാലും ഞായറാഴ്ച ഒന്നിച്ചുകൂടും. ഇന്ന് ഭയത്താൽ ഒളിക്കുന്നതിനുള്ള ഓട്ടമാണ്. ഞായറാഴ്ച ആനന്ദത്തിനുള്ള കൂട്ടമാണ്. ഇന്നു ഭയവും വിറയലുമത്രെ. ഞായറാഴ്ച സന്തോഷകരമായ സുവിശേഷമത്രെ. ഇന്നു നിങ്ങളുടെ കൂട്ടത്തിനു വിലാപം. ഞായറാഴ്ച സന്തോഷവും ആനന്ദവും. നിങ്ങളുടെ ഗുരു ശവക്കല്ലറയിൽനിന്നു ജീവിച്ചെഴുന്നേററെന്നു കേൾക്കുമ്പോൾ യൂദന്മാർ ദുഃഖിച്ച് വിലപിക്കും. ഇതു ഹേതുവായിട്ടു ഞങ്ങളുടെ മിശിഹാ തമ്പുരാനെ! ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നതെന്തെന്നാൽ നിൻെറ രക്ഷാകരമായ ഈ കഷ്ടാനുഭവനാളിൽ കഷ്ടതയില്ലാത്തവരും ഉപദ്രവമനുഭവിക്കാത്തവരും ആയി ഞങ്ങളെ ആക്കിത്തീർക്കേണമെ. എല്ലാ പാപദുർവ്വികാരങ്ങളിൽനിന്നും ഞങ്ങളെ വേർപെടുത്തേണമെ. നിൻെറ ദിവ്യ ശക്തിയാലും നിൻെറയും നിൻെറ പിതാവിൻെറയും പരിശുദ്ധാത്മാവിൻെറ കൃപയാലും ഞങ്ങൾ ശത്രുവിൻെറ വ്യാപാരങ്ങളെ എല്ലാം ജയിക്കുമാറാകേണമെ. ഹോശോ.......

## എത്രോ

തൻെറ സ്നേഹത്താൽ തിരുവുള്ളം തോന്നി ഞങ്ങൾക്കുവേണ്ടി ജഡത്തിൽ കഷ്ടതയനുഭവിക്കയും ആറുമണിക്കു കുരിശിന്മേൽ നഗ്നനായി കിടക്കുന്നതിനെ കാണാതെയിരിപ്പാനായി ആകാശത്തട്ടിൽ സൂര്യനെ ഇരുട്ടിക്കയും തൻെറ ശബ്ദം കേട്ടപ്പോൾ പാറകൾ പൊളിയുകയും ശവക്കല്ലറകൾ തുറക്കപ്പെടുകയും ശവക്കല്ലറകളിൽനിന്ന് അനേകം മരിച്ചവർ ജീവിച്ചെഴുന്നേൽക്കയും ചെയ്തവനായി പിതാവിൻെറ പുത്രനാകുന്ന നിനക്കു സ്തുതി.

www.malankaralibrary.com

എന്റെ കർത്താവേ ഞങ്ങളുടെ ജീവകാലം മുഴുവനും പാപവീഴ്ച കൂടാതെ തിരുമുൻപാകെ ഞങ്ങളെ നിർത്തേണമെ. ഞങ്ങളുടെ ധൂപം കൈക്കൊണ്ട് ഞങ്ങളുടെ ആരാധന ധൂപത്തിൽ പ്രസാദിക്കണമെ. ഞങ്ങൾ എല്ലായ്പ്പോഴും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതി പാടുമാറാകണമെ.

## ഒൻപതാം മണി

### പ്രുമിയോൻ

തന്റെ ദൈവിക സ്വഭാവത്തിൽ സർവ്വോന്നതനും അദൃശ്യനും ഞങ്ങൾക്കുവേണ്ടി സ്വമനസ്സാൽ പീഡ ഏല്പാൻ ഞങ്ങളുടെ അടുക്കലേക്ക് വന്നവനായി പീഡകളിൽനിന്ന് അകന്നിരിക്കുന്നവനും ഞങ്ങളെ രക്ഷിപ്പാൻ സദയം ജഡത്തിൽ മരണം ആസ്വദിച്ച അമരണനും പാപത്തിന്റെ ശിക്ഷാവിധിയിൽനിന്ന് കരുണയോടെ ഞങ്ങളെ വേർപെടുത്തുവാനായിട്ട ന്യായസ്ഥലത്ത് പീലാത്തോസിന്റെ മുൻപാകെ നിന്ന ന്യായാധിപതിമാരുടെ ന്യായാധിപതിയും ഞങ്ങൾക്കുവേണ്ടി തന്റെ പിതാവിനോട് പ്രാർത്ഥിച്ച പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനും ആയ തനിക്ക്........

### സെദ്റൊ

തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ സൃഷ്ടിച്ച ഉന്നതനും അത്യുൽകൃഷ്ടനും ആയ ദൈവമേ! നിന്റെ ശ്രേഷ്ഠമായ ഉണ്മയെ ഞങ്ങൾ സ്തുതിച്ച് ഏറ്റുപറയുന്നു. സ്വർഗ്ഗീയ പിതാവിന്റെ വചനമായ ഏകപുത്രാ നിന്റെ രക്ഷയെ ഞങ്ങൾ പുകഴ്ത്തുന്നു. നിന്ദ്യമായ മണ്ണിൽനിന്ന് തിരുമുമ്പാകെ സ്തുതി പാഠകന്മാരായി ഞങ്ങളെ നിർത്തിയ നിന്റെ പരിശുദ്ധാത്മാവിനെ ഞങ്ങൾ പുകഴ്ത്തുന്നു. ഭൂമിയിലെ രാജാവായി ആദ്യ മനുഷ്യനായ ആദാമിനെ മേടമാസം ആറാംതീയതി വെള്ളിയാഴ്ച നീ സൃഷ്ടിച്ച് അവൻ മഹിമയോടെ ഉല്ലസിപ്പാനും മാലാഖമാർക്കു ചാർച്ചക്കാരനാകുവാനും നീ അവനെ പറുദീസായിൽ വാഴിച്ചു. വെള്ളിയാഴ്ച പ്രഭാതത്തിൽ നീ അവനെ ഏദനിൽ അവകാശിയാക്കി ഭൂമിയിലുള്ള സകലത്തിന്റെയും ആധിപത്യം അവനു നൽകി. എന്നാൽ മൂന്നാം മണിനേരം മോഹനീയമായ പഴത്തിന്റെ അടുക്കലേക്ക് മൂഢതയാൽ അടുത്തുചെന്ന് വെമ്പലോടെ ഭക്ഷിച്ച് നഗ്നനായിത്തീർന്നു. 'ആദമെ! ആദമെ! ആദമെ! നീ എവിടെയാകുന്നു?' എന്ന് ഒരുഗാംഭീര ശബ്ദം അവൻ കേട്ടു! 'എന്റെ നാഥാ നിന്റെ ശബ്ദം കേട്ടിട്ട് ഒളിച്ചിരിക്കുകയാണ് ഞാൻ'' എന്ന് അവൻ മുഖലജ്ജയോടെ ഉത്തരം പറഞ്ഞു. നീ ക്രോധവും കോപവും പൂണ്ട് 'അനുസരണമില്ലാത്ത ദാസാ നീ നിന്റെ അവകാശം വിട്ട് മുള്ളുനിറഞ്ഞ ശപിക്കപ്പെട്ട ഭൂമിയിലേക്കു പോക' എന്ന് നീ

www.malankaralibrary.com

അവനോട് കല്പിച്ചു. ഈ വെള്ളിയാഴ്ച അവൻ കർത്തൃകല്പനയാൽ പറുദീസായിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടു, അവൻെറ സഹായത്തിനായി സൃഷ്ടിക്കപ്പെട്ട ഹാവായോടുകൂടി ഈ ദുഃഖകരമായ ജീവിതത്തിലേക്ക് അവൻ തള്ളപ്പെട്ടവനായിത്തീർന്നു. നിൻെറ രാജകീയ സ്വരൂപം നശിച്ചുപോകുന്നത് നിൻെറ കൃപയ്ക്കു സമ്മതമാകായ്കയാൽ നിൻെറ സ്വരൂപരക്ഷയ്ക്കായി നിൻെറ വചനമായ അനാദ്യന്തനെ നീ നിയോഗിച്ചയച്ചു. താൻ പാപവികാരമെന്യേ ഭരണം നടത്തി ആദാമിനെ രക്ഷിപ്പാനായിട്ട് വെള്ളിയാഴ്ച തന്നെ കുരിശാരോഹണത്തിനു ഒരുങ്ങിച്ചെന്നു. ഒരു ദുഷ്ടനെ എന്നപോലെ ഹന്നായുടെ ഭവനത്തിൽ തന്നെ ബന്ധനത്തിലാക്കി. കയ്യാപ്പായുടെ ഗൃഹത്തിൽവച്ച് ഒരു കുററക്കാരനെപ്പോലെ തന്നെ വടികൊണ്ടടിച്ചു. ബലഹീനനെപ്പോലെ താൻ തൂണിനെ കെട്ടിപ്പിടിച്ചു. പീലാത്തോസിൻെറ കൊട്ടാരത്തിൽ വച്ച് കുററക്കാരനെപ്പോലെ തന്നെ കൊലപ്പെടുത്താൻ ഏല്പിച്ചു. വെള്ളിയാഴ്ച ആദാം സൃഷ്ടിക്കപ്പെട്ടു. മേടമാസം പതിനാലാം തീയതി വെള്ളിയാഴ്ച നമ്മുടെ നാഥനായ മിശിഹാതമ്പുരാൻ നമുക്കുവേണ്ടി ജഡത്തിൽ കഷ്ടതയനുഭവിച്ച് നമ്മെ രക്ഷിച്ചു. വെള്ളിയാഴ്ച ദൈവം ആദാമിനെ സൃഷ്ടിച്ചു. വെള്ളിയാഴ്ച മ്ശീഹാതമ്പുരാൻ ആദാമിൻെറമക്കളായ അശുദ്ധരിൽനിന്നു് തുപ്പലേററു. വെള്ളിയാഴ്ച മൃഗങ്ങളും ജന്തുക്കളും അവയ്ക്കു പേരിട്ടുകിട്ടുന്നതിനു തലകുനിച്ചു വന്ദിച്ചുകൊണ്ടു ആദാമിൻെറ മുൻപിൽ ഒരുമിച്ചുകൂടി. വെള്ളിയാഴ്ച യൂദന്മാർ യൂദന്മാരുടെ രാജാവെ സമാധാനം എന്ന് അപഹസിച്ചു പറഞ്ഞുകൊണ്ട് മിശിഹായിക്കെതിരായി സഭകൂടി ബാശാനിലെ അനേകം കാളകളും കാളക്കുട്ടികളും എന്നെ ചുററിവളഞ്ഞു: എന്നു് ദാവീദ പറഞ്ഞതു് നിറവേറി. വെള്ളിയാഴ്ച ആദാമിൻെറ തലയിൽ രാജകീയ കിരീടം വയ്ക്കപ്പെട്ടു. വെള്ളിയാഴ്ച നമ്മുടെ കർത്താവിൻെറ തലയിൽ മുൾക്കിരീടംവയ്ക്കപ്പെട്ടു. ആദാം മഹിമയോടെ പ്രശോഭിച്ചുകൊണ്ട് പറുദീസായിൽ മൂന്നുമണിക്കൂർ നേരം ഇരുന്നു. നമ്മുടെ കർത്താവ്ആദാമിൻെറ മക്കളായ മണ്മയന്മാരുടെ അടിയേററുകൊണ്ടു മൂന്നുമണിക്കൂർനേരം ന്യായസ്ഥലത്തുനിന്നു. വെള്ളിയാഴ്ച ഹവ്വാ നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിൻെറ അടുക്കലേക്ക് ചെന്നു. വെള്ളിയാഴ്ച ആറുമണിക്കു ജീവവൃക്ഷമാകുന്ന മിശിഹാതമ്പുരാൻ കുരിശിന്മേൽ കയറി. വെള്ളിയാഴ്ച ഹവ്വാ ആദാമിനു മരണകരമായ പഴം കൊടുക്കയും അവൻ തിന്നു മരിക്കയും ചെയ്തു. വെള്ളിയാഴ്ച ജനങ്ങൾ നമ്മുടെ കർത്താവിനു കാടിയും കയ്പുനീരും നീട്ടിക്കൊടുക്കയും താൻ അതു കുടിക്കയും ചെയ്തു. വെള്ളിയാഴ്ച ആദാം നഗ്നനായി മൂന്നുമണിക്കൂർ നേരം പറുദീസയിൽ ഇരുന്നു. വെള്ളിയാഴ്ച മശിഹാതമ്പുരാൻ മൂന്നുമണിക്കൂർ നേരം കുരിശിന്മേൽ നഗ്നനായി കിടന്നു. വെള്ളിയാഴ്ച മരണമുള്ളവരായ മണ്മയരുടെ മാതാവായ ഹവ്വാ ആദാമിൻെറ ഇടത്തുഭാഗത്തുനിന്നു പുറപ്പെട്ടു.

www.malankaralibrary.com

ജീവന്റെ കാസായും ആത്മീയ പാനീയവും മ്ശീഹാതമ്പുരാന്റെ വിലാവിൽനിന്നു പുറപ്പെട്ടു. വെള്ളിയാഴ്ച ആദാമും ഹവ്വായും പാപം ചെയ്തു. വെള്ളിയാഴ്ച അവരുടെ പാപം ക്ഷമിക്കപ്പെട്ടു. വെള്ളിയാഴ്ച അവരിരുവരുടെയും കണ്ണുകൾ തുറക്കപ്പെട്ടു. തങ്ങൾ നഗ്നരാണ് എന്നു അറിഞ്ഞു. വെള്ളിയാഴ്ച സത്യപ്രകാശം അവർക്കു ഉദിക്കയും അവർ പുതിയ ജീവനെ നേടുകയും ചെയ്തു. വെള്ളിയാഴ്ച ദുരാഗ്രഹിയായ മരണം അവരുടെമേൽ വാണു. വെള്ളിയാഴ്ച മരണത്തിന്റെ അധികാരം പൊയ്പോയി. വെള്ളിയാഴ്ച ആദാമും ഹവ്വായും ദുഃഖത്താൽ തലതാഴ്ത്തിക്കൊണ്ടു പറുദീസായിൽ നിന്നു പുറപ്പെട്ടുപോയി. വെള്ളിയാഴ്ച കുരിശടയാളം അവരെ സന്തോഷത്തോടെ പറുദീസായിലേക്കു തിരികെ കൊണ്ടുപോന്നു. വെള്ളിയാഴ്ച മിശിഹാതമ്പുരാൻ മഹത്വത്തിന്റെ വസ്ത്രം അഴിച്ചുകളഞ്ഞു. ആദാമും ഹവ്വായും വൃക്ഷങ്ങളുടെ ഇടയിൽവച്ചു അഴിച്ചുകളഞ്ഞ മഹത്വഅങ്കിക്കു പകരം അവരെ വീണ്ടും ധരിപ്പിച്ചു. വെള്ളിയാഴ്ച സാത്താൻ തന്റെ വഞ്ചനയാൽ അവരെ നാണിപ്പിച്ചു. വെള്ളിയാഴ്ച മ്ശീഹാതമ്പുരാൻ സാത്താനെ നാണിപ്പിച്ച അവന്റെ സൈന്യങ്ങളെ ലജ്ജിപ്പിച്ചു. വെള്ളിയാഴ്ച പറുദീസായുടെ വാതിൽ അടയ്ക്കപ്പെടുകയും തങ്ങൾ അധഃപതിച്ചു നിന്ദ്യരായി തീർന്നതിനാൽ സൗഭാഗ്യവാസികളായിരുന്ന ആദാമും ഹവ്വായും അവിടെനിന്നു പുറപ്പെട്ടുപോകയും ചെയ്തു. വെള്ളിയാഴ്ച പറുദീസായുടെ വാതിൽ തുറക്കപ്പെടുകയും വലത്തുഭാഗത്തെ കള്ളൻ അങ്ങോട്ടു കടക്കയും ചെയ്തു. വെള്ളിയാഴ്ച പറുദീസായെ സൂക്ഷിപ്പാൻ ക്രോബേന്നു മൂർച്ചയുള്ള വാൾ കൊടുക്കപ്പെട്ടു. വെള്ളിയാഴ്ച മ്ശീഹാതമ്പുരാൻ കുന്തംകൊണ്ടു് കുത്തേററു. മൂർച്ചയുള്ള വാൾ മുറിച്ചു ശത്രുതയാകുന്ന വേലി പൊളിച്ചു. വെള്ളിയാഴ്ച ആദാം, രാജാവും പുരോഹിതനും ദീർഘദർശിയും ആയിത്തീർന്നു. വെള്ളിയാഴ്ച യൂദരിൽനിന്നു രാജത്വവും പൗരോഹിത്യവും ദീർഘദർശനവും എടുത്തുകളഞ്ഞു. വെള്ളിയാഴ്ച ആനന്ദമയമായ പറുദീസായിൽനിന്നു ആദാം ശാപഭൂമിയിലേക്കു ഇറങ്ങിപ്പോയി. വെള്ളിയാഴ്ച മ്ശീഹാതമ്പുരാൻ കുരിശിന്മേൽനിന്നു മണ്ണിൽ ഉറങ്ങിക്കിടക്കുന്നവരുടെ അടുക്കലേക്കു് ഇറങ്ങി. എന്നാൽ ആദാം ബുദ്ധിഹീനതയാൽ ചെയ്തുപോയ സകലത്തേയും പാപം ഒന്നൊഴികെ മ്ശീഹാതമ്പുരാൻ തന്റെ വ്യാപാരം നിറവേററി. മരണത്തെ താൻ ബലാൽ ജയിച്ചു പാപത്തെ ശിക്ഷയ്ക്കു വിധിച്ചു. ആദാമിനെ സംസ്കരിക്കയും മൽക്കിസദേക്കു പൗരോഹിത്യം നടത്തുകയും അബ്രഹാം തന്റെ പുത്രനെ ബലികഴിക്കയും ചെയ്ത സ്ഥലത്തുതന്നെ നമ്മുടെ രക്ഷിതാവായ യേശുതമ്പുരാന്റെ കുരിശുമരം നാട്ടി. രഹസ്യപൂർണ്ണമായ ചോരയും വെള്ളവും ആദാമിന്റെ വായിൽ നിന്നു ഇററിററുവീണു. നമ്മുടെ അടുക്കൽ നമുക്കുവേണ്ടി താൻ ചെയ്ത വ്യാപാരത്തിനുവേണ്ടി നാം തനിക്കും തന്റെ പിതാവിനും തന്റെ വിശുദ്ധ റൂഹായ്ക്കും വന്ദനം കരേററണം. ഹോശേ...............

www.malankaralibrary.com

# ശനി

## പ്രാരംഭ പ്രാർത്ഥന

മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ നിന്നെ യൗസേപ്പും നീക്കോദീമൂസും മൂരും കുന്തുരുക്കവും ഇട്ട് സംസ്കരിച്ച പ്രകാരം ഞങ്ങൾ അവരോടുകൂടെ സൽക്രിയകളാൽ ജീവിപ്പിക്കുന്നതായ നിന്റെ സംസ്കാരത്തെ ബഹുമാനിപ്പാൻ യോഗ്യരാകേണമെ. പുതിയ ശവക്കല്ലറയിൽ എന്നപോലെ നീ ഞങ്ങളുടെ ആത്മാക്കളിൽ പ്രവേശിച്ചു വിശ്രമിക്കുമാറാകേണമെ. നിന്റെ സ്ലീബായാൽ നീ രക്ഷിച്ചിട്ടുള്ള ജീവിച്ചിരിക്കുന്നവരോടും നിന്റെ തിരുമേനിയാൽ കടാക്ഷിച്ചിട്ടുള്ള മരിച്ചവരോടുംകൂടി നിനക്കും നിന്റെ പിതാവിനും വിശുദ്ധാത്മാവിനും സ്തുതിയും കീർത്തനവും ഞങ്ങൾ കരേറ്റുമാറാകേണമെ.

## പ്രുമിയോൻ

മരണമുള്ളവരായ ഞങ്ങൾക്കുവേണ്ടി സ്വമനസ്സോടെ ജഡത്തിൽ മരിച്ചവനായി സ്വഭാവേന ജീവനുള്ളവനും മരണമില്ലാത്തവനും എല്ലാവരുടേയും ജീവനും പുനരുത്ഥാനവും പാപത്താൽ കൊല്ലപ്പെട്ടിരുന്ന ഞങ്ങളെ ജീവിപ്പിപ്പാൻ തിരുവുള്ളം തോന്നിയതിനാൽ കൊല്ലപ്പെട്ടവനെപ്പോലെ മരിച്ചവരുടെ ഇടയിൽ വസിച്ചവനും തന്റെ സംസ്കാരത്താൽ ശവക്കല്ലറയിലെ നാശം തീർക്കയും മരിച്ചവരുടെ ഇടയിൽ അനശ്വരമായ ജീവനേയും പുനരുത്ഥാനത്തേയും വിതയ്ക്കയും തന്റെ ശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ ഉപദ്രവവും നാശവും പററാതെ കാത്തുരക്ഷിക്കയും തന്റെ ആത്മാവിനാൽ ഞങ്ങളുടെ ആത്മാക്കൾക്കു രക്ഷ പ്രസംഗിക്കയും ചെയ്തവനും ആയ തനിക്കു.........

## സെദ്റൊ

എല്ലാററിന്റെയും ജീവനും പുനരുത്ഥാനവും ഉയിർപ്പും ആയ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ മരണമില്ലായ്മയും നാശമില്ലായ്മയും നിനക്കു മാത്രമുള്ളതാകുന്നു. സർവ്വശക്തിയും പരാക്രമവും നിനക്കുള്ളതാകുന്നു. വിശുദ്ധിയും പുണ്യവും നിന്നിൽമാത്രം കണ്ടെത്തപ്പെട്ടിരിക്കുന്നു, മേലുള്ളവരിൽനിന്നും താഴെയുള്ളവരിൽനിന്നും എപ്പോഴും യോഗ്യതയുടെ സ്തുതി നിനക്കു ന്യായമായിരിക്കുന്നു. എന്തെന്നാൽ എന്റെ കർത്താവേ നിന്റെ സ്നേഹാതിരേകത്താലും

www.malankaralibrary.com

കരുണാബാഹുല്യത്താലും ഞങ്ങൾക്കുവേണ്ടി പീഡ ഏല്പാനും മരിപ്പാനും മനസ്സോടെ എഴുന്നെള്ളിവന്നു ദൈവമാതാവായ കന്യക മറിയാമിൽനിന്നു പ്രകൃതിയിലും ആകൃതിയിലും വ്യത്യാസം കൂടാതെ നീ ജഡം എടുത്തു അവതരിച്ചു. സൃഷ്ടിക്കപ്പെട്ടവരുടേയും നിർമ്മിക്കപ്പെട്ടവരുടേയും അറിവിനെ അതിശയിച്ചിരിക്കുന്ന എല്ലാ കൃത്യവും കരിശുവരെയ്ക്കും നീ സാധിച്ചു. സംഭ്രമപൂർണ്ണമായ ക്രൂശാരോഹണത്താൽ അവർണ്ണനീയങ്ങളായ അത്ഭുതങ്ങൾ നീ കാണിച്ചു. നട്ടുച്ചയ്ക്കു സൂര്യൻ ഇരുണ്ടുപോയി. പകൽസമയം രാത്രി കാണപ്പെട്ടു. കരിമ്പാറകൾ പിളർന്നു അടച്ചിരുന്ന ശവക്കല്ലറകൾ തുറക്കപ്പെട്ടു. പരിശുദ്ധന്മാരുടെ ശരീരങ്ങൾ ജീവിച്ചെഴുന്നേററു. ദൈവാലയത്തിലെ തിരശ്ശീലകൾ മേൽതൊട്ട് അടിവരെ കീറി. കള്ളൻ വിശ്വസിച്ചേററുപറകയും അവൻെറ സ്നേഹിതനെ അവൻെറ കുററത്തെക്കുറിച്ച് ശാസിക്കയും ചെയ്യുന്നു. ശതാധിപൻ ഇവൻ സാക്ഷാൽ ദൈവപുത്രനായിരുന്നുവെന്നു പുകഴ്ത്തി പറയുന്നു. നിൻെറ വിലാവിൽനിന്നു ജീവകരവും അനശ്വരവുമായ വെള്ളവും രക്തവും ഒഴുകി നീ മരിച്ചിട്ടും ജീവനുള്ളവനായി കാണപ്പെട്ടു. നീ ഭൂമിയിൽ ഇരുന്നിട്ടും ഉന്നതങ്ങളിൽ വസിക്കുന്നു. ദൈവത്വത്തിലും മനുഷ്യത്വത്തിലും നീ ഏകദൈവമായി വിശ്വസിക്കപ്പെടുന്നു. ആദാം അനുഭവിക്കേണ്ടിയിരുന്ന പീഡ മുഴുവനും നീ മനുഷ്യത്വത്തിലും ദൈവത്വത്തിലും സഹിച്ചു. സർവ്വശക്തനെപ്പോലെ നീ ഞങ്ങളുടെ പീഡകളെ നിൻേറതാക്കിത്തീർത്തു. നിൻെറ കൃപയാൽ നീ ജയിച്ചതായ ജയം ഞങ്ങൾക്കുള്ളതാക്കിവെച്ചു നിൻെറ മനസ്സോടെ ഞങ്ങളുടെ മരണം നീ കയ്യേററു. നിൻെറ ജീവനുള്ള മരണത്താൽ ഞങ്ങളുടെ മരിപ്പിക്കുന്ന മരണത്തെ മരിപ്പിച്ചു. മരണമില്ലാത്ത നീ ഞങ്ങൾക്കു മരണമില്ലായ്മയെ നൽകി. നിൻെറ കഷ്ടാനുഭവത്താൽ ഞങ്ങളെ പീഡിപ്പിക്കുന്നവനായ ദുഷ്ടനെ പീഡിപ്പിച്ചു. പ്രകൃതിയാൽ കഷ്ടതകളില്ലാത്തവനാകുന്ന നീ കഷ്ടതയുള്ളവരായ ഞങ്ങൾക്കു കഷ്ടതയില്ലായ്മയെ നേടിത്തന്നു. സകലത്തേയും വഹിച്ചിരിക്കുന്നവനായി അടുക്കാൻ വഹിയാത്തവനും ഗ്രഹിപ്പാൻ വഹിയാത്തവനും ആയ നിന്നെ സംസ്കാരത്തിനു കൊടുത്തപ്പോൾ പുണ്യവാനും നീതിമാനും ആയ അർമ്മീനിയാക്കാരനായ യൗസേപ്പ് നിന്നെ കൈകളിൽ എടുത്തു. നിൻെറ സ്നേഹിതനായ നിക്കോദിമൂസു വെടിപ്പുള്ള വസ്ത്രങ്ങൾകൊണ്ടും മേൽത്തരമായ മൂരുകൊണ്ടും കുന്തുരുക്കംകൊണ്ടും നിന്നെ പൊതിയുകയും സുഗന്ധം പൂശുകയും ചെയ്തു. മരിച്ചവനെപ്പോലെ അടക്കി. പ്രകൃതിയാൽ അറുതിയില്ലാത്തവനായ നിന്നെ പാറവെട്ടിയുണ്ടാക്കിയ പുതിയ ശവക്കല്ലറയിൽ വച്ചു. അപ്പോൾ നിൻെറ സംസ്കാരത്തെ ആദരിപ്പാൻ സ്വർഗത്തിലെ സകല ഭയങ്കരദൂതന്മാരും ഇറങ്ങിവന്നു. അവരുടെ ഉഗ്രമായ അരിശംമൂലം ശപിക്കപ്പെട്ട യഹൂദസംഘത്തെ നശിപ്പിച്ചു കളയാതിരിപ്പാനാ

www.malankaralibrary.com

യിട്ടു കുരിശാരോഹണസമയത്തു നീ കാണിച്ച ആംഗ്യം അവരെ ഇറങ്ങിവരുവാൻ സമ്മതിച്ചില്ല. എന്നാൽ അവർ നിൻെറ സ്നേഹിതന്മാരുടെ അടുക്കൽ ഇറങ്ങിവന്ന ദൈവമേ! നീ പരിശുദ്ധനാകുന്നു ബലവാനെ നീ പരിശുദ്ധനാകുന്ന മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്ന എന്നു പറഞ്ഞുകൊണ്ടു അവരെ ജയത്തിൻെറ സ്തുതി പഠിപ്പിച്ചു. ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങിയവനെ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ എന്നു അവർ ഏററുപാടി. കർത്താവേ ഞങ്ങൾ സത്യവിശ്വാസത്താൽ യൗസേപ്പിനോടും നിക്കോദിമൂസിനോടും കൂടി ഇപ്രകാരം അട്ടഹസിച്ചു പറയുന്നു. ദൈവമായിത്തന്നെ വസിച്ചുകൊണ്ട് ഞങ്ങൾക്കുവേണ്ടി ഭേദം കൂടാതെ മനുഷ്യനായിത്തീരുകയും മനുഷ്യരായ ഞങ്ങളെ നിൻെറ കൃപയാൽ ദൈവങ്ങളാക്കിത്തീർക്കുകയും ചെയ്ത വചനമായ ദൈവമേ നീ പരിശുദ്ധനാകുന്നു. നികൃഷ്ടരായ ഞങ്ങൾക്കു വേണ്ടി വിനയപ്പെടുകയും അധിക്ഷേപവും അപഹാസവും ബലഹീനതയും സഹിക്കയും അശുദ്ധങ്ങളായ എല്ലാ ദുർവ്വികാരങ്ങൾക്കും എതിരായി ശക്തിയും ധൈര്യവും ഞങ്ങൾക്ക് തരികയും ചെയ്ത ബലവാനെ നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിന്മേൽ മരിക്കയും ജഡപ്രകാരമുള്ള നിൻെറ മരണത്താൽ ദുഷ്ടനിൽ നിന്നും മരണത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കയും പാതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോട് പുനരുത്ഥാനവും മരിച്ചവരുടെ ഉയിർപ്പും പ്രസംഗിപ്പാനും ആദാമിനേയും ഹവ്വായേയും ആദി മുതലുള്ള സകല പുണ്യവാന്മാരേയും ഉയിർപ്പിൻെറയും ഏദനിലേക്കുള്ള തിരിച്ചുവരവിൻേറയും ആശയാൽ ആശ്വസിപ്പാനുംവേണ്ടി പ്രകൃത്യാ മരണമില്ലാത്തവനും നാശമില്ലാത്തവനും ആണെങ്കിലും മൂന്നുദിവസം ശവക്കല്ലറയിൽ കിടപ്പാൻ തിരുവുള്ളം തോന്നുകയും ചെയ്ത മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു. ഞങ്ങളുടെ മിശിഹാ തമ്പുരാനെ! ഇപ്പോൾ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നതെന്തെന്നാൽ നിൻെറ ശ്രേഷ്ഠാനുഗ്രഹങ്ങൾക്കു ഞങ്ങളെ അർഹരാക്കണമെ. നിൻെറ വാഗ്ദാനങ്ങളെ നിറവേററി ഞങ്ങളെ ആശ്വസിപ്പിക്കേണമെ. നിൻെറ ഉയിർപ്പിൻെറ ഞായറാഴ്ചയിൽ ഞങ്ങളെ നീ സന്തോഷിപ്പിക്കണമെ. ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചവർക്കും നീതിയുടെ പുതുക്കം ഉണ്ടാക്കിത്തരേണമെ. ഞങ്ങളും ഇവരും നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുമാറാകണമേ.........

## എത്രോ

തനിക്കും എല്ലാററിനും മതിയാകുന്നതാകയാൽ തൻെറ തിരുമേനിയുടെ പ്രസാദത്തിന് മനുഷ്യർ ഭൂമിയിലെ സസ്യങ്ങളിൽ നിന്നും സുഗന്ധദ്രവ്യങ്ങളിൽനിന്നും സമർപ്പിക്കേണ്ട ആവശ്യമില്ലാ

www.malankaralibrary.com

ത്തവനും നീക്കോദിമൂസ് യൗസേപ്പ് എന്നിവരാൽ സുഗന്ധദ്രവ്യങ്ങൾകൊണ്ടും നിർമ്മലവസ്ത്രങ്ങൾകൊണ്ടും ജഡപ്രകാരം സംസ്കരിക്കപ്പെടുന്നതിന് സ്വമനസ്സാൽ സ്വീകരിച്ചവനും ആയ സൌരഭ്യവും പരിമളവും ആയ യേശുമിശിഹാതമ്പുരാനെ നിന്റെ മനുഷ്യസ്നേഹത്താൽ നിന്റെ കുരിശാരോഹണത്തിന്റെ ഓർമ്മയെ കഴിക്കുന്ന പെരുനാളിൽ നിന്റെ കർത്തവ്യത്വത്തിന് ഇപ്പോൾ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ സുഗന്ധങ്ങളെ ഞങ്ങളുടെ അരിഷ്ട കൈകളിൽനിന്ന് അംഗീകരിക്കേണമെ. ഇഹത്തിലും പരത്തിലും ഞങ്ങൾക്കും ഞങ്ങളുടെ പരേതർക്കും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നൽകേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമെ.

## സൂത്താറ

## പ്രുമിയോൻ

തിരുവുള്ളത്താൽ ജഡപ്രകാരം മരണത്തോടു യോജിക്കയും തന്റെ കർത്തൃത്വത്തെ സൃഷ്ടികളോട് പ്രസംഗിപ്പാൻ തന്റെ ആംഗ്യത്താൽ പ്രകൃതികളെ ഇളക്കുകയും തന്റെ നഗ്നത അഹങ്കാരികൾ കാണാതിരിപ്പാൻ തന്റെ ആജ്ഞയാൽ സൂര്യനെ ഇരുട്ടിക്കയും തന്റെ ശബ്ദത്താൽ ദൈവികപ്രകാരം പാറകളെ പൊളിക്കയും തന്റെ ബലത്താൽ ശവക്കല്ലറകളെ തുറക്കയും മരണത്താൽ മരിച്ചവരെ ജീവിപ്പിക്കയും കുരിശിന്മേൽ തറച്ചവരെ ശാസിപ്പാൻ സ്വയം കൊലയേറ്റു ശവക്കല്ലറയിൽ കിടന്നവരെ പുറത്തേക്കു കൊണ്ടുവരികയും ചെയ്ത ജീവനുള്ളവനും ജീവനെ നൽകുന്നവനും ആയ തനിക്ക്.........

## സെദ്റൊ

നിർണ്ണയിപ്പാൻ വഹിയാത്ത അത്ഭുതങ്ങൾ കാണിച്ച ബലവാനും തന്റെ കഷ്ടാനുഭവ ദിവസം ആകാശത്തെ ഇരുട്ട് ധരിപ്പിക്കയും തന്റെ കുരിശാരോഹണ ദിവസം ദീർഘദർശന വചനപ്രകാരം അവരെ ചാക്കുശീല ധരിപ്പിക്കയും ചെയ്ത സർവ്വാധിപതിയും ആകാശം മേക്കട്ടിപോലെ വിരിക്കയും ഭൂമിയെ വെള്ളത്തിന്മീതെ പരത്തുകയും ചെയ്ത സ്രഷ്ടാവായ ദൈവത്തെ അപമാനിച്ച് കുരിശിന്മേൽ മലർത്തിക്കിടത്തി. പരാക്രമശാലി ഗോഗുൽത്താമേൽ ചവിട്ടുകയും ഭൂമിയുടെ അടിസ്ഥാനങ്ങൾ വിറയ്ക്കയും ചെയ്തു. ഏകജാതനെ അസൂയയാൽ കുരിശിന്മേൽ തറച്ചു. സർവ്വശക്തൻ പഞ്ചഭൂതങ്ങളെ സൂക്ഷിക്കയും അവ ഭ്രമം നിമിത്തം

www.malankaralibrary.com

ഉരുകി അലിഞ്ഞുപോകുകയും ചെയ്തു. നീതിയുടെ പുത്രൻ കുരിശിന്മേൽ വച്ച് നിലവിളിക്കയും ആകാശത്തെ ഇളക്കുകയും ഭൂമിയിൽ ഇററിററു വീണ നിർദ്ദോഷമായ രക്തത്താൽ ഭൂതലത്തിൻെറ കീഴ്ഭാഗങ്ങളെ കലുക്കുകയും ചെയ്തു. ഉയരത്തിലെ മണവാളൻ സ്ളീബായിൽ നിന്നപ്പോഠം പ്രകൃതിയെ സംഭ്രമിപ്പിക്കയും താൻ സത്യ ദൈവമാണെന്നു കാണിക്കയും ചെയ്തു. കുരിശുതണ്ടിന്മേൽ വയ്ക്കപ്പെട്ട മഹാദീപം സൂര്യനിൽ ഊതുകയും അത് കെട്ടുപോകുകയും ചെയ്തു. സൃഷ്ടികളുടെ സത്യപ്രകാശം ഗോഗുൽത്തായുടെ മുകളിൽനിന്നു സൃഷ്ടിക്കപ്പെട്ട സൂര്യനെ ഇരുട്ടിലേക്കിറക്കി. പരിശുദ്ധ കിരണം മരത്തിന്മേൽ തൂക്കപ്പെടുകയും അതിൻെറ കാന്തികളെ അഗാധങ്ങളായ പാതാളക്കുഴിയിലേക്കു അയയ്ക്കയും ചെയ്തു. പ്രകൃതിയുടെ നാഥൻ കുരിശിന്മേൽ തറയ്ക്കപ്പെടുകയും പ്രകൃതികളെ താൻ പരിഭ്രമിപ്പിക്കയും അവ തന്നെ ആദരിക്കയും ചെയ്തു. സ്രഷ്ടാവിൻെറ കഷ്ടാനുഭവസമയത്തു ഉയരവും ആഴവും താൻ ദൈവമാണെന്നു സാക്ഷിച്ചു. സ്രഷ്ടാവു പ്രവർത്തിച്ച ഭയങ്കരകൃത്യങ്ങഠം താൻ സ്രഷ്ടാവാകുന്നു എന്നു പ്രസംഗിച്ചു. തൻെറ നാഥൻ നഗ്നനായി കിടക്കുന്നതു കണ്ടിട്ട് പകൽ അതിൻെറ വസ്ത്രം കീറിക്കളയുന്നു. മധ്യാഹ്നത്തിൽ അന്ധകാരവസ്ത്രങ്ങളെ അതു ധരിക്കുന്നു. ഭൂമി മൃതശരീരങ്ങളെ തനിക്കു നേരെ കുടയുന്നു. ലോകം ഈ ദിവസം മററു ചെയ്യപ്പെട്ടവയോടുകൂടെ പെട്ടെന്നു കറുപ്പുവസ്ത്രം ധരിക്കുന്നു. ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, ദൈവമെ, നിൻെറ അവർണ്ണനീയമായ വരവിൽ സത്യമായി വിസ്മയനീയങ്ങളായ വലിയ കാര്യങ്ങഠം നീ പ്രവർത്തിച്ചു എന്നും നിന്നെപ്പോലെ ആരുള്ളു എന്നും ഞങ്ങഠം പറഞ്ഞ് അത്ഭുതപ്പെടുന്നു. ഞങ്ങഠം ഈ സുഗന്ധധൂപംമൂലം നിന്നോടു അപേക്ഷിച്ചു പ്രാർത്ഥിക്കുന്നതെന്തെന്നാൽ നിൻെറ താഴ്മയുടെ രഹസ്യത്തെ എപ്പോഴും ഞങ്ങളിൽ നീ ഉജ്ജ്വലിപ്പിക്കണമെ. നിൻെറ കുരിശിനെക്കുറിച്ചുള്ള സ്നേഹംകൊണ്ടു ഞങ്ങളെ നീ ചൂടുപിടിപ്പിക്കേണമെ. നിൻെറ കുരിശുമൂലമുള്ള മഹത്തായ അഭിമാനം ഞങ്ങളിൽ നിറയ്ക്കേണമെ, നിന്നെപ്പോലെ പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമെ. നിൻെറ പരിശുദ്ധങ്ങളായ ഉന്നതസ്ഥാനങ്ങളിൽനിന്നു സമൃദ്ധങ്ങളായ അനുഗ്രഹങ്ങളെ ഞങ്ങഠംക്കയച്ചുതരേണമെ. ഞങ്ങളിലുള്ള നിൻെറ എല്ലാ കൃപകഠംക്കുമായി ഞങ്ങഠം നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും പുകഴ്ചയും കരേററുമാറാകേണമെ. ഹോശോ...............

www.malankaralibrary.com

# രാത്രി

## ഒന്നാം കൌമാ

# പ്രുമിയോൻ

തന്റെ മരണത്താൽ ഞങ്ങൾക്കു ജീവൻ ഉദിക്കയും തന്റെ മനുഷ്യത്വത്താൽ ഞങ്ങൾ ദൈവത്വത്തെ നേടുകയും തന്റെ താഴ്മയാൽ ഞങ്ങൾക്ക് ഉന്നതി ഉണ്ടാകയും തന്റെ സംസ്ക്കാരത്താൽ ഞങ്ങൾക്കു പുനരുത്ഥാനം നൽകപ്പെടുകയും തന്റെ പാതാള പ്രവേശനത്താൽ ഞങ്ങളെ ഉയർത്തുകയും ശവക്കല്ലറയിൽ ഉറങ്ങിക്കിടന്നുകൊണ്ട് ഞങ്ങളെ ഉണർത്തുകയും ചെയ്തവനായ തനിക്ക്................

## സെദ്റൊ

മരണമുള്ളവരുടെ ആശാബന്ധവും മരിച്ചവരുടെ പുനരുത്ഥാനവും നീതിമാനായ യൗസേപ്പും ന്യായപ്രമാണ ഉപദേഷ്ടാവായ നിക്കോദീമൂസും നിന്റെ പരിശുദ്ധ ശരീരം ചോദിച്ച് ന്യായാധിപനായ പീലാത്തോസിന്റെ അനുമതിയോടുകൂടെ കുരിശിന്മേൽ നിന്നു നിന്നെ ഇറക്കിയശേഷം വെള്ളവസ്ത്രംകൊണ്ടു നിന്നെ പൊതിയുകയും മൂരുകൊണ്ടും കുന്തുരുക്കംകൊണ്ടും നിന്നെ സുഗന്ധം പൂശുകയും മരിച്ചവനെപ്പോലെ ശവക്കല്ലറയിൽ കൊണ്ടുപോയി വയ്ക്കയും ചെയ്തു. മൂന്നു മുഴം ഉള്ള ഇടുങ്ങിയ സ്ഥലത്ത് മരിച്ചവനെപ്പോലെ നീ കിടന്നു. നിന്റെ മഹാശക്തിയാൽ പാതാളത്തെ കലക്കുകയും കഠിനമായ മരണത്തിന്റെ ഭണ്ഡാരങ്ങളെ നിന്റെ ബലത്താൽ കവർച്ച ചെയ്കയും ചെയ്തു. മനുഷ്യരെ അടിമപ്പെടുത്തിയ മല്ലനെ ബന്ധനത്തിലാക്കുകയും അവൻ അപഹരിച്ച അടിമയെ അവന്റെ കൈകളിൽനിന്നു വീണ്ടെടുക്കയും അവന്റെ മത്സരത്താൽ അടിമപ്പെടുത്തിയ അടിമയെ നീ തിരിച്ചുകൊണ്ടുവരികയും ചെയ്തു. പാതാളത്തിലെ കോട്ടകളെ നീ കലക്കുകയും എല്ലാ പരാക്രമികളേയും വിഴുങ്ങിയിരുന്ന അതിന്റെ പട്ടണത്തിലെ മതിലുകൾ പൊളിച്ചുകളകയും കഠിനമായ അസൂയയാൽ ഞങ്ങളുടെ വർഗത്തലവനെ നശിപ്പിച്ചവന്റെ കഴുത്തിൽ നീ ചവുട്ടി അവന്റെ തല ചതയ്ക്കുകയും ചെയ്തു. സ്വമനസ്സാൽ നിന്നെ മരണത്തിന്നേൽപ്പിച്ചുകൊടുക്കയും പാതാളത്തിലെ മരിച്ചവരോടു നിന്റെ പ്രവേശനത്തിന്റെ മഹാരഹസ്യം അറിയിക്കയും നോഹയുടെ കാലത്തുപോലും അനുസരിക്കാതി

www.malankaralibrary.com

രുന്ന ആത്മാക്കാംക്കു നിന്നിൽ വിശ്വാസവും നിൻെറ ഭരണത്തെ ക്കുറിച്ചുള്ള അറിവും കൈക്കൊാംവാൻ നീ നൽകുകയും ചെയ്തു. നിൻെറ ദൈവത്വം നിൻെറ ആത്മാവിൽനിന്നാകട്ടെ ശരീരത്തിൽ നിന്നാകട്ടെ വേർപെടാതെ രണ്ടിനേയും യോജിപ്പിച്ചുകൊണ്ടു നീ ജഡത്തിൽ മരണമേററു. നിന്നെ ഏററുപറഞ്ഞ കള്ളനെ നീ പ്രതിജ്ഞചെയ്തപ്രകാരം നിൻെറ ആത്മാവാൽ പറുദീസായി ലേക്കു പ്രവേശിപ്പിച്ചു. കാവൽക്കാരനായ ക്രോബയുടെ കുന്തം നീ തകക്കയും മനുഷ്യവർഗത്തെ അതിൻെറ മുന്നവകാശത്തിലേക്കു തിരിച്ചു കൊണ്ടുവരികയും ചെയ്തു. ദീർഘദർശിയുടെ വചനം പോലെ നിൻെറ മരണത്തേയും പ്രവേശത്തേയുംപററി പാതാളം പിറുപിറുത്തു. മരിച്ചവർ നിന്നെ വന്ദിക്കയും അവരുടെ ശരീരാത്മാക്കാംകൊണ്ടു നിന്നെ സ്തുതിക്കയും തെളിവായി നിന്നെ ഗ്രഹിക്കയും ചെയ്തു. മനുഷ്യനേപ്പോലെ നീ കഠിന മരണം അനുഭവിക്കയും ബലഹീനനെപ്പോലെ ഉഗ്രമായ പാനീ യം കുടിക്കയും ഭയങ്കരവും സംഭ്രമസമ്പൂർണമായതിനെ ഇപ്പോാം മുതൽ നീ ഉറക്കി ഏത്തു മുഖത്തുനിന്നും കണ്ണുനീർ നീക്കിക്കളഞ്ഞു. ഇതാ ജീവിച്ചിരിക്കുന്നവരും മരിച്ചവരും നിന്നെ സ്തുതിക്കുന്നു. ഇതാ എല്ലാ വായ്കളും നാവുകാംകൊണ്ടു നിനക്കു സ്തുതിപാടുന്നു. മരിച്ച ഞങ്ങളെ ജീവിപ്പിച്ച നിനക്കു സ്തുതി. നാശമില്ലായ്മ യിലേക്കു ജീവിച്ചെഴുന്നേററു മരിച്ചവരുടെ കടിഞ്ഞൂലും ഉറങ്ങി പ്പോയവരുടെ ആദ്യഫലവും ആയിത്തീർന്ന നിനക്കു സ്തുതി. ഇതു ഹേതുവായിട്ട് ഞങ്ങാം നിന്നോടു അപേക്ഷിക്കുന്നതെന്തെ ന്നാൽ കർത്താവേ മരിച്ചുപോകുന്ന മരിച്ചവരുടെ രണ്ടാമത്തെ മരണത്തിൽനിന്നു ഞങ്ങളെ നീ വീണ്ടുകൊള്ളണമെ. പാപനാശ ത്തിൽനിന്നും നാശക്കുഴിയിൽനിന്നും ഞങ്ങളെ രക്ഷിക്കേണമെ. നിൻെറ ശരണത്തിന്മേൽ ഉറങ്ങിപ്പോയ ഞങ്ങളുടെ മരിച്ചവരെ നിൻെറ സ്വർഗരാജ്യത്തിൽ ആനന്ദിപ്പിക്കേണമെ. ഞങ്ങളും ഇവരും നിനക്കും നിൻെറ പിതാവിനും നിൻെറ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററും. ഹോശോ..................

# രാത്രി

## രണ്ടാം കൗമാ

## പ്രുമിയോൻ

ഭൂമിയുടെ അടിത്തട്ടിൽ മരിച്ചുകിടക്കുന്നവരുടെ അടുക്കൽ ഇഷ്ടംതോന്നി ഉദിച്ചവനായി അടുത്തുകൂടാത്തതും അറുതിയില്ലാ

www.malankaralibrary.com

ത്തുും ആയ പ്രകാശത്തിൽ വസിക്കുന്നവനും ദൈവികപ്രകാരം അതിർത്തികാംക്കും ഭാഗങ്ങാംക്കും തന്നെ ഒതുക്കുവാൻ പാടില്ലാത്തവനും തിരുവുള്ളം തോന്നിയതിനാൽ മനുഷ്യപ്രകാരം ചെറിയ ശവക്കല്ലറ തന്നെ ഒരുക്കിയവനും വാസ്തവത്തിൽ തനിക്കു വസിക്കുന്നതിനു പിതാവിൻെറ മാർവിടമെ മതിയാകയുള്ളു എങ്കിലും തിരുവിഷ്ടംതോന്നി കന്യകയുടെ ഗർഭത്തിൽ വിസ്മയകരമാം വണ്ണം ഒതുങ്ങി ഇരുന്നവനും ഇന്നു പാതാളത്തിൻെറ ഉള്ളിൽ മരിച്ചവനെപ്പോലെ വസിച്ചവനും ശൂന്യമായ അസ്ഥികളിൽ അനുഗ്രഹങ്ങളും കരുണയുമാകുന്ന മഞ്ഞ് മനുഷ്യസ്നേഹംമൂലം തളിച്ചവനും സംസ്കരിക്കപ്പെട്ടവരുടെ കുഴിയിൽ മരിച്ചവരുടെ പുനരുത്ഥാനം ശരിയായി പ്രസംഗിച്ചവനും ആയ തനിക്കു സ്തുതി. തനിക്കു........

## സെദ്റൊ

പാപമൊഴികെ വാസ്തവത്തിൽ പൂർണമനുഷ്യനായിത്തീന്നവനായി അദൃശ്യനായ പിതാവിൻെറ പുത്രനാകുന്ന വചനമായ ദൈവമെ ഞങ്ങാം നിന്നെ പുകഴ്ത്തുന്നു. പ്രകൃത്യാ ജീവനുള്ളവനും ജീവിപ്പിക്കുന്നവനും ആയിരിക്കെ പാപമരണത്തിൽനിന്നു സ്നേഹത്താൽ ഞങ്ങളെ രക്ഷിപ്പാനായിട്ടു ഞങ്ങാംക്കുവേണ്ടി കുരിശുമരണം സഹിച്ചതിനാൽ ഞങ്ങളിലുള്ള നിൻെറ വാത്സല്യത്തെ ഞങ്ങാം എപ്പോഴും സ്തോത്രംചെയ്യുന്നു. രക്ഷിതാവിനു അനുരൂപമായവിധം പാതാളകാരാഗൃഹത്തിൽനിന്നു ഞങ്ങളെ പുറത്തുവിടുവാൻ സ്വേച്ഛയാൽ ശവക്കല്ലറയിൽ കിടന്ന നിൻെറ കരുണയെ ഞങ്ങാം വന്ദിക്കുന്നു. മരണത്താൽ നശിച്ച ഞങ്ങളെ ദൈവികപ്രകാരം തൃക്കൺപാർത്തു ജീവിപ്പിപ്പാൻ മരിച്ചവരുടെ ഇടയിൽ നിസ്സാരനായി ഇറങ്ങിയ നിൻെറ സ്നേഹത്തെ ഞങ്ങാം സ്തുതിക്കുന്നു. അഗാധമായ കുഴിയിൽ മുഴുകിയ ആദാമിനെയും അവൻെറ മക്കളേയും സദയം ഉദ്ധരിപ്പാൻ പാതാളക്കുഴിയിൽ കിടന്നിരുന്ന അവൻെറ അടുക്കലേക്കു ഇറങ്ങിയ നിൻെറ കരുണയെ ഞങ്ങാം പുകഴ്ത്തുന്നു. അടിമപ്പെടുത്തിയവൻെറ കൈകളിൽനിന്നു ഞങ്ങളെ വീണ്ടെടുപ്പാൻ തിരുമനസ്സായ നിൻെറ ശ്രേഷ്ഠകൃപയെ ഞങ്ങാം പുകഴ്ത്തുന്നു. ഒരു ഒററുകാരനേപ്പോലെ മരണത്തിൻെറ പട്ടണത്തിൽ നീ പ്രവേശിച്ചു അവൻെറ പല്ലുകളുടെ ഇടയിൽനിന്നു ഞങ്ങളുടെ വർഗത്തെ വീണ്ടെടുത്ത് അവനെ കൊന്നു ഒടുക്കുകയും അവൻെറ പട്ടണത്തെ നാമാവശേഷമാക്കിത്തീർക്കയും ചെയ്തതിനാൽ ഞങ്ങാം നിന്നെ പുകഴ്ത്തുന്നു. സർവനാഥനും ദൈവവും ആകുന്ന നീ സ്വമനസ്സാൽ മത്സരക്കാരായ ദാസരിൽനിന്നു കഷ്ടതകളും മരണവും ഏററു. ജീവകരമായ നിൻെറ മരണത്താൽ അപമാനകരമായ പീഡകളിൽനിന്നും പാപമരണത്തിൽനിന്നും മനുഷ്യസ്നേഹംമൂലം നീ ഞങ്ങളെ വീണ്ടെടുത്തു. പുറംകുപ്പായംപോലെ

www.malankaralibrary.com

ദൈവികതേജസ്സ് ധരിച്ചിരിക്കുന്ന നീ യൗസേപ്പിനാൽ സുഗന്ധ ദ്രവ്യം ഇട്ടു വെള്ളവസ്ത്രങ്ങൾകൊണ്ടു പൊതിഞ്ഞു സംസ്ക്കരി ക്കപ്പെടുവാൻ കൃപമൂലം നീ തിരുമനസ്സായി. വിസ്മയനീയ സ്വരൂപമായ രഥം ദൈവത്തിന് അനുരൂപമായിരിക്കുന്ന പ്രകാരം ഭയഭക്തിയോടു് ആഘോഷിക്കുന്ന നിന്റെ ശരീരത്തെ നിനക്കു ഇഷ്ടമായതിനാൽ പാറ വെട്ടി ഉണ്ടാക്കിയ ശവക്കല്ലറയിൽ അടക്കി. എല്ലാ സൃഷ്ടിയേയും ഉള്ളംകയ്യിൽ വച്ചിരിക്കുന്നവനും എല്ലാററിനേയും സൂക്ഷ്മതയോടെ വഹിച്ചിരിക്കുന്നവനും ആയ നീ മനസ്സോടെ മുദ്രകൾക്കും കാവൽക്കാർക്കും കീഴിൽ കുരിശിൽ തറയ്ക്കുന്നവരാൽ ഭയങ്കരമാംവണ്ണം ഇട്ടടയ്ക്കപ്പെട്ടു. ബലവാന്മാരെ പരിഭ്രമിപ്പിച്ച് തുള്ളിക്കുന്ന ശക്തിമാനായ നീ അടിക്കപ്പെട്ട വനും വധിക്കപ്പെട്ടവനുമെന്നപോലെ മരണം സാത്താൻ എന്നിവ രുമായി കെട്ടിപ്പിണഞ്ഞു് അവരെ പരാക്രമത്തോടെ ജയിച്ചു. ബലഹീനന്മാർക്കും ഹീനന്മാർക്കും ഒരു സഹായിയേപ്പോലെ ശക്തിയും ജയവും നീ സമ്പാദിച്ചു കൊടുത്തു. തള്ളപ്പെട്ടവനായ ആദാമിന്റെ അടുക്കലേക്കു കരുണയോടെ നീ എഴുന്നെള്ളുകയും അവനു ധൈര്യവും ആശ്വാസവും നൽകുകയും വാത്സല്യത്തോടെ നല്ല ആശയാൽ അവനെ നിറയ്ക്കയും ചെയ്തു. ആദിമുതലുള്ള നീതിമാന്മാരെയും പുണ്യവാന്മാരേയും കൂട്ടത്തോടെ പാതാള ത്തിൽ സന്തോഷിപ്പിക്കയും സർവലോകത്തിനും വേണ്ടിയുള്ള നിന്റെ കഷ്ടാനുഭവങ്ങളെ അവരെ വ്യക്തമായി അറിയിക്കു കയും ചെയ്തു. മോശയേയും അവന്റെ സഖിമാരായ ദീർഘ ദർശിമാരെയും നീ പൂർണ്ണമായി ആനന്ദിപ്പിക്കുകയും അവർ നിന്നെ ക്കുറിച്ച് അറിയിച്ചിട്ടുള്ളവയെ പൂർണമായി നിറവേററുകയും ചെയ്തു. നിന്റെ ആണികൾ, കാടി, കയ്പുനീര്, വസ്ത്രങ്ങൾ എന്നിവയേയും മററും കുറിച്ച് വിസ്മയകരമാംവണ്ണം നീ ദാവീ ദിനെ അറിയിച്ചു. തുപ്പൽ, അടികൾ, ചെകിട്ടത്ത് ഏററ അടി കൾ എന്നിവയെക്കുറിച്ച് വിസ്മയം തോന്നത്തക്കവണ്ണം ഏശയാ യോടു നീ അറിയിച്ചു. തൂക്കൈ നീട്ടലും സർപ്പംപോലെ മരത്തി ന്മേൽ തൂക്കപ്പെടുമെന്നതും മോശയ്ക്കു തെളിവായി കാണിച്ചുകൊടു ത്തു. കുന്തത്താൽ കുത്തേൽക്കുമെന്നുള്ളതും മററെല്ലാ ശിക്ഷകളും സ്കറിയായേ വ്യക്തമായി നീ കാണിച്ചു. മരിച്ചുപോയവർ ക്കെല്ലാം മരണമില്ലായ്മയെ നൽകുമെന്നു മരിച്ചവരുടെ ജീവനെ ക്കുറിച്ച് നീ പ്രസംഗിച്ചു. എന്നാൽ കർത്താവേ! നിന്റെ കഷ്ടാ നുഭവങ്ങളിലും കുരിശിലും താഴ്മയിലും സംശയിക്കാതെ ഏററു പറഞ്ഞിട്ടുള്ളവരായ ഞങ്ങൾ ഉയരത്തിലും ആഴത്തിലും ഭൂമിയിലും നിന്റെ പിതാവിന്റെ മടിയിലും ശവക്കല്ലറയിലും സ്വർഗീയ രായ ഈറേന്മാരുടെ അടുക്കലും പാതാളത്തിൽ മരിച്ചവരുടെ അടു ക്കലും നീ ഒന്നേഒന്നാണെന്ന് ഞങ്ങൾ അറിയുന്നു. ഇന്നു സങ്കട ത്തോടെ നിന്റെ കരുണയോടെ ഞങ്ങൾ അപേക്ഷിക്കുന്നതെന്തെ

www.malankaralibrary.com

ന്നാൽ നിന്റെ ദൈവത്വത്തെ ഞങ്ങൾ ഏററുപറഞ്ഞതിനാൽ നിന്റെ പിതാവിന്റെ മുമ്പിൽ ഞങ്ങളെ തള്ളിപ്പറയരുതേ. നിന്റെ മനുഷ്യത്വത്തെ അന്ധതയാൽ നിരസിക്കാത്തവരായ ഞങ്ങളെ നിന്റെ ഏകത്വത്തെ നിരസിച്ചവരുടെ കൂട്ടത്തിൽ അശേഷം ഗണിക്കരുതേ. നേരേമറിച്ച് നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടതയനുഭവിച്ചതിനാൽ മഹിമയേറിയ നിന്റെ പുനരുത്ഥാനത്തിൽ വിവിധമായി സന്തോഷിപ്പാനും നിന്റെ രക്ഷയിൽ ഞങ്ങൾ ശരണപ്പെട്ടിരിക്കുന്നതിനാൽ നിന്റെ അനുഗ്രഹങ്ങളും കരുണയും ധാരാളം ലഭിപ്പാനും ഞങ്ങളേയും ഞങ്ങളുടെ മരിച്ചവരേയും കൂട്ടത്തോടെ അർഹരാക്കേണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനേയും പരിശുദ്ധാത്മാവിനേയും ത്രിത്വമായി ഏററുപറഞ്ഞിരിക്കുന്നപ്രകാരം തന്റെ മുമ്പാകെയും തന്റെ മാലാഖമാരുടെ മുമ്പാകെയും നന്നായി ഞങ്ങളെ സ്വീകരിച്ച് പറയേണമെ. വലത്തുഭാഗത്തെ കള്ളനോടുകൂടി ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും ആനന്ദത്തോടെ സ്തുതിയും ഇടവിടാതെയുള്ള സ്തോത്രവും എപ്പോഴും പുകഴ്ചയും ഒരുമിച്ചു കരേററുമാറാകണമെ. ഹോശോ....

# രാത്രി

## മൂന്നാം കൌമാ

## പ്രുമിയോൻ

പ്രകൃത്യാ താൻ മാത്രം മരണവും നാശവുമില്ലാത്ത ജീവനുള്ളവനും ജീവിപ്പിക്കുന്നവനും സ്നേഹംമൂലം ജഡം ധരിച്ചതിനാൽ മരണത്തോട് പററിച്ചേർന്നവനും പാപത്തിന്റെ ഉഗ്രതയെ നീക്കി അതിന്റെ പട്ടണത്തെ നശിപ്പിച്ച് തന്റെ ശക്തിയാൽ കൊള്ളയിട്ട് അവിടുത്തെ തടവുകാരെ അഴിച്ചുവിടുകയും അവരെ ഉയിർപ്പിൻ ശരണംകൊണ്ടു് നിറയ്ക്കയും ചെയ്തവനുമായ തനിക്ക് ഈ നേരത്തിലും............

## സെദ്റൊ

ഞങ്ങളുടെ മിശിഹാതമ്പുരാനെ! ജീവനുണ്ടാക്കുന്നതായ നിന്റെ മരണത്താലും ചൈതന്യപ്രദമായ സംസ്കാരത്താലും നിന്റെ പ്രജാവാത്സല്യംമൂലം മരിച്ചവരുടെ പുനരുത്ഥാനത്തേയും മരണനാശത്തേയും കുറിച്ചുള്ള ഉത്തമമായ ആശയെ ഞങ്ങളുടെ

www.malankaralibrary.com

ആത്മാക്കളിൽ നീ വിതച്ചു. ഈ മഹാ ദിവസത്തെ ഞങ്ങൾ സ്തുതിച്ചു പുകഴ്ത്തി നിന്റെ കർത്തൃത്വത്തിന് തക്ക സ്തുതി ഞങ്ങൾ കരേററി പറയുന്നതെന്തെന്നാൽ—മനസ്സോടെ ഞങ്ങൾക്കു വേണ്ടി ഈ കഷ്ടതയെല്ലാം ഏൽപാൻ സ്നേഹത്താൽ പ്രേരിതനായി വന്ന ദൈവമെ! നിനക്കു സ്തുതി. ഞങ്ങളെ രക്ഷിപ്പാനായി കരുണയാൽ മനുഷ്യനായിത്തീർന്ന അനാദ്യന്തനും പിതാവിന്റെ പുത്രനുമായുള്ളോവേ നിനക്കു സ്തുതി! ഞങ്ങളെ മോചിപ്പാൻ വേണ്ടി നിന്റെ മനുഷ്യസ്നേഹത്താൽ ന്യായസ്ഥലത്തേക്കു ചെന്ന പരാക്രമനും ഉന്നതനുമായ നിനക്കു സ്തുതി. ഞങ്ങളുടെ കുററം നിമിത്തം നിന്റെ കൃപ ന്യായസ്ഥലത്തു നിന്നെ നിർത്തിയ ന്യായാധിപതിമാരുടെ ന്യായാധിപതിയെ നിനക്കു സ്തുതി! തന്റെ മഹത്വത്തിൽ പ്രബലനായ നിനക്കു സ്തുതി! ഞങ്ങളെ വീണ്ടെടുപ്പാൻ നിന്റെ കരുണ നിന്നെ മരണത്തിനു കുററക്കാരനാക്കിത്തീർത്ത നിന്റെ തിരുനാമത്തിനു സ്തുതി. ഞങ്ങളെ കരേററുവാനായി മരിച്ചവരുടെ ഇടയിലേക്ക് നിന്റെ സ്നേഹം നിന്നെ ഇറക്കിയ ജീവന്റെ സങ്കേതമേ! നിനക്കു സ്തുതി! കുരിശിന്മേലുള്ള നിന്റെ ബലത്താൽ പരാക്രമശക്തി കാണിച്ച പുണ്യവാനും സത്യവാനുമായ നിനക്കു സ്തുതി! കള്ളനു അവന്റെ മഹത്തായ വിശ്വാസത്തിനു പ്രതിഫലമായി സന്തോഷങ്ങളുടെ തോട്ടത്തിന്റെ താക്കോൽ കൊടുത്ത ഉത്തമനും ഭാഗ്യവാനുമായുള്ളോവെ! നിനക്കു സ്തുതി! ഞങ്ങൾക്കുവേണ്ടിയുള്ള തന്റെ മഹത്തായ ബലിയാൽ തന്റെ പിതാവിനെ നിരപ്പാക്കിയ സത്യപുരോഹിതനും നീതിയുടെ മഹാപുരോഹിതനും ആയുള്ളോവേ നിനക്ക് സ്തുതി! വിഴുങ്ങുന്ന പാതാളത്തിലേക്ക് തന്റെ ആത്മാവിനാൽ ഇറങ്ങി അവിടെ മരിച്ചവരുടെ ഉയിർപ്പിനെ പ്രസംഗിച്ച മരണത്തിന്റെയും നിര്യാണത്തിന്റെയും നാഥാ നിനക്കു സ്തുതി. ഭൂമിയുടെ അടിയിൽ അന്ധകാരമായ അറകളിൽ കടന്നു അവിടെ കഷ്ടപ്പെട്ടു കിടന്നവർക്കു വെളിച്ചം നൽകിയ ജാതികളുടെ ശരണവും കാത്തിരിപ്പും ആയ നിനക്കു സ്തുതി. അധഃപതിച്ച് കിടന്ന ആത്മാക്കളെ തന്റെ മഹത്തായ കിരണോദയത്താൽ ആനന്ദിപ്പിച്ച ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷിതാവേ നിനക്കു സ്തുതി. ശവക്കല്ലറകളിലെ നാശം തീർത്തതായ മൂന്നാം ദിവസമുള്ള തന്റെ ഉയിർപ്പാൽ ആദാമിനേയും അവന്റെ മക്കളേയും നാശത്തിൽനിന്നു ഉദ്ധരിച്ചവനായി പതിതന്മാർക്കെല്ലാം ഉയിർപ്പും ജീവനുമായിരിക്കുന്ന നിനക്ക് സ്തുതി. സ്വശക്തിയാൽ മരണത്തിന്റെ പട്ടണമാകുന്ന പാതാളത്തിന്റെ ഉറപ്പുള്ള കോട്ടകൾ പൊളിച്ച് തന്റെ കൃപയാൽ അതിനെ മരിക്കുന്ന മനുഷ്യർക്കു ചവിട്ടാനുള്ളതാക്കിത്തീർത്ത സ്വർഗീയ നിരപ്പായുള്ളോവേ നിനക്കു സ്തുതി. ഇത് ഹേതുവായിട്ട് ദൈവമേ, ഈ സഭ കൂടുന്ന വിശുദ്ധ ദിവസത്തിൽ

www.malankaralibrary.com

ഞങ്ങഠം നിന്നോടപേക്ഷിക്കുന്നതെന്തെന്നാൽ നിസ്സാരരും പാപികളുമായ ഞങ്ങഠം നിനക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷകളേയും പ്രാത്ഥനകളേയും രാപകൽ തിരുമുമ്പാകെ ഞങ്ങഠം ചെയ്തിട്ടുള്ള ആരാധനകളേയും ജാഗരണത്തേയും നമസ്ക്കാരങ്ങളേയും നീ കൈക്കൊള്ളണമെ. നിന്റെ ബഹുലമായ എല്ലാ കൃപകളും സമൃദ്ധമായ ദാനങ്ങളും ഞങ്ങഠം എല്ലാവരുടെ മേലും വർഷിപ്പിക്കണമെ. നിന്റെ അനുഗ്രഹങ്ങളുടെ താൽപര്യത്താൽ രോഗികഠംക്കും ഞെരുങ്ങിയിരിക്കുന്നവർക്കും സ്വസ്ഥതയും വിലപിക്കുന്നവർക്കും ദുഃഖിക്കുന്നവർക്കും ആശ്വാസവും പട്ടിണിക്കാർക്കും ദരിദ്രർക്കും പോഷണവും വഴിതെററിയവർക്കും കാണാതെ പോയവക്കും തിരിച്ചുവരവും, സമീപസ്ഥക്കും ദൂരസ്ഥക്കും രക്ഷയും കോപിച്ചിരിക്കുന്നവർക്കും വഴക്കുകാർക്കും നിരപ്പും നിരസിക്കപ്പെട്ടവർക്കും അപഹൃതന്മാക്കും ആശ്വാസവും പാപികഠംക്കും അപരാധികഠംക്കും മോചനവും പള്ളികഠംക്കും സന്യാസിമഠങ്ങഠംക്കും ഐക്യവും നീ നൽകേണമെ. അവയിൽ നിന്നും എല്ലാ വസതികളിൽനിന്നും വഴക്കും തർക്കവും ശിക്ഷകളും കോപസൂചകങ്ങളായ വടികളും നീക്കിക്കളയേണമെ. വിശുദ്ധഹൃദയത്തോടും നിർമ്മലമായ ചിന്തയോടും പൂർണ്ണസ്നേഹത്തോടും കൂടി പരസ്പരം ആലിംഗനം ചെയ്യുവാൻ നിന്റെ കരുണയാൽ ഞങ്ങളെ അർഹരാക്കേണമെ. ഞങ്ങളുടെ കർത്താവായ യേശുമ്ശീഹാ, നീ ഞങ്ങളേയും ഞങ്ങളുടെ പിതാക്കന്മാരേയും സഹോദരങ്ങളേയും ഞങ്ങളുടെ ഗുരുക്കന്മാരേയും വിശ്വാസികളായ എല്ലാ മരിച്ചവരേയും പുണ്യവാന്മാരുടെ സ്ഥാനത്തിനും തിരുമുമ്പാകെയുള്ള മുഖപ്രസാദത്തിനും നിന്റെ രാജ്യത്തിൽ നിന്റെ വലത്തുഭാഗത്തുള്ള ആഹ്ളാദത്തിനും അർഹരാക്കേണമെ. ഞങ്ങഠം നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും കരേററുമാറാകണമെ. ഹോശോ............

## പ്രഭാതം

# പ്രുമിയോൻ

തന്റെ മനസ്സോടെ മരണം അനുഭവിക്കയും വീണുകിടന്നിരുന്ന മരിച്ചവർക്ക് സ്വശക്തിയാൽ പുനരുത്ഥാനത്തിന്റെ അറിവു നൽകുകയും ചെയ്തവനായി പ്രകൃത്യാ ജീവനുള്ളവനും മരിച്ചവരുടെ ഇടയിൽ ഉറങ്ങിക്കിടന്ന് പാതാളത്തിലെ മരിച്ചവരെ എല്ലാം സ്വശബ്ദത്താൽ ഉണർത്തിയവനും ശവക്കല്ലറകഠം സൂക്ഷിപ്പാൻ യഹൂദന്മാർ നിനക്ക് വിരോധമായി ഭ്രാന്തുപിടിച്ച്

www.malankaralibrary.com

വന്നെത്തുകയും കാവൽക്കാരോടുകൂടെ കല്ലിൽ മുദ്രവയ്ക്കയും ചെയ്തവനായ പരാക്രമനും ശക്തിമാനും മരണത്തെ കൊന്നവനും പാതാളത്തെ നശിപ്പിച്ചവനും ആദാമിനെ കൊന്ന ദുഷ്ടനെ നാമാവശേഷമാക്കിയവനും ആയ തനിക്ക്........

## സെദ്റൊ

ഉണ്മയുടെ ശക്തിയും ബലവും ശ്രേഷ്ഠതയുടെ ഭുജവും പിതാവിന്റെ സത്തായ സ്വാഭാവികജ്ഞാനവും ഉണ്ടായ സകലത്തേയും താൻ മുഖാന്തരം പിതാവ് ഉണ്ടാക്കുകയും സ്രഷ്ടാവിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആദിമമനുഷ്യനായ ആദാമിനെ താൻ മുഖാന്തരം സൃഷ്ടിക്കയും ചെയ്തവനും രാജത്വം, പൗരോഹിത്യം, ദീർഘദർശനം എന്നിവയാൽ അലംകൃതനായിരിക്കുന്ന സ്വാതന്ത്ര്യനും സ്വയാധികാരമുള്ളവനും ആയ ഞങ്ങളുടെ മ്ശീഹാതമ്പുരാനെ ലോകൈക പരാക്രമിയായ നിനക്കല്ലാതെ അനേകർക്കുവേണ്ടി ഈ വൻപിച്ച ഭാരം വഹിപ്പാൻ ആർക്കു കഴിയുമായിരുന്നു. കർത്താവെ നിന്റെ കല്പനയെ ലംഘിക്കയാൽ തന്റെ ഉന്നതപദവിയിൽനിന്ന് വീണുപോയ ആദാമിന്റെമേൽ നിന്റെ അനുഗ്രഹങ്ങൾ പൊഴികയും നിന്റെ ശുദ്ധതയുടെ മഹോന്നതങ്ങളിൽനിന്ന് നീ ഇറങ്ങിവന്നു അവന്റെ പുത്രിയിൽനിന്നു അവതരിക്കയും സ്വാഭാവികമായ എല്ലാ പ്രായത്തിലും വളരുകയും സ്വമനസ്സാൽ പീഡകൾ ഏൽക്കയും ജഡത്തിൽ മരിച്ച് അവനെ രക്ഷിക്കയും അവന്റെ മുൻമഹിമയിലേക്കു അവനെ തിരിച്ചുകൊണ്ടുവരികയും ചെയ്തു. നീ ജഡത്തിൽ മരണമനുഭവിച്ച് മരിച്ചവരോടുകൂടെ ഗണിക്കപ്പെട്ടപ്പോൾ ആകാശവും ഭൂമിയും ഇളകുകയും അഗ്നിമയന്മാരുടെ സൈന്യങ്ങൾ തമ്മിൽ തമ്മിൽ തിക്കിത്തിരക്കിവന്നു ഭൂതലത്തെ ചുട്ടുദഹിപ്പിക്കേണ്ടതിന് അവരുടെ ചിറകുകളെ കൂട്ടി ഉരസുകയും ചെയ്തു. ദുഷ്ടനും മരണവും ഞെട്ടിവിറയ്ക്കയും അവരുടെ അധികാരം നശിച്ചു നാമാവശേഷമാവുകയും ചെയ്തു. ഇന്നു മരണം പാതാളവാതിൽക്കൽവെച്ച് ചവിട്ടപ്പെട്ടു. ഇന്നു പറുദീസാസ്ഥാപകൻ ആദാമിനെ തോട്ടത്തിനുള്ളിൽ അന്വേഷിച്ചു കണ്ടെത്തി. ഇന്നു ആകാശം തന്റെ മഹത്വത്തെ അറിയിക്കയും സൃഷ്ടികൾ തന്റെ മഹാശ്രേഷ്ഠതയെ പ്രസംഗിക്കയും ചെയ്യുന്നവനെ, ആയവനെ ചൊല്ലി തന്റെ മാതാവായ മറിയാം അവളുടെ ശേഷം സഖിമാരോടുകൂടി രഹസ്യത്തിൽ കരഞ്ഞുകൊണ്ടിരുന്നു. ഇന്നു സാധുക്കളായ കുഞ്ഞാടുകളാകുന്ന ശ്ളീഹന്മാർ ഗൂഢസ്ഥലങ്ങളിൽ ഒളിച്ചിരുന്നു. എന്റെ കർത്താവെ ഇന്നു നിന്റെ സത്യമണവാട്ടിയായ സഭ നിന്റെ മരണത്തിൽ വിജയം ഘോഷിക്കയും നിന്റെ പീഡകളേയും കുരിശാരോഹണത്തേയും വാത്സല്ലിക്കയും ചെയ്യു

www.malankaralibrary.com

ന്നു. ഇതു ഹേതുവായിട്ടു രക്ഷിതാവായ മ്ശീഹാതമ്പുരാനെ അവളിൽ നിന്റെ പ്രതിജ്ഞകൾ ഉറപ്പിക്കേണമെ. അവളുടെ മക്കളെ അനുഗ്രഹിച്ച നിന്റെ കരിശടയാളത്താൽ അവളെ ഉൽക്കർഷപ്പെടുത്തേണമെ. അവളുടെ സന്താനസംഘത്താൽ അവളെ പ്രാബല്യപ്പെടുത്തേണമെ. അവളെ സമൃദ്ധിയായ സമാധാനം കൊണ്ടു് നിറയ്ക്കണമെ. അവളുടെ എല്ലാ യാചനകളേയും സാധിപ്പിക്കണമെ. നിന്റെ വലത്തുകൈ അവളുടെമേൽ ആവസിപ്പിക്കണമെ. നിന്റെ അനുകമ്പ അവളുടെ മക്കളിൽ നിലനിൽക്കണമെ. നിന്റെ അനുഗ്രഹങ്ങൾ അവൾക്ക അഭയസ്ഥാനവും നിന്റെ ദയ ഉന്നത കോട്ടയും ആയിരിക്കണമെ. നിന്റെ നീതിയും ദയയും അവൾക്ക സഹായമാകേണമെ. നിന്റെ ദാനങ്ങളെല്ലാം അവൾക്ക വർദ്ധിപ്പിക്കണമെ. ബഹുലവാഴ്വുകൾ അവളിൽ ചൊരിയണമെ. നിന്റെ വിശുദ്ധ റൂഹാ അവളിൽ വസിക്കുമാറാകണമെ. അവളിൽനിന്നു നിദ്രപ്രാപിച്ചിരിക്കുന്ന വിശ്വാസികളായ മരിച്ചവർ ഊർശ്ലേമ്യഭവനങ്ങളിൽ ആഹ്ലാദിക്കുമാറാകണമെ. ഏകജാതനായ ദൈവമെ അവൾ അവളുടെ സന്താനങ്ങളോടുകൂടി ഉററ ഐക്യത്തോടെ അവൾക്ക വേണ്ടിയുള്ള നിന്റെ കഷ്ടതകളേയും മരണത്തേയും സംസ്കാരത്തേയും പുകഴ്ത്തുമാറാകണമെ. അവൾ നിന്നേയും ഞങ്ങളെ രക്ഷിപ്പാൻ നിന്നെ അയച്ച നിന്റെ പിതാവിനേയും ജീവനുണ്ടാക്കുന്ന നിന്റെ പരിശുദ്ധാത്മാവിനെയും സ്തുതിച്ചു വന്ദിക്കുമാറാകണമെ. ഹോശോ............

## എത്രോ

തന്റെ മരണമാകുന്ന ധൂപക്കുറ്റാൽ മരിച്ചവരെ ജീവിപ്പിക്കയും തന്റെ സംസ്കാരത്താൽ സംസ്കരിക്കപ്പെട്ടവരെ ഉയിർപ്പിക്കയും മരണത്തിന്റെ അധികാരം അഴിച്ചുകളഞ്ഞു അതിനെ രക്ഷിക്കപ്പെട്ടവർക്ക നിദ്ര ആക്കിത്തീർക്കയും ചെയ്ത ജീവനുള്ളവനെ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. എന്റെ നാഥാ! ഈ സുഗന്ധധൂപത്താൽ പാപത്തിന്റെ എല്ലാ ചലനങ്ങളേയും നീ മരിപ്പിക്കേണമെ. നിർദോഷമായ പുണ്യജീവനെ ഞങ്ങളുടെ അവയവങ്ങളിൽ വ്യാപിപ്പിക്കേണമെ. സൽക്രിയകളുടെ പരിമളം ഞങ്ങളുടെ ചിത്തവൃത്തികളിൽ വീശണമെ. വിശ്വാസികളായ പരേതരെ ഭാഗ്യസ്ഥലത്തു വിശ്രമിപ്പിക്കേണമെ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും വിശുദ്ധാത്മാവിനും സ്തുതിയും കീർത്തനവും കരേററുമാറാകേണമെ.

www.malankaralibrary.com

# മൂന്നാം മണി

# പ്രുമിയോൻ

ജഡത്തിൽ മരിച്ച മരണമുള്ളവരുടെ വർഗത്തെ ജീവിപ്പിച്ച ജീവനുള്ളവനും ജീവദാതാവും പാതാളത്തിൽവച്ചു നാശം കാണാതെയിരുന്ന പുണ്യവാനും മരിച്ചവരുടെ സ്ഥലത്തുചെന്ന് സംസ്ക്കരിക്കപ്പെട്ടവരോടു, പുനരുത്ഥാനവും നിദ്ര പ്രാപിച്ചവരോടു സത്യശരണവും പരേതരോട് ജീവനും മരണമില്ലായ്മയും പ്രസംഗിച്ചവനും ആയ തനിക്ക്............

## സെദ്റൊ

സത്യജീവനും ലോകത്തെ ജീവിപ്പിക്കുന്നവനും ആയ നമ്മുടെ മിശിഹാതമ്പുരാൻ പ്രകൃത്യാ എല്ലാ ലൗകികപീഡകളിൽ നിന്നും അകന്നിരിക്കെ സ്വമനസ്സാൽ പീഡ ഏല്പ്പാനായിട്ടു വന്നു. നമ്മെ രക്ഷിപ്പാൻവേണ്ടി കുരിശിന്മേൽ തറപ്പും മരണവും സഹിച്ചു. യോനാ സമുദ്രത്താലും മത്സ്യത്താലും മുൻകൂട്ടി സൂചിപ്പിച്ചപ്രകാരം മൂന്നുദിവസം പാതാളത്തിൽ താമസിച്ചു. യാക്കോബ് ആരെക്കുറിച്ചു കൊലയിൽനിന്നു വിട്ടുപോയെന്നു പ്രവചിച്ചുവോ ആ സിംഹക്കുട്ടി ഒരു ബലഹീനനെപ്പോലെ പാതാളത്തിന്റെ അടിയിൽ മടിഞ്ഞു് കിടന്നു. ക്രൂരമരണമാകുന്ന ഭക്ഷിക്കുന്നവനിൽനിന്നു പുറപ്പെട്ട മധുരഭക്ഷണത്താൽ ശിംശോൻ തന്നെ സൂചിപ്പിച്ചിരുന്നു. ഇന്ന് ജീവന്റെ അച്ചാരമാകുന്ന പറുദീസായിൽ നീ എന്നോടുകൂടെ ഇരിക്കുമെന്ന് ശബ്ദം കേട്ട് കള്ളൻ താൻ സ്വർഗ്ഗീയ രാജാവാണെന്നു തിരിച്ചറിഞ്ഞു. താൻ സത്യദൈവത്തിന്റെ പുത്രനാണെന്നു ശതാധിപൻ തന്നെ ഏററുപറഞ്ഞു. യൗസേഫ് നാടുവാഴി ആയ പീലാത്തോസിനോടു തന്റെ ശരീരം ചോദിച്ചുവാങ്ങി. മൂരും കുന്തുരുക്കവും ആകുന്ന സുഗന്ധദ്രവ്യങ്ങൾ ഇട്ട് നേരിയ വസ്ത്രങ്ങൾകൊണ്ട് മൂടി യഥാശക്തി തന്നെ ആദരിച്ച് അവന്റെ വകയായ പുതിയ ശവക്കല്ലറയിൽ തന്നെ അടക്കി. തന്റെ പ്രവേശത്തിൽ ദീർഘദർശി പറഞ്ഞതുപോലെ പാതാളം അനുസരിച്ചു. തന്നെ സംസ്കരിച്ചതിനാൽ അത് അതിന്റെ അസ്ഥിവാരങ്ങളോടെ നശിച്ചുപോയി. നിന്ദ്യനായ താൻ അതിൽ പ്രവേശിച്ച് അതിന്റെ ഭണ്ഡാരങ്ങൾ ശൂന്യമാക്കി അതിന്റെ അന്തർഭാഗം നശിപ്പിച്ചും മരണമെ! നിന്റെ മൂർച്ച എവിടെ? പാതാളമേ! നിന്റെ ജയമെ

www.malankaralibrary.com

വിടെയെന്നു് നീതിയോടെ താൻ ചോദിച്ചു. ബലവാനായ രാജാവ് ക്രൂരനായ മരണത്തെ ബന്ധിച്ചു് ആദാമിൻെറ ഭവന ക്കാരായ അടിമകളെ അവനിൽനിന്നു് വീണ്ടെടുത്തു. ബലവാ നെ ശിക്ഷവിധിച്ചു് അവൻെറ അധികാരം എടുത്തുകളഞ്ഞു. തോ ട്ടത്തിൻെറ ഉടമസ്ഥനായ അവകാശിയെ കൊലപ്പെടുത്തുവാൻ കോപിച്ചിരുന്ന നാശസംഘം ഹേ! ഹേ! ഞങ്ങളുടെ കണ്ണു് അവനെ കണ്ടു എന്നും ദൈവാലയം പൊളിച്ചു മൂന്നു ദിവസം കൊണ്ടു അതു നിർമ്മിക്കുന്നവനെ നീ നിന്നെത്തന്നെ രക്ഷിക്കാ എന്നും ആക്ഷേപിച്ചു പറഞ്ഞു. അതിനു ''മണവാളൻെറ മരണ ത്താൽ വിലപിച്ചുകൊണ്ടിരുന്ന പുറജാതികളുടെ പുത്രിയാകുന്ന സഭ എൻെറ ശത്രുവായ നീ എന്നെക്കുറിച്ചു സന്തോഷിക്കേണ്ട. ഞാൻ വീണുപോയെങ്കിലും എഴുന്നേൽക്കും. ഞാൻ ഇരുട്ടിൽപെട്ടു എങ്കിലും കർത്താവു എന്നെ പ്രകാശിപ്പിക്കും'' എന്നു് ദീർഘ ദർശി പഠിപ്പിച്ചപ്രകാരം വേശ്യ ആയ മണവാട്ടിയോടു മറുപടി പറഞ്ഞു. ഇത് ഹേതുവായിട്ടു ഞങ്ങളുടെ മിശിഹാതമ്പുരാനെ! ദൈവം ജീവിച്ചെഴുന്നേററു എന്നും അവൻെറ എല്ലാ ശത്രുക്കളും ചിന്നിപ്പോയെന്നും അവർ മുട്ടുകുത്തി വീണു എന്നും ഞങ്ങൾ എഴു ന്നേററ് സന്നദ്ധരായിരിക്കുന്നു എന്നും ഞങ്ങളെ മരണത്തിൻെറ ആധിപത്യത്തിൽനിന്നു് രക്ഷിച്ച കർത്താവിൻെറ തിരുനാമമാണ് ഞങ്ങൾക്കു തുണയെന്നും ഞങ്ങൾ പാടിപ്പറയുന്നു. ഞങ്ങളും ഞങ്ങ ളുടെ മരിച്ചവരും നിൻെറ രാജ്യത്തിൽ ആഹ്ലാദിപ്പാനും തന്നെ കണ്ടു് സന്തോഷിപ്പാനും ഞങ്ങൾക്ക് സംഗതി വരുത്തേണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധാത്മാ വിനും സ്തുതിയും സ്തോത്രവും കരേററും.

## മധ്യാഹ്നം

## പ്രുമിയോൻ

പ്രകൃത്യാ ജീവനുള്ളവനും ജീവൻ നൽകുന്നവനും മരിച്ചവ രുടെ ശരണവും പരേതരുടെ പുനരുത്ഥാനവും സംസ്ക്കരിക്ക പ്പെട്ടവരുടെ ഉയിർപ്പും മണ്ണിൽ ഉറങ്ങിയവരെ ആനന്ദിപ്പിക്കുന്ന വനും അന്ധകാരത്തെ പ്രകാശിപ്പിക്കുന്ന രശ്മിയും ബന്ധിക്ക പ്പെട്ടിരിക്കുന്നവരെ ആശ്വസിപ്പിക്കുന്ന മഞ്ഞും മരണത്തെ മരി പ്പിക്കുന്നവനും പാതാളത്തെ നശിപ്പിക്കുന്നവനും തൻെറ സ്വരൂപ ത്തെ പുതുക്കുന്നവനും സൃഷ്ടിയെ നിലനിർത്തുന്നവനും ആയ തനിക്കു സ്തുതി.

www.malankaralibrary.com

## സെദ്റൊ

അദൃശ്യനും ബുദ്ധികൊണ്ടു് ആരാഞ്ഞറിവാൻ വഹിയാത്തവനും അവർണ്ണനീയനും ആയ ആ ബലവാൻ നിമിത്തം ഇന്നലെയും ഇന്നും ഉണ്ടായവ വർണ്ണിപ്പാൻ ത്രാണിയുള്ള ജ്ഞാനവും വാക്കും ആർക്കുള്ളൂ? ഇന്നലെ പീഡകളും ശിക്ഷാവിധിയും അനുഭവിച്ച വെള്ളിയാഴ്ച. ഇന്നു് സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും ശനിയാഴ്ച. ഇന്നലെ സപ്രേന്മാരും പ്രീശേന്മാരും പുരോഹിതന്മാരും പ്രധാന പുരോഹിതന്മാരും പരിഹസിക്കുന്നു. ഇന്നു് പതിതരായ പരേതർ സ്തുതിക്കുന്നു. ഇന്നലെ പാറകൾ പിളരുകയും ദൈവാലയത്തിലെ തിരശ്ശീല കീറുകയും ചെയ്തു. ഇന്നു് ശവക്കല്ലറകൾ തുറക്കപ്പെട്ടു. ഇന്നലെ പരാക്രമൻ ത്തുണു് കെട്ടിപ്പിടിച്ചു. ഇന്നു പാതാളത്തിൽ പൂഴിയായ ആദാമിന്റെ അടുക്കൽ കിടക്കുന്നു. ഇന്നലെ കഷ്ടതകളും ദുഃഖവും നിറഞ്ഞ വെള്ളിയാഴ്ച. ഇന്നു് സുവിശേഷത്തിന്റെ ശനിയാഴ്ച. ഇന്നലെ കുരിശിന്മേൽ തറയ്ക്കുന്നവർ പരിഹസിക്കുന്നു. ഇന്നു മരിച്ചവർ ജീവിച്ചെഴുന്നേററു സന്തോഷത്തോടെ സ്തുതിക്കുന്നു, ഇന്നു് പാതാളം മേടമാസംപോലെ സ്തുതികളാൽ പുഷ്പിച്ചു. മരിച്ചവർ ശവക്കല്ലറകളിൽനിന്നു് ആനന്ദിച്ചുകൊണ്ടു് പൂക്കൾപോലെ മുളച്ചു. ഇന്നു ഭൂമിയുടെ മുകൾഭാഗം നിശ്ശബ്ദമായിരുന്നു. താഴെ പാതാളവീഥികളിൽ കോലാഹലം കേൾക്കപ്പെട്ടു. ഇന്നു മരണത്തെ ബന്ധിച്ചു ആദാമിനെ മോചിപ്പിച്ചതു കണ്ടിട്ടു ശവക്കല്ലറകൾ ദുഃഖിച്ചു. ഇന്നു മരിച്ചവരെല്ലാം കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു എന്നു ഒരേസ്വരത്തിൽ അട്ടഹസിച്ചു പറഞ്ഞു. ഞങ്ങൾ നിനക്കു സമർപ്പിക്കുന്ന ഈ സുഗന്ധധൂപംമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കർത്താവേ കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും നൽകുന്നതായ നിന്റെ വിസ്മയനീയമായ കൃത്യത്തിനു ഞങ്ങളെ പാത്രമാക്കേണമെ. നിന്നോടുകൂടെ സന്തോഷിപ്പാനും നിന്റെ പുനരുത്ഥാനത്തിൽ ആനന്ദിച്ചാഹ്ലാദിപ്പാനും നിന്റെ ഉയിർപ്പിൽ സ്തുതി പാടുവാനും ഞങ്ങൾക്കു നൽകേണമെ. വിശ്വാസികളായ മരിച്ചവരിൽ അനുഗ്രഹങ്ങളും കരുണയുമാകുന്ന മഞ്ഞു നീ തളിക്കേണമെ. അവരുടെ ആത്മാക്കളെ നിന്റെ സ്വർഗരാജ്യത്തിൽ വിശ്രമിപ്പിക്കേണമെ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററും............

www.malankaralibrary.com

# ഒൻപതാം മണി

## പ്രുമിയോൻ

പ്രകൃത്യാ ജീവനുള്ളവനും തൻെറ ദയയാൽ മരിച്ചവർക്ക ജീവൻ കൊടുക്കുന്നവനും സ്വമനസ്സാലെ ജഡത്തിൽ മരിച്ചു തിരുവുള്ളം തോന്നിയതിനാൽ പാതാളത്തിലേക്ക ഇറങ്ങിയവനും മരിച്ചവരുടെ ഇടയിൽ തൻെറ അധികാരത്താൽ തന്നെ അടക്കിയ സ്വതന്ത്രനും സംസ്ക്കരിക്കപ്പെട്ടവരെ ജീവൻെറ ശരണം അറിയിക്കയും മരിച്ചവരോടു പുനരുത്ഥാനം പ്രസംഗിക്കയും മരണമുള്ളവർക്ക ഉയിർപ്പും വാഗ്ദാനം ചെയ്കയും ചെയ്തവനായ തനിക്ക സ്തുതി. തനിക്ക്............

## സെദ്റൊ

ഞങ്ങളുടെ മ്ശീഹാതമ്പുരാനെ നിനക്ക ഞങ്ങളിലുള്ള എല്ലാ കൃപകരംക്കും ആയി വിശേഷിച്ചും നിൻെറ പാതാള പ്രവേശത്തിൻെറ ഈ ദിവസത്തിൽ ഞങ്ങരം നിന്നെ വന്ദിച്ച വാഴ്ത്തി സ്തുതിക്കുന്നു. എന്തെന്നാൽ കർത്താവേ നീ ഞങ്ങരംക്കവേണ്ടി ജഡത്തിൽ പീഡ അനുഭവിക്കയും മൂന്നു പകലും മൂന്നു രാവും ഭൂഗർഭത്തിൽ വസിക്കയും ചെയ്തുവെല്ലോ. ക്രൂരനായ മല്ലനെ നീ ബന്ധനത്തിൽ ആക്കി രക്ഷാകരവും ചൈതന്യപ്രദവുമായ നിൻെറ രക്തത്താൽ പാതാളത്തെ കൊള്ളയിട്ടു അടിമയെ വീണ്ടെടുത്തു. നീ നാശമേൽക്കാതെ സമാധാനവും സന്തോഷവും സുവിശേഷിച്ച. നീ ദൈവത്തെപ്പോലെ മഹിമയോടെ ജീവിച്ചെഴുന്നേൽക്കയും ഞങ്ങളെ നാശംകൂടാതെ നിന്നോടുകൂടെ ഉയിർപ്പിക്കയും ചെയ്തു. കർത്താവെ ഇപ്പോരം ഞങ്ങരം ആനന്ദിച്ചു പറയുന്നു! കർത്താവു തൻെറ ഭക്തന്മാർക്ക ഇന്നു തൻെറ രക്ഷ കാണിച്ച പുറജാതികളുടെ മുമ്പിൽ തൻെറ നീതി വെളിപ്പെടുത്തി. ഇന്നു ദൈവിക ഗായകനായ ദാവീദിനോടുകൂടി ഞങ്ങരം അട്ടഹസിച്ചു പറയുന്നു. കർത്താവു ഉണ്ടാക്കിയ ദിവസം ഇതാകുന്നു. വരുവീൻ നമുക്ക സന്തോഷിച്ച ആനന്ദിക്കാം. വലിയ പെരുനാരം ഇതാകുന്നു. ഇന്നാകുന്നു സന്തോഷം. ഇന്നാകുന്നു രക്ഷ. ഇന്നാകുന്നു വലിയ പെരുനാരം. ഇന്നു മാലാഖമാർ ഭൂവാസികളോടു സന്തോഷത്തെപ്പററി പ്രസംഗിക്കുന്നു. ഇന്നു കുരിശിന്മേൽ തറച്ചവർക്ക വിലാപവും ശിഷ്യർക്ക് ആശ്വാസവും യഹൂദന്മാർക്ക ദുഃഖവും സഭയ്ക്കു സന്തോഷവും

www.malankaralibrary.com

ആനന്ദവും ആകുന്നു. ഇന്നു ജീവന്റെ ശരണത്തോടു നാം സമീപിച്ചിരിക്കുന്നു. ഇന്നു മരിച്ചവരെ സ്വശബ്ദത്താൽ ഉണർത്തുകയും തന്റെ സൃഷ്ടിയെ വീണ്ടും സന്തോഷിപ്പിക്കയും ചെയ്യുന്നവൻ മരിച്ചവരുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു. ആകാശത്തേയും ഭൂമിയേയും തന്റെ കൃപയുടെ ആംഗ്യംകൊണ്ടു തൂക്കി നിറുത്തീട്ടുള്ളവനെ ആണികളാൽ തറച്ചതായും കുന്തംകൊണ്ടു തന്റെ വിലാവു കുത്തിത്തുളച്ചതായും ഇന്നലെ നാം കുരിശിന്മേൽ കണ്ടു. ഇന്നു മരണത്തെ കൊള്ളയിട്ടു അവന്റെ ഭണ്ഡാരങ്ങൾ ശൂന്യങ്ങളാക്കിയവനെ നാം ശവക്കല്ലറയിൽ കണ്ടു. താഴെ യൗസേഫ് തന്നെ സംസ്ക്കരിപ്പാനായി പീലാത്തോസിന്റെ കൃപയെ അപേക്ഷിച്ചു. മുകളിൽ തന്റെ മഹത്വം കണ്ടുകൊൾവാൻ ഗബ്രിയേൽ മുതലായവരോടു ആജ്ഞാപിക്കുന്നു. ഇവിടെ മറിയാം തന്നെ ശവക്കല്ലറയിൽനിന്നു ആർ കട്ടുകൊണ്ടുപോയിയെന്നു കരഞ്ഞുകൊണ്ടു ചോദിക്കുന്നു. മുകളിൽ തന്നെ സ്തുതിക്കുന്നതു നിറുത്താതിരിപ്പാൻ ദ്രാപ്പേന്മാരെ പ്രോത്സാഹിപ്പിക്കുന്നു. ഇതു് ഹേതുവായിട്ടു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നതു എന്തെന്നാൽ ഞങ്ങൾക്കു ഐക്യവും സമാധാനവും പ്രദാനം ചെയ്യണമെ. രോഗികളേയും പീഡിതരേയും ദുഷ്ടാത്മാക്കളാൽ പരീക്ഷിക്കപ്പെടുന്നവരേയും നീ കനിഞ്ഞു കടാക്ഷിക്കണമെ. സത്യവിശ്വാസത്താൽ നിന്റെ ശരണത്തിൽ നിദ്രപ്രാപിച്ച എല്ലാവർക്കും നല്ലതും അംഗീകരിക്കപ്പെട്ടതുമായ ഓർമ്മ ഉണ്ടാക്കണമെ. അവരേയും അവരോടുകൂടെ ഞങ്ങളേയും അനുഗൃഹീതമായ പുനരുത്ഥാനത്തിനു മുഖപ്രസാദത്താൽ അർഹന്മാരാക്കേണമെ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറുമാറാകണമെ. ഹോശോ............

www.malankaralibrary.com